# ജനകീയാസൂത്രണം

## വികസന റിപ്പോർട്ട്



# ഒറ്റൂർ ഗ്രാമപഞ്ചായത്ത്





Ward I
Constituency
Ward VI
Constituency
Ward V
Constituency
Ward IV
OTTOOR
Constituency
OTTOR CHENNANCODU ROAD
(Polling station)
Ward VII
ONAMPALLY
Constituency
OTTOR
Ward III
MOONGODU
Constituency
PERETTIL THETTIKULAM ROAD
VADASSERIKONAM
ROAD
KOOTTIKADA JUNCTION
(Polling station)
ROAD
PH. CENTRE, MANAMBUR
(Polling station)
Thottikal Junction
SECRETARY

## മുൻ പഞ്ചായത്ത് പ്രസിഡന്റുമാർ

K.R. ഗോപാലകൃഷ്ണക്കുറുപ്പ്
1953 – 1955



M.G. ഭാനുദാസ്
1955 – 1962



G. ചെല്ലപ്പൻപിള്ള
1963 – 1984



S. ഗോപാലൻ
1987 – 1995



A. നസീമാബീവി
(നിലവിലുള്ള ജില്ലാ പഞ്ചായത്ത് മെമ്പർ)

# ഇപ്പോഴത്തെ ഭരണസമിതി



**അഡ്വ: ഷാജഹാൻ**
പ്രസിഡൻറ്



**ഗോപാലകൃഷ്ണപിള്ള**
വൈസ് പ്രസിഡൻറ്



**പ്രസന്ന**
സ്റ്റാൻറിംഗ് കമ്മിറ്റി ചെയർപേഴ്സൺ



**ലളിതമ്മ**



**തുളസീഭായി**



**ആനന്ദൻ**



**സതീശൻ**



**സുഭാഷ്**

# ഒറ്റൂർ പഞ്ചായത്തിന്റെ വിവിധ മുഖങ്ങൾ







തമ്പുരാൻ നട



മതുരക്കോട് ക്ഷേത്രം



ഒറ്റൂർ ക്ഷേത്രം

# വികേന്ദ്രീകൃത ആസൂത്രണം

## നല്ല തുടക്കം

ജനങ്ങൾക്കുവേണ്ടി ജനങ്ങൾ തന്നെ ആസൂത്രണം നടത്തുക എന്ന ലക്ഷ്യം സഫലമാകുമോ? ഓരോ പ്രദേശവും ഓരോ പ്രത്യേകതയ്ക്കുടമയാണ്. ആവശ്യങ്ങളും വിവിധമാണ്. ഇവയുടെ പരസ്പര ബന്ധത്തിനുമുണ്ട് പ്രാധാന്യം. വികസനത്തിനാവശ്യമായ വിഭവങ്ങൾ സ്വയം ഉരുത്തിരിച്ചെടുക്കണം. എന്നും സംഭാവനയ്ക്കും സ്വയംപ്രവർത്തനത്തിനും ഇരയായിക്കൊണ്ടിരിക്കുന്ന ഗ്രാമീണർക്ക് ഇതും ഒരാനന്ദമാകട്ടെ.

കൃഷി ഒരു പ്രവർത്തനമാണ്. അതു ചെയ്ത് പഠിക്കണം. കേട്ട് പഠിയ്ക്കേണ്ടതല്ല. നാട്ടറിവും വായിച്ചറിവും കൃഷി ചെയ്തു പഠിക്കുന്നിടത്തോളം നന്നല്ല. കൃഷിചെയ്യുമ്പോൾ പഠിക്കാനുള്ള മടിയും മാറിക്കിട്ടും.

ഒറ്റൂർ പഞ്ചായത്തിന് 5 ജില്ലാ റിസോഴ്സ് പേഴ്സൺമാരുണ്ട്. പഞ്ചായത്ത് പ്രസിഡൻറും സെക്രട്ടറിയും മുൻ നിൽക്കുന്നു. റിസോഴ്സ് പേഴ്സൺമാരിവരാണ്. ശ്രീമാൻമാർ P. വിഘ്നരാജൻ, N. മുരളീധരൻ, അനിൽകുമാർ, സുമതിക്കുട്ടിയമ്മ, S. രാധാകൃഷ്ണൻ, ഇവരെക്കൂടാതെ മറ്റനവധി സാമൂഹിക രാഷ്ട്രീയ പ്രവർത്തകർ രംഗത്തുണ്ട്. പഞ്ചായത്തു മെമ്പറന്മാരുണ്ട് ഉദ്യോഗസ്ഥരുണ്ട്. ഒത്തൊരുമ ഇവിടെ തുടങ്ങുന്നു. ആസൂത്രണ രേഖ സമ്പുഷ്ടമാക്കിയവരെ ഇവിടെ ഓർക്കുന്നു. ഈ നൂതന സംരംഭത്തിന് സഹായിച്ച, നമ്മോട് സഹകരിച്ച എല്ലാവർക്കും നന്ദി. ഒറ്റൂർ ഗ്രാമപഞ്ചായത്തിൻെറ ജനകീയ ആസൂത്രണ രേഖ മാന്യ ഗ്രാമവാസികൾക്കും സംസ്ഥാന ആസൂത്രണ സമിതിക്കുമായി ഞങ്ങൾ സമർപ്പിക്കുന്നു.

**P. വിഘ്നരാജൻ**
DRP കൺവീനർ.

# ആമുഖം

ഇന്ത്യയിലെ ജനങ്ങൾ സ്വപ്നം കണ്ടിരുന്ന ജനകീയ ആസൂത്രണം എന്ന ആശയം നമ്മുടെ കൊച്ചുകേരളത്തിൽ ആരംഭിക്കുകയാണ്. വികസനമെന്നാൽ മുകൾത്തട്ടിൽ നിന്ന് ആവിഷ്ക്കരിച്ചുനടപ്പാക്കേണ്ട പ്രക്രിയയാണെന്ന മാമൂൽധാരണ തിരുത്തിക്കുറിക്കപ്പെടുന്നു. ജനങ്ങൾ തങ്ങൾക്ക് ആവശ്യമായത് തിരിച്ചറിഞ്ഞ് ആവശ്യപ്പെടാനും പരിഹാര മാർഗങ്ങൾ ചർച്ചചെയ്ത് കണ്ടെത്താനും ശ്രമിക്കുന്ന പുതിയൊരു സംസ്കാരത്തിന് രൂപം കൊടുക്കാനുള്ള ഭഗീരഥ പ്രയത്നത്തിലാണ് ഇന്ന് കേരളം.

നമ്മുടെ കൊച്ചുസംസ്ഥാനത്തിൽ ഒരു കാർഷികവിപ്ലവം സാധ്യമാക്കുന്നതിനു ജനപങ്കാളിത്തത്തോടു കൂടി ആസൂത്രണപ്രവർത്തനങ്ങൾ നടന്നു കൊണ്ടിരിക്കുന്നു. ആസൂത്രണത്തിന്റെ വിശ്വാസങ്ങൾക്ക് അതീതമായി സാമൂഹ്യതലത്തിൽ ഭരണം നിയന്ത്രിക്കുന്നവർ ഈ പ്രക്രിയയിൽ പദ്ധതിയിൽ പങ്കെടുത്തുകൊണ്ട് പദ്ധതികൾ രൂപവൽക്കരിക്കുക എന്നകർത്തവ്യം നിറവേറ്റിക്കൊണ്ടിരിക്കുകയാണ്.

മുൻകാലങ്ങളിൽ ആസൂത്രണവിദഗ്ധന്മാർ സ്ഥലകാല വിഭവ പരിതസ്ഥിതികളെയോ, സമൂഹത്തിന്റെ അടിത്തട്ടിലുള്ള സാധാരണക്കാരെയോ കണക്കിലെടുക്കാതെ നടത്തിയിരുന്ന മുകൾത്തട്ടിൽ നിന്ന് താഴെത്തട്ടിലേക്ക് അടിച്ചേൽപ്പിച്ചിരുന്ന ആസൂത്രണത്തിന് അന്ത്യം കുറിക്കുകയാണ്. നാളിതുവരെയുള്ള വ്യവസ്ഥാപിത ആസൂത്രണത്തിന് അന്ത്യം കുറിച്ചുകൊണ്ട് ഒരു മാറ്റം അനിവാര്യമായി എന്നു തെളിയിച്ചുകൊണ്ട് ഒരു നൂതന ആസൂത്രണ ശൈലിയുടെ ശംഖൊലി മുഴങ്ങുകയാണ്. ഇന്ത്യയിലെ ബുദ്ധിജീവികളും രാഷ്ട്രീയ നേതാക്കളും ജനകീയ ആസൂത്രണത്തെക്കുറിച്ച് തുടങ്ങിവച്ച ചർച്ചകൾ അർഹിക്കുന്ന പ്രാധാന്യത്തോടെ ഭരണാധികാരി വർഗം കണക്കിലെടുക്കാത്തതുകൊണ്ടാണ് അരനൂറ്റാണ്ടോളമുള്ള കാത്തിരിപ്പ് ജനകീയാസൂത്രണത്തിനു വേണ്ടി വന്നത്.

നമ്മുടെ രാഷ്ട്രപിതാവ് മഹാത്മാഗാന്ധി അദ്ദേഹത്തിന്റെ ജീവിത കാലഘട്ടത്തിൽ ഗ്രാമക്ഷേമത്തെക്കുറിച്ച് എഴുതുകയും പ്രചരിപ്പിക്കുകയും ചെയ്തിരുന്നതൊക്കെ ജനകീയാസൂത്രണത്തെകുറിച്ചായിരുന്നു. ഗ്രാമങ്ങളിലൂടെ മാത്രമേ വികസനം സാധ്യമാകൂ എന്ന് ഉറക്കെ പ്രഖ്യാപിച്ചുകൊണ്ട് നമ്മുടെ രാഷ്ട്രപിതാവ് ഇത്തരം ആസൂത്രണപ്രക്രിയയ്ക്കു വേണ്ടി പടപൊരുതിയിരുന്നു.

ജനങ്ങൾക്കാകെ സുതാര്യമാകുന്ന രീതിയിൽ പ്രാദേശികമായി ആസൂത്രണപ്രക്രിയ നടപ്പിലാക്കുക എന്ന ആശയവുമായി 1996–ൽ ഇടതു ജനാധിപത്യമുന്നണിഗവൺമെന്റ് അധികാരത്തിൽ വന്നതോടെയാണ് ജനകീയ ആസൂത്രണത്തിന് കേരളത്തിൽ ജീവൻ വീണത്. തലസ്ഥാനങ്ങളിൽ കേന്ദ്രീകരിച്ച് പദ്ധതികൾ നടപ്പിലാക്കിയിരുന്ന ശൈലിയെ മാറ്റിമറിച്ചുകൊണ്ട് സ്ഥലകാല വിഭവലഭ്യതകളുടെ അടിസ്ഥാനത്തിൽ വികസന പ്രവർത്തനങ്ങൾ നടത്തുവാൻ വേണ്ട സാഹ



/

ചര്യം ഇതുമൂലം കൈവന്നിരിക്കുന്നു. ആസൂത്രണചരിത്രത്തിൽ കൊച്ചുകേരളത്തിൽ നഗരങ്ങളിലും ഗ്രാമങ്ങളിലും വസിക്കുന്ന ജനങ്ങൾ ഒറ്റക്കെട്ടായിനിന്ന് ഒരു പുതിയ അധ്യായം എഴുതിചേർക്കുവാനുള്ള ഒരു തീവ്രശ്രമത്തിലാണിന്ന്.

കഴിഞ്ഞ എട്ടുപഞ്ചവത്സര പദ്ധതികളിലൂടെ ഒട്ടേറെ നേട്ടങ്ങൾ ഇന്ത്യാരാജ്യത്ത് ഉണ്ടായിട്ടുണ്ടെന്നുള്ളത് അവിതർക്കിതമാണ്. എന്നാൽ സാധാരണക്കാരുടെ നീറുന്ന പ്രശ്നങ്ങൾക്ക് സ്ഥായിയായ പരിഹാരമുണ്ടാക്കുവാൻ ഒരു പഞ്ചവത്സര പദ്ധതിക്കും നാളിതുവരെ കഴിഞ്ഞിട്ടില്ല. പൊതുജനാരോഗ്യം വിദ്യാഭ്യാസം പാർപ്പിടം തുടങ്ങി വികസനത്തിന്റെ വിവിധ മേഖലകളിൽ നാം ആർജ്ജിച്ച നേട്ടങ്ങൾ ലോകരാഷ്ട്രങ്ങൾക്ക് മാതൃകയായിരുന്നെങ്കിലും പാവപ്പെട്ടവരുടെ അടിസ്ഥാനസൗകര്യങ്ങൾ പോലും ഉറപ്പാക്കാൻ കഴിയുന്ന ഒരു ആസൂത്രണം നാളിതുവരെ ഉണ്ടായിട്ടില്ല.

ഈ പഞ്ചായത്തിൽ ജനകീയ ആസൂത്രണ പരിപാടികൾക്ക് നാന്ദികുറിച്ചത് 12.9.96–ൽ കല്ലമ്പലം ജെ.ജെ. ആഡിറ്റോറിയത്തിൽ വച്ചു നടന്ന ഏകദിന ശില്പശാലയോടെയായിരുന്നു. തുടർന്ന് ഈ പഞ്ചായത്തിലെ എല്ലാവാർഡുകളിലേയും സ്പെഷ്യൽ ഗ്രാമസഭകളിൽ ഉത്സവലഹരിയോടെ ജനങ്ങൾ പങ്കെടുത്തു സഭകളെ സമ്പുഷ്ടമാക്കി. ഗ്രാമസഭകളിൽ വിവിധ വിഷയങ്ങളെ അടിസ്ഥാനമാക്കി നടന്ന ഗ്രൂപ്പുചർച്ചകളിൽ ജനങ്ങൾ സജീവമായി പങ്കെടുത്തു. ഗ്രാമത്തിന്റെ സമഗ്രവികസനത്തിനു വേണ്ടിയുള്ള ആവശ്യങ്ങളും നിർദേശങ്ങളും ഈ ചർച്ചകളിലൂടെ ഉരുത്തിരിഞ്ഞു.

തുടർന്നു 7–11–96–ൽ കല്ലമ്പലം ജെ.ജെ. യിൽ നടന്ന രണ്ടാംഘട്ട ശില്പശാലയിൽ ഗ്രാമസഭ പ്രതിനിധികളും ജനപ്രതിനിധികളും ഉദ്യോഗസ്ഥന്മാരും പങ്കെടുത്തു. ഈ രണ്ടാംഘട്ട ശില്പശാലയിൽ ഗ്രാമസഭകളിൽ നടന്ന ചർച്ചകളുടെയും റിപ്പോർട്ടുകളുടേയും ക്രോഡീകരണം നടന്നു.

# ഭൂപ്രകൃതി

ഒറ്റൂർ ഗ്രാമപഞ്ചായത്തിലെ ഭൂപ്രകൃതി പഠന പര്യടനം നടത്തിയും കൃഷിഭവൻ മുഖേന യുള്ള അറിവുംവച്ചുകൊണ്ടും എഴുതുന്ന റിപ്പോർട്ടാണിത്.

1. ഉയർന്ന ലാറ്ററൈറ്റ് സമതലം.

| | | |
|---|---|---|
| ഉയർന്ന ഭാഗം | 32% | 247.68 ഹെക്ടർ |
| നേരിയപാളി | 8% | 62.34 ഹെക്ടർ |
| 2. ചെരുവുകൾ | 20% | 154.8 ഹെക്ടർ |
| ഇടത്തരം | 15% | 16.1 ഹെക്ടർ |
| കുത്തനെയുള്ളവ | 10% | 77.4 ഹെക്ടർ |
| 3. താഴ്വര | 15% | 116.1 ഹെക്ടർ |
| മൊത്തം | 100% | 774.42 ഹെക്ടർ |

**മണ്ണിന്റെ സ്വഭാവം**

പഠനപര്യടനം നടത്തുകയും നീർമറി പഞ്ചായത്തായതിനാൽ മുൻ റിക്കാർഡുകൾ പരിശോധിച്ചും കൃഷിഭവന്റെ സഹായ ത്തോടെ കണ്ടെത്തിയ മണ്ണിന്റെ സ്വഭാവം ഇനി പറയുന്നതാണ്.

1. കല്ലമ്പലം മുതൽ-വടശ്ശേരിക്കോണം വരെ രണ്ടാം വാർഡ്, ഒന്നാം വാർഡ്, 5-ാം വാർഡ്, 6-ാം വാർഡ് എന്നിവയുടെ വടക്കേ അതിർത്തിയാണ് ഈ ഭൂവിഭാഗം. ശരാശരി 800 മീറ്റർ വീതിയുള്ള ഈ കര ഭൂമി ലാറ്ററൈറ്റ് സോയിലാണ്.

2. പേരേറ്റിൽ-തെറ്റിക്കുളം-ശ്രീനാരായണ പുരം-പഞ്ചായത്തിന്റെ പടിഞ്ഞാറെ അതിർത്തിയും വടശ്ശേരിക്കോണം പേരേറ്റിൽ റോഡിന്റെ കിഴക്കുഭാഗവുമാണ്. ശരാശരി 400 മീറ്റർ വീതിയിൽ ലാറ്ററൈറ്റ് സോയിലാണ്.

ഏഴ്-എട്ട്-വാർഡുകളുടെ പടിഞ്ഞാറതിരാണ്.

3. തെറ്റിക്കുളം-മണമ്പൂർ-4-ാംവാർഡും 7-ാംവാർഡും-8-ാം വാർഡിന്റെ ഒരു ചെറിയ ഭാഗവും-കിഴക്കുപടിഞ്ഞാറായുള്ള തെറ്റി ക്കുളം റോഡിനോടു ചേർന്ന ശരാശരി 700 മീറ്റർ വീതിയിൽ വരുന്ന ഭാഗത്തുള്ളത് ലാറ്റ റൈറ്റ് സോയിലാണ്.

4. ഒറ്റൂർ-മുള്ളറം കോട്-3-ാം വാർഡും കുറെ 4-ാം വാർഡും ചേർന്ന ഒരു ബൽറ്റു പോലെ തെക്കുവടക്കായി ചേന്നൻ കോട്ടു-തോപ്പുവിള റോഡിൽ ചെന്നു തട്ടുന്ന ഭാഗം ലാറ്ററൈറ്റ് സോയിലാണ്.

5. മതിരക്കോട്ടു കോളണിയുടെ കിഴക്കു തെക്കു ഭാഗം-5-ാം വാർഡിൽ ലാറ്ററൈറ്റു ഭാഗവും പാറതെളിഞ്ഞ ഭാഗവും കാണാം.

6. ഞെക്കാട്ടുമല-6-ാം വാർഡിൽ പാറ തെളിഞ്ഞ കരയാണ്.

7. കലക്കാറുവിള-പേരേറ്റിൽ ഭാഗം, പാറ തെളിഞ്ഞതും കുറെ ലാറ്ററേറ്റു സോയിലു മാണ്.

8. മുങ്ങോടു പോസ്റ്റാഫീസിനു കിഴക്കു മുസ്ലീം പള്ളിക്കു വടക്കു ഒരു ഭാഗം മുഴുവൻ പാറകലർന്ന വെട്ടുകല്ലു പ്രദേശമാണ്.

**മണൽമണ്ണ്**

5-ാം വാർഡിലെ നെല്ലിക്കോട്ടുഭാഗം മണൽമണ്ണ് ഭാഗമാണ്. തോപ്പിൽ താഴെ വട

ക്കേതിൽവരെയും കാഞ്ഞിരംവിളയ്ക്കു–7–ാം വാർഡ് കിഴക്കു മണലു വരമ്പുവരെയും മണൽമണ്ണാണ്. പേരേറ്റിൽ (8–ാം വാർഡ്) വർക്കല–കവലയൂർ റോഡിന് തെക്ക് മൂങ്ങോട്ടുപള്ളിവരെ മണൽമണ്ണാണ്. ആലുവിളത്താഴ–വാർഡു 7, പൊയ്കയിൽ, വാർഡു 7 മണൽമണ്ണുകാണുന്നു.

ചെമ്മണ്ണ് നേരിയതോതിൽ ഉണ്ട്. മഞ്ഞകലർന്ന പശിമരാശി മണ്ണ് ചിലടത്തുണ്ട്. ക്ലേ കാണുന്നില്ല. വയലുകൾ 80% മണൽ മണ്ണാണ്, ചെളിമണ്ണ്–20% മുള്ളറം കോട്ടു ഏലായിലുണ്ട്.

### രണ്ടാംവിളയ്ക്കു ശേഷം കൃഷി ചെയ്യാവുന്ന സ്ഥലങ്ങൾ

ശ്രീനാരായണപുരം മേലേകോങ്കൽ–വാഴ, പച്ചക്കറി എന്നിവയ്ക്കു യോഗ്യം. താഴോട്ട് പയർ, ഉഴുന്ന്, എള്ള് ഇവ കൃഷി ചെയ്യാം. മങ്കാട്ടുമൂല കോങ്കൽ–വാഴ–പച്ചക്കറി എന്നിവയ്ക്കും മരുതറ ഏലാ–പയർ, ഉഴുന്ന്, എള്ള് എന്നിവയ്ക്കും ഒറ്റൂർ ഏലാ പയർ വർഗത്തിനും, മാമ്പഴക്കോണം–മേലേത്തല–കോങ്കൽ–വാഴ–പച്ചക്കറി–മരച്ചീനി എന്നിവയ്ക്കും യോഗ്യമാണ്. പ്ലാത്തറക്കോണം ഏല. വാഴ–പച്ചക്കറി എന്നിവയ്ക്കും, മുള്ളറംകോട്–ഞായലിൽ–ഏല, കല്ലാംപൊറ്റ ഏല–ഇവിടെ, വാഴ, പച്ചക്കറിയും കൃഷി ചെയ്യാം. മാവിൻമൂട് മുള്ളറംകോട്–ഏല മുള്ളറംകോട്–വെട്ടിമൺക്കോണം ഏല ഇവയ്ക്കു വാഴ, പയർ, പച്ചക്കറി എന്നിവയ്ക്കു യോജിച്ചതാണ്. മാവേലിക്കോണം, പെരിഞ്ഞാംക്കോണ ഏല–പയർവർഗ്ഗകൃഷിക്കുത്തമം. പേരേറ്റിൽ ഏലായ്ക്കും പയർ കൃഷിയാണനുയോജ്യം.

### സസ്യവേലി വേണ്ട ഭാഗങ്ങൾ

ഞായലിൽ തെക്കും പടിഞ്ഞാറും–3–ാം വാർഡ് ഏഴു പാടശേഖരങ്ങളിന്റെ ഇരു കരയിലും ഉള്ള ചരുവ് തലങ്ങളിൽ സസ്യവേലിക്കു പ്രചരണം നൽകേണ്ടതാണ്.

കരഭൂമിയിൽ ചേന, ചേമ്പ്, കാച്ചിൽ, മധുരകിഴങ്ങ് എന്നിവ ഇടവിളയ്ക്കു സാദ്ധ്യതയുണ്ട്. ഔഷധച്ചെടി, മഞ്ഞൾ, കൂവ, സുഗന്ധച്ചെടി എന്നിവയ്ക്കും പച്ചിലവളച്ചെടിക്കും, വിറകുമരങ്ങൾക്കും പ്ലാവ്, മാവ്, പുളി എന്നിവയ്ക്കും യോഗ്യമായ മണ്ണാണ് പൊതുവേ കാണുന്നത്.

# നമ്മുടെ പഞ്ചായത്ത്

തിരുവിതാംകൂറായും, തിരു–കൊച്ചിയായും, തിരുവിതാംകൂറും കൊച്ചി സംസ്ഥാനവും, മലബാർ പ്രദേശവും കൂടിച്ചേർന്ന് 1956 നവംബർ –1 ന് ബി. രാമകൃഷ്ണറാവു ഗവർണറായും ഇ.എം. ശങ്കരൻ നമ്പൂതിരിപ്പാട് മുഖ്യമന്ത്രിയായും അധികാരമേറ്റു. 1959 ജൂലായ് 31 ന് ആ ഗവൺമെന്റിനെ രാഷ്ട്രപതി പിരിച്ചുവിട്ടു. തുടർന്ന് സർവശ്രീ പട്ടം താണുപിള്ള, ആർ ശങ്കർ, ഇ.എം.എസ് നമ്പൂതിരിപ്പാട്, സി. അച്യുതമേനോൻ, എന്നിവർ മുഖ്യമന്ത്രിയായി ഭരണം വന്നു. തുടർന്ന് സർവശ്രീ അച്യുതമേനോൻ മുഖ്യമന്ത്രിയായും കെ. കരുണാകരൻ, എ.കെ ആന്റണി, പി.കെ വാസുദേവൻ നായർ, സി.എച്ച്. മുഹമ്മദ്കോയ, ഇ.കെ നായനാർ, കെ. കരുണാകരൻ, എ.കെ ആന്റണി, എന്നിവരും തുടർന്ന് ഇ.കെ നായനാരും മുഖ്യമന്ത്രിമാരായി ഭരണത്തിലെത്തി. തിരു–കൊച്ചി ആയിരുന്നപ്പോഴാണ് ആദ്യ പഞ്ചായത്ത് തെരഞ്ഞെടുപ്പ് നടക്കുന്നത്. 1953 ൽ ആണ് അത്. മണമ്പൂർ, ഒറ്റൂർ വില്ലേജുകൾ ചേർന്നാണ് മണമ്പൂർ പഞ്ചായത്ത് ഉണ്ടാക്കിയത്. 9 വാർഡുകൾ ഉണ്ടായിരുന്നു. ശ്രീ. K.R. ഗോപാലകൃഷ്ണകുറുപ്പായിരുന്നു പ്രസിഡന്റ്. സർവശ്രീ എം.ജി. ഭാനുദാസ്, രാഘവപണിക്കർ, കൃഷ്ണനുണ്ണിത്താൻ, ഹബീബ് മുഹമ്മദ്, ആർ. രാഘവൻ, കെ. ആർ ഗോപാലകുറുപ്പ്, K.K. വാസുദേവര്, നീലകണ്ഠപിള്ള, കാരുട്ടിൽ ഗോപാലകൃഷ്ണപിള്ള എന്നിവരായിരുന്നു മെമ്പർമാർ.

രാഘവപണിക്കരും, നീലകണ്ഠപിള്ളയും രാജിവെച്ച ഒഴിവിലേക്ക് വിദ്യാധരൻ ടെയിലറും, ഗോപാല കുറുപ്പും നിയമിതരാവുന്നു. പ്രസിഡന്റ് കെ. ആർ. ഗോപാലകൃഷ്ണകുറുപ്പ് ഉദ്യോഗം കിട്ടി പോയപ്പോൾ എം. ജി. ഭാനുദാസ് പ്രസിഡന്റായി.

1953 ൽ സർവശ്രീ ഗോപാലകൃഷ്ണകുറുപ്പ് പ്രസിഡന്റും തുടർന്ന് എം. ജി. ഭാനുദാസ്, ജി. ചെല്ലപ്പൻപിള്ള, എസ് ഗോപാലൻ, ശ്രീ. അഡ്വ. ഷാജഹാൻ എന്നിവർ പ്രസിഡന്റായി.

1953 ൽ നിലവിൽ വന്ന പഞ്ചായത്ത് 1962 വരെ നിലവിൽ ഉണ്ടായിരുന്നു. ഒരു വർഷത്തെ ഇടവേളയ്ക്കുശേഷം 1963 ൽ തെരഞ്ഞെടുപ്പ് നടക്കുകയുണ്ടായി. ശ്രീമാൻമാർ ജി. ചെല്ലപ്പൻപിള്ള പ്രസിഡന്റായുള്ള ആർ. വിശ്വംഭരൻ, S. ഗോപാലൻ (പേരേറ്റിൽ), ആർ രാഘവൻ (പേരേറ്റിൽ), അബ്ദുൾ സമദ്, കെ.കെ. വാസുദേവര്, വിശ്വനാഥൻ ടൈലർ രാമൻ (റിസർവേഷൻ മെമ്പർ) ഷാഗുൽ ഹമീദ്, ഹബീബ് മുഹമ്മദ്, ശ്രീമതി ശാരദ (വനിതാമെമ്പർ) എന്നിവർ മെമ്പർമാരുമായിരുന്നു. തുടർന്ന് 1977 ൽ പഞ്ചായത്തു രണ്ടാവുകയും ഒറ്റൂർ വില്ലേജിനകത്തുള്ള പഞ്ചായത്തു മെമ്പർമാരേയും ശ്രീമാൻ ഷൗസുദ്ദിനേയും ഉൾപ്പെടുത്തി ഒരു നോമിനേറ്റഡ് കമ്മിറ്റി രൂപീകരിക്കുകയുണ്ടായി. നിലവിലുണ്ടായിരുന്ന കമ്മിറ്റി പ്രസിഡന്റു ജി. ചെല്ലപ്പൻപിള്ളയായിരുന്നു. 1979 ൽ വീണ്ടും നടന്ന പഞ്ചായത്തു തെരഞ്ഞെടുപ്പിൽ, ജി. ചെല്ലപ്പൻപിള്ള, ബി.സി. കുറുപ്പ്, S. ആനന്ദൻ, S. ഗോപാലൻ, കെ. ഗോപാലൻ, പ്രസാദ്, വി. എസ്. ,രവീന്ദ്രൻ, ശ്രീമതി എമിലി പരേര

എന്നിവർ തെരഞ്ഞെടുക്കപ്പെടുകയും ജി. ചെല്ലപ്പൻ പിള്ള പ്രസിഡന്റും വൈസ് പ്രസിഡന്റായി S. ഗോപാലനും ആയിരുന്നു. ഈ കമ്മിറ്റി 1984 വരെ തുടർന്നു. 1987 ൽ വീണ്ടും തെരഞ്ഞെടുപ്പാവുകയും, ശ്രീമാൻമാർ S. ഗോപാലൻ, തുളസീദാസ് ഉണ്ണിത്താൻ, ബി.സി. കുറുപ്പ്, സി ഗോപാലൻ, ശ്രീമതി സുജാത, ഗോപാലകൃഷ്ണ കുറുപ്പ്, രാജീവ്, ശ്രീമതി സരോജിനിയും ആയിരുന്നു. S.ഗോപാലൻ പ്രസിഡന്റും ബി.സി. കുറുപ്പ് വൈസ്പ്രസിഡന്റും ആയിരുന്നു. ഈ കമ്മിറ്റി 1995 വരെ തുടർന്നു. 1995 സെപ്റ്റംബറിൽ നടന്ന തെരഞ്ഞെടുപ്പിൽ ശ്രീമതി S. പ്രസന്ന, അഡ്വ. S. ഷാജഹാൻ ശ്രീമതി ബി. ലളിതമ്മ, ശ്രീമതി തുളസീഭായി, ശ്രീ. S. ആനന്ദൻ, ശ്രീ ഗോപാലകൃഷ്ണപിള്ള, ശ്രീ സതീശൻ, ശ്രീ. സുഭാഷ് എന്നിവർ തെരഞ്ഞെടുക്കപ്പെടുകയും, അഡ്വ. S. ഷാജഹാൻ പ്രസിഡന്റായും, ശ്രീ ഗോപാലകൃഷ്ണപിള്ള വൈസ് പ്രസിഡന്റാവുകയും ശ്രീമതി S. പ്രസന്ന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർ പെഴ്സൻ ആവുകയും ചെയ്തു. ഈ കമ്മിറ്റി തുടർന്നു കൊണ്ടിരിക്കുന്നു.

1979 ൽ മണമ്പൂർ പഞ്ചായത്തിനെ വിഭജിച്ച് ഒറ്റൂരും, മണമ്പൂരും ആക്കിയപ്പോൾ ഒറ്റൂർ പഞ്ചായത്തിന്റെ ആദ്യ പ്രസിഡന്റ് ശ്രീ. ജി. ചെല്ലപ്പൻ പിള്ളയായിരുന്നു. വൈസ് പ്രസിഡന്റ് ശ്രീ. S. ഗോപാലൻ ആയി.

# സംസ്കാരം

സഹ്യനാകുന്ന പ്രതാപവാന് അറബിക്കടലായ പ്രഗത്ഭ സമ്മാനിച്ച സന്താനമാണ് കേരളം. എന്നുപറഞ്ഞാൽ അറബികടലിനും, സഹ്യനും ഇടയ്ക്ക് കിടക്കുന്ന ഐശ്വര്യം നിറഞ്ഞ നാടാണ് കേരളം.

കേരളത്തിലെ 14 ജില്ലകളിൽ തിരുവനന്തപുരം ജില്ലയിലെ വർക്കല ബ്ലോക്കിലുള്ള 7 പഞ്ചായത്തിൽപ്പെട്ട ഗ്രാമ പഞ്ചായത്താണ് ഒറ്റൂർ. വർക്കല ദക്ഷിണകാശി എന്ന പേരിൽ അറിയപ്പെടുന്നു. നാരദന്റെ വൽക്കലം വീണിടം വർക്കല ആയെന്നാണ് ഒരു പക്ഷം. വർക്കലയിലെ ശിവഗിരിയിൽ നിൽക്കുന്ന ആശ്രമത്തിന്റെ അധിപനായിരുന്നു നാരായണ ഗുരു സ്വാമികൾ.

കേരള സംസ്കാരത്തിൽ അതിന് പ്രത്യേകമായ കലയ്ക്കും വേദാന്തത്തിനും, ദാരു ശില്പത്തിനും, സാഹിത്യത്തിനും. ചിത്രകലയ്ക്കും സ്ഥാനമുണ്ട്.

ഏത് പ്രസ്ഥാനത്തോടും ഇണങ്ങി ചേരാനും, ഏത് പ്രസ്ഥാനവും പരിശോധിക്കാനും, ഭരണം മറിച്ചിടാനും ഭരണം സുസ്ഥിരമാക്കാൻ ഏതെല്ലാം വിട്ടു വീഴ്ചകൾ ചെയ്യാനും കേരളീയർക്ക് കഴിയും. വിദ്യാഭ്യാസത്തിൽ, സംസ്കാരത്തിൽ, ഐശ്വര്യത്തിൽ എല്ലാം മുന്നോട്ട് വരാൻ കേരളത്തിന് കഴിയുമെങ്കിലും കൂടുതൽ തന്റേടവും, അടിച്ച വഴിയെ പോകാനുള്ള മടിയും, സ്വാർത്ഥ ചിന്തയും കൂടുതലുള്ളത് കൊണ്ട് കേരളം വേണ്ടത്ര മുന്നോട്ട് വരുന്നില്ല. ഐശ്വര്യമേറിയ നാട്, ബുദ്ധിയുള്ള ജനാവലി, കാലോചിതമായെതെല്ലാം സ്വീകരിക്കാനുള്ള മനസ്ഥിതി ഇതെല്ലാം കേരളത്തിനുണ്ട്. ഭക്ഷണ കാര്യത്തിൽ സ്വന്തമായി നിലനില്ക്കാൻ അതിന് കഴിയുന്നില്ല. ഭക്ഷ്യക്ഷാമം പുരോഗതിയ്ക്ക് തടസ്സം തന്നെ. എന്നാൽ ശങ്കരന്റെ വേദാന്തവും, കഥകളിയും, നവോത്ഥാന നായകനേയും നല്കിയ കേർളത്തിന് ഉന്നതമായ സംസ്ക്കാരമുണ്ട്. അത് അന്താരാഷ്ട്ര പ്രധാന്യം നേടിയിട്ടും ഉണ്ട്.

**നാരായണ ഗുരു സ്വാമികൾ**

ജനനം – 1850
സമാധി – 1928

കേരളത്തിലെ അവശസമുദായങ്ങൾക്ക് ഉത്തേജനവും, പ്രചോദനവും നല്കിയ ആധ്യാത്മിക ഗുരു. തിരുവനന്തപുരത്തിനടുത്ത് ചെമ്പഴന്തിയിൽ ജനിച്ചു. തമിഴ്, മലയാളം, സംസ്കൃതം എന്നീ ഭാഷകൾ അഭ്യസിച്ചു. ചെറുപ്പം മുതൽ ഈശ്വര ഭക്തനായിരുന്ന ഇദേഹം പിൽക്കാലത്ത് യോഗവും, വേദാന്തവും അഭ്യസിച്ചു. അതിന് ശേഷം മരുത്വാ മലയിൽ പോയി തപസു ചെയ്തു. അനന്തരം ക്ഷേത്രങ്ങൾ, വിദ്യാലയങ്ങൾ, ആശ്രമങ്ങൾ മുതാലയവ സ്ഥാപിച്ചു കൊണ്ട് കേരളത്തിൽ സഞ്ചരിച്ചു. വർക്കലയിലുള്ള ശിവഗിരിയിൽ സ്ഥാപിച്ചിട്ടുള്ള ആശ്രമമായിരുന്നു അദ്ദേഹത്തിന്റെ പ്രധാന സങ്കേതം. അദ്ദേഹത്തിന്റെ "ഒരു ജാതി, ഒരു മതം, ഒരു ദൈവം, മനുഷ്യന്" എന്ന ഉപദേശം പ്രസിദ്ധമാണ്.

രുന്നു അദ്ദേഹത്തിന്റെ പ്രധാന സങ്കേതം. അദ്ദേഹത്തിന്റെ "ഒരു ജാതി, ഒരു മതം, ഒരു ദൈവം, മനുഷ്യന്" എന്ന ഉപദേശം പ്രസിദ്ധമാണ്.

സ്വാമികൾ ജോലി തിരക്കിനിടയിലും വേദാന്തപരവും ഭക്തിപരവും ആയ ചില കൃതികൾ രചിച്ചിട്ടുണ്ട്. മുനിചര്യാപഞ്ചകം, ജനനീസ്ഥപരത്നമഞ്ചരി, വൈരാഗ്യദർശനം, മതമീ മാംസ ഇവയാണ് കൃതികളിൽ പ്രധാനം.

ഒറ്റൂർ പഞ്ചായത്ത് 1953–ൽ രൂപികൃതമായ മണമ്പൂർ പഞ്ചായത്തിന്റെ പിരിഞ്ഞ് കിട്ടിയ ഭാഗമാണ്. ഇവിടത്തെ മുഖ്യ ജോലി അക്കാലത്ത് പരമ്പരാഗത തൊഴിലായ കയർ പിരിയും, നെയ്ത്തും ആയിരുന്നു. 1945 ന് മുമ്പ് പരമ്പരാഗത തൊഴിൽ മേഖലയിലെ ജോലികുറവും ജാതി സംബന്ധമായ ജോലി വിലക്കും ഉണ്ടായതു കൊണ്ട് തന്നെ മുഖ്യ ജോലി സ്ഥലമായി ബോണക്കാട്, വിതുര, പൊൻമുടി എന്നിവിടങ്ങളിലെ കാപ്പിതോട്ടങ്ങളിൽ കങ്കാണിമാരുടെ കീഴിൽ പണിയെടുത്തിരുന്നു. അന്ന് പണിയെടുപ്പിച്ച കങ്കാണിമാർ ഇന്നും 5–ാം വാർഡിൽ ജീവിച്ചിരുപ്പുണ്ട്. സായിപ്പന്മാർ കാപ്പിത്തോട്ടങ്ങൾ വിറ്റു പോയപ്പോൾ സീലോൺ ആയി ജോലി സ്ഥലം. സിംഗപ്പൂരും അനവധി ആളുകൾ ജോലിയ്ക്കായി പോയി. സ്രാങ്ക്, ക്രാണി എന്ന പേരിൽ അവർ സമ്പന്നരായി തിരികെയെത്തി. അവരുടെ കുടുംബങ്ങളും രക്ഷപെട്ടു. സിംഗപ്പൂരിൽ എത്തപ്പെട്ടവരിൽ കുറെ പേർ നേതാജി സുഭാഷ് ചന്ദ്രബോസ് നയിച്ച I.N.A യിൽ ചേർന്നു. 1945 ന് ശേഷം അവരും നാട്ടിലെത്തി. അവരിൽ ഇരുപതോളം ആളുകൾ ഈ പഞ്ചായത്തിൽ ഉണ്ട്. അവർക്ക് സ്വാതന്ത്ര്യ പെൻഷൻ കിട്ടുന്നുണ്ട്. മരിച്ചു പോയ, ഐ. എൻ. എ വീര ഭടന്മാരുടെ വിധവകൾക്കും പെൻഷൻ ലഭിയ്ക്കുന്നു. സ്വാതന്ത്ര്യ പെൻഷൻ സ്റ്റേറ്റ് ലവലിൽ ലഭിക്കുന്നവരും നമ്മുടെ പഞ്ചയാത്തിലുണ്ട്. പൂർണമായ വിവരം കിട്ടിയിട്ടില്ല. ട്രഷറിയിൽ നിന്നാണ് അത് കിട്ടേണ്ടത്.

1951 മേയിലാണ് ഒറ്റൂർ പഞ്ചായത്തിൽ കയർ മേഖലയിൽ സമരം ഉണ്ടാകുന്നത്. അന്ന് രണ്ടാലോകമഹായുദ്ധം കഴിഞ്ഞുള്ള സമയമാണ്. കയറു വില തീ വിലയായി. കയറീടു കൂലി, തൊണ്ടടി കൂലി, കയറുകെട്ട് കൂലി, ചകിരി തെളിപ്പു കൂലി, തൊണ്ടിളക്ക് കൂലി ഇവയൊക്കെ അന്നത്തെ നാണയമായ നാല് ചക്രത്തിനും 8 ചക്രത്തിനും ഇടയിലായിരുന്നു. 28 1/2 ചക്രമാണ് ഒരു രൂപ. സമരത്തിന്റെ ഫലമായി 13 അണ തൊട്ട് ഒന്നരരൂപ വരെ കൂലിയായി എവിടെ തൊഴിലാളികൾ സംഘടിച്ചിട്ടുണ്ടോ അവിടെ കൂലിക്ക് വില പേശലുണ്ടായിട്ടുണ്ട്. സമരത്തിന്റെ ഫലമായി മാറ്റങ്ങളും വരുത്തിയിട്ടുണ്ട്. സ്വയം കൂലി ഉയർത്തി കൊടുത്ത ഒരു സംഭവും ഈ നാട്ടിലുണ്ടായതായി അറിവില്ല.

# ദേവാലയങ്ങളും പള്ളികളും

ഒറ്റൂർ പഞ്ചായത്ത് നിവാസികളെല്ലാം ഗ്രാമീണരാണ്. സാക്ഷരരായ ഇവരെ വിദ്യാഭ്യാസത്തിൽ പലതട്ടുകളിലായി തിരിക്കാമെങ്കിലും ആചാരങ്ങളും ദേവാലയങ്ങളും അവരുടെ സാംസ്കാരിക ജീവിതത്തെ സ്വാധീനിക്കുന്നു. ദേവാലയങ്ങളിൽ കൂടുതലും സ്വകാര്യക്ഷേത്രങ്ങളും കുടുംബക്ഷേത്രങ്ങളും ആയിരിക്കുമ്പോഴും ചുരുക്കം ചിലവ വിശ്വാസംകൊണ്ടും പഴക്കംകൊണ്ടും ശില്പമാഹാത്മ്യം കൊണ്ടും ഉത്സവങ്ങളുടെ പ്രത്യേകത കൊണ്ടും പ്രശസ്തിയാർജ്ജിച്ചവയാണ്.

നമ്മുടെ പഞ്ചായത്തിൽ 55 ക്ഷേത്രങ്ങളും 7 കാവുകളും ഒരു മുസ്ലിംപള്ളിയും ഒരു ക്രിസ്ത്യൻ പള്ളിയുമാണുള്ളത്. ഒന്നാം വാർഡിൽ 23 ക്ഷേത്രങ്ങൾ, രണ്ടാം വാർഡിൽ 3 ക്ഷേത്രങ്ങൾ 2 കാവുകൾ, മൂന്നാം വാർഡിൽ 3 ക്ഷേത്രങ്ങൾ രണ്ടു കാവ്, നാലാം വാർഡിൽ 3 ക്ഷേത്രങ്ങൾ ഒരു കാവ്, അഞ്ചാം വാർഡിൽ 15 ക്ഷേത്രങ്ങൾ, ആറാം വാർഡിൽ നാലു ക്ഷേത്രങ്ങൾ ഒരു കാവ്, ഏഴാം വാർഡിൽ 2 ക്ഷേത്രങ്ങൾ, എട്ടാം വാർഡിൽ 2 ക്ഷേത്രങ്ങൾ 2 കാവുകൾ ഒരു മുസ്ലിംപള്ളി ഒരു ക്രിസ്ത്യൻ പള്ളി എന്നിങ്ങനെ വിവിധ വാർഡുകളിലെ കണക്കുകൾ .

**ശ്രീനാരായണ**പുരംക്ഷേത്രം

പഴക്കം കൊണ്ടും ശില്പകല കൊണ്ടും ഏറെ ശ്രദ്ധേയമായ ക്ഷേത്രമാണ് ശ്രീനാരായണപുരം വിഷ്ണുക്ഷേത്രം. പുരാവസ്തു ഗവേഷണ വകുപ്പിന്റെ കീഴിലുള്ള ഈ ക്ഷേത്രത്തിന് 700 കൊല്ലത്തോളം പഴക്കമാണ് കണ്ടെത്തിയിരിക്കുന്നത്. പൂർണ്ണമായും കല്ല് കൊണ്ട് നിർമ്മിക്കപെട്ടതും ഏറെ കൊത്തുപണികൾ ഉള്ളതുമാണ് ഈ നാരായണ സ്വാമി ക്ഷേത്രം. തിരുനാരായണപുരത്തിന്റെ രൂപാന്തരമാണ് ശ്രീനാരായണപുരം എന്ന സ്ഥല നാമം.

ശ്രീകോവിലും നമസ്ക്കാര മണ്ഡപവും ചുറ്റുമതിലും അടങ്ങിയ ഈ ക്ഷേത്രം കേരളീയ ക്ഷേത്രങ്ങളിൽ നിന്ന് തികച്ചും വ്യത്യസ്ഥമാണ്. ശില്പങ്ങൾ ആദ്യകാല വിജയനഗര മാതൃകയിലുള്ളതാണ് ത്രിതല മാതൃകയിലുള്ള നിർമ്മാണ രീതിയും ചതുര വിമാനവുമാണ്. കമാനരൂപത്തിലുള്ള നമസ്ക്കാര മണ്ഡപവും, ശിഖരഗോപുരങ്ങളുമാണ് ഇതിന്റെ പ്രധാന പ്രത്യേകതകൾ.

ഏറെക്കുറെ അപൂർണ്ണമായ രീതിയിലുള്ള ഈ ക്ഷേത്രത്തിന്റെ ചുറ്റ് മതിൽ അടുത്തകാലത്ത് പുരാവസ്തു വകുപ്പാണ് നിർമ്മിച്ചത്. ചുറ്റമ്പലം കെട്ടേണ്ട രീതിയിലാണ് ക്ഷേത്രത്തിനും ചുറ്റും കല്ലുകൾ പാകിയിരിക്കുന്നത്. പക്ഷെ ചുറ്റമ്പലമില്ല. ക്ഷേത്രത്തിന്റെ പണി പൂർത്തിയാക്കാൻ പാകത്തിൽ മുറിച്ച കല്ലുകൾ ക്ഷേത്രത്തിന് ചുറ്റും ഇപ്പോഴും കാണാം.

ശ്രീകോവിലിന് മുകളിലെ ശിഖര ഗോപുരങ്ങൾ മൂന്ന് തട്ടുകളിലായാണ്. ഏറ്റവും മുകളിലെ കുമിതത്തിലുള്ള സുഷിരം ഗർഭഗൃഹത്തിന്റെ മുകൾത്തട്ടുവരെ എത്തുന്നു. എല്ലാ മേടമാസത്തിലേയും പത്താം ദിവസം സൂര്യരശ്മികൾ കൃത്യമായി ദേവന്റെ ശിരസിൽ പതി

ക്കുന്നു. നൂറ്റാണ്ടുകൾക്ക് മുമ്പു തുടങ്ങി ഇന്നു വരെ മുടങ്ങാതെ.

കുംഭമാസത്തിലെ രോഹിണി നാളിൽ കൊടിയേറൽ ചടങ്ങ് നടത്തി അത്തം നാളിൽ ഉത്സവം ആഘോഷിക്കുന്നു. എഴുന്നള്ളത്ത് പാടത്തിന്റെ താഴേയറ്റത്തുള്ള മാടൻപാറയിലെത്തുന്നു. ചോള വിജയനഗര നിർമ്മാണ രീതികളെ അനുസ്മരിപ്പിക്കുന്ന ഈ വിഷ്ണു ക്ഷേത്രം ഭക്ത ജനങ്ങളേയും ഗവേഷകരേയും ഒരുപോലെ ആകർഷിച്ചുകൊണ്ടിരിക്കുന്നു.

### തമ്പുരാൻ നട

പഴക്കം കൊണ്ടും ഉത്സവത്തിന്റെ പ്രത്യേകത കൊണ്ടും മുള്ളറംകോട് തമ്പുരാൻ നട വ്യത്യസ്തമാണ്. ഭദ്രകാളീപുത്രനായ തമ്പുരാനാണ് പ്രതിഷ്ഠ. ഒറ്റൂർ കരവൻ മഠത്തിന്റേതാണ് ക്ഷേത്രവും പറമ്പും. 500 വർഷത്തോളം പഴക്കമുണ്ടെന്ന് പറയപ്പെടുന്നു.

കുംഭമാസത്തിലെ ഉത്രം നാളിൽ കൊടിയേറി തുടർന്നുള്ള 13 ദിവസങ്ങളിലാണ് ഉത്സവം. ചിത്തിര നാളിൽ പാട്ടുതുടങ്ങി അവിട്ടത്തിന് ചെറിയ പടയും ചതയം നാളിൽ വലിയ പടയും നടക്കുന്നു. 'ചിലമ്പിൽ തുള്ള'ലാണ് പടയിലെ ഏറ്റവും പ്രധാന സവിശേഷത. തുള്ളൽ ക്ഷേത്രത്തിൽ നിന്ന് പാടത്തിന്റ മധ്യത്തിലുള്ള ആൽത്തറയിൽപോയി തിരിച്ചുവരുന്നു. മധുര രാജാവുമായുള്ള യുദ്ധത്തിലെ പാണ്ഡ്യരാജാവിന്റെ വിജയമാണത്രേ ചെറിയ പടയായി ആഘോഷിക്കപ്പെടുന്നത്. യുദ്ധാവസാനത്തെ തോൽവിയാണ് വലിയപട. അതും കഴിഞ്ഞ് കുരുതി. മുള്ളറം കോട് പാടത്തേക്ക് അഭിമുഖമായി നില്ക്കുന്ന ഈ ക്ഷേത്ര പരിസരം ഉത്സവദിവസം വിവിധ ദേശങ്ങളിലെ ആളുകളെ കൊണ്ട് നിറയുന്നു.

### മൂങ്ങോട്ടുപള്ളി

പഞ്ചായത്തിലെ ഏക ക്രിസ്തീയ ദേവാലയമാണ് മൂങ്ങോട് സെന്റ് സെബാസ്റ്റ്യൻ ചർച്ച്. മൂങ്ങോട് കായലിനോടുരുമ്മി സ്ഥിതിചെയ്യുന്ന ഈ ചർച്ച് ഏകദേശം 150 വർഷം മുമ്പാണ് സ്ഥാപിതമായത്. തിരുവനന്തപുരം രൂപതയിൽ ഉൾപ്പെടുന്ന മൂങ്ങോട് ഇടവകയുടെ ഈ പള്ളി നാട്ടുകാർ തന്നെ നിർമ്മിച്ചതായിരുന്നു.

പഴയ പള്ളി നിന്ന സ്ഥലത്ത് പുതിയ പള്ളിയുടെ നിർമ്മാണം തുടങ്ങിയിട്ട് 10 വർഷമായി. നിർമ്മാണം പൂർത്തിയായിട്ടില്ല. മൂങ്ങോട് സെന്റ് സെബാസ്റ്റ്യൻ എൽ.പി.സ്കൂൾ, നഴ്സറി, മുടിയക്കോട് U.P സ്കൂൾ തുടങ്ങിയ സ്ഥാപനങ്ങൾ ഈ പള്ളിയുമായി ബന്ധപ്പെട്ടതാണ്. എല്ലാ ഞായറാഴ്ചകളിലും വെട്ടുകാട് (കുളമുട്ടം) , മൂങ്ങോട്, മുടിയക്കോട് എന്നീ കരകളിൽ നിന്ന് വിശ്വാസികൾ ആരാധനയ്ക്കും കുർബാനയ്ക്കും ഇവിടെ എത്തുന്നു.

ഫെബ്രുവരി മാസത്തിലാണ് പള്ളിയിലെ 11 ദിവസ ഉത്സവം. ജപമാല, ലിറ്റനി, ദിവ്യബലി, ആരാധന തുടങ്ങിയ ചടങ്ങുകൾ ഉത്സവഭാഗമാണ്. ആഘോഷകരമായ തിരുസ്വരൂപ പ്രദക്ഷിണമാണ് നാട്ടുകാരെ ഏറെ ആകർഷിക്കുന്നത്.

ഉത്സവത്തോടൊപ്പം കായലോരത്തെ പള്ളി പറമ്പിൽ ഉയരുന്ന മാർക്കറ്റാണ്. ഉത്സവത്തിന്റെ ആരവം പുറം നാടുകളിൽ എത്തിക്കുന്നത്. ഇത് നൂറു മാസത്തോളം നീണ്ടു നിൽക്കും. പതിറ്റാണ്ടുകൾക്കു മുമ്പ് മുതൽ ചിറയിൻകീഴ് താലൂക്കിലെ വളരെ പ്രാധാന്യമുള്ള ഒരു വ്യാപാരമേളയായിരുന്നു മൂങ്ങോട്ട് നടന്നിരുന്നത്. ഇപ്പോഴും കലങ്ങൾ, ചട്ടികൾ, പഴ-ഫല വർഗ്ഗങ്ങൾ, കിഴങ്ങുവർഗ്ഗങ്ങൾ, പച്ചക്കറികൾ, വൃക്ഷത്തൈകൾ, തുടങ്ങിയവ വാങ്ങാൻ ദൂരെ സ്ഥലങ്ങളിൽ നിന്ന് പോലും ഇവിടെ ആളുകൾ എത്തുന്നു.

### ശ്രീകൃഷ്ണസ്വാമിക്ഷേത്രം

ഒറ്റൂർ പഞ്ചായത്തിൽ ദേവസ്വം ബോർഡിന്റെ ഭരണത്തിലുള്ള ക്ഷേത്രമാണ് ഒറ്റൂർ ശ്രീകൃഷ്ണസ്വാമിക്ഷേത്രം. നൂറ്റാണ്ടുകളുടെ പഴക്കമുണ്ട് ക്ഷേത്രത്തിന്. കാരമൺ മഠം, മാമ്പഴ മഠം, വാളക്കോട്ടുമഠം, ഇടയാവണത്തുമഠം എന്നീ മഠങ്ങളുടേതായിരുന്ന ഈ ക്ഷേത്രം 50 വർഷങ്ങൾക്കുമുമ്പാണ് തിരുവിതാംകൂർ ദേവസ്വം ബോർഡ് ഏറ്റെടുത്തത്. വൃത്താകൃതിയിലുള്ള ശ്രീകോവിലിനുപുറത്ത് വിവിധ അവതാരങ്ങളുടെ കൊത്തുപണികളുണ്ട്. നാലമ്പലം ഇപ്പോഴില്ല. ചുറ്റുമതിൽ



9

ദേവസ്വം ബോർഡ് അടുത്തകാലത്താണ് നിർമ്മിച്ചത്. ക്ഷേത്രക്കുളം വലുതാണെങ്കിലും ഉപയോഗമില്ലാതായി കിടക്കുന്നു.

തിരുവിതാംകൂർ രാജകുടുംബത്തിൽ നിന്ന് ഈ ക്ഷേത്രത്തിലേക്ക് എല്ലാ വർഷവും സന്ദർശനമുണ്ടാകുമായിരുന്നത്രേ. മുടങ്ങുന്ന വർഷം സ്വർണത്തിലുള്ള ഒരു തെച്ചിപ്പൂവ് നടയ്ക്കുവയ്ക്കുമായിരുന്നുവെന്നും പറയപ്പെടുന്നു. മഠങ്ങളിൽ നിന്നുള്ള ഒറ്റിയായിരുന്നു ഈ പ്രദേശത്തെ പുരയിടങ്ങളെല്ലാം. അങ്ങനെ 'ഒറ്റി ഊര്' ആണ് ഒറ്റൂരായി പരിണമിച്ചത്. തെക്കൻ കാശിയായ പാപനാശത്തേക്കുള്ള പണ്ടത്തെ ഏകമാർഗം ഇതുവഴിയായിരുന്നതു കൊണ്ട് 'ഒറ്റ ഊര്' ഒറ്റൂരായതാണെന്നും പറയപ്പെടുന്നു. മീനമാസത്തിലെ രോഹിണി നാളിൽ കൊടിയേറി ഓണം നാളിൽ ആറാട്ടോടെ ഉത്സവം സമാപിക്കുന്നു. ആറാട്ട് എഴുന്നള്ളത്ത് വാളകോട്ട് മഠത്തിൽ പോയി തിരികെ എത്തുന്നു.

**മുസ്ലീം ദേവാലയം**

ഈ പഞ്ചായത്തിലെ ഏക മുസ്ലീം ദേവാലയമാണ് കവലയൂരിലുള്ള ജുമാ- മസ്ജിദ്. പള്ളിക്ക് 200 വർഷത്തോളം പഴക്കമുണ്ടെങ്കിലും ഇന്നത്തെ രൂപത്തിലുള്ള പള്ളി നിർമ്മിക്കപ്പെട്ടത് 1980-ൽ ആണ്. പള്ളിക്ക് സമീപം ഷക്കീർ ബാവാ തങ്ങൾ മഗ്ബറയും സ്ഥിതി ചെയ്യുന്നു.

# പട്ടികജാതി

നമുക്ക് ഏഴ് പ്രദേശങ്ങളിൽ പട്ടികജാതിക്കാരുടെ കോളണികളുണ്ട്. ഈ കോളണികൾ ഉദ്ധരിക്കാൻ പഠിച്ചപണി പതിനെട്ടും പയറ്റുകയാണ്. ജനകീയ ആസൂത്രണത്തിൽ ഈ പ്രദേശങ്ങൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതും വികസനത്തിന് മുഖ്യസ്ഥാനം നൽകേണ്ടതുമാണ്.

ഏതു പദ്ധതി തുടങ്ങിയാലും പട്ടികജാതി എന്നു വിളിച്ചുമാറ്റിനിറുത്താതെ, ഗ്രൂപ്പാക്കി തരം താഴ്ത്താതെ ഉള്ള, നടപടിയാണുണ്ടാകേണ്ടത്. ഇനി പറയുന്നതാണ് കോളണികൾ.

| | | |
|---|---|---|
| 1. | തോപ്പുവിള ഹരിജൻ കോളനി | 3–ാം വാർഡ് |
| 2. | മതിരക്കോട് | 5–ാം വാർഡ് |
| 3. | മല്ലൻ നട | 7–ാം വാർഡ് |
| 4. | കാട്ടുചിറ (വിളയിൽ) | 8–ാം വാർഡ് |
| 5. | പാണൻ കോളണി | 1–ാം വാർഡ് |
| 6. | മാവിൽ മൂട് | 2–ാം വാർഡ് |
| 7. | ആൽത്തറ മൂട്–S.N പുരം | 6–ാം വാർഡ് |

ഒരു ലക്ഷം വീട് കോളണിയുണ്ട്. 4–ാം വാർഡിൽ.

മേൽപ്പറഞ്ഞ പ്രദേശവാസികളുടെ ഓരോ പ്രശ്നവും പരിശോധിക്കണം; പരിഹരിക്കണം. മുഖ്യധാരയിൽ ഈ ജനവിഭാഗത്തിന് സ്ഥാന മുണ്ടാകണം. ഇനി പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

1. കുടിവെള്ളം 2. പാർപ്പിടം 3. കക്കൂസ് 4. പുകയില്ലാത്ത പരിഷത്തടിപ്പ് 5. ദാരിദ്ര്യമുണ്ടങ്കിൽ–കാരണം. 6. വിദ്യാഭ്യാസ സൗകര്യം. 7. നിരക്ഷരത ഈ കാര്യങ്ങൾ ഓരോന്നായി പരിശോധിക്കേണ്ടതാണ്.

### കുടിവെള്ളം

കൂട്ടമായി, അടുത്തടുത്തു താമസിക്കുന്ന ഇവർക്കു ശുദ്ധജലം കിട്ടണമെന്നു ഉറപ്പുവരുത്തണം. എല്ലാവീട്ടിനും പൈപ്പു കണക്ഷൻ ഉണ്ടാകണം. ആയതിനുവേണ്ട പംബിംഗ് സമ്പ്രദായം നടപ്പിൽ വരുത്തണം.

### പാർപ്പിടം

ഭൂമി ഉള്ളവർക്കു കെട്ടിടം ഇല്ലായെന്നാണെങ്കിൽ അവർ മുൻ നിന്നു കെട്ടിടം വയ്പ്പിക്കണം. ഇന്നവിധത്തിൽ വീടാകണമെന്നല്ല, വീടുണ്ടാകണം. അതിൽ മനുഷ്യനുവേണ്ട സൗകര്യങ്ങൾ ഉണ്ടാകണം. ഇരിയ്ക്കാനും കിടക്കാനും, സ്വകാര്യത നിലനിറുത്താനും, അടുക്കളയും ഉണ്ടാകണം.

വീടിനു തറവേണം, മറവേണം. മുകളിൽ കൂര വേണം. കേറാൻ വാതൽ വേണമെന്നു പറയണ്ടല്ലോ. വീടുണ്ടാക്കാൻ തച്ചൻ വേണം. ആശാരിയും കല്ലാശാരിയും വേണം. കല്ലും മരവും സിമ്മന്റുമെല്ലാംവേണം. പ്ലാൻ മാത്രം പോര. കേരളമാതൃകയിൽ ഉള്ള കൊച്ചു വീട്. പഠന പര്യടനം നടത്തി വീടില്ലാത്തവർക്കു വീടു ഏർപ്പാടാക്കണം.

### കക്കൂസ്

കക്കൂസിന്റെ പ്രാധാന്യം ബോദ്ധ്യപ്പെടുത്തണം. രോഗം ഏതെല്ലാം വരാം എന്നു പഠിപ്പിക്കണം. ഗുണഭോക്താക്കളാക്കി മാറ്റുമ്പോൾ



15

അവരുടെ പങ്കു ബോദ്ധ്യപ്പെടുത്തണം. ഓരോ വീട്ടിനും ഓരോ കക്കൂസ്. അതല്ലങ്കിൽ പൊതു കക്കൂസ്. കക്കൂസ്സിൽ മാത്രം ഉപയോഗിക്കുന്ന ശീലം വളർത്തണം; ശീലമാക്കിക്കണം. സർവ്വേയിലൂടെ കക്കൂസില്ലാത്ത വീടു കണ്ടെത്തി പരിഹാരം കാണണം.

### പരിഷത്ത് അടുപ്പ്

എല്ലാവീട്ടിലും പാചകം നടത്തുന്നിട ത്തൊക്കെ പരിഷത്ത് അടുപ്പ് സ്ഥാപിക്കണം. രണ്ടു ജാതിയുണ്ട്. സ്ഥിരമായി സ്ഥാപിക്കു ന്നതും എടുത്തു മാറ്റാവുന്ന ഇരുമ്പു അടുപ്പും. രണ്ടും വളരെ വിലകുറച്ചു അനർട്ടു കൊടു ക്കുന്നുണ്ട്. പരിഷത്തടിപ്പു ഇല്ലാത്ത വീട്ടിൽ വയ്പിക്കാൻ ജനകീയകമ്മിറ്റി മുൻകൈ എടു ത്താൽ മതി. പുകയേറ്റുള്ള രോഗം ഇല്ലാതാ ക്കാൻ വിളർച്ച രോഗം വരാതിരിക്കാൻ പരി ഷത്തടുപ്പു സ്ഥാപിച്ചുകൊടുക്കുക.

### ദാരിദ്ര്യം

ഇന്നു ഒറ്റൂർ പഞ്ചായത്തിൽ ദാരിദ്ര്യമായി പട്ടിണിയറിഞ്ഞു ജീവിക്കുന്നവർ കുറവാണ്. ഉണ്ടെങ്കിൽ കാരണം കണ്ടെത്തണം; പരിഹ രിക്കണം. ജനകീയകമ്മിറ്റിക്കു കഴിയും. ജോലി ചെയ്യാൻ വയ്യാത്തവരാണോ; രോഗികളാണോ, അംഗവൈകല്യമുള്ളവരാണോ, വിധവക ളാണോ-ഒക്കെ പരിശോധിച്ചു പരിഹാരം കാണണം.

### വിദ്യഭ്യാസം

കുട്ടികൾ സ്കൂളിൽ പോകുന്നുണ്ടോ എന്നു ഉറപ്പുവരുത്തണം. 30 വയസ്സിനു താഴെ നിരക്ഷരരുണ്ടെങ്കിൽ അവരെ പ്രത്യേകം ഒന്നി ച്ചുചേർത്തു പഠിപ്പിച്ചു സാക്ഷരരാക്കണം. പരി ഹാര ക്ലാസുകളിൽ എത്തിച്ചു പഠിക്കുന്ന കുട്ടി കളുടെ അക്ഷര ജ്ഞാനവും അക്ക ജ്ഞാനവും പ്രതീക്ഷയ്ക്കൊപ്പമാക്കണം.

### നിരക്ഷരത

കുടുംബസദസ്സുകൾ വിളിച്ചു ചേർത്ത് അക്ഷരം പഠിപ്പിക്കണം. ലോക സാഹിത്യമല്ല പഠിപ്പിക്കേണ്ടത്, ഒപ്പിടാൻ മാത്രമല്ല ബോർഡു വായിച്ചു കാര്യം മനസ്സിലാക്കാനുള്ള, പത്രം വായിച്ചറിയാനുള്ള ശേഷിയുണ്ടാക്കണം. 1990-ലെ സാക്ഷരതാ പദ്ധതി ചാരം മാകുന്ന അലസതമാറ്റി അക്ഷരജ്ഞാനമാകുന്ന തീ, പ്രകാശം പുറത്തുവരുത്തണം.

മേൽപ്പറഞ്ഞ കാര്യങ്ങളിൽ, ഓരോന്നായി ചെയ്തു പൊതുധാരയിൽ, പരമ്പരാഗതമായി അടിമയായിപ്പോയവരെ ഉദ്ധരിക്കാൻ വേണ്ടി യാകട്ടെ ജനകീയ ആസൂത്രണം.

### വനിത

സ്ത്രീകൾ ഇന്നു അവരുടെ ശക്തി അറി യുന്നില്ല. അവർ മാത്രമായി നടത്തിയ ഒരു സേവനത്തിന്റെ മാതൃകയാണ് ഇനി പറയു ന്നത്.

തിരുവനന്തപുരത്തു 1983-ൽ സേവ (Self Employed Women"s Association) ആരംഭിച്ചു. സ്വയം തൊഴിൽ ചെയ്യുന്നവരുടെ സംഘടന യിൽ 600 പേർ അംഗങ്ങളാണ്.

സ്ത്രീകൾക്കു തൊഴിൽ പരിശീലനം, നൽകുന്നതിലും തൊഴിൽ സാദ്ധ്യതകൾ ലഭ്യ മാക്കുന്നതിലുമാണ് സേവയുടെ ശ്രദ്ധ. 3 ആഴ്ച നീണ്ടു നില്ക്കുന്ന പരിശീലനം, ഇട യ്ക്കിടെ വിവിധ തൊഴിലുകളിലുള്ള വിദഗ്ദ്ധ പരിശീലനം. ഇതാണ് പരിശീലന രീതി. പ്രാദേ ശിക വനിതാ വേദികളാണ് പരിശീലനത്തിന് അർഹരായ വനിതകളെ തെരഞ്ഞെടുക്കുന്നത്. ഹോം നഴ്സിങ്, കേറ്ററിങ്, ശുചീകരണ പ്രവർത്തനങ്ങൾ, പച്ചക്കറി കൃഷി, മുയൽ വളർത്തൽ, ഹാൻഡ്മെയ്ഡ് പേപ്പർ നിർമാണം തുടങ്ങിയവയിലാണ് പരിശീലനം നൽകിവരുന്നത്. 250 സ്ത്രീകൾ ഹോം നഴ്സുമാരായും 60 പേർ ശുചീകരണ പ്രവർത്തനത്തിലും 50 പേർ കേറ്ററിങ്ങിലും 10 പേർ ഓഫീസിലും പ്രവർത്തിക്കുന്നു.

ഹോം നഴ്സുമാരുടെ സേവനം ആവശ്യ മുള്ളവർ സേവ ഓഫീസിൽ പേരു രജിസ്റ്റർ ചെയ്യുന്നമുറയ്ക്കു അവർക്കു സേവനം ലക്ഷ്യ മാക്കുന്നു. തിരുവനന്തപുരത്തെ സെന്റർ ഫോർ ഡവലപ്പുമെന്റു സ്റ്റഡീസ് സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ് റീജിയ

ണൽ ക്യാൻസർ സെന്റർ എന്നിവിടങ്ങളിലെ കന്റീൻ നടത്തുന്നത് സേവയാണ്. കൂടാതെ സമ്മേളനങ്ങൾക്കും, സെമിനാറുകൾക്കും ഭക്ഷണം തയ്യാറാക്കി വിതരണം ചെയ്യുന്നതിനുള്ള പ്രത്യേകസംവിധാനങ്ങളുണ്ട്.

സ്വന്തമായൊരു തൊഴിൽ കണ്ടെത്താനും അതു വഴി സ്വന്തം കാലിൽനില്ക്കാനും വനിതകളെ പ്രാപ്തരാക്കുന്ന സേവ വനിതാ ക്ഷേമ രംഗത്ത് കാണിക്കുന്ന മാതൃക മറ്റു പ്രദേശങ്ങളിൽ, പ്രാദേശിക സാദ്ധ്യതകളനുസരിച്ച് നടപ്പാക്കാൻ ശ്രമിക്കാവുന്നതാണ്.

സ്ത്രീകൾക്കു അനൗപചാരിക ബാങ്കുണ്ടാക്കി പണം വായ്പകൊടുത്തു സ്വയം തൊഴിൽ ഉണ്ടാക്കാനുള്ള പദ്ധതി ആവിഷ്കരിക്കാം. മുയൽ, കോഴി, താറാവ്, കാട, അലങ്കാര പക്ഷികൾ ഇവ വളർത്തി വില്ക്കാൻ ഉള്ള ചെറുകിട വ്യവസായങ്ങൾ സ്വയം ചെയ്യാനുള്ള ഏർപ്പാടാക്കാം. പ്രായമായ, സഹായത്തിനു ആളില്ലാത്തവർക്കു, സഹായം പ്രതിഫലത്തോടെ ചെയ്യുന്നത് തൊഴിലാക്കാം. ചെറു കച്ചവടങ്ങൾ ഗ്രാമ പ്രദേശങ്ങളിൽ നടത്താനുള്ള ശ്രമം വിജയിക്കും. മത്സ്യ സംസ്കരണ രംഗത്തും വിപണന രംഗത്തും സ്ത്രീകൾക്കു ജോലിയെടുക്കാം. വിദ്യാസമ്പന്നകൾക്കു റേഡിയോ, T.V, VCP, VCR എന്നിവ അസംബ്ലിംഗ് നടത്താനുള്ള പരിശീലനം നേടി ആരംഗത്തു നില്ക്കാം. ബ്യൂട്ടീഷൻ രംഗത്ത് സ്ത്രീ, പുരുഷഭേദമില്ലാതെ ജോലി ചെയ്തുകൊണ്ട് ജോലിയുടെ തന്നെ പരിതസ്ഥിതി മാറ്റിയെടുത്ത് ജപ്പാൻ മാതൃകയിൽ ആദായകരമായ തൊഴിൽ കണ്ടെത്താം.

വനിതകളുടെ ശക്തി അവരറിഞ്ഞു അവർക്കു വേണ്ടി അവർ തന്നെ പദ്ധതിക്കു രൂപം നൽകി ശക്തരാകാൻ ശ്രദ്ധിക്കേണ്ടതാണ്. ശക്തരാകുന്നവർ ആരുടെയും അടിമയുമാകുന്നില്ല.

# നെൽക്കൃഷി വികസനം

ഒറ്റൂർ പഞ്ചായത്തിൽ നെൽക്കൃഷിക്ക് 140 ഹെക്ടറിൽ കൂടുതൽ സ്ഥലമുണ്ട്. നെൽക്കൃഷി അഭിവൃദ്ധിപ്പെടുത്തലാണ് ആസൂത്രണത്തിലെ പ്രഥമ ഇനം. ഗ്രൂപ്പ് ഫാമിംഗ്കളുടെ രൂപീകരണത്തോടെ നെൽക്കൃഷി അഭിവൃദ്ധിപ്പെട്ടു എങ്കിലും സജീവമായ നിയന്ത്രണ പങ്കാളിത്തം ഗ്രൂപ്പ് ഫാമിംഗിന് ഇല്ലാത്തതിനാൽ കൂടുതൽ ജനപങ്കാളിത്തത്തോടെ അവയെ പുനരുദ്ധരിയ്ക്കണം. ഗ്രൂപ്പ് ഫാമിംഗ് സമിതികളുടെ സാമ്പത്തിക അടിത്തറ ഭദ്രമാകണം. അവയുടെ പ്രവർത്തന പരിധിയും വിപുലമാക്കണം. ഓരോ ഏലാവികസന സമിതിയും മതിയായ പണി ഉപകരണങ്ങളോടെ ജോലിക്കാരെ നിയോഗിക്കാനുള്ള ഓഫീസുകളായി മാറണം അത്യുത്പാദന ശേഷിയുള്ള വിത്തുകൾ പൊതു ഞാറ്റടിയിൽ ഉത്പാദിപ്പിച്ച് കലർപ്പില്ലാത്ത വിത്തിന്റെ ലഭ്യത ഉറപ്പുവരുത്തണം. വിത്ത്, നിലമൊരുക്കൽ, ജോലി, വിള സംരക്ഷണം,-അതിൽ കീടനാശിനി പ്രയോഗം, ജലലഭ്യത ഇവയാകെ വിപണനവും ശേഖരണവും ഉറപ്പുവരുത്തുന്ന പ്രവർത്തനം ഏലാവികസന സമിതികളിൽ നിന്ന് ചെയ്യാനുള്ള ഏർപ്പാടുണ്ടാകണം. കീട നിരീക്ഷണത്തിനും അതിന്റെ അടിസ്ഥാനത്തിലുള്ള സസ്യസംരക്ഷണത്തിനും സംവിധാനങ്ങൾ ഉണ്ടാക്കുന്നതിനോടൊപ്പം യന്ത്രവത്ക്കരണവും ഉണ്ടാകണം. കൂട്ടായ കൃഷിരീതിയ്ക്കു മാത്രമേ യന്ത്രവത്ക്കരണം പ്രയോജനപ്പെടൂ. പാടശേഖരങ്ങൾക്കു വേണ്ട ജലസേചനം, ജലനിർഗമന പരിപാടി ഇവ ആവിഷ്കരിയ്ക്കണം. ജലസ്രോതസുകൾ കണ്ടെത്തി സംരക്ഷിയ്ക്കണം. പമ്പിംഗ് സ്റ്റേഷനുകൾ ഉണ്ടാക്കി ജലാവശ്യം ഉറപ്പുവരുത്തണം. ഒരുപ്പൂ നിലങ്ങൾ ഇരുപ്പൂ ആക്കുന്നതിനും ഇരുപ്പൂനിലങ്ങളിൽ മൂന്നാം വിളയായി പയർ, പച്ചക്കറി, പച്ചിലവളം ഇവയുടെ കൃഷി സംഘടിപ്പിയ്ക്കുന്നതിനും പൊതു സ്വഭാവമുള്ള പരിപാടികൾക്ക് ഇണങ്ങിപ്പോകാവുന്ന ക്ഷീരോത്പാദനം, കോഴി വളർത്തൽ, ആടുവളർത്തൽ, പന്നിവളർത്തൽ, മുയൽ വളർത്തൽ, മത്സ്യം വളർത്തൽ, അലങ്കാര മത്സ്യം വളർത്തൽ എന്നിവയ്ക്ക് വിപുലമായ സംരംഭങ്ങൾക്ക് നേതൃത്വം നല്കണം. ഇങ്ങനെ പഞ്ചായത്തു തലത്തിൽ നെൽകൃഷിയുടെയും അതുമായി ബന്ധപ്പെട്ടു ജീവിയ്ക്കുന്ന കർഷകരുടെയും സാമ്പത്തികാടികത്തറ ഭദ്രമാക്കുന്നതിനുള്ള സമഗ്രമായ പദ്ധതികൾ പ്രാദേശിക സാധ്യതയുടെ പശ്ചാത്തലത്തിൽ ആവിഷ്കരിച്ച് ആവശ്യമായ ധനസഹായം നല്കുന്നതിനുള്ള സമീപനം ഉണ്ടാകണം.

## ഗ്രൂപ്പ് ഫാമിംഗ്

ഏഴ് ഗ്രൂപ്പ് ഫാമിംഗുകളാണ് നമുക്കുള്ളത്. കൃഷിഭവൻ മുഖേന മാർഗ്ഗ നിർദേശങ്ങളും, സാമ്പത്തിക സഹായങ്ങളും, വളം സബ്സിഡിയും നല്കി, ഏഴ് ഏലാ വികസന സമിതികളുടെ ആഭിമുഖ്യത്തിൽ ഇന്ന് 140 ഹെക്ടർ സ്ഥലത്ത് നെൽക്കൃഷി നടത്തുന്നു. 554 ഗുണഭോക്താക്കളാണ് ഈ സമിതികളിലുള്ളത്.

പട്ടിക-K1

### സംഘകൃഷി-നെല്ല്

| ക്രമ നമ്പർ | പേര് | വിസ്തീർണ്ണം (ഹെക്ടറിൽ) | അംഗങ്ങൾ |
|---|---|---|---|
| 1 | മുള്ളറംകോട് ഏലാ | 25 | 78 |
| 2 | മാവിൻമൂട് ഏലാ | 25 | 56 |
| 3 | പ്ലാത്തറക്കോണം ഏലാ | 15 | 87 |
| 4 | ഒറ്റൂർ ഏലാ | 25 | 80 |
| 5 | പേരേറ്റിൽ ഏലാ | 10 | 37 |
| 6 | മാമ്പഴക്കോണം ഏലാ | 10 | 62 |
| 7 | ശ്രീനാരായണപുരം ഏലാ | 30 | 154 |

കൃഷിഭവനിൽ നിന്നുസഹായങ്ങളുടെ ഏകദേശരൂപം ഇനി പറയുന്നതാണ്.

1995-'96 വളത്തിനുള്ള പെർമിറ്റ് 15 കിലോയുടെ 121ഉം 30 കിലോയുടെ 151ഉം 60 കിലോയുടെ 148ഉം കിറ്റുകൾ ഒറ്റൂർ സഹകരണ സംഘം വഴി വിതരണം ചെയ്തിട്ടുണ്ട്.

ഫലവൃക്ഷതൈകൾ ഇതേ കാലയളവിൽ വിതരണം ചെയ്തത് ഇനിപ്പറയും വിധമാണ്.

പട്ടിക-K2

നമ്മുടെ പഞ്ചായത്തിൽ ഇരുപ്പൂനിലം 90 ഹെക്ടറാണ്. പുരയിടം 543.8 ഹെക്ടർ. കൃഷിയോഗ്യമല്ലാത്ത തരിശ് 28 ഹെക്ടറാണ്.

### K2 ഫലവൃക്ഷത്തൈകൾ - ധാന്യങ്ങൾ

| S.No | പേര് | എണ്ണം | റിമാർക്ക് |
|---|---|---|---|
| 1 | മാവ് | 50 | സൗജന്യം |
| 2 | പ്ലാവ് | 60 | സൗജന്യം |
| 3 | സപ്പോട്ട | 50 | സൗജന്യം |
| 4 | പേര | 80 | സൗജന്യം |
| 5 | ചെറി | 25 | സൗജന്യം |
| 6 | ജാമ്പ | 20 | സൗജന്യം |
| 7 | പപ്പായ | 20 | സൗജന്യം |
| 8 | പൈനാപ്പിൾ | 30 | സൗജന്യം |
| 9 | ഒട്ടുകശുമാവ് തൈ | 160* | സൗജന്യം |
| 10 | മാവ് | 4 | 15രൂപ |
| 11 | പ്ലാവ് | 4 | 15രൂപ |
| 12 | ജാമ്പ | 4 | 8രൂപ |
| 13 | ജാതി | 4 | 20രൂപ |
| 14 | നാരകം | 4 | 5രൂപ |
| 15 | തെങ്ങ് | | |
| | West Coast Tall | 75 | 15രൂപ |
| | DXT | 20 | 18രൂപ |
| | TXD | 60 | 18രൂപ |
| | OD (Orange Draft) | 10 | 7രൂപ |
| 16 | ധാന്യവിളകൾ | | |
| | ചണമ്പ് | 70Kg | 7രൂപ (Per Kg) |
| | ഉഴുന്ന് | 24Kg | 31.96 |
| | ചെറുപയർ | 16Kg | 14.12 |
| | വൻപയർ | 32Kg | 12.20 |
| | മിനി കിറ്റ് | 24 എണ്ണം | 1രൂപ |
| | കുരുമുളക് വള്ളി | 3700 വള്ളി | സൗജന്യം |

*ഒരു കർഷകന് 32 വീതം 5 പേർക്ക് 50 സെന്റ് സ്ഥലത്ത് കൃഷി ചെയ്യാൻ

**മണ്ണിന്റെ ഘടന**

ചെമ്മണ്ണ്, കളിമണ്ണ്, മണൽമണ്ണ്, ചരൽമണ്ണ് എന്നീ നാലിനങ്ങളാണ് പഠനപര്യടനത്തിൽ കണ്ടുബോധ്യപ്പെട്ടത്. ചെമ്മണ്ണ്, ചരൽമണ്ണ്, മണൽ മണ്ണ് ഇവ കൃഷിയ്ക്ക്നുയോജ്യമാണ്. തെങ്ങ്, നെല്ല്, മരച്ചീനി, വാഴ, പയർ, പച്ചക്കറി, കശുമാവ്, കുരുമുളക് ഇവയാണ് മുഖ്യകൃഷി. പുരുഷതൊഴിലാളികൾക്ക് 70 രൂപയും സ്ത്രീ തൊഴിലാളികൾക്ക് 45 രൂപയും ശരാശരി കൂലി യുണ്ട്. 8 മണിമുതൽ ഒരുമണി വരെയാണ് ജോലിസമയം.

7-ാം വാർഡും 8-ാം വാർഡുമാണ് ഇടവി ളകൃഷിയിൽ മോശമായി കാണുന്നത്. തെങ്ങിന് റൂട്ടുവിൽറ്റും നെല്ലിന് ബ്ലാസ്റ്റ്, ബ്ലൈറ്റ് എന്നീ രോഗങ്ങളും കാണുന്നു. രാസ കീടനാശിനി ഉപയോഗിച്ചാണ് നിയന്ത്രണം. എന്നാൽ ഇത് രോഗനിയന്ത്രണ വിധേയമല്ല. എല്ലാ വാർഡുകളിലും അനവധി തെങ്ങുകൾ കാറ്റുവീഴ്ച രോഗത്തിന് വിധേയമാണ്. കായ്ഫലമില്ലാതെ മഞ്ഞയായ ഓലകളോടെ അനവധി തെങ്ങുകൾ എല്ലാവാർഡിലും കാണാവുന്നതാണ്. തെങ്ങ് കല്പവൃക്ഷമാണ്. അതിന് രോഗമുണ്ടായാൽ, ഫലം കുറഞ്ഞാൽ കേരകർഷകർ ദരിദ്രരായി മാറും.

ശാസ്ത്രീയമായ കൃഷിരീതിയും മണ്ണു പരി ശോധനാടിസ്ഥാനത്തിലുള്ള വളപ്രയോഗവും കർഷകരുടെയിടയിൽ പ്രയോഗത്തിൽ വന്നി ട്ടില്ല ശാസ്ത്രീയകൃഷി രീതികളെക്കുറിച്ച് ബോധവത്കരണവും, പരിശീലനവും ഉണ്ടാ കേണ്ടതുണ്ട്.

**തെങ്ങ്**

23 ഗ്രൂപ്പ് പങ്കെടുത്ത പരിശോധനയിലറിഞ്ഞ വിവരങ്ങൾ പട്ടികപ്പെടുത്തുന്നു.

പട്ടിക K.3

| ഗ്രൂപ്പ് നമ്പർ | കായ്ഫലമുള്ളത് | കായ്ഫലമില്ലാത്തത് | റൂട്ട് വിൽറ്റ് | റീഫ് റോട്ട് |
|---|---|---|---|---|
| 1 | 4300 | 3055 | 60 | 45 |
| 2 | 4080 | 2068 | 32 | 77 |
| 3 | 2537 | 2035 | 8 | 19 |
| 4 | 5150 | 4805 | 33 | 26 |
| 5 | 4615 | 3957 | 10 | 30 |
| 6 | 4292 | 1047 | 29 | 70 |
| 7 | 2222 | 797 | 3 | 28 |
| 8 | 6262 | 179 | 48 | 107 |
| 9 | 4710 | 3237 | 59 | 18 |
| 10 | 2402 | 668 | 3 | 14 |
| 11 | 2780 | 2580 | 100 | 42 |
| 12 | 1312 | 970 | 4 | 10 |
| 13 | 10717 | 1818 | 95 | 80 |
| 14 | 4087 | 1857 | 60 | 25 |
| 15 | 3370 | 1582 | 110 | 68 |
| 16 | 2650 | 1710 | 16 | 19 |
| 17 | 1680 | 740 | 12 | 13 |
| 18 | 2650 | 1408 | 5 | 14 |
| 19 | 1014 | 900 | 16 | 24 |
| 20 | 3415 | 4515 | 25 | 80 |
| 21 | 4512 | 2265 | 7 | 25 |
| 22 | 2950 | 2240 | 38 | 102 |
| 23 | 6950 | 1500 | 90 | 150 |
| ആകെ | 88657 | 47505 | 863 | 1086 |

മേൽപ്പറഞ്ഞ പട്ടിക പരിശോധിച്ചാൽ രോഗം വന്ന 1949 തെങ്ങുകൾ ഉടൻ മുറിച്ചു മാറ്റി പുതിയ അത്യുൽപാദന ശേഷിയുള്ള തെങ്ങിൻ തൈകൾ വച്ചുപിടിപ്പിക്കേണ്ടതാണ് എന്ന് ബോധ്യപ്പെടും. തെങ്ങ് 50 വർഷത്തോളം ഫലം തരുന്ന ഒരു ദീർഘകാല വിളയാണ്. ഇതിന്റെ എല്ലാ ഭാഗങ്ങളും വ്യവസായ പ്രാധാന്യമുള്ളതും, നിത്യോപയോഗ വസ്തുക്കളുമാണ്.

പഞ്ചായത്തിൽ തെങ്ങ് കൃഷിക്കാരെ ഏകോപിപ്പിക്കുന്നതിനും തെങ്ങു കൃഷിയുടെ വിത്തു തേങ്ങ, നഴ്സറി, നടീൽ, വളപ്രയോഗം, സംരക്ഷണം, ജലസേചനം, രോഗനിവാരണം, സംസ്കരണം, വിപണനം എന്നീ രംഗങ്ങളിൽ സജീവത പുലർത്താനും വേണ്ടി മുൻ ഗവൺമെന്റ് രൂപീകരിച്ച കേരവികസന സമിതി കൃഷി ഭവന്റെയോ ഗവൺമെന്റിന്റെയോ ജനപ്രധിനിധികളുടെയോ സഹായ നിർദേശങ്ങളില്ലാതെ നിർജീവമായിരിക്കുകയാണ്.

കേരവികസന സമിതിയിൽ ഇനി പറയുന്ന വിധം വാർഡുതല അംഗങ്ങളുണ്ട്.

| | |
|---|---|
| 1-ാം വാർഡ് | 186 |
| 2-ാം വാർഡ് | 155 |
| 3-ാം വാർഡ് | 80 |
| 4-ാം വാർഡ് | 204 |
| 5-ാം വാർഡ് | 139 |
| 6-ാം വാർഡ് | 108 |
| 7-ാം വാർഡ് | 117 |
| 8-ാം വാർഡ് | 76 |
| ആകെ | 1065 |

30 സെന്റും അതിനു മുകളിലും ഭൂമിയുള്ള കർഷകന് 25 രൂപ ഫീസുള്ള അംഗത്വവും, 29 സെന്റുവരെ ഭൂമിയുള്ള കർഷകന് 5 രൂപാ അംഗത്വവും പട്ടിക വർഗത്തിന് ഒരു രൂപാ അംഗത്വവുമാണ് നിലവിലുള്ളത്. ഈ സമിതിക്ക് 8 പ്രധിനിധികളുണ്ട്. കൃഷി ഓഫീസറും പഞ്ചായത്ത് പ്രസിഡന്റും മുൻനിന്ന് പ്രവർത്തിക്കേണ്ടതാണ്. ജനകീയ സമിതിയായി ഈ സമിതി രൂപാന്തരപ്പെട്ടിട്ടില്ല. അംഗവരി പിരിച്ച് ബാങ്കിൽ സൂക്ഷിച്ച് ഒന്നും ചെയ്യാതെ ഇരിക്കുന്ന ഒരു സമിതിയാണ് ഇന്ന് നിലവിലുള്ളത്. ആരുടേയും സംരക്ഷണവും നിയന്ത്രണവും ആസൂത്രണവും ഇല്ലാതെ ഇഷ്ടം പോലെ വർത്തിക്കുന്ന ഈ രീതിക്ക് മാറ്റം വരുത്തേണ്ടതാണ്. തെങ്ങു കൃഷിയും അതിനോടനുബന്ധിച്ച അനവധി കാര്യങ്ങളും ഈ സമിതിക്ക് ചെയ്യാവുന്നതാണ്. ഇവർക്ക് ഓഫീസില്ല. ഓഫീസിൽ ലേബർ രജിസ്ട്രേഷൻ ആരംഭിച്ച് കർഷകർക്ക് കർഷക തൊഴിലാളികളെ നിയോഗിക്കുന്ന ഒരു രീതിക്ക് രൂപം കൊടുത്താൽ കർഷകർക്ക് വളരെയേറെ പ്രയോജനം ചെയ്യും.

മുൻകൂട്ടി കൂലിയും, സമയവും നിശ്ചയിച്ച്, ജോലി തരം തിരിച്ച്, സമിതി ഓഫീസിൽ നിന്നും ജോലിക്കാരെ നല്കാമെങ്കിൽ കാർഷിക വൃത്തിക്ക് വളരെ സഹായകമായിരിക്കും. പുരയിടത്തിലും നിലവിലുമുള്ള കൃഷി ഇവയാണ് മുഖ്യം. നടീൽ, ജലസേചനം, കീടപ്രതിരോധം, വളപ്രയോഗം ഇവയാകെ പരിശീലനം കിട്ടിയ തൊഴിലാളികൾ ഉണ്ടാവുകയാണെങ്കിൽ തൊഴിൽ മേഖലയ്ക്ക് പുത്തൻ ഉണർവും, തൊഴിൽ മാന്യത ഉയരുന്നതുകൊണ്ട് തൊഴിൽ രഹിതരെ വിശേഷിച്ച് വിദ്യാഭ്യാസമുള്ളവരെ ആകർഷിക്കാൻ ഈ ആസൂത്രണത്തിന് കഴിയും. രണ്ടോ മൂന്നോ മാസത്തെ റസിഡൻഷ്യൽ പരിശീലനം നല്കിയാൽ ഇവർ വിദഗ്ദ്ധ തൊഴിലാളികളായി മാറുകയും ചെയ്യും. തൊഴിൽ സംസ്കാരം ഉണ്ടാക്കാൻ ഇത് സഹായിയ്ക്കും. ഇടവിള ദീർഘ-ഹൃസ്വകാല കൃഷികൾക്കും, പച്ചക്കറി, അലങ്കാര പുഷ്പം എന്നിവയുടെ കൃഷിക്കും ഉപയോഗിക്കാവുന്ന വിദഗ്ദ്ധ തൊഴിലാളികളെ സജ്ജമാക്കാനും പഞ്ചായത്തിന് കഴിയും.

ചീട്ടുകളിയിൽ നിന്നും കോളനി പ്രദേശ ങ്ങളിലെ ജനങ്ങളെ മാറ്റിയെടുക്കേണ്ടതാണ്.

10. ജാതിവ്യവസ്ഥകൾ മാറിയ ഇന്നത്തെ കാലത്ത് പട്ടികജാതിക്കാരെ ഏതെങ്കിലും പ്രത്യേക പ്രദേശത്തു കോളനികളാക്കി അവിടെ താമ സിപ്പിക്കുന്ന സ്ഥിതി മാറ്റി അവരെ മറ്റുള്ളവരെ പ്പോലെ ഇടകലർന്നു ജീവിക്കാൻ സാഹചര്യമു ണ്ടാക്കിയാൽ, വിദ്യാഭ്യാസപരമായും, സാമൂഹ്യ സാംസ്ക്കാരിക മേഖലയിലുമൊക്കെ മറ്റുള്ള ജാതിക്കാർക്കൊപ്പം ഉയർന്നുവരാൻ കഴിയു ന്നതാണ്.

## പരിഹാരങ്ങൾ

1. പട്ടികജാതി വർഗ്ഗങ്ങളുടെ ഉന്നമനത്തിനായി വിവിധയിനം ക്ഷേമപദ്ധതികൾ നടപ്പാക്കി ഉന്നമനം ഉറപ്പുവരുത്തുക.
2. പാർപ്പിടം, കുടിവെള്ളം, വൈദ്യുതീകരണം എന്നിവ നടപ്പാക്കണം.
3. തോപ്പുവിള കോളനിയിലെ വാട്ടർടാങ്ക് പ്രവർ ത്തനക്ഷമമാക്കി ശുദ്ധജലം ഇതരഭാഗങ്ങളിൽ എത്തിക്കുക.
4. പട്ടികജാതി സ്ത്രീകൾക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിന് വിവിധയിനം തൊഴിൽ ശാലകൾ എല്ലാ IHDP കോളനികളിലും സ്ഥാപിക്കുക.
5. കർഷകത്തൊഴിലാളി പെൻഷൻ, വാർദ്ധക്യ കാലപെൻഷൻ മുതലായവയ്ക്ക് അർഹരായ വരെ കണ്ടെത്തി പെൻഷൻ കൊടുക്കുന്നതിന് നടപടി ഉണ്ടാക്കണം.
6. I.H.D.P. കോളനിയായ തോപ്പ്വിളയിൽ ഒരു ആയുർവ്വേദ ആശുപത്രി സ്ഥാപിക്കുന്നതു നന്നായിരിക്കും.
7. മതുരക്കോട് I.H.D.P. കോളനിയിൽ ശുദ്ധജലം എത്തിക്കുന്നതിന് വലിയവീട്ടിൽ കുളം കെട്ടി മതുരക്കോട്ട് ടാങ്ക് കെട്ടി ശുദ്ധജലം എത്തി ക്കുക.
8. എല്ലാ കോളനികൾക്കും T.V., സാംസ്ക്കാ രികനിലയം എന്നിവ ഉണ്ടാക്കേണ്ടി യിരിക്കുന്നു.

## സാധ്യതകൾ

1. നികുതി, നികുതി കുടിശ്ശികകൾ, നികുതി ഇതരവരവ്, ലൈസൻസ് ഫീസുകൾ മുതലാ യവ യഥാസമയം പിരിച്ചെടുക്കുക.
2. പഞ്ചായത്തിൽ സാധ്യതയുള്ള പ്രദേശങ്ങ ളിൽ പബ്ലിക് മാർക്കറ്റുകൾ തുടങ്ങുക.
3. ഒറ്റൂർ ഗ്രാമപഞ്ചായത്തിൽ ജനസാന്ദ്രത, ഗതാഗതസൗകര്യം മുതലായ സൗകര്യ ങ്ങളുള്ള സ്ഥലത്ത് ആധുനിക രീതിയിലുള്ള ഒരു കമ്മ്യൂണിറ്റി ഹാൾ സ്ഥാപിക്കുക.
4. പുതുതായി നിർമ്മിക്കുന്ന കെട്ടിടങ്ങളുടെ തീരുവ ഇപ്പോൾ റവന്യൂ അധികൃതർ പിരിച്ചെ ടുക്കുന്ന തുക പഞ്ചായത്തിന് വിട്ടു കൊടുക്കുക.
5. ഇന്ന് ആനുപാതികമായി കിട്ടിക്കൊണ്ടിരി ക്കുന്ന സ്റ്റാമ്പ് ഡ്യൂട്ടി വിഹിതം മുഴുവനും പഞ്ചായത്തിനുതന്നെ തരിക.
6. സിനിമാതീയേറ്ററിൽ നിന്നും കിട്ടുന്ന ടാക്സ് മുഴുവൻ പഞ്ചായത്തിന് വിട്ടുതരിക.
7. അനധികൃതമായി ഇപ്പോൾ നടന്നുകൊണ്ടി രിക്കുന്ന മാർക്കറ്റുകൾ നിയമാനുസൃണം ഉള്ളതാക്കി മാറ്റി തീരുവ ഈടാക്കുന്നതിനുള്ള നടപടികൾ നടത്തുക.
8. ദേശീയ പദ്ധതി പ്രകാരം ശേഖരിക്കുന്ന തുക ആനുപാതികമായ വിഹിതം നേരിട്ടു പഞ്ചായ ത്തിനു വിട്ടുതരിക.
9. രണ്ടു ഹെക്ടറിന് മുകളിൽ (5 ഏക്കർ) ഭൂമി ഉള്ളവരിൽ നിന്നും ഭൂമി സെസ്സ് നടപ്പി ലാക്കുക.
10. മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനു കളിലും ഉണ്ടാകുന്നതുപോലെ പരസ്യങ്ങൾ പതിക്കുന്നതിന് നികുതി നടപ്പിലാക്കു ന്നതിനുള്ള അധികാരം പഞ്ചായത്തിന് നൽകുക.

## വിളകളും അവ നേരിടുന്ന പ്രശ്നങ്ങളും

### 1. നെല്ല്

പഞ്ചായത്തിൽ ആകെ 140 ഹെക്ടർ സ്ഥലത്താണ് നെൽക്കൃഷിയുള്ളത്. ഇവിടെ പ്രധാനമായും ഇരുപൂകൃഷിയാണ് അനുവർത്തിക്കുന്നത്. മൂന്നാംവിളക്കാലത്ത് പാടശേഖരങ്ങൾ പ്രധാനമായും തരിശിടാറാണ് പതിവ്. മുൻകാലങ്ങളെ അപേക്ഷിച്ച് നെൽക്കൃഷി ആദായകരമല്ലാതായി ത്തീർന്നിരിക്കുന്നു. ഇതിനുള്ള കാരണങ്ങൾ പലതാണ്.

1. ഉൽപാദനോപാധികളുടെ അനിയന്ത്രിതമായ വിലവർദ്ധനവ്.
2. യന്ത്രവൽകൃത കാർഷിക ഉപകരണങ്ങളുടെ ദൗർലഭ്യം.
3. യഥാസമയം കർഷകത്തൊഴിലാളികളുടെ ലഭ്യമില്ലായ്മയും, വർദ്ധിച്ച കൂലിനിരക്കും.
4. ഉൽപാദന ചെലവ് വർദ്ധിക്കുകയും, വരുമാനം താരതമ്യേന കുറയുകയും ചെയ്യുന്നു.
5. മഴയെ മാത്രം ആശ്രയിച്ചുള്ള കൃഷിരീതി.
6. സംസ്കരണ വിപണന കേന്ദ്രങ്ങളുടെ അഭാവം.
7. മണ്ണുപരിശോധന, ശാസ്ത്രീയ കൃഷിമുറകൾ മുതലായവയിലുള്ള അലംഭാവം.
8. സസ്യസംരക്ഷണ ഉപാധികളുടെ അപര്യാപ്തത.

### 2. തെങ്ങ്

1. നാളീകേരത്തിൻെറ വിലയിടിവ്
2. കാറ്റുവീഴ്ച രോഗത്തിൻെറ ദ്രുതഗതിയിലുള്ള വ്യാപനം.
3. ജലസേചന സൗകര്യങ്ങളുടെ അഭാവം.
4. സംസ്കരണ-വിപണന കേന്ദ്രങ്ങളുടെ ദൗർലഭ്യം.
5. ജൈവവളങ്ങളുടെ ലഭ്യത കുറവ്.
6. അശാസ്ത്രീയ കൃഷി രീതി.
7. ഇടവിള കൃഷിചെയ്യുന്നതിനുള്ള സാദ്ധ്യത കുറവ്.
8. ചിട്ടയായ മണ്ണുപരിശോധന ഇല്ലായ്മ.
9. സസ്യസംരക്ഷണത്തിന് കൃഷിക്കാരുടെ കൂട്ടായ്മ ഇല്ലായ്മ.

### 3. മരച്ചീനി

പഞ്ചായത്തിലെ രണ്ടാമത്തെ പ്രധാന ആഹാരമായ മരച്ചീനി എല്ലാ കർഷകരും കൃഷി ചെയ്യുന്നു. എന്നാൽ അടുത്ത കാലത്തായി ഈ കൃഷിയിൽ മാന്ദ്യത അനുഭവപ്പെടുന്നു.

1. ഉല്പാദനച്ചെലവിൻെറ വർദ്ധനവ്
2. തൊഴിലാളികളുടെ കൂലി വർദ്ധനവ്
3. എലിശല്യം
4. ജൈവവളങ്ങളുടെ വില വർദ്ധനവ്
5. ഉല്പാദനക്ഷമത കൂടിയ ഇനങ്ങളുടെ അഭാവം.

### 4. മാവ്

പാരമ്പര്യമായിത്തന്നെ മാവു കൃഷി നിലവിലുണ്ട്. എന്നാൽ ആദായകരമായ രീതിയിൽ ഇതിൻെറ കൃഷി വിപുലീകരിക്കേണ്ടിയിരിക്കുന്നു. കായംകുളം, കരുനാഗപ്പള്ളി തുടങ്ങിയ ഭാഗങ്ങളിൽ നിന്ന് ധാരാളം കച്ചവടക്കാർ വന്നു ഇവിടെ നിന്ന് മാങ്ങ ശേഖരിക്കുന്നതിനാൽ, വിറ്റഴിക്കുന്നതിന് ബുദ്ധിമുട്ടുകളും ഉണ്ടാകില്ല. വിവിധ ഇനം മാവുകൾ ഉണ്ടെങ്കിൽ പോലും ഈ പ്രദേശത്ത് കാണുന്ന ഒരു വിശിഷ്ട ഇനമാണ് "കർപ്പൂരമാവ്". ഇതിൻെറ മാങ്ങയ്ക്ക് ശരാശരി 4 രൂപ വരെ വില ലഭിക്കുന്നുണ്ട്. ഈ ഇനം മാവിൻെറ കൃഷി പ്രോത്സാഹിപ്പിക്കേണ്ട താണ്. കൃഷി വകുപ്പിൽ നിന്നും മാവ് തൈകൾ വിതരണം ചെയ്യുന്നെങ്കിലും കർപ്പൂരമാവിൻെറ തൈകൾ ലഭ്യമല്ല.

### 5. പ്ലാവ് കൃഷി

പഴത്തിന് വേണ്ടി കൃഷിചെയ്യുന്ന വരിക്ക പ്ലാവിൻെറ ഒട്ടുതൈകൾ ഒരു കൃഷിയിടത്തിൽ ഒന്നെങ്കിലും നട്ടുപിടിപ്പിക്കത്തക്കവണ്ണം പ്രേരിപ്പിക്കേണ്ടതാണ്.

## 6. പച്ചക്കറി കൃഷി

പച്ചക്കറി കൃഷിയിൽ മൊത്തത്തിൽ ഒരു വിമുഖത കണ്ടുവരുന്നു. നമുക്ക് സുലഭമായി കൃഷിചെയ്തുണ്ടാക്കാവുന്ന ഇനം പച്ചക്കറി കൾക്ക് പോലും കമ്പോളത്തെ ആശ്രയിക്കേ ണ്ടുന്ന അവസ്ഥയാണിന്നുള്ളത്. ഈ കൃഷിയുടെ വ്യാപനത്തിൽ പ്രത്യേക ശ്രദ്ധ ആവശ്യമാണ്. സന്നദ്ധ സംഘടനകൾ, മഹിളാസമാജങ്ങൾ, കൃഷിഭവൻ, സ്ക്കൂളുകൾ തുടങ്ങിയ പ്രസ്ഥാന ങ്ങൾക്ക് ഇതിൽ മുഖ്യ പങ്ക്വഹിക്കാൻ കഴിയും.

## 7. വെറ്റിലകൃഷി

കഠിനാദ്ധ്വാനവും, ദൈനംദിന പരിചരണവും, പ്രത്യേക വൈദഗ്ദ്ധ്യവും ആവശ്യമുള്ള ഈ കൃഷിയിൽ ഏർപ്പെടുന്ന കർഷകരുടെ എണ്ണം കുറഞ്ഞു വരുകയാണ്. പടർത്തു മരങ്ങൾ, വാൽക്കുള നിർമ്മാണം തുടങ്ങി ആദ്യഘട്ടത്തിൽ വളരെ ചെലവുണ്ടാക്കുന്ന കൃഷി ആയതിനാൽ കർഷകർ ഈ കൃഷിയിൽ നിന്നും പിൻതിരിയുന്നു. എന്നാൽ ഉപജീവനമാർഗ്ഗമായി കുറച്ചു കൃഷിക്കാർ ഇന്നും ഇതിൽ ഉറച്ചു നിൽക്കുന്നു.

## 8. വാഴക്കൃഷി

പരമ്പരാഗതമായി തന്നെ വാഴക്കൃഷി നിലവിലുണ്ട്. പക്ഷേ വാണിജ്യാടിസ്ഥാനത്തിൽ കൃഷി ചെയ്യുന്നില്ല. രോഗങ്ങളുടെ ദ്രുതഗതി യിലുള്ള ആക്രമണമാണ് ഈ കൃഷിയുടെ പ്രധാന ശത്രു. തോട്ടമടിസ്ഥാനത്തിൽ വയലു കളിൽ ഇടവേള കൃഷിയായി നടത്താവുന്നതാണ്. ജലദൗർലഭ്യവും ഈ കൃഷിയിലൂടെ വ്യാപന ത്തിന് വിലങ്ങു സൃഷ്ടിക്കുന്നുണ്ട്.

## 9. പുഷ്പക്കൃഷി

കുറ്റിമുല്ല, ഓർക്കിഡ്, ആന്തൂറിയം എന്നി വയുടെ കൃഷി പഞ്ചായത്ത് പ്രദേശത്ത് നില വിലില്ല. യുവജനങ്ങളേയും വീട്ടമ്മമാരേയും ഈ കൃഷിയിലേയ്ക്ക് കൊണ്ടുവന്നാൽ വികസന സാദ്ധ്യതയുള്ള ഒരു മേഖലയാണിത്. കൂൺ കൃഷിയുടെ സാദ്ധ്യ തകൾ പരിഗണനാർഹമാണ്.

## 10. തേനീച്ചവളർത്തൽ

ഈ പഞ്ചായത്ത് പ്രദേശത്ത് തേനീച്ച വളർത്തൽ തീരെ ഇല്ല തന്നെ. ആദായകരമായി തേനീച്ച വളർത്താനുള്ള സാദ്ധ്യതകൾ ഉണ്ട്. കൂടുനിർമ്മാണത്തിനും പ്രാഥമിക ചെലവിലേ യ്ക്കുമായി മൂലധനം ആവശ്യമായതിനാൽ പലരും ഇതിലേയ്ക്ക് കടന്നു വരുന്നില്ല. വളരെയധികം വിപണനസാദ്ധ്യതയുള്ളതാണ് ഈ മേഖലയും.

## 11. കുരുമുളക്

പഞ്ചായത്ത് പ്രദേശത്ത് പരക്കെ ഇത് കൃഷി ചെയ്തുവരുന്നു. എന്നാൽ ഉല്പന്നക്ഷമത വളരെ കുറവാണ്.

1. രോഗകീടബാധ
2. കാലാവസ്ഥക്കെടുതി
3. നടീൽവസ്തുക്കളുടെ മേന്മ ഇല്ലായ്മ
4. അനുയോജ്യമായ താങ്ങുമരങ്ങളുടെ അഭാവം

എന്നിവയാണ് പ്രധാന കൃഷി നേരിടുന്ന പ്രശ്നങ്ങൾ.

### പരിഹാരങ്ങൾ

1 വർദ്ധിച്ച നിരക്കിലുള്ള സാമ്പത്തിക സഹായം ലഭ്യമാക്കുക.

2 ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായം സാർവ്വത്രികമാക്കുക. സമിതികൾ പുതുതായി രൂപീകരിക്കുക.

3 കുറഞ്ഞവിലയ്ക്ക് ഉല്പാദനോപാധികളായ വിത്ത്, വളം, കീടനാശിനി, ട്രില്ലർ, സ്പ്രേയർ മുതലായവ ലഭ്യമാക്കുക.

4 കർഷകത്തൊഴിലാളികളെ ഈ രംഗത്ത് ഉറപ്പിച്ച് നിറുത്തുന്നതിനും മറ്റു തൊഴിലാളി കളിൽ നിന്നും വ്യത്യസ്ഥമായി ആകർഷ കമായ ക്ഷേമപദ്ധതികൾ നടപ്പിലാക്കുകയും, സർക്കാർ നടപ്പാക്കുന്ന ക്ഷേമ പദ്ധതികളിൽ കർഷകതൊഴിലാളികൾക്ക് മുൻഗണന നൽകുകയും ചെയ്യുക.

5 ജലസേചന സൗകര്യങ്ങൾ വർദ്ധിപ്പി ക്കുകയും വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി എല്ലാ ഏലാകളിലും തലക്കുളങ്ങൾ നിർമ്മി ക്കുകയും, ഉള്ളവ പുനരുദ്ധരിക്കുകയും

ചെയ്യുക. വാമനപുരം നദീതടപദ്ധതി നടപ്പാക്കി അതിൽ നിന്നുള്ള ജലം ഈ പഞ്ചായത്തിലെ കൃഷിക്കുകൂടി ഉപയോഗയോഗ്യമാക്കുക.

6. തോടുകളിൽ തടയണകളും, ചീർപ്പുകളും നിർമ്മിക്കുക.

7. മൂന്നാം വിളയായി നെൽക്കൃഷി നടത്താൻ സാധിക്കാത്ത പാടങ്ങളിൽ പയർ, പച്ചക്കറി, മരച്ചീനി, മധുരക്കിഴങ്ങ് എന്നിവ സ്ഥിരമായി കൃഷിചെയ്യുന്നതിന് കർഷകനെ പ്രേരിപ്പിക്കുകുയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.

8. ഉൽപാദനം കുറഞ്ഞതും രോഗബാധിതവുമായ തെങ്ങുകൾ മുറിച്ചു മാറ്റുന്നതിന് വർദ്ധിച്ച തോതിലുള്ള സാമ്പത്തിക സഹായം നൽകുകയും ഉൽപാദനശേഷിയുള്ള തൈകൾ സൗജന്യമായി വിതരണംചെയ്യുക.

9. നാളീകേരത്തിന് കൃഷിച്ചെലവിന് ആനുപാതികമായി താങ്ങുവില ഏർപ്പെടുത്തുക.

10. നാളീകേരത്തിൻെറ സംഭരണവും, സംസ്ക്കരണവും അതാതു പ്രദേശത്തു നടപ്പാക്കാൻ സംവിധാനം ഏർപ്പെടുത്തുക.

11. കർഷരെ ശാസ്ത്രീയമായി ബോധവൽക്കരിക്കുക.

12. ജൈവവളങ്ങളുടെ ആവശ്യത്തിനായി പച്ചില കൃഷിയെ പ്രോത്സാഹിപ്പിക്കുക.

13. ധനസഹായം നൽകി ഇടവിള കൃഷി പ്രോത്സാ ഹിപ്പിക്കുക.

14. ഡിപ്പാർട്ടുമെൻറിൽ നിന്നും വിതരണംചെയ്യുന്ന തെങ്ങിൻ തൈകളുടെ വിലയിൽ സാരമായ വിലക്കുറവ് വരുത്തി ഗുണമേന്മയുള്ള തൈകൾ കർഷകന് ലഭ്യമാക്കുക.

15. മരച്ചീനിക്കൃഷിക്ക് കൂടി ധനസഹായം നൽകുക.

16. ഗുണമേന്മയുള്ള എലി വിഷം സൗജന്യമായും വ്യാപകമായും നൽകുക.

17. ഉൽപാദനശേഷിയുള്ള മേൽത്തരം നടീൽ വസ്തുക്കൾ സൗജന്യമായി വിതരണം ചെയ്യുക.

18. കുരുമുളക് കൃഷിയ്ക്കും നടീൽവസ്തുക്കൾ സൗജന്യമായി വിതരണം ചെയ്യുക, സസ്യസംരക്ഷണോപാധികൾ സൗജന്യമായി നൽകുക.

19. എല്ലാ കൃഷിക്കാർക്കും കുറഞ്ഞത് 5 കമുക് എങ്കിലും നടത്തക്ക രീതിയിൽ മംഗള, മോഹിത് നഗർ തുടങ്ങിയ അത്യുൽപാദന ശേഷിയുള്ള തൈകൾ സൗജന്യമായി നൽകുക.

20. കശുമാവ് കൃഷിക്ക് മുന്തിയതരം തൈകൾ സൗജന്യമായി നൽകുന്നതിനോടൊപ്പം പുതുതായി കൃഷിചെയ്യുന്ന ഓരോ തൈയ്ക്കും ആനുകൂല്യം നൽകുക.

21. കർപ്പൂരമാവിൻെറ ഒട്ടുതൈകൾ ഉല്പാദിപ്പിച്ച് വിലകുറച്ച് നൽകുക.

22. വരിക്കപ്ലാവിൻെറ ഒട്ടുതൈകൾ കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കുക.

23. പച്ചക്കറി കൃഷിക്കാവശ്യമായ വിത്തുകൾ ഓരോ വീട്ടിനും സൗജന്യമായി എത്തിച്ചു കൊടുക്കുകയും വീട്ടമ്മമാരെക്കൊണ്ട് പച്ചക്കറി കൃഷിയിൽ താല്പര്യം ഉണ്ടാക്കുന്നതിനായി അവർക്ക് മത്സരങ്ങൾ സംഘടിപ്പിക്കുക.

24. ആദായം ലഭിച്ചു തുടങ്ങുന്ന വെറ്റില കൃഷിക്ക് ദൈനംദിന പരിപാലനത്തിന് വളരെയധികം ചിലവ് ആവശ്യമായതുകൊണ്ട് കൃഷിക്കാരനെ പ്രോത്സാഹിപ്പിക്കുന്നതിനായി ഗ്രാൻറായി നൽകുക.

25. സബ്സിഡിയോടുകൂടി മുന്തിയതരം വാഴ തൈകളും കീടനാശിനികളും ലഭ്യമാക്കുക. ജൈവവളങ്ങളുടെ 50% എങ്കിലും സബ്സിഡി അനുവദിക്കുക.

26. പഞ്ചായത്തടിസ്ഥാനത്തിൽ എല്ലാ വർഷവും വിളമത്സരവും പ്രദർശനവും സംഘടിപ്പിക്കുക. സമ്മാനങ്ങൾ വിതരണംചെയ്യുക.

27. സസ്യസംരക്ഷണ ഉപകരണങ്ങൾ റിപ്പയർ

ചെയ്യുന്നതിന് ഓരോ വാർഡിൽ നിന്നും രണ്ടു യുവാക്കളെ വീതം തെരഞ്ഞെടുത്ത് അവർക്കാവശ്യമായ ട്രെയിനിംഗ് നൽകുക.

28. കാലവർഷക്കെടുതികൾമൂലം കൃഷിനാശം സംഭവിക്കുമ്പോൾ ഉപാധികൾ കൂടാതെ ഓരോ കൃഷിക്കും വർദ്ധിച്ച ആനുകൂല്യങ്ങൾ നൽകുക.

29. കൂൺ കൃഷി, കുറ്റിമുല്ല, ഓർക്കിഡ്, ആന്തൂറിയം എന്നിവയുടെ കൃഷിക്കാവശ്യമായ നടീൽവസ്തുക്കൾ ലഭ്യമാക്കുകയും പുഷ്പക്കൃഷിയെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.

30. തേനീച്ചവളർത്തലിന് താല്പര്യമുള്ള കർഷകർക്ക് മാർഗ്ഗനിർദ്ദേശങ്ങളും സാമ്പത്തിക സൗകര്യങ്ങളും നൽകുക.

31. സഹകരണ സംഘങ്ങൾ, മറ്റു ധനകാര്യസ്ഥാപനങ്ങൾ എന്നിവയിൽ നിന്നും കൃഷിക്കാവശ്യമായ വായ്പ ലഭിക്കുന്നതിനുള്ള നിബന്ധനകളിൽ കുറെ കൂടി അയവു വരുത്തുക.

32. എല്ലാ വാർഡുകളിലും അഗ്രോ ക്ലിനിക്കുകൾ സ്ഥാപിക്കുക.

33. പർച്ചേസിംഗ് സെന്ററും, പൊതു മാർക്കറ്റുകളും സ്ഥാപിക്കുക.

34. നല്ലതരം നടീൽവസ്തുക്കൾ കർഷകർക്ക് ലഭ്യമാക്കാൻ നഴ്സറികൾ സ്ഥാപിക്കുക.

35. വിള ഇൻഷ്വറൻസ് എല്ലാ വിളകൾക്കും ബാധകമാക്കുക.

✤

# ക്രോഡീകരണം - പഞ്ചായത്തുതലം

**കൃഷി**

മഴയെ മാത്രം ആശ്രയിച്ച് നെൽകൃഷി നടത്തുന്ന കർഷകരാണ് ഈ പഞ്ചായത്തിലുളളത്. അഞ്ചുപതിറ്റാണ്ടിലേറെ കാർഷികപാരമ്പര്യമുളള പഞ്ചായത്താണ് ഒറ്റൂർ ഗ്രമപഞ്ചായത്ത്. ഇവിടുത്തെ പ്രധാനകൃഷി നെൽകൃഷിയാണ്. തെങ്ങ്, മരിച്ചീനി, വാഴ, ഇഞ്ചി, മഞ്ഞൾ, കൈതച്ചക്ക, പച്ചകറികൾ, ഫലവൃക്ഷങ്ങൾ മുതലായവ ഈ പഞ്ചായത്തിൽ ധാരാളമായി കൃഷിചെയ്യുന്നു.

നെൽകൃഷി മഴയെമാത്രം ആശ്രയിച്ചാണ് നടത്താറ് കാലാകാലങ്ങളിൽ മഴ കിട്ടാതെ വരൾച്ച ഉണ്ടാകുന്നത് വിളവിനെ സാരമായി ബാധിക്കുന്നു. കതിരുവരുന്ന സമയത്തും കൃഷിയിറക്കേണ്ട സമയത്തും മഴകിട്ടാത്തത് കൊണ്ട് കർഷകർ വളരെ വിഷമിക്കുന്ന ഒരു പഞ്ചായത്താണിത്. ഇതിന് ഒരു ശാശ്വത പരിഹാരം കൃഷിക്ക് ആവിശ്യമായ ഒരു ജലസേചന പദ്ധതിയാണ്. ഇതിനുവേണ്ടി നിലവിലുളള കുളങ്ങളിൽ ആഴം കൂട്ടുകയും പമ്പുസെറ്റ് സ്ഥാപിച്ച് തോടുകൾ കീറി ജലസേചനത്തിന് സജ്ജമാക്കുകയുമാണ് വേണ്ടത്.

**കാർഷികമേഖലയിൽ യന്ത്രവല്ക്കരണം**

കാർഷിക രാജ്യമാണ് ഭാരതം. നമ്മുടെ ജനങ്ങളിൽ എൺപതുശതമാനവും കർഷകരാണ്. ജനസംഖ്യ വർദ്ധിക്കുന്നതിനനുസരിച്ച് ഭക്ഷ്യവസ്തുക്കൾ വർദ്ധിക്കണം. എന്നാൽ കൃഷിഭൂമികുറയുകയാണ് ചെയ്യുന്നത്. ഭക്ഷ്യകാര്യത്തിൽ ഒരുരാജ്യം സ്വയം പര്യാപ്തത നേടിയാൽ മാത്രമേ മറ്റു പുരോഗമന പ്രവർത്തനങ്ങൾ നടത്താൻ സാധിക്കൂ. ഭക്ഷ്യസ്വയം പര്യാപ്തത നേടുന്നതിന് ആധുനിക കൃഷിരീതികളും യന്ത്രവല്ക്കരണവും കാർഷിക മേഖലയിൽ അവശ്യം ആവിശ്യമാണ്.

ശാസ്ത്രീയ പുരോഗതി ഇന്ന് എല്ലാമണ്ഡലങ്ങളിലും വമ്പിച്ച നേട്ടങ്ങൾ എത്തിച്ചിട്ടുണ്ട്. മനുഷ്യപ്രയത്നം ലഘൂകരിക്കാൻ ശാസ്ത്രീയ നേട്ടങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. വാർത്താ വിനിമയരംഗത്തും വ്യവസായ രംഗത്തുമെല്ലാം വലിയ പുരോഗതിയാണുണ്ടായിട്ടുളളത്. കാർഷിക രംഗത്ത് ശാസ്ത്രീയപുരോഗതിയുടെ നേട്ടങ്ങൾ സ്വീകരിക്കാൻ നാം അറച്ചുനിൽക്കേണ്ടതില്ല. വിശേഷിച്ചും ഗ്രാമപഞ്ചായത്ത് നിലവിൽ വന്ന ഈകാലഘട്ടത്തിൽ.

ഭക്ഷ്യകാര്യത്തിൽ ഭാരതം സ്വയംപര്യാപ്തത കൈവരിക്കണമെങ്കിൽ ആദ്യം നമ്മുടെ ഗ്രാമപഞ്ചായത്തുകൾ സ്വയം പര്യാപ്തമാകണം. പാർപ്പിടങ്ങൾക്കും തോട്ടവിളകൾക്കുമായി നമ്മുടെ കൃഷിഭൂമി വഴിമാറുന്നു. വമ്പിച്ച കൂലിച്ചെലവും പണിയാളരുടെ ആഭാവവും കാരണം മിക്ക ഭൂവുടമകളും കൃഷിഭൂമി തരിശിടുന്നു. ഇതൊക്കെ കൃഷിയെ പ്രതികൂലമായി ബാധിക്കുന്ന ഘടകങ്ങളാണ്. ഈ പ്രതിസന്ധികളെ തരണം ചെയ്യാൻ കർഷകർക്കുളള ഏക മാർഗ്ഗം യന്ത്രവൽക്കരണമാണ്.

കാളയെ തീറ്റീപ്പോറ്റുന്നതിനും അതിനെക്കൊണ്ട് നിലം പൂട്ടുന്നതിനും ഇന്ന് പണവും

സമയവും കൂടുതൽ ചെലവാകും. ട്രില്ലർ, ട്രാക്ടർ തുടങ്ങിയ യന്ത്രങ്ങൾ നിലം ഉഴുന്നതിന് ഇന്ന് സാർവ്വത്രികമായി ഉപയോഗിച്ചു തുടങ്ങിയിട്ടുണ്ട്. നിലവും പുരയിടവും ഉഴുന്നതിന് ഈ യന്ത്രങ്ങൾ കർഷകർക്ക് ഉപയോഗപെടുത്താം. കൃഷിചെലവ് നാലിലൊന്നായി ചുരുങ്ങുകയും ചെയ്യും.

നിലം ഉഴുന്നതിന് മാത്രമല്ല വിത്തുവിതയ്ക്കുന്നതിനും കൊയ്യുന്നതിനും കറ്റയിൽനിന്ന് നെല്ല് പൊഴിക്കുന്നതിനും വരെ യന്ത്രങ്ങൾ ഉപയോഗപ്പെടുത്താം. ഈ യന്ത്രങ്ങൾ ഒരു കർഷകന് സ്വന്തമായി വാങ്ങാൻ പറ്റിയെന്നു വരില്ല. കാരണം ഇടത്തരം കൃഷിക്കാരിൽ കൂടുതലും കൃഷികൊണ്ട് കടക്കാരായിത്തീരുന്നവരാണ് . ഗ്രാമപഞ്ചായത്തിന്റെയോ സഹകരണസംഘങ്ങളുടേയോ കൃഷിഭവന്റെയോ വകയായി വാങ്ങിയാൽ കർഷകർക്ക് ഇവ പ്രയോജനപെടുത്താം. അല്ലെങ്കിൽ കർഷകർ സംഘടിച്ച് ഗ്രൂപ്പ്ഫാമിംഗ് രൂപീകരിച്ച് അതിന്റെ മേൽനോട്ടത്തിൽ ഈ യന്ത്രസാമഗ്രികൾ വാങ്ങാം. അതിന് സർക്കാർ ആനുകൂല്യവും നൽകുന്നുണ്ട്.

നമ്മുടെ ഗ്രമത്തിൽ ഒരു കുടുംബത്തിൽ ഒരു അടുക്കളത്തോട്ടം! എന്ന മുദ്രാവാക്യം സ്വീകരിക്കുകയാണെങ്കിൽ പച്ചക്കറിയുടെ കാര്യത്തിൽ നമ്മുടെ വീടും ഗ്രാമവും സ്വയം പര്യാപ്തമാകും. അതോടൊപ്പം ഗ്രാമീണരുടെ ആരോഗ്യവും മെച്ചപ്പെടും.

കൃഷിഭൂമിയുടെ അപര്യാപ്തത, അമിതമായ കൂലിചെലവ്, വേലക്കാരുടെ അഭാവം, പച്ചക്കറി, പഴവർഗങ്ങൾ, നെല്ലരി തുടങ്ങിയ ഭക്ഷ്യവസ്തുക്കൾക്ക് അന്യരാജ്യങ്ങളെ ആശ്രയിക്കുക ഇതിനെല്ലാം ഒരു അറുതി വരുത്താനും കാലാവസ്ഥയെ അതിജീവിച്ച് കൃഷി ചെയ്ത് മെച്ചമായ വിളവുണ്ടാക്കാനും യന്ത്രവൽക്കരണം കൊണ്ട് കഴിയും. ഗ്രാമവും രാജ്യവും ഭക്ഷ്യകാര്യത്തിൽ സ്വയംപര്യാപ്തമാവുകയും ചെയ്യും.

**മൃഗസംരക്ഷണ മേഖല**

ഹ്രസ്വകാലാടിസ്ഥാനത്തിൽ ചുരങ്ങിയ മൂലധനം മുടക്കിൽ കൂടുതൽ സമ്പദ് വർദ്ധനവിന് ഉതകുന്ന മേഖലയാണ് മൃഗസംരക്ഷണ മേഖല. കഴിഞ്ഞ മൂന്ന് ദശാബ്ദ കാലയളവിൽ മൃഗസംരക്ഷണ രംഗത്തുണ്ടായ വളർച്ച അന്യൂനമാണ്. അതോടൊപ്പം നമ്മുടെ സംസ്ഥാനത്തുണ്ടായ സാമൂഹിക-സാമ്പത്തിക വളർച്ചക്ക് മൃഗസംരക്ഷണ മേഖല തനതായ സംഭാവനകൾ നൽകിട്ടുണ്ട്. ആളോഹരി കൃഷി ഭൂമിയുടെ ലഭ്യതയിൽ വന്ന കുറവും വ്യവസായ സംരംഭങ്ങളിൽ ഉണ്ടായ മുരടിപ്പു മൂലമുണ്ടായ തൊഴിലില്ലായ്മയും ഈ മേഖലയിലേക്ക് ജനശ്രദ്ധ തിരിയാൻ കാരണമായി. 1950 കാലഘട്ടം മുതൽ കേരളത്തിലാരംഭിച്ച കൃത്രിമ ബീജസങ്കലന പ്രക്രിയ ഇതിനു തുടക്കം കുറിച്ചു. ഗാഢ ശീതീകരണ ബീജമുപയോഗിച്ചുള്ള ബീജസങ്കലനം മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള രണ്ടായിരത്തോളം സ്ഥാപനങ്ങളിലൂടെ പ്രാവർത്തികമാക്കിയപ്പോൾ കഴിഞ്ഞ രണ്ട് ദശാബ്ദം കൊണ്ട് അനേകായിരം ജനിതക ഗുണമുള്ള സങ്കരവർഗ്ഗ പശുക്കുട്ടികൾ കേരളത്തിലെ കർഷകരുടെ തൊഴുത്തിൽ ജന്മമെടുത്തു. എന്നാൽ ഇവയുടെ പാലുല്പാദനക്ഷമത പൂർണ തോതിൽ കവർന്നെടുക്കാൻ നമുക്ക് കഴിഞ്ഞിട്ടില്ല. കാലിത്തീറ്റയുടെ ഉയർന്ന വിലയും പുല്ലിനും വൈയ്ക്കോലിനും ഉണ്ടായ ദൗർലഭ്യം മുതലായവയാണ് പ്രധാനകാരണം.

മൃഗ സംരക്ഷണ മേഖലയുടെ വികസനം, പാൽ, മുട്ട, മാംസം മുതലായ ഉൽപന്നങ്ങളുടെ ഉൽപാദനവർദ്ധനവ്, വെറ്ററിനറി സർവ്വീസിന്റെ വികസനം, ആധുനിക വൽക്കരണം, ആസൂത്രണം എന്നിവയെ അടിസ്ഥാന പെടുത്തിയാണ്.

കുറ്റമറ്റ സാങ്കേതിക വിദ്യയുടെ സഹായത്തോടെ കന്നുകാലികളുടെ വംശവർദ്ധനവും, ജനിതക ഗുണമേന്മാ വർദ്ധനവും, ഉല്പാദനക്ഷമതാ വർദ്ധനവും സാധ്യമാക്കാൻ നമുക്ക് കഴിഞ്ഞതിനോടൊപ്പം മൃഗ സംരക്ഷണ മേഖലക്ക് ഇനിയും കൂടുതൽ പ്രോത്സാഹനം നൽകുകയാണെങ്കിൽ ജൈവ വള ലഭ്യത കൂടുന്നത് നിമിത്തം കാർഷിക മേഖലയുടെ ഉൽപാദനവും കൂട്ടാൻ സാധിക്കും.

1987ലെ കന്നുകാലി സെൻസസ് പ്രകാരം നമ്മുടെ മൊത്തം കന്നുകാലി സമ്പത്ത് ഇപ്രകാരമാണ്

| | |
|---|---|
| മൊത്തം കന്നുകാലിൾ | 34,23,985 (പശുക്കളും കാളകളുമുൾപെടെ) |
| എരുമ, പോത്ത് | 3,29,084 |
| ആടുകൾ | 15,80,562 |
| പന്നി | 1,37,090 |
| ചെമ്മരിയാട് | 29,955 |
| കോഴികൾ | 1,70,91,797 |
| താറാവ് | 8,46,091 |
| മറ്റുവളർത്തുപക്ഷി വർഗം | 59,915 |
| മുയൽ | 77,198 |

**ഒറ്റൂർ പഞ്ചായത്തിലേത്**

| | |
|---|---|
| പശുക്കളും കാളകളുമുൾപ്പെടെ മൊത്തം കന്നുകാലികൾ | 2557 |
| എരുമ, പോത്ത് | 63 |
| ആടുകൾ | 1584 |
| ചെമ്മരിയാട് | 2 |
| കോഴികൾ | 8595 |
| നായ്ക്കൾ | 1404 |

ഇത് 1996ലെ പ്രസിദ്ധീകരിയ്ക്കാത്ത കന്നുകാലി സെൻസ് പ്രകാരം താഴെപറയുന്ന പ്രകാരമായി കാണുന്നു.

8 വാർഡുകളാണ് മറ്റു ഗ്രാമപഞ്ചായത്തിലുള്ളത്. 8 വാർഡുകളിലായി

| | |
|---|---|
| മൊത്തം കന്നുകാലികൾ | 1738 |
| എരുമ, പോത്ത് | 25 |
| ആടുകൾ | 1406 |
| കോഴികൾ | 8875 |
| നായ്ക്കൾ | 1089 |

കല്ലമ്പലം കേന്ദ്രമാക്കി ഒരു മൃഗാശുപത്രിയും വടശ്ശേരിക്കോണത്ത് ഒരു ഉപകേന്ദ്രവുമാണ് ഒറവൂർ പഞ്ചായത്തിലെ മൃഗസംരക്ഷണ സ്ഥാപനങ്ങൾ .

1-2-1960 ൽ വർക്കല N.E.S ബ്ലോക്കിന്റെ കീഴിൽ ഒരു സബ്സെന്ററായി തുടങ്ങി. 1.4.1963 ൽ മൃഗസംരക്ഷണ വകുപ്പ് ഏറ്റെടുത്തു. 30.3.72 ൽ വെറ്ററിനറി ഡിസ്പെൻസറിയായി ഉയർത്തി. ഒരു വെറ്ററിനറി സർജന്റെ കീഴിലാക്കി. 15.3.91ൽ വീണ്ടും വെറ്ററിനറി ഹോസ്പിറ്റലാക്കി ഉയർത്തുകയും സീനിയർ വെറ്ററിനറി സർജനെ നിയമിക്കുകയും ചെയ്തു. ഒറ്റൂർ ഗ്രാമ പഞ്ചായത്തിലാണ് സ്ഥിതിചെയ്യുന്നതെങ്കിലും കല്ലമ്പലത്ത് പ്രവർത്തിക്കുന്നതിനാൽ തൊട്ടടുത്തുള്ള പഞ്ചായത്തുകളിലെ കൃഷിക്കാർക്കും കൂടി വളരെ പ്രയോജനകരമായ രീതിയിൽ പ്രവർത്തിക്കാൻ സാധിക്കുന്നു. എങ്കിലും മൃഗാശുപത്രിയിൽ സൗകര്യങ്ങൾ വളരെക്കുറവാണ്.

ഒറ്റൂർ ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം മൃഗസംരക്ഷണ മേഖലയിലെ നേട്ടങ്ങൾ വളരെ പരിമിതമാണ്. വികസന സാദ്ധ്യത ഏറെയുള്ളതുകൊണ്ട് ആ പുനരാസൂത്രണം ആവശ്യമായിരിക്കുന്നു.

ഗ്രാമസഭകളിലെ ഗ്രൂപ്പ് ചർച്ചകളിലൂടെ ഉരുത്തിരിഞ്ഞു വന്ന പ്രധാന പ്രശ്നങ്ങളുടെയും പഞ്ചായത്തിലെ മൃഗസംരക്ഷണമേഖലയുടെ നടപ്പു പദ്ധതികളുടെ നേട്ടങ്ങളേയും കോട്ടങ്ങളേയും വിശകലനം ചെയ്തുകൊണ്ട് ജനകീയാസൂത്രണത്തിലൂടെ ഒമ്പതാം പഞ്ചവത്സര പദ്ധതികൾക്ക് രൂപം കൊടുക്കുമ്പോൾ പഞ്ചായത്തിലെ മൃഗസംരക്ഷണ മേഖലയുടെ പുനരാസൂത്രണത്തിന് ചില നിർദേശങ്ങൾ.

1) കന്നുകാലികളെ വളർത്തുന്ന കൃഷിക്കാരുടെ പ്രധാന പ്രശ്നമായ കാലിത്തീറ്റയുടെ വിലവർദ്ധനവ് നിയന്ത്രിക്കുന്നതിന് കാലിത്തീറ്റ നിർമ്മാണ യൂണിറ്റുകൾ സ്ഥാപിക്കുക. പ്രാദേശികമായി ലഭ്യമാകുന്ന വിഭവങ്ങൾ സമാഹരിച്ച് തീറ്റയുൽപാദിപ്പിക്കാൻ കഴിയും. മരിച്ചീനി, തവിട്, വയ്ക്കോൽ എന്നിവക്ക് നല്ല വില ലഭിക്കാനും തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും കഴിയും. മാവേലിസ്റ്റോർ തുടങ്ങിയ ന്യായ വില ഷോപ്പുകൾ വഴി കാലിത്തീറ്റയും, കോഴിത്തീറ്റയും ലഭ്യമാക്കുന്നതിന് സംസ്ഥാന ഗവണ്മെന്റിൽ സമ്മർദം ചെലുത്തുക, കുറഞ്ഞ വിലക്ക് ലഭ്യമാക്കുക.

2) പുറമ്പോക്കു സ്ഥലങ്ങളും, തരിശു സ്ഥലങ്ങളും കണ്ടെത്തി ലേല വ്യവസ്ഥയിൽ

## ഒറ്റൂർ ഗ്രാമപഞ്ചായത്ത്
### 4.4 പേ വിഷബാധ – പ്രതിരോധവും ചികിത്സയും

| വിവരം | പശു | എരുമ | ആട് | പട്ടി | പൂച്ച | മറ്റുള്ളവ |
|---|---|---|---|---|---|---|
| പ്രതിരോധ കുത്തിവെയ്പ് നൽകിയവയുടെ എണ്ണം | | | | 238 | | |
| കടിയേറ്റതിനുശേഷം കുത്തിവെയ്പു നടത്തിയവയുടെ എണ്ണം | 8 | – | 24 | 32 | – | |

## ഒറ്റൂർ ഗ്രാമപഞ്ചായത്ത്
### 4.5 കൃത്രിമ ബീജസങ്കലന വിവരങ്ങൾ

| വളർത്തുന്ന മൃഗം ഇനം | ആകെ എണ്ണം | കൃത്രിമ ബീജസങ്കലനം നടത്തിയവ | ഗർഭധാരണത്തിന് 2–ലധികം തവണ ബീജസങ്കലനം വേണ്ടിവന്നവ |
|---|---|---|---|
| പശു | 840 | 800 | 300 |
| കിടാരി | 668 | 639 | 204 |
| എരുമ | 19 | 10 | 3 |

# ദ്വിതീയ മേഖല വ്യവസായം

സ്വയം തൊഴിൽ പദ്ധതികളും ചെറുകിട വ്യവസായങ്ങളും വേർതിരിച്ച് കാണുവാൻ ശ്രമിക്കേണ്ടതാണ്. സ്വയംതൊഴിൽ പദ്ധതികൾക്ക് വളരെയധികം പരിമിതികളുണ്ട്.

സാങ്കേതികവിദ്യ, ധനം, വാണിജ്യപരമായ മറ്റു ഘടകങ്ങൾ എന്നിവയുടെ വിദഗ്ധമായ ഒരു ചേരുവയാണ് വ്യവസായത്തിനാവശ്യം. വിജ്ഞാനത്തിന്റെ കണ്ണികൾ, പ്രകൃതിസംരക്ഷണം എന്നിവ അവിഭാജ്യഘടകങ്ങളാണ്. വ്യവസായവികസന പ്രക്രിയ വളരെ സങ്കീർണമായി തീർന്നിരിക്കുകയാണ്. മൂല്യമേറിയ ഉത്പന്നങ്ങൾ നിർമ്മിച്ച് വിദൂരതയിലെത്തിയ്ക്കുന്നതിലാണ് നമുക്ക് താത്പര്യം ഉണ്ടാകേണ്ടത്. പ്രാദേശികമായ പ്രകൃതിവിഭവങ്ങളെ ആശ്രയിക്കാനാവില്ല. എന്നാൽ ആശ്രയിക്കാതെ കഴിയുകയുമില്ല. മാനവശേഷി സാങ്കേതികവും, വാണിജ്യപരവുമായ അറിവ് എന്നിവയുടെ ബലത്തിലാണ് വ്യവസായങ്ങൾ വികസിക്കുക. വലിയ വ്യവസായശാലകൾക്ക് ഒരളവുവരെ ഈ പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയും. ചെറുകിട വ്യവസായത്തിനാണെങ്കിൽ സംരംഭകരുടെ ദാരിദ്ര്യം, സർക്കാർ ജോലിയ്ക്കായുള്ള പരക്കംപാച്ചിൽ, ഉദ്യോഗാർത്ഥികളെ പടച്ചുവിടുന്ന വിദ്യാഭ്യാസം തുടങ്ങിയ സാമൂഹിക പ്രശ്നങ്ങളുണ്ട്. ചെറുകിട, വൻകിട വ്യവസായങ്ങൾ നിലനിർത്തിയിരുന്നത് സാമ്പത്തിക ഇളവുകളുടെ ബലത്തിലാണ്. വ്യക്തികളുടെ ഗുണവും, സ്ഥാപനങ്ങൾ നടത്താനുള്ള സാഹചര്യവും നാം ഉണ്ടാക്കേണ്ടതുണ്ട്. ഇക്കാരണങ്ങളാൽ മാർഗ്ഗനിർദ്ദേശവും, സാമൂഹികമായ ഉത്തേജനവും അടിസ്ഥാന സൗകര്യങ്ങളും ഒരേ സമയം ലക്ഷ്യം വച്ചുകൊണ്ട് പഞ്ചായത്ത് തല വ്യവസായങ്ങൾ നടത്തേണ്ടതുണ്ട്.

സാമ്പത്തിക പുരോഗതി നേടിയിട്ടുള്ള രാജ്യങ്ങളിൽ പൊതുവെ പൊതുജനം തന്നെ മാനേജ്മെന്റ് ബോധവാന്മാരാണ്. ഭാരതത്തിലാകട്ടെ കേരളത്തിലാകട്ടെ ആ ബോധം തീരെ കമ്മിയാണ്. ഭാരതീയ ഭാഷകളിൽ ഒന്നും തന്നെ മാനേജ്മെന്റ് സംബന്ധമായ ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിച്ചിട്ടില്ല. ഇംഗ്ലീഷിൽ ഒണ്ട് താനും.

മാനേജർമാരെ സൃഷ്ടിക്കുക ഗവൺമെന്റിന്റെ കടമയിൽ പെടുന്ന ഒന്നാണ്. ഈ കടമ നിർവഹിക്കാതെ വ്യവസായിക വിപ്ലവത്തിന്റെ ആലോചനപോലും അപകടമാണ്. ശാസ്ത്രീയമായ സമീപനത്തോടുകൂടിയുള്ള മാനേജ്മെന്റ് അത് ആവശ്യമായ രംഗങ്ങളെല്ലാം വിജയിക്കണമെങ്കിൽ അതിനനുയോജ്യമായ പശ്ചാത്തലം വേണം. പശ്ചാത്തലത്തിന് ലക്ഷ്യബോധമുള്ള ജനത വേണം. അചഞ്ചലമായ തൃഷ്ണയുള്ള രാഷ്ട്രീയനേതൃത്വങ്ങൾ രാജ്യാഭിവൃത്തിയായിരിക്കണം ലക്ഷ്യം. ദേശീയബോധമുള്ള തൊഴിൽസംഘടനയും ഉണ്ടാകണം ഇന്ന് ലോകരാജ്യങ്ങളിൽ വ്യവസായരംഗത്ത് മുൻനിൽക്കുന്ന ജപ്പാൻ, ഇസ്രേയൽ ഇവരുടെ പശ്ചാത്തലം പരിശോധിച്ചാൽ മനസ്സിലാകും. ഉല്പാദന തീവ്രതയും ഉല്പാദന ക്ഷമതയുമാണ് അവരുടെ വിജയ

രഹസ്യം. അൻപത് പേർ പണിയെടുക്കുന്ന ഫാക്ടറിയിൽ 8–ഉം 10–ഉം യൂണിയനുമില്ല; ഘെരാവോയുമില്ല; മിന്നൽ പണിമുടക്കില്ല; യൂണിയൻ മാത്സര്യമില്ല, അട്ടിമറിയില്ല, പ്രോവിഡന്റ് ഫണ്ട് പണം ശാപ്പിടുന്ന തൊഴിലുടമയുമില്ല, തൊഴിലുടമകളിൽ നിന്നും കോഴവാങ്ങുന്ന തൊഴിൽ നേതാക്കളില്ല. അവിടെ സുശക്തമായ തൊഴിൽ സംഘടനകളുണ്ട്. ഈ നേട്ടം നമുക്ക് നേടിയെടുക്കാൻ ജനകീയ ആസൂത്രണ കാലത്ത് കഴിയുമെന്ന് ആശിക്കാം. ഏത് വ്യവസായവും സുതാര്യമായിരിക്കണം. തൊഴിലാളികൾ വ്യവസായത്തിന്റെ അമ്പാസിഡർമാരാകണം. വ്യവസായത്തിന്റെ ആദ്യം മുതൽ അവസാനം വരെ അറിയാനുള്ള അവകാശം തൊഴിലാളിക്കുണ്ടാകണം.

കേരളത്തിൽ ഇന്ന് തീരെയില്ലാത്തത് വ്യവസായ സംസ്കാരമാണ്. ആ വ്യവസായ സംസ്കാരം ഈ ജനകീയ ആസൂത്രണപദ്ധതിയിൽ വേരോടും. നാം ഒന്നാണ് നമ്മുടേതാണ് വ്യവസായം നമുക്ക് വേണ്ടിയാണ് വ്യവസായം എന്ന ബോധം തൊഴിൽ മേഖലയിൽ ഉണ്ടാകണം.

**പ്രശ്നങ്ങൾ**

1. ഉത്പാദന സാധ്യതകളെ പറ്റിയുള്ള അറിവില്ലായ്മ.
2. സ്ഥിതിവിവര കണക്കുകളുടെ അഭാവം.
3. പദ്ധതികളും, സ്കീമുകളും തെരഞ്ഞെടുക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളുടെ അഭാവം.
4. എല്ലാ സർക്കാർ സംവിധാനങ്ങളുടേയും നിയന്ത്രണ മനോഭാവവും, പ്രോൽസാഹനപരമായ സമീപനത്തിന്റെ അഭാവവും.
5. വിപണിയ്ക്ക് അനുസൃതമായ രീതിയിൽ ഉത്പന്നങ്ങളുടെ ഗുണമേന്മ, രൂപകല്പന, ഉല്പാദനക്ഷമത എന്നിവയിൽ മാറ്റങ്ങൾ വരുത്താനുള്ള കെല്പില്ലായ്മ.
6. സാമൂഹികമായ പ്രശ്നങ്ങൾ.
   1. സർക്കാർ ഉദ്യോഗത്തിനായുള്ള അഭിവാഞ്ഛ.
   2. സ്വയംതൊഴിൽ ചെയ്യാനുള്ള താത്പര്യമില്ലായ്മ.
   3. വ്യവസായ സംരംഭങ്ങൾക്കുതകുന്ന വിദ്യാഭ്യാസരീതിയുടെ അഭാവം.
   4. വിജയികളായ സംരംഭകരുമായുള്ള ഇടപെടലുകളുടെ അഭാവം.
   5. ഗൾഫ്നാടുകളിലേയ്ക്കുള്ള പാലായന മനോഭാവം.

മേൽപറഞ്ഞ പ്രശ്നങ്ങൾക്ക് പരിഹാരം കാണേണ്ടത് അസംഘടിത വർഗ്ഗമായ സാധാരണ വോട്ടർമാരുടെ ബോധവത്കരണമാണ്. അവരെ ഭരിക്കുന്നവരെ വിലയിരുത്തുകയും ദേശാഭിവൃദ്ധിയ്ക്ക് തടസ്സം നിൽക്കുന്നവരെ പരസ്യവിചാരണ നടത്തത്തക്കബോധവത്കരണം ജനകീയാസൂത്രണത്തിലൂടെ വളർന്ന് വരണം. നാട് നന്മയ്ക്കുള്ള അധികാരം ജനങ്ങളിലേയ്ക്കെത്തണം.

## പ്രവർത്തന പരിപാടികൾ.

### ചെറുകിട വ്യവസായങ്ങളുടെ സമൂഹം രൂപീകരിക്കൽ

ഓരോ പ്രദേശത്തിനും അനുയോജ്യമായ സംരംഭങ്ങൾ കണ്ടുപിടിക്കണം. തൊഴിൽ പരിചയം, പ്രകൃതി വിഭവങ്ങൾ, പ്രാപ്യമായ വിപണികൾ, സ്ഥലം, ജലം, വൈദ്യുതി എന്നിവ വിലയിരുത്തണം. ഈ അടിസ്ഥാന സൗകര്യങ്ങൾ ഉള്ളടത്തേ വ്യവസായ യൂണിറ്റുകൾ ഉണ്ടാകാവൂ. ഉദാഹരണത്തിന് ഒരു തയ്യൽകട എടുക്കാം. ഒരു പ്രദേശത്ത് റെഡിമെയ്ഡ് വസ്ത്രങ്ങളുടെ ഉത്പാദനം നടത്തുന്ന വനിതകളുടെ കൂട്ടായ്മകൊണ്ടേ യൂണിറ്റ് സജീവമാക്കാൻ പറ്റൂ. റെഡിമെയ്ഡ് വസ്ത്രം വിൽക്കാൻ യോജ്യമായ സ്ഥലം കണ്ടെത്തണം. തൊഴിൽ പരിചയമുള്ള വനിതകളുടെ കൂട്ടായ്മ ഉണ്ടാക്കണം. ഓരോ ജോലി ഓരോ വ്യക്തിയ്ക്ക് എന്ന് വിഭജിക്കണം. നൂതനമായ ഡിസൈനുകൾ പ്ലാൻ ചെയ്യണം. കൂട്ടായി ആലോചിച്ച് വിപണി കണ്ടെത്തണം. ഇതിനെല്ലാം മുന്നൊരുക്കം വേണം. ജലം, വൈദ്യുതി, സ്ഥലം എന്നിവ കണ്ടെത്തിയ

ശേഷമേ വ്യവസായം ആരംഭിക്കേണ്ടതുള്ളൂ.

### വ്യവസായിക വികസന സമിതിയുടെ രൂപീകരണം.

പഞ്ചായത്ത് മെമ്പറന്മാർ, വ്യവസായികൾ, ഉദ്യോഗസ്ഥർ (വ്യവസായം, ഗ്രാമവികസനം, വൈദ്യുതി.) എന്നിവർ ഉൾക്കൊള്ളുന്ന 10 പേരുള്ള ഒരു സമിതി രൂപീകരിക്കണം. ഈ സമിതിയുടെ പ്രാപ്യമായ മുൻഒരുക്ക നിർദ്ദേശം ഉണ്ടായിരിക്കണം.

### ചെയ്യാവുന്ന പ്രവൃത്തികൾ

1. സാധ്യതയുള്ള വ്യവസായങ്ങൾ ചൂണ്ടികാണിക്കുക.
2. സെമിനാറുകൾ, പ്രദർശനമേളകൾ, പഠനങ്ങൾ ഇവ നടത്തണം.
3. പരിസ്ഥിതി പഠനം മുഖ്യഘടകമാകണം.
4. അസംസ്കൃത സാധനലഭ്യതയും, വിപണനസൗകര്യവും ഉണ്ടായിരിക്കണം.
5. പ്രാദേശികമായി ചെറുകിട വ്യവസായം ആരംഭിക്കാനുള്ള ആഗ്രഹത്തിലുള്ള വിദ്യാഭ്യാസം നടത്തണം.

### സ്വയംതൊഴിൽ എക്സ്ചേഞ്ച്കളുടെ രൂപീകരണം

അനുയോജ്യമായ പദ്ധതികൾ പ്രാദേശികമായ സംരംഭസാധ്യതകൾ, ഗുണഭോക്താക്കൾ എന്നിവയുമായി ബന്ധപ്പെടുത്തി ഒരു മാർഗ്ഗരേഖ ഉണ്ടാക്കുക എന്നതാണ് ആദ്യത്തെ പടി. ഓരോരോ പ്രദേശത്തും ഉണ്ടാക്കാവുന്ന ചെറുകിട വൻകിട വ്യവസായങ്ങളെ സംബന്ധിച്ച് ഒരവബോധം ഉണ്ടാകണം. ഒററൂർ പഞ്ചായത്തിനെ സംബന്ധിച്ച് കോഴി വളർത്തൽ ഒരു വ്യവസായമാക്കി മാറ്റണം എന്നാണ് താത്പര്യപ്പെടുന്നതെങ്കിൽ കോഴി വളർത്താൻ താത്പര്യമുള്ളവരുടെ വിവരശേഖരണം നടത്തണം. അവർക്ക് മുടക്കാവുന്ന മൂലധനത്തിന്റെ അളവ് ബോധ്യപ്പെടണം. ഒറ്റയ്ക്കുള്ളത് ഗ്രൂപ്പായിട്ടുള്ളത് ഇവ രേഖപ്പെടുത്തണം. ഒരു യൂണിറ്റിന് എന്തെല്ലാം സൗകര്യം വേണം എന്ന് കണ്ടെത്തണം. എന്തുമാത്രം തീറ്റ വേണം, കറന്റ് കണക്ഷൻ, ജല ലഭ്യത, ഷെഡ്, ഷെഡ് നിർമ്മാണത്തിനാവശ്യമായ സ്ഥലം, വാഹനസൗകര്യം എന്നിവ സജീവമായ ആലോചനയോടെ കണ്ടെത്തണം. പരിഹരിക്കാനാകുന്നവ പരിഹരിക്കണം.പരിഹരിക്കാനാകാത്തവ ഉപേക്ഷിക്കണം. ഇതാണ് ആദ്യം ഉണ്ടാക്കേണ്ട മാർഗ്ഗരേഖ. ഗുണഭോക്താക്കളുടെ രജിസ്ട്രേഷൻ നടത്തിയ ശേഷം അവരവർക്കുള്ള സാധ്യതകളെന്താണെന്ന് കണ്ടെത്തണം. ഒരു സംഘത്തിന്റെ കൂട്ടായ പ്രവർത്തനത്തിലൂടെ ഗുണഭോക്താക്കൾക്ക് വേണ്ടുന്ന ഉപദേശങ്ങളും, നടപടിക്രമങ്ങൾക്ക് വേണ്ട മാർഗ്ഗ നിർദ്ദേശവും നൽകാൻ എക്സ്ചേഞ്ചുകൾക്ക് കഴിയണം.

മേൽപറഞ്ഞ എക്സ്ചേഞ്ച് പഞ്ചായത്തിലാകെയുള്ള വ്യവസായങ്ങളുടെ ആസൂത്രണത്തിനുള്ള കേന്ദ്രബിന്ദുവാകണം. പരിശീലന പരിപാടികൾ സംഘടിപ്പിക്കുക, മൂലധനശേഖരണ സഹായം ചെയ്തുകൊടുക്കുക, ഉത്പന്ന നിർമ്മിതിക്ക് സഹായിക്കുക, ഉത്പന്നം ശേഖരിച്ച് വിപണനം നടത്താൻ സഹായിക്കുക, തൊഴിലാളികളെ നിയോഗിക്കുക, യന്ത്രങ്ങൾ സൗകര്യപ്പെടുത്തി കൊടുക്കുക എന്നിവയൊക്കെ ഈ എക്സ്ചേഞ്ച് മുഖേന നടക്കണം. ഉദ്യോഗസ്ഥന്മാർ, പഞ്ചായത്തധികൃതർ, രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ, സാംസ്കാരിക പ്രവർത്തകർ, പൊതുജനമാന്യന്മാർ, തൊഴിലാളികൾ, കർഷകർ എന്നിവരുടെ ജനറൽ കൗൺസിലും, അവതിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്ന കേന്ദ്രഭരണസമിതിയും, കേന്ദ്രഭരണ സമിതിയിൽ നിന്ന് തെരെഞ്ഞെടുക്കപ്പെടുന്ന സെക്രട്ടറിയും പ്രസിഡന്റും നിയന്ത്രിക്കുന്നതാകണം എക്സ്ചേഞ്ച്. ഉദ്യോഗസ്ഥന്മാർ വോട്ടവകാശമില്ലാത്ത അംഗങ്ങളായിരിക്കണം. ഗുണഭോക്താക്കളിൽ നിന്ന് ശേഖരിക്കുന്ന ഫണ്ട് പഞ്ചായത്ത് സെക്രട്ടറി മുഖേന കൈകാര്യം ചെയ്യണം. ഈ എക്സ്ചേഞ്ചിന് ചെയ്യാവുന്ന മേഖലകൾ ഇനി പറയുന്നതാണ്. 1. കൃഷി, വാഴ കൃഷി, പുഷ്പ കൃഷി, സുഗന്ധസസ്യ കൃഷി, പച്ചപ്പുല്ല് കൃഷി, പച്ചക്കറി കൃഷി, കോഴി, കാട, മുയൽ, പന്നി, പശു, ആട്, പട്ടി,

താറാവ്, വാൻകോഴി, ലവ്ബേർഡ്സ്, തീറ്റയു ല്പാദനം, കൊപ്ര സംസ്കരണം, നെഴ്സറി, അലങ്കാര മത്സ്യം ഇത്യാദി.

**പൊതുവിപണന സ്ഥാപനം-വിവരദാനം.**

ചെറിയ യൂണിറ്റുകൾ ഉത്പാദിപ്പിക്കുന്ന ഉത്പന്നങ്ങൾ വിപണനം നടത്താനുള്ള വിവരദാനം നൽകണം. ഒപ്പം അസംസ്കൃത സാധനങ്ങൾ എത്തിക്കാനുള്ള നിർദ്ദേശവും സഹായവും നൽകണം. ഉദാഹരണമായി പന്നിയെ എവിടെകിട്ടും, കോഴിയെ എവിടെകിട്ടും എന്ന വിവരദാനം കൂടി നൽകണം.

**സാമൂഹികമായ പരിവർത്തനത്തിനുള്ള നടപടികൾ**

വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ വ്യവസായ സംരഭക ക്ലബ്ബുകൾ രൂപീകരിക്കണം. പരിശീലനം നൽകണം, പഠനപര്യടനങ്ങൾ നടത്തിക്കണം, പ്രായോഗിക പരിശീലനവും വേണം. കൂടുതൽ കൂടുതൽ കുട്ടികളെ രക്ഷാകർത്താക്കളുടെ സമ്മതത്തോടെ വ്യവസായ നടത്തിപ്പുകാരാക്കണം. വിപണന സൗകര്യം ഏർപ്പെടുത്തി കൊടുക്കണം. വളരെ ചെറിയ കാര്യങ്ങളിൽ തുടങ്ങി വലിയ വ്യവസായമാക്കി മാറ്റിയെടുത്ത ചരിത്രമാണ് വൻകിടവ്യവസായത്തിന്റെ ചരിത്രം പരിശോധിച്ചാൽ മനസിലാകുന്നത്. ഉദാഹരണമായി മാല കെട്ടി വിൽക്കുക ഒരു ചെറിയ കാര്യമായി തോന്നും വിവിധതരം ബൊക്കെകളും, വിവിധതരം അലങ്കാരപൂക്കളും, വിവിധതരം പുഷ്പഹാരങ്ങളും കെട്ടാനുള്ള പരിശീലനം കിട്ടുന്ന വിദ്യാർഥിക്ക് വില്പനസൗകര്യം ഏർപ്പാടാക്കിയാൽ, പുഷ്പം വീടുകളിൽ നിന്നും ശേഖരിക്കാൻ സൗകര്യമേർപ്പെടുത്തിക്കൊടുത്താൽ വിദ്യാഭ്യാസത്തോടൊപ്പം നല്ല ഒരു വരുമാന മാർഗമാക്കി മാറ്റാനാവും. പുഷ്പകൃഷി വികസിക്കുന്നതോടൊപ്പം ഈ തൊഴിലിൽ ഏർപ്പെടാനുള്ള ഉത്തേജനം വിദ്യാർഥികളിൽ ഉണ്ടാക്കിയെടുക്കാനുമാകും. വിദ്യാർഥിനികൾക്കിടയിൽ വിപണനം നടത്താനാകും. വിദ്യാർഥികൾ തന്നെ പുഷ്പം കൊണ്ടുവരുന്ന വരുമാകും.

**ഊർജ്ജാസൂത്രണം**

ഊർജ്ജസർവേവേണം. പുകയില്ലാത്ത അടുപ്പ് പ്രചരിപ്പിക്കണം. വിറകടുപ്പാണിത്. ഒറ്റൂർ പഞ്ചായത്തിൽ അതിനുള്ള എല്ലാസാദ്ധ്യതകളും നിലവിലുണ്ട്. കൃഷിഭവൻ മുഖേന മെച്ചപ്പെട്ടവിറകടുപ്പുകൾ വിതരണം ചെയ്തുകൊണ്ടിരിക്കുകയാണ്.

വിറക് നല്ല വില കൊടുത്താലേ കിട്ടൂ എന്ന സ്ഥിതിയാണ്. മലയിൽ നിന്നും കാടുവെട്ടിത്തെളിച്ചു വിറകുക്ഷാമം പരിഹരിച്ചിരുന്ന രീതിക്കുമാറ്റംവന്നു കൊണ്ടിരിക്കുന്നു. പരമ്പരാഗതമായി നമ്മുടെ നാട്ടിൽ ഉപയോഗിച്ചുവന്നിട്ടുള്ള അടുപ്പുകളിൽ വിറകുകത്തുമ്പോഴുണ്ടാകുന്ന ചൂടിൽ ഉപയോഗിക്കപ്പെടുന്ന ഭാഗത്തേക്കാൾ വളരെയേറെയാണ് പാഴായിപ്പോകുന്നഭാഗം. പാത്രത്തിന്റെ വശങ്ങളിലൂടെയും വളരെയധികം ചൂട് നഷ്ടപ്പെടുന്നു. കത്തുന്നതിന് ആവശ്യമായ വായു വേണ്ടത്ര ലഭിക്കുന്നതിനുള്ള സംവിധാനം ഇല്ലാത്തതിനാൽ വിറക് മുഴുവനായി കത്താതെ നല്ലൊരു ഭാഗം കരിയായി നഷ്ടപ്പെടുന്നു. ഇതിനൊക്കെ പുറമേ, പൂർണമായി കത്താത്ത വിറകിൽ നിന്നു പുറപ്പെടുന്ന പുകയിലടങ്ങിയിരിക്കുന്ന വിഷവാതകങ്ങൾ തുടർച്ചയായി ശ്വസിക്കുന്ന സ്ത്രീകളുടെ ആരോഗ്യം തകരാറിലുമാകുന്നു. ഇന്ത്യയിലെ ഭൂരിഭാഗം വീട്ടമ്മമാരും ഗുരുതരമായ വിളർച്ച ബാധികരാണെന്നതിന് ഒരു പ്രധാനകാരണം ഇതുതന്നെയാണ്.

അനർട്ട് ആണ് മുഖ്യ ഏജൻസിയായി പ്രവർത്തിക്കുന്നത്. ശാസ്ത്രസാഹിത്യപരിഷത്തും രംഗത്തുണ്ട്. ഈ അടുപ്പിനെ പരിഷത്തടുപ്പ് എന്നു വിളിക്കുന്നു.

വിറക്സ്റ്റൗവ് പ്രചാരത്തിലുണ്ട്. സ്ഥിരം അടുപ്പാണ് കേരള ശാസ്ത്രസാഹിത്യ പരിഷത്ത് സംവിധാനം ചെയ്തെടുത്ത പരിഷത്തടുപ്പുകൾ. അടുക്കളയിൽ പുകശല്യം ഉണ്ടാകുന്നില്ല. പുകകുഴൽ വഴി പുക പുറത്തുപോകും.

കമ്യൂണിറ്റി അടുപ്പുകളും വളരെയേറെ വിറകുലാഭം ഉണ്ടാക്കുന്നവയാണ്. സ്കൂളുകളിൽ

കുട്ടികൾക്കു ഉച്ചഭക്ഷണം നൽകാനുള്ള പാചകത്തിന് ഇത്തരം അടുപ്പുകൾ ഗുണം ചെയ്യും. അംഗൻവാടികൾ, ഹോട്ടലുകൾ, കല്യാണമണ്ഡപങ്ങൾ മുതലായ സ്ഥലങ്ങളിൽ ഇതു വളരെ പ്രയോജനം ചെയ്യും.

സൂര്യന്റെ ചൂടിൽ ഭക്ഷണം പാകപ്പെടുത്താവുന്ന അടുപ്പാണ് സോളാർ കുക്കർ. വിറകോ, എണ്ണയോ, വൈദ്യുതിയോ, മറ്റു ഇന്ധനങ്ങളോ ഒന്നും തന്നെ ഈ അടുപ്പിന് ആവശ്യമില്ല. ഈ അടുപ്പിന് പുകയില്ല, കരിയില്ല, പാത്രങ്ങൾ വൃത്തികേടാകുന്നുമില്ല. ഇന്ധനത്തിനുവേണ്ടി പണം ചെലവാകുന്നില്ല. ഇതുമൂലം കുടുബത്തിനും നാടിനും സാമ്പത്തിക ലാഭം ഉണ്ടാകുന്നു.

ഒരേ കുക്കറിൽ വച്ച് നാലു സാധനങ്ങൾ ഒരേ സമയം പാകം ചെയ്യാം.

ഭക്ഷണത്തിലെ പോഷകഘടകങ്ങൾ നഷ്ടപ്പെടുന്നില്ല.

അടുപ്പിന്റെ അടുത്ത് കൂട്ടിരിപ്പുവേണ്ട.

ചൂടു നഷ്ടപ്പെടാതെ സൂക്ഷിക്കാനും ഉപയോഗിക്കാം. ഇന്ധനലാഭം, ധനലാഭം, സമയലാഭം.

ഒരപകടവും വരുത്തുന്നില്ല.

ആർക്കും ഉപയോഗിക്കാം. അത്ര ലളിതം സുരക്ഷിതം.

പാചകത്തിനുപയോഗിക്കേണ്ട നാലു പാത്രങ്ങൾ കുക്കറിനോടൊപ്പം കിട്ടും. വേറെ പാത്രങ്ങൾ ആവശ്യമില്ല.

പരിമിതി ഉള്ളത്. രാത്രിയിൽ പ്രവർത്തിക്കില്ല. മഴക്കോളിനും പ്രയാസമാണ്. ചപ്പാത്തിയുണ്ടാക്കാനും എണ്ണയിൽ പൊരിക്കാനും കുക്കർ പറ്റിയതല്ല.

അരി, പച്ചക്കറി, പയറുവർഗങ്ങൾ, മത്സ്യം, ഇറച്ചി ഇത്യാദി പാകം ചെയ്യാം.

സോളാർ കുക്കർ *അനർട്ടിൽ* കിട്ടും.

നാം നൽകേണ്ട വില – 596രൂപ.

പരിഷത്തടുപ്പിന്റെ വില – മാതൃക 21ന് = ...0 രൂപ

പട്ടികജാതി = 30 രൂപ

പരിപ...

പട്ടികജ...

മേൽപ്പറഞ്ഞ... ...ടുന്നില്ലായെന്ന ...മുള്ള അടുപ്പുക... ...ക്കരണം ...ക്കാൻ കരുതിക്കൂട്ട...

നാടൻ രീതിയിൽ, ... ...പ്പെട്ടി പ്രചാരത്തിൽ കൊ...

പാചകപാത്രം ഇറക്കിവ... ...പ്പമുള്ള വീഞ്ഞപ്പെട്ടിയിൽ പ... ആഹാരം പാത്രത്തോടെ ഇറക്കി... ...ച്ചു പാചകം പൂർത്തിയാക്കുന്ന ഒരു രീ...യാണിത്. വീഞ്ഞപ്പെട്ടിയിൽ വയ്ക്കോൽ, പാചകപാത്രം വയ്ക്കാൻ ഇടം നൽകി നിറയ്ക്കണം. തലയണപോലെ വയ്ക്കോൽ നിറച്ച അടുപ്പും വേണം. വീഞ്ഞപ്പെട്ടി അടച്ചുവച്ചു പാചകം പൂർത്തിയാക്കാം. ചൂടാറാത്ത പാത്രമാക്കി ഉപയോഗിക്കുകയും ആകാം. ഇന്ധനലാഭമാണ്; ധനലാഭമാണ്; കൂട്ടിരിപ്പുവേണ്ട.

ബയോഗ്യാസ് പ്ലാന്റു നിർമ്മിച്ച് ഉപയോഗിക്കാനുള്ള പ്രചരണം നടത്തണം. കൃഷിഭവൻ മുഖേനയായാൽ സാമ്പത്തിക സഹായവും മാർഗനിർദ്ദേശവും ഉണ്ടാകും.

ദക്ഷത കൂടിയ വൈദ്യുത വിളക്കുകൾ പ്രചരിപ്പിക്കണം. ഇലക്ട്രോണിക്ക് ചോക്ക് ഉപയോഗിക്കാം. മുടക്കുമുതൽ കൂടുമെങ്കിലും ദീർഘവീക്ഷണത്തിൽ ധനലാഭവും ദേശീയ കാഴ്ചപ്പാടുമാണ്. ഊർജ്ജസംരക്ഷണം നടക്കുന്നു.

സൗരോർജ്ജ വിളക്കുകൾക്കുള്ള സാദ്ധ്യതയും ആരായണം. ഊർജ്ജസംബന്ധമായ വിവിധ പരിപാടികളുടെ സംയോജിത ആസൂത്രണവും നടപ്പാക്കലും പഞ്ചായത്തുതലത്തിൽ തന്നെ നടപ്പിലാക്കണം. കാറ്റിൽ നിന്ന് വൈദ്യുതി നിർമിക്കാനുള്ള സാദ്ധ്യത നമ്മുടെ പഞ്ചായത്തിൽ ഉണ്ടോ എന്നുപരിശോധിക്കണം. മൂന്നാം വാർഡിൽ വാട്ടർ ടാങ്കിനുസമീപം യോജിച്ച സ്ഥലമായിട്ടാണ് പറഞ്ഞറിയുന്നത്. വിൻഡ്മിൽ പമ്പ്സെറ്റ് സ്ഥാപിക്കുന്നതിനുള്ള സാമ്പത്തികസഹായം അനർട്ടിൽ നിന്ന് കിട്ടുന്നത് ഉപയോഗിക്കണം.

ഒറ്റൂർ പഞ്ചായത്തിൽ കറണ്ടുലൈൻ

വന്നത് ഒരു ആസൂത്രണത്തിന്റെ ഫലമായിട്ടല്ല, അപേക്ഷ കിട്ടി, ലൈൻ വലിച്ചു. സ്വകാര്യ വ്യക്തികളുടെ പറമ്പിലൂടെയും വളഞ്ഞും തിരിഞ്ഞും കറണ്ടുകാലുകൾ സ്ഥാപിച്ചിട്ടുണ്ട്. പ്രസരണനഷ്ടം വരുത്തുന്നതോടൊപ്പം കറണ്ടുകാലുകൾ അധികമായി ഉപയോഗിച്ചിരിക്കുന്നു. ഏഴാം വാർഡിൽ തെറ്റിക്കുളം–മങ്കാട്ടുമൂല, ശ്രീനാരായണപുരം – 6–ാം വാർഡ്; 5–ാം വാർഡിൽ നെല്ലിക്കോടുഭാഗം, രണ്ടാം വാർഡിലും ഒന്നാം വാർഡിനും ഇത്തരം കറണ്ടുകാലുകൾ മാറ്റി നേരെയാക്കാവുന്നതാണ്. റോഡുകളിലൂടെ മാത്രം കറണ്ടുകാലു കുഴിച്ചിട്ടു കറണ്ടുകൊടുത്താൽ പോലും വലിയൊരളവിൽ പ്രസരണനഷ്ടം ഒഴിവാക്കാം. ഒപ്പം കറണ്ടുകിട്ടാത്തവർക്കു അതു നൽകുകയുമാകാം. കറണ്ടു ദുരുപയോഗം തടയുക എന്നതുതന്നെ ഒരു ദേശീയ ലാഭമാണ്.

എല്ലാ കർമ്മ പദ്ധതിക്കും മുന്നൊരുക്കം വേണം; സർവ്വേ വേണം; ആസൂത്രണം വേണം. പാചകം, വെളിച്ചം, ജലസേചനം, കുടിവെള്ളം, വ്യവസായോർജ്ജം എന്നീ വിവിധ മേഖലകൾക്കും ഊർജ്ജം നൽകാനുള്ള പദ്ധതികൾക്കു രൂപം നൽകണം. സാങ്കേതികസേവനവും സാമ്പത്തികസഹായവും നൽകാൻ കഴിവുള്ള സർക്കാർ ഏജൻസികളേയും സന്നദ്ധസംഘടനകളേയും കണ്ടെത്തണം. അവരുടെ സഹായത്തോടെ വിശദമായ പ്രോജക്റ്റുകൾ തയ്യാറാക്കി ബന്ധപ്പെട്ട ഏജൻസികൾക്കു സമർപ്പിച്ചു സാമ്പത്തികം ലഭ്യമാക്കണം. ഈപദ്ധതികൾക്ക് സുതാര്യതയും ജനപങ്കാളിത്തവും ഉറപ്പാക്കാൻ പ്രത്യേകം ശ്രദ്ധിക്കണം.

### വൈദഗ്ദ്യപോഷണം പഞ്ചായത്തുതല സാദ്ധ്യതകൾ

നമ്മുടെ പ്രശ്നം രൂക്ഷമായ തൊഴിലില്ലായ്മയാണ്. അഭ്യസ്ഥവിദ്യരാണ് ഏറെയും. പറ്റിയ ആളെ കിട്ടാനില്ല എന്നതാണ് പരാതികളിൽ മിക്കതും. ആശാരിയെ കിട്ടാനില്ല; പ്ലമ്പറെ കിട്ടാനില്ല; കൃഷിപ്പണിക്കുപോലും ആളില്ല. പരാതികളുടെ പട്ടിക വലുതാണ്. വീടുപണിയ്ക്കും തോട്ടംപണിക്കും പാലുകറക്കാനും അന്യസംസ്ഥാനക്കാരായ ആളുകളാണ് ഇന്നുള്ളത്.

പാലുകറക്കാൻ യന്ത്രം പ്രചരിപ്പിക്കാത്തതിന്റെ യുക്തി ബോദ്ധ്യപ്പെട്ടിട്ടില്ല. യന്ത്രവല്ക്കരണം തടയാൻ ഇന്ന് എല്ലാ സംഘടനകളും അറയ്ക്കുന്നു. കമ്പ്യൂട്ടർ യുഗം പിറന്നിരിക്കുന്നു. രൂക്ഷമായ തൊഴിലില്ലായ്മ അഭ്യസ്ഥവിദ്യരിൽ നിന്നും മാറ്റിയെടുക്കാൻ കമ്പ്യൂട്ടർമേഖല വലിയസാദ്ധ്യത ഉണ്ടാക്കിയിട്ടുണ്ട്. ഇലക്ട്രോണിക്ക് രംഗവും ആയിരങ്ങൾക്കു തൊഴിൽ നേടിക്കൊടുക്കാനാകുന്ന വിധം മറ്റൊരു ശ്രമവും ഇല്ലാതെ തന്നെ വളർത്താൻ കഴിയും.

നമുക്ക് ആവശ്യമുള്ള ഉല്പന്നങ്ങൾ ഉണ്ടാക്കുക അതിന് ആധാരമായ ഒരു സേവനമേഖല വളർത്തിയെടുക്കണം. മൂലധനം, വെള്ളം, വൈദ്യുതി, ഗതാഗതം, വിവരവിനിമയം, മുതലായ അനുബന്ധസൗകര്യങ്ങൾ വേണം. സർവ്വോപരി വിദഗ്ദ്ധതൊഴിലാളികൾ വേണം. നല്ല പരിശീലനം നൽകി, തുടർ വിദ്യാഭ്യാസം നല്കി, തൊഴിൽ പരിശീലനവും ഉല്പാദന സേവന രംഗങ്ങളും തമ്മിൽ ബന്ധിപ്പിച്ച് വൈദഗ്ധ്യപോഷണം സഫലീകരിക്കണം.

### ഗ്രാമതലതൊഴിൽ സർവേ

പരമ്പരാഗതജോലികൾ – ക്ഷൗരം, അലക്ക്, എണ്ണയാട്ട്, നെയ്ത്ത്, കൽപ്പണി, മരപ്പണി, ഇരുമ്പുപണി, സ്വർണ്ണപ്പണി, തെങ്ങുകയറ്റം, എന്നിവ ജാതി ബന്ധമാണ്. ഇതു മാറണം; മാറ്റണം. അത്യന്താധുനിക ഉപകരണങ്ങളും അന്തരീഷവും ചേർന്ന ജോലിയുടെ പേരു ഒന്നു പരിഷ്കരിച്ചാൽ മേൽപ്പറഞ്ഞ തൊഴിലുകൾ മികച്ചസേവനരംഗമായി മാറ്റിയെടുക്കാം. ആധുനിക യന്ത്രസാമഗ്രികൾ ഘടിപ്പിച്ച ലാൻട്രി ഉടമയായാൽ അതൊരു കുലത്തൊഴിലായി നിലനില്ക്കില്ല.

### തൊഴിലിന്റെ അന്തസ് ഉയർത്തൽ

ഉല്പാദനക്ഷമത വർദ്ധിപ്പിച്ച് കൂട്ടായി വിലപേശി – പിടിച്ചുപറിയല്ല – കൂലിനിലവാരം ഉയർത്തി, ജോലിയുടെ അന്തസ്സ് ഉയർത്തണം.

യന്ത്രവല്കരണവും ഒരു ഘടകമാണ്.

ഉദാഹരണങ്ങൾ എത്രവേണമെങ്കിലുമുണ്ട്. ക്ഷൗരത്തിന് – ബ്യൂട്ടിപാർലർ, അലക്കിന് – ലാൻട്രി എണ്ണയാട്ടിന് – ഓയിൽമിൽ, നെയ്ത്തിന് – യന്ത്രത്തറി, മരപ്പണിക്കു–സാമിൽ, തെങ്ങുകയറ്റത്തിന് – യന്ത്രയേണി – എന്നുവേണ്ട കൃഷിക്ക് ഡ്രില്ലറും മറ്റും ആധുനിക യന്ത്രങ്ങളും വ്യാപകമായി ഉപയോഗിക്കണമെന്നു മാത്രം. ബ്രാഹ്മണൻ ബാർബറായാൽ അതൊരുവാർത്തയാണ്; പട്ടികജാതിക്കാരൻ പൂജാരിയായാലും ചലനമുണ്ടാക്കുന്ന വാർത്തയാകും. കരുതിക്കൂട്ടി ജോലികൾ യന്ത്രവല്ക്കരിച്ചാൽ അഭ്യസ്ഥവിദ്യരുടെ തൊഴിലില്ലായ്മ ഇല്ലാതാകും. ഉത്തേജകമായ പദ്ധതികൾ ആസൂത്രണം ചെയ്തു ബോധവല്ക്കരിച്ചാൽമതി.

**തൊഴിൽ സംഘങ്ങൾ**

അവിദഗ്ദ്ധ തൊഴിലാളികൾ അസംഘടിതരാണ്. ഇവരെ ചെറിയ സംഘങ്ങളാക്കണം. കൂലി നിജപ്പെടുത്തണം. ജോലി ലഭ്യതയ്ക്കു സംഘം പ്രവർത്തകർ മുൻകൂട്ടി രജിസ്റ്റർ ചെയ്യണം. തൊഴിൽകൂട്ടങ്ങൾ ഒന്നിച്ച് ഒരുകേന്ദ്രത്തിന്റെ കീഴിലാകുമ്പോൾ സ്ഥിരം ജോലിയായി അവിദഗ്ദ്ധതൊഴിലും രൂപാന്തരപ്പെടും. വിദഗ്ദ്ധരാക്കിമാറ്റാൻ യന്ത്രവല്ക്കരണം സഹായിക്കും. പഠനവും പരിശീലനവും നിരന്തരം ഉണ്ടായിക്കൊണ്ടിരിക്കുകയും വേണം. വിദഗ്ദ്ധനാകാൻ പഠനം വേണമല്ലോ. ഘർഷണം ചെയ്യുന്നതോടൊപ്പം കത്തിക്കു മൂർച്ചയേറും എന്നല്ലേ ശാസ്ത്രം. ഇൻഷുറൻസ്, പ്രാവിഡന്റ് ഫണ്ട്, പെൻഷൻ, മുതലായ ആനുകൂല്യങ്ങൾ സംഘത്തിന്റെ പ്രവർത്തനഫലമായി നേടിയെടുക്കാം. ഉല്പാദനവർദ്ധനവിനും, ജോലിക്കും, യന്ത്രങ്ങൾ കൈകാര്യം ചെയ്യാനും ഈസംഘപ്രവർത്തനം സഹായിക്കും. മാന്യമായ കൂലിയെന്നാൽ മാന്യമായ ജീവിതസൗകര്യം എന്നുതന്നെ. അനാചാരങ്ങളുടെ അടിവേരറുക്കാൻ, തൊഴിൽരഹിത വർഗം ഇല്ലാതാക്കാൻ തൊഴിൽസംഘങ്ങൾക്കു മുന്നിൽനിന്നും പ്രവർത്തിക്കാനാകും.

**വീട്ടുജോലി**

വീട്ടുജോലിക്കു ആളെ കിട്ടുന്നില്ലായെന്ന പരാതി സാർവത്രികമാണ്. യന്ത്രവല്ക്കരണം കൊണ്ടും ഭക്ഷ്യവസ്തുക്കൾ സൂക്ഷിച്ചുവച്ചിരുന്നുപയോഗിക്കുന്ന യന്ത്രസംവിധാനം ഉപയോഗിച്ചും പരമ്പരാഗത ആഹാരത്തിന് മാറ്റം വരുത്തിയും ഒരു പരിധി വരെ ജോലിക്കാരെ ഒഴിവാക്കാം.

വീട്ടുജോലി സംഘങ്ങൾ ഉണ്ടാകണം, പരിചയസമ്പന്നകളായ സ്ത്രീകളെ, പുരുഷന്മാരെ ഏർപ്പാടാക്കാൻ സംഘം പ്രവർത്തനത്തിനു കഴിയും. ഹോം സയൻസും, ന്യൂട്രീഷൻ പരിശീലനവും നേടിയ ജോലിക്കാരെ ആവശ്യക്കാർക്കു എത്തിച്ചുകൊടുക്കാനുള്ള ഏർപ്പാടാണുണ്ടാകേണ്ടത്. മുൻകൂട്ടി വേതനം നിശ്ചയിച്ചു അനുയോജ്യമായ ജോലിക്കാരെ എത്തിച്ചു കൊടുക്കുന്ന രീതി. പഞ്ചായത്തു തലത്തിൽ കേന്ദ്രയാഫീസും പ്രവർത്തകരും ഉണ്ടാക്കിയെടുക്കണം. ചുമട്ടുതൊഴിലാളി രംഗത്തു നേടിയെടുത്ത വരവിനംപോലെ വീട്ടുജോലിക്കും ജോലി ഭദ്രതയും രക്ഷയും ഉണ്ടാകണം. വീട്ടുജോലിക്കു ആളെ ആവശ്യമുള്ളപ്പോൾ അവരുടെ ഓഫീസുമായി ബന്ധപ്പെട്ടാൽ ആളിനെ കിട്ടുന്ന സ്ഥിതി വേണം. ആവശ്യമുള്ള സമയം മാത്രം ജോലി ചെയ്യുന്നരീതി. ഇത് പലവീടുകളിൽ ഒരു ദിവസം ഒരാൾ ജോലിചെയ്യുന്ന രീതിയാണ്. സൈക്കിൾ, സ്കൂട്ടർ, കാറുപോലും ഉപയോഗിക്കാനും ജോലിക്ക് മാന്യതയും വരുമാനവും ഉണ്ടാകാനും തുടങ്ങും. ഒന്നിലധികം വീടുകളിൽ ഒരു തൊഴിലാളി ഒരു ദിവസം ജോലിചെയ്യുമ്പോൾ ആശ്രിതമനോഭാവം മാറികിട്ടുകയും ചെയ്യും. ഒന്നിച്ചു ഒരു സംഘമായി പണിയെടുക്കാവുന്ന സാദ്ധ്യതയും തള്ളിക്കളഞ്ഞുകൂടാ. ഒരാളിനുപകരം മറ്റൊരാൾ വരാൻ സാദ്ധ്യതയുള്ളതിനാൽ വീട്ടുകാർക്കു ജോലിക്കാരെ കിട്ടാതെ ഇരിക്കുന്ന പ്രശ്നവും ഇല്ല. ഹോം നഴ്സിംഗ്, ആധുനിക പാചകവിദ്യകൾ, യന്ത്രങ്ങൾ, (തൂക്കാൻ വാക്വം ക്ലീനർ പുല്ലു അറുക്കാൻ യന്ത്രം) മറ്റുപകരണങ്ങൾ ഇവ പഠിപ്പിക്കാനും പരിശീലിപ്പിക്കാനും സംഘ

ത്തിനു കഴിയണം, തൊഴിലിനു മാന്യത വരും. പേരു മാറ്റാം. തൊഴിലില്ലായ്മക്കു പരിഹാരവും ആകും.

### സദ്യയൊരുക്കൽ

ഒരു പരമ്പരാഗത തൊഴിൽ മേഖലയെ കച്ചവടാടിസ്ഥാനത്തിൽ പുനഃസംഘടിപ്പിക്കാവുന്നതിന്റെ സാദ്ധ്യതയുണ്ട്. വിവാഹം, വിവാഹനിശ്ചയം, പുറന്നാൾ, മറ്റുപാർട്ടികൾ, മരണവീടുകളിലെ ആഹാര പ്രശ്നം, ഇവയ്ക്കു ഒക്കെ സദ്യയൊരുക്കുന്ന തൊഴിൽ കൂട്ടങ്ങൾ ഉണ്ടാകണം. വീട്ടുകാർക്കു സ്വയം ചെയ്യാവുന്ന ഏർപ്പാടല്ലയിത്. സംഘമായി വന്ന് ഇത്തരം, വയ്പ്, വിളമ്പ് എന്നിവയ്ക്കു വേണ്ട ഉപകരണസഹിതം എത്തിയാൽ ഈ ജോലിക്കു മാന്യതയും ഉണ്ടാകും, വേതനവും വർദ്ധിക്കും. സ്വകാര്യ ഏർപ്പാടിൽ നിന്നും ഉത്തരവാദിത്വമുള്ള സംഘപ്രവർത്തനമാകണം. നിയമ രക്ഷയ്ക്കു വേണ്ട ഏർപ്പാടും തരമാക്കണം.

### കാര്യസ്ഥൻ

ജന്മികളുടെ കാര്യസ്ഥൻ, അവഹേളനമേറ്റു, മുണ്ട് അരയിൽ കെട്ടി കുനിഞ്ഞു നിൽക്കുന്ന, കാര്യസ്ഥനല്ല. ഇത് പണ്ടത്തെ കാര്യസ്ഥന്റെ ആധുനിക രൂപമാണ്. കാര്യസ്ഥസംഘം. കറണ്ട് അടയ്ക്കാൻ, കുട്ടികളെ സ്കൂളിൽ കൊണ്ടുപോകാൻ, ഓഫീസുകളിലും സ്കൂളിലും ജോലിസ്ഥലത്തും ചോറുകൊണ്ടുപോകാൻ, കരം കെട്ടാൻ പോകാൻ, സാധനങ്ങൾ വാങ്ങാൻ പോകാൻ, ചന്തയിൽ പോകാൻ, അടിയന്തിര ലെറ്ററുകൾ പേരുകാർക്കു നൽകാൻ, നോട്ടീസ് യഥാസമയം കക്ഷികൾക്കെത്തിക്കാൻ, ഒക്കെ കാര്യസ്ഥൻ വേണം. ഒരു വിവാഹം വരുമ്പോൾ, ഒരു മരണം സംഭവിക്കുമ്പോൾ, ഒരു രോഗിയുണ്ടായാലുണ്ടാകുന്ന പ്രശ്നങ്ങൾക്ക്, പറമ്പിൽ ആദായം എടുക്കുന്നിടത്ത്, പറമ്പിലെ പണിക്കു പണ്ട് കാര്യസ്ഥൻ ചെയ്തിരുന്നതൊക്കെ ചെയ്യിക്കാൻ ആളെ നിയോഗിക്കുന്ന കാര്യസ്ഥ സംഘമാഫീസ്. ഇതുണ്ടായാൽ ജോലിക്കു മാന്യത; വേതനവും മെച്ചം, ജോലിക്കു സ്ഥിര സ്വഭാവവും ഉണ്ടാകും. എല്ലാ ക്ഷേമപ്രവർത്തനവും ഒരുക്കിയെടുക്കാനുമാകും. ആവശ്യക്കാർ ഏറെ ഉണ്ട് എന്നതാണ് മറ്റൊരു വസ്തുത.

### ഗ്രാമീണ ടെക്നീഷ്യൻമാർ

അല്പസ്വല്പം എല്ലാ സാങ്കേതിക വിദ്യകളും അറിയാവുന്ന കർമ്മ കുശലൻ–അവരെ നമുക്കു ഗ്രാമീണ ടെക്നീഷ്യൻ എന്നു വിളിക്കാം. ഇവർക്കു ഒരു കേന്ദ്രയാഫീസും പ്രവർത്തനവും സംഘടിപ്പിക്കണം.

നമുക്കു വീടുകളിൽ ഉള്ള പല ഉപകരണങ്ങളും റിപ്പയർ ചെയ്തു കിട്ടുന്നതിന് ആളെ തിരക്കി നടക്കേണ്ട സ്ഥിതി നിലവിലുണ്ട്. ഒരു കേന്ദ്രത്തിൽ അറിയിച്ചാൽ ആളെ കിട്ടും എന്ന സ്ഥിതി ഒരു അനുഗ്രഹമാകും. ഒപ്പം തൊഴിലില്ലാത്തവർക്കു ഒരു സ്ഥിരം വരുമാനമാർഗ്ഗമാകുകയും ചെയ്യും.

വയറിംഗ്, പ്ലംബിംഗ്, പമ്പുറിപ്പയർ, ഗൃഹോപകരണങ്ങളുടെ റിപ്പയർ, അത്യാവശ്യ വെൽഡിംഗ് (ബയോഗ്യാസ് പൈപ്പുവെൽഡു ചെയ്യണമല്ലോ) സ്റ്റൗ റിപ്പയർ, TV, VCP, VCR, കേബിൾ ഇവയുടെ നന്നാക്കൽ തേപ്പുപെട്ടി, ഫ്രിഡ്ജ്, റേഡിയോ, ക്ലോക്ക്, മെച്ചപ്പെട്ട വിറക് അടുപ്പ് (പരിഷത്തടുപ്പ്) നിർമ്മിക്കലും റിപ്പയറും എന്നിങ്ങനെയുള്ള പണിയെല്ലാം ചെയ്യുന്ന ആൾക്കാരെ ഒരു കേന്ദ്രത്തിൽ എത്തിച്ചു നിയോഗിച്ച് ചെയ്യിക്കുന്ന സംഘപ്രവർത്തനം ഉണ്ടാകണം. സംഘത്തിൽ ആളെ ചേർക്കുന്നതിന് അല്പസാമർത്ഥ്യം ഉള്ളവരെ കണ്ടെത്തണം. തുടർന്നു എല്ലാ റിപ്പയറും പരിശീലിപ്പിക്കണം. പഠനവും പ്രവർത്തനവും ഏകോപിപ്പിക്കണം. നല്ല വരുമാനം ഉണ്ടാക്കാവുന്ന തൊഴിലാണ്. ഇന്നു ചൂഷണം അധികമായി നടക്കുന്ന മേഖലയാണ്. ന്യായമായ കൂലികൊടുത്താൽ ചെയ്യിക്കാവുന്ന ജോലി, അതു ഒരു സ്ഥലത്തു നിന്നും ഏർപ്പാടാക്കും എന്നു വന്നാൽ ഗുണ ഭോക്താക്കൾക്കു ഒരനുഗ്രഹവും സ്ഥിരം ജോലിയാക്കി മാറ്റാവുന്ന ഒരു ജോലിയായും ഇതു രൂപാന്തരപ്പെടുത്തിയെടുക്കാം.

### കാർഷിക സഹായസംഘങ്ങൾ

വീടുകളിൽ കൃഷിപണിക്കു ജോലിക്കാരെ വേണം. നെട്ടോട്ടമാണ്. മഴയെ ആശ്രയിച്ചുള്ള കൃഷിപ്പണി കാലാകാലങ്ങളിൽ നടത്തിക്കിട്ടണം. വളം, വെള്ളം, നിലമൊരുക്കൽ തുടങ്ങി അനവധി അനുബന്ധ ജോലികളുമുണ്ട്.

പച്ചക്കറി കൃഷിനടത്തണമല്ലോ. സഹായത്തിനു ജോലിക്കാരെ വേണം. ഒരു ജാതി വിത്തു നട്ടുകിട്ടിയാൽ വിള സംരക്ഷിക്കാൻ വീട്ടുകാർക്കു കഴിയും. നടുന്ന ജോലിക്കാരന് ശാസ്ത്രീയരീതികൂടി അറിയാമെങ്കിൽ ആ ജോലിക്കാരന്റെ നിർദ്ദേശാനുസരണം മറ്റു പണികൾ ചെയ്യാൻ വീട്ടുകാർക്കു കഴിയും. തുടർന്നു വീട്ടുകാർക്കു കൃഷിയിൽ താൽപര്യവും സ്വയം ചെയ്യാനുള്ള കഴിവും നേടാനാകും. ഔഷധസസ്യങ്ങൾ, അലങ്കാരച്ചെടികൾ, അലങ്കാരമത്സ്യം ഇവയ്ക്കു ഒക്കെ പരിചയവും ശാസ്ത്രബോധവും ഉള്ള ജോലിക്കാർ വേണം. ഇത്തരം ജോലി ചെയ്യാനും ചെയ്യിക്കാനും വേണ്ടിടത്ത് യന്ത്രസഹായം തേടാനും കഴിവു വരുമ്പോൾ ജോലിക്കു മാന്യത വരും. അഭ്യസ്ഥ വിദ്യരായ തൊഴിലില്ലാത്തവർക്കു സ്ഥിരം വരുമാനമുള്ള ഏർപ്പാടാകും.

### ഭക്ഷ്യ സംസ്ക്കരണ സംഘങ്ങൾ

അച്ചാറും, വറ്റലും, പലഹാരങ്ങളും ഒക്കെ ഉണ്ടാക്കാൻ കഴിവുള്ളവരെ നിയോഗിക്കാൻ കഴിയുന്ന സംഘമുണ്ടാകണം. ചക്ക, പപ്പായ, നാട്ടുമാങ്ങ തുടങ്ങിയവ സംസ്ക്കരിച്ചു വിപണനം നടത്താൻ വേണ്ട സഹായങ്ങൾ ചെയ്തുകൊടുക്കുന്ന സംഘം. ആഹാരം പോഷകമൂല്യമുള്ളതാക്കാൻ അറിവുള്ള സംസ്ക്കരണ സംഘം. ഊർജ്ജലാഭം ഉണ്ടാക്കാൻ അറിയുന്നവരുള്ള സംഘം. ഒരു ഓഫീസിൽ നിന്നു സമയാസമയങ്ങളിൽ കിട്ടണം. ഈ തൊഴിലിനും മാന്യതയും സ്ഥിര വേതനവും ഉറപ്പാക്കാം.

### അറിയിപ്പു സംഘങ്ങൾ

കല്യാണകത്തു വിതരണം, മരണ വിവരങ്ങൾ നൽകൽ, നോട്ടീസ് വിതരണം, പന്തൽകെട്ടൽ, ഉച്ചഭാഷിണി, അലങ്കാരങ്ങൾ ഇവയാകെ നടത്താൻ കഴിയുന്ന വിദഗ്ദ്ധരും അവിദഗ്ദ്ധരുമായ സംഘം.

### സോപ്പു, കടലാസ്, പുല്ല്, പനമ്പു തുടങ്ങിയ ഉല്പന്നങ്ങൾ

വിവാഹക്ഷണക്കത്തും, ഗ്രീറ്റിംഗ് കാർഡുകളും മീറ്റിംഗ് അറിയിപ്പുനോട്ടീസും തുടങ്ങിയവ കൈകൊണ്ടുണ്ടാക്കാവുന്ന പേപ്പർ ഉപയോഗിച്ചു നടത്താനാകും. ഇതിനു സ്ഥിരം പരിശീലന സ്ഥലം ഉണ്ടാകണം. സോപ്പുണ്ടാക്കി കുറഞ്ഞ വിലയ്ക്കു വിൽക്കാനും അതുണ്ടാക്കാൻ വേണ്ട പരിശീലനവും നടത്തണം. പുല്ലുകൊണ്ടുള്ള പായ് ഉണ്ടാക്കാനും അതിനുള്ള പരിശീലനവും വേണം. കുട്ട, വട്ടി, ചൂരൽ കസേര, കൗതുക വസ്തുക്കൾ, പ്രതിമകൾ, എന്നിവ ഉണ്ടാക്കുകയും വിപണനം നടത്തുകയും ചെയ്യുന്നതും പരിശീലന സൗകര്യങ്ങൾ നൽകാനും ഏർപ്പാടാക്കണം. ഇത് കണ്ടെത്താവുന്ന യന്ത്രസഹായത്തോടെ പരിശീലനവും ഉല്പാദനവും വിപണനവും ജനകീയ സംഘങ്ങൾ സ്വയം തുല്യാവകാശത്തോടെ ചെയ്താൽ മതിയായ ശംബളവും ജോലിക്കു മാന്യതയും ഏവർക്കും ചെയ്യാവുന്ന തൊഴിലായും പരുവപ്പെടുത്തിയെടുക്കാം.

### തൊഴിലധിഷ്ഠിത വിദ്യാഭ്യാസം

മേൽപറഞ്ഞ തൊഴിലുകൾ, പഠിപ്പിക്കാവുന്ന വിധം സ്കൂളുകളെ പരിവർത്തനം ചെയ്യണം. ഗവൺമെന്റ് സ്കൂളുകളിൽ തൊഴിൽ അധിഷ്ഠിത വിദ്യാഭ്യാസം ഉണ്ടാകണം. ഉപരിതലവർഗ്ഗം എന്നു മെന്നപോലെ ഈ നടപടികൾക്കു ഇടംകോലിടും. നേരം വെളുത്തയുടനെ കുട്ടികളെ കെട്ടിയൊരുക്കി ലഗേജ് കൂലിക്കർഹമായ ഭാരമുള്ള പുസ്തകവുമായി റ്റ്യൂഷൻഹോമിലും പള്ളിക്കൂടത്തിലും വീണ്ടും റ്റ്യൂഷനും പോയി വൈകിട്ടു തളർന്നു വരുന്ന കുട്ടികളുടെ ദുരിതം അകറ്റാനും "പഠനം പായൽപ്പായസം" ആക്കാനും തൊഴിലധിഷ്ഠിത വിദ്യാഭ്യാസം ഉപകരിക്കും. സ്വയം തൊഴിൽ കണ്ടെത്താൻ, വരുമാന മാർഗ്ഗമുണ്ടാക്കാൻ, മാനേജുമെന്റു ബോധം ആർജിക്കാൻ

സഹായിക്കുന്ന ഏർപ്പാടാകും. ഒന്നും ചെയ്യാതെ, ഇരുന്നുണ്ണുന്ന, പൂർവ്വികർ സമ്പാതിച്ച മുതലു ഊറ്റിയെടുത്ത് പരാന്നഭോജി വർഗ്ഗത്തിന് തടസ്സങ്ങൾ പലതും ഈ മേഖലയിൽ ചെയ്യാനാവും. ഇത് ജനകീയ ഇടപെടൽ കൊണ്ടേ പരിഹരിക്കാനാവൂ. തൊഴിലാളി നേതാവ് ആ രംഗത്തു പണിയെടുക്കുന്നവനാകണം. രാഷ്ട്രീയ നേതാവ് രാഷ്ട്രത്തിന്റെ കെടാവിളക്കാകണം. വിദ്യാലയം വിടുന്ന വിദ്യാർത്ഥി സ്വയം ജീവിക്കാൻ പ്രാപ്തനാകണം. താങ്ങി വളരുന്ന ജീവി, ലത, താങ്ങു മാറുമ്പോൾ അനാഥനാകും; വീഴും.

മോട്ടോർ വർക്കുഷാപ്പുകൾ, സിനിമാശാലകൾ, നെയ്ത്തുശാലകൾ, ഫോട്ടോ സ്റ്റുഡിയോകൾ, പ്രസ്സുകൾ, ഇലക്ട്രോണിക്കുഷാപ്പുകൾ, ഫർണിച്ചർ വർക്ക്സുകൾ, വെൽഡിംഗ് വർക്കുഷാപ്പുകൾ എന്നിവ ബന്ധിച്ചുള്ള സ്കൂൾതല പരിശീലനം വേണം. ഇവിടുത്തെ വിദഗ്ദ്ധരെ വിളിച്ചുവരുത്തി ക്ലാസ്സെടുപ്പിക്കണം. പ്രായോഗിക പരിശീലനം നേരിട്ടു ചെന്ന് നടത്തണം. പരിശീലകരായി നിറുത്തണം. ഇപ്രകാരമുള്ള തൊട്ടറിഞ്ഞ പ്രവർത്തിപരിചയം ജീവിതത്തിന്റെ മുന്നോട്ടുള്ള ഗതിക്കു ആത്മവിശ്വാസം ഉറപ്പു വരുത്തും. പഞ്ചായത്തു നേതൃത്വപരമായ പങ്കു വഹിക്കണം. എല്ലാ സൗകര്യങ്ങളും ലഭ്യമായ സ്ഥലത്തു നിന്നും കിട്ടാൻ ഉറപ്പു വരുത്തിയാൽ തൊഴിലില്ലാപ്പട പ്രയോഗം നിന്നു പോകും. ജോലി ചെയ്യാത്തവരുടെ പടയെ സൂക്ഷിച്ചാൽ മതി.

## അനുബന്ധം – 11

### ഒറ്റൂർ ഗ്രാമപഞ്ചായത്ത്
### 11.1 IRDP സർവ്വേ പ്രകാരം – ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ളവരുടെ വിവരം

| വാർഡ് നമ്പർ | സർവ്വേപ്രകാരം കണ്ടെത്തിയ ആകെ കുടുംബങ്ങളും എണ്ണം | ഇതിൽ SC/ST കുടുംബങ്ങൾ | നാളിതുവരെ സാമ്പത്തിക സഹായം ലഭിച്ച കുടുംബങ്ങൾ | ഇതിൽ ST/SC | സഹായം ലഭിച്ചതുവഴി ദാരിദ്ര രേഖയ്ക്കു മുകളിലെത്തിയ കുടുംബങ്ങൾ | ദാരിദ്രരേഖയ്ക്കു താഴെയുള്ള ആകെ കുടംബങ്ങൾ (സഹായം ലഭിച്ചവർ ഉൾപ്പെടെ) |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| 1 | 87 | 12 | 42 | 8 | 42 | 105 |
| 2 | 137 | 24 | 64 | 17 | 64 | 150 |
| 3 | 109 | 76 | 75 | 54 | 75 | 120 |
| 4 | 132 | 12 | 68 | 9 | 68 | 140 |
| 5 | 150 | 74 | 90 | 63 | 90 | 170 |
| 6 | 101 | 30 | 49 | 24 | 49 | 120 |
| 7 | 75 | 12 | 32 | 7 | 32 | 90 |
| 8 | 82 | 15 | 27 | 12 | 27 | 98 |

## 11.2 ട്രൈസം - തൊഴിൽ പരിശീലനം നേടിയവരുടെ വിവരം

| വാർഡ് നമ്പർ | പരിശീലനം - വിഷയത്തിന്റെ പേര് | പരിശീലനം ലഭിച്ചവരുടെ എണ്ണം | സ്വയംതൊഴിൽ കണ്ടെത്തിയവരുടെ എണ്ണം | ഇതരതൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർ | അവശേഷിക്കുന്നവർ |
|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 |
| 1 | Book Binding | 1 | 3 | - | - |
| | Welding | 2 | | | |
| 2 | Repair of Home Appliances | 1 | 1 | - | - |
| 3 | Electrician | 1 | | | |
| | Printing & Composing | 1 | 2 | - | - |
| 4 | Cane Works | 1 | | | |
| | TV & Radio Mechnisam | 2 | 1 | - | 2(Trainee) |
| 5 | Tailoring | 5 | 5 | - | - |
| 6 | Electrician | 1 | | | |
| | TV & Radio Mechanism | 3 | 4 | - | - |
| | Book Binding | 1 | | | |
| 7 | Cane works | 1 | | | |
| | Book Binding | 1 | | | |
| | TV & Radio Mechanisam | 1 | | | |
| 8 | Cane Works | 1 | | | |
| | Book binding | 1 | 3 | - | - |
| | Repair of Home appliances | 1 | | | |
| | Printing & Composing | 1 | | | |

*ഒരു വാർഡിൽ തന്നെ വിവധ വിഷയങ്ങളിൽ പരിശീലനം നേടിയവർ കാണും. ഓരോ വാർഡിന്റേയും വിവരം എഴുതിയതിനുശേഷം അടുത്ത വാർഡിന്റെ എഴുതുക.*

## 11.3 സാമൂഹ്യ വനവത്ക്കരണ പരിപാടിയിലൂടെ ഉദ്പാദിപ്പിച്ച തൈകളുടെ വിവരം

| ഉല്പാദിപ്പിച്ച തൈയുടെ ഇനം | ആകെ ഉല്പാദിപ്പിച്ച തൈകളുടെ എണ്ണം | | | | | വിതരണം നടത്തിയതിന്റെ എണ്ണം | | | | |
|---|---|---|---|---|---|---|---|---|---|---|
| | 1991 | 1992 | 1993 | 1994 | 1995 | 1991 | 1992 | 1993 | 1994 | 1995 |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
| *1992-- 93* | | | | | | | | | | |
| Cashew Seedlings | | | | | | | 5 | | | |
| Mango " | | | | | | | 5 | | | |
| Jeck Grafts | | | | | | | 35 | | | |
| *1993-94* | | | | | | | | | | |
| Cherry | | | | | | | | 4200 | | |
| Belham | | | | | | | | 1300 | | |
| Mahagani | | | | | | | | 1700 | | |
| Venga | | | | | | | | 700 | | |
| Cashew | | | | | | | | 625 | | |
| Guava | | | | | | | | 375 | | |
| Narakom | | | | | | | | 400 | | |
| Agasthy | | | | | | | | 700 | | |
| *1994-95* | | | | | | | | | | |
| Coconut Seedlings | | | | | | | | | 50 | |
| ആകെ | | | | | | | | | | |

## 11.4 DWCRA പദ്ധതിപ്രകാരം രൂപപ്പെട്ട തൊഴിൽ സംരംഭങ്ങളുടെ വിവരം

| വാർഡ് | തൊഴിൽ സംരംഭത്തിന്റെ ഇനം | ആരംഭിച്ച വർഷം | പ്രവർത്തിക്കുന്ന അംഗങ്ങളുടെ എണ്ണം | പ്രവർത്തനക്ഷമത സംബന്ധിച്ച കുറിപ്പ് |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| V | പേഷർ കവർ നിർമ്മാണം | 1993-94 | 10 | പ്രവർത്തനം ഇല്ല. |

## 11.5 ഭവന നിർമ്മാണത്തെ സംബന്ധിക്കുന്ന വിവരം

| വാർഡ് നമ്പർ | വീട് ആവശ്യമുള്ള കുടുംബങ്ങളുടെ എണ്ണം (IRDP സർവ്വേ പ്രകാരം) | വിവിധ പരിപാടി കളിലായി അനുവദിച്ച വീടുകൾ | പൂർത്തീകരിച്ച വീടുകൾ | അനുവദിച്ചതിൽ ഇനി പൂർത്തീകരി രിക്കാനുള്ള വീട് | ഇനിയും അനു വദിക്കേണ്ട വീടുകളുടെ എണ്ണം |
|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 |
| 1 | 41 | 11 | 9 | 2 | 30 |
| 2 | 30 | 11 | 11 | - | 19 |
| 3 | 67 | 19 | 18 | 1 | 48 |
| 4 | 46 | 15 | 15 | - | 30- 31 |
| 5 | 93 | 23 | 21 | 2 | 70 |
| 6 | 35 | 3 | 3 | - | 32 |
| 7 | 49 | 9 | 9 | - | 40 |
| 8 | 44 | 5 | 5 | - | 39 |
| | 405 | 96 | 91 | 5 | 309 |

## 11.6 കക്കൂസുകൾ സംബന്ധിക്കുന്ന വിവരം

| വാർഡ് നമ്പർ | സാനിട്ടറി കക്കൂസുകൾ ഇല്ലാത്ത വീടുകളുടെ എണ്ണം (IRDP സർവ്വേ പ്രകാരം) | വിവിധ പദ്ധതികളിലായി ഇതുവരെ അനുവദിച്ച കക്കൂസുകളുടെ (1992 നുശേഷം) | പൂർത്തീകരിച്ചവയുടെ എണ്ണം | ഇനി കക്കൂസുകൾ വേണ്ട കുടുംബങ്ങളുടെ എണ്ണം |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| 1 | 26 | | | 26 |
| 2 | 25 | 13 | 13 | 12 |
| 3 | 68 | 8 | 8 | 60 |
| 4 | 64 | 4 | 4 | 60 |
| 5 | 47 | 14 | 14 | 33 |
| 6 | 17 | 4 | 4 | 13 |
| 7 | 27 | 6 | 6 | 21 |
| 8 | 23 | 3 | 3 | 20 |
| | 297 | 52 | 52 | 245 |

## 11.9 ഗ്രാമീണ കൈത്തൊഴിലുകാർക്ക് ആധുനിക ഉപകരണങ്ങൾ നൽകുന്ന പരിപാടി (RAP)

| വാർഡ് നമ്പർ | IRDP സർവേ പ്രകാരം ഗ്രാമീണ കൈത്തൊഴിലുകാരുടെ എണ്ണം | സഹായം ലഭിച്ചവരുടെ എണ്ണം | ഇനി സഹായത്തിന് അർഹതയുള്ളവരുടെ എണ്ണം | കുറിപ്പ് |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| 1 | - | - | | |
| 2 | 2 | - | 2 | |
| 3 | 4 | 2 | 2 | |
| 4 | 4 | 3 | 1 | |
| 5 | 8 | 5 | 3 | |
| 6 | 5 | 2 | 3 | |
| 7 | 2 | 1 | 1 | |
| 8 | 2 | 1 | 1 | |
| | 27 | 14 | 13 | |

# വിദ്യാഭ്യാസം

ഒറ്റൂർ ഗ്രാമപഞ്ചായത്തിലെ ജനങ്ങൾ തങ്ങളുടെ കുട്ടികൾക്ക് ഉന്നതവിദ്യാഭ്യാസം നല്കുവാൻ ആഗ്രഹിക്കുന്നവരാണ്. പട്ടണ പ്രദേശങ്ങളിലുള്ള വിദ്യാലയങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ഈ പഞ്ചായത്തിലെ സ്കൂളുകളുടെ അവസ്ഥ വളരെ ശോചനീയമാണ്. ഏഴ് സ്കൂളുകളുകളാണ് ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നത്. അഞ്ച് സർക്കാർ സ്കൂളുകളും രണ്ട് എയ്ഡഡ് സ്കൂളുകളും. വിവിധ സ്കൂളുകളിലായി 4339 കുട്ടികൾ പഠിക്കുന്നു. 2324 ആൺകുട്ടികളും, 2315 പെൺകുട്ടികളും, ഒരു H.S, 4 L.P.S, 2 U.P.S, കഴിഞ്ഞ പത്തു വർഷങ്ങളായി വിദ്യാലയങ്ങൾ വർദ്ധിക്കുകയോ, ക്ലാസ്സുകൾ കൂടുകയോ ചെയ്തിട്ടില്ല. വിവിധസ്കൂളുകളിലായി 139 അധ്യാപകർ ഉണ്ട്. അവരിൽ തന്നെ പുരുഷൻമാർ 31, സ്ത്രീകൾ 108. സ്കൂളുകളിലെ ഭൗതിക സൗകര്യങ്ങൾ കുറവാണ്. ആകെ സ്ഥലത്തിന്റെ വിസ്തീർണ്ണം 8.36 ഏക്കർ സ്ഥലമാണ്. മിക്ക സ്കൂളുകൾക്കും നൂറ്റാണ്ടിന്റെ പഴക്കമുണ്ടെന്ന് പഴമക്കാർ പറയുന്നു. രേഖകൾ അപര്യാപ്തമാണ്. പൊതുവിൽ പി.ടി.എ. കളുടെ പ്രവർത്തനം ക്രിയാത്മകമാണ്. സ്കൂൾ യുവജനോത്സവം സമയബന്ധിതമായി തന്നെ നടത്തുന്നു. പ്രാഗൽഭ്യമുള്ള കുട്ടികൾ അവരുടെ കഴിവിന്റെ മാറ്റുരയ്ക്കുന്നു. തുടർന്ന് സബ്ജില്ല, മത്സരത്തിലും പങ്കെടുക്കുന്നു. കലാമത്സരയിനങ്ങൾ ഇപ്പോൾ പണക്കൊഴുപ്പിന്റെ മത്സരമായി മാറിയിരിക്കുന്നതിനാൽ ഗ്രാമീണമേഖലയിൽ നിന്നും പങ്കെടുക്കുന്ന കുട്ടികൾ പിന്നിലാകുന്നു. കായിക മത്സരത്തിൽ പരിശീലനക്കുറവ് ഒരു പ്രധാന പോരായ്മയാണ്. മിക്ക സ്കൂളുകളിലും കളി സ്ഥലമോ കായിക അധ്യാപകരോ ഇല്ല. പാരലൽ കോളേജുകൾ പ്രവർത്തിക്കുന്നു. സാങ്കേതിക പരിശീലന കേന്ദ്രം ഇല്ല. അനൗപചാരിക വിദ്യാഭ്യാസമേഖലയിൽ പഞ്ചായത്ത് സ്വാധീനം ചെലുത്തിയിട്ടുണ്ട്. ഗ്രന്ഥശാലകളും, വായനശാലകളും പ്രവർത്തിക്കുന്നു. സാക്ഷരതാ പ്രസ്ഥാനത്തിൽ വായനശാലകൾ സഹായിക്കുന്നു.

പ്രശ്നങ്ങൾ

1. കളിസ്ഥലത്തിന്റെ വിസ്തീർണ്ണം കുറവ്.

2. സ്ഥിരം കെട്ടിടങ്ങൾ വേണ്ടത്ര ഇല്ല. ഫർണീച്ചർ അപര്യാപ്തമാണ്. പ്രഥമികാവശ്യത്തിനുള്ള സൗകര്യങ്ങളുടെ കുറവ്

3. താല്ക്കാലിക ഷെഡുകളെ ആശ്രയിച്ചാണ് ക്ലാസ്സുമുറികൾ.

4. ദൃശ്യ-ശ്രാവ്യ ഉപകരണങ്ങൾ ഇല്ല.

5. അദ്ധ്യായന ദിനങ്ങൾ കുറയുന്നു.

6. പഠനത്തിൽ പിന്നോക്കം നില്ക്കുന്നത് പ്രത്യക വിഭാഗംകുട്ടികൾ.

സ്കൂളുകൾ

1. ഗവ. V.H.S.S ഞെക്കാട്: 63 ഡിവിഷനുകളുള്ള ഈ സ്കൂളാണ് പഞ്ചായത്തിലെ ഏക ഹൈസ്കൂൾ. ഇവിടെ 2516 കുട്ടികൾ പഠിക്കുന്നു. V.H.S. ക്ലാസ്സുകൾക്ക് സ്ഥിരം അധ്യാപകരില്ല. ഷിഫ്റ്റ് മാറിയെങ്കിലും ഒരു ഇരുനില കെട്ടിടം കൂടി ഉണ്ടായാലേ നിലം പതിക്കാറായ ഓലഷെഡുകൾ മാറ്റാൻ കഴിയൂ. ഫർണീച്ചർ

അപര്യാപ്തം. ചുറ്റും മതിലുണ്ടായിട്ടും സാമൂഹികവിരുദ്ധരുടെ ശല്യം ഉണ്ടാകുന്നു. സമര ദിനങ്ങളിലൂടെ അദ്ധ്യയന ദിവസങ്ങൾ കുറയുന്നു. ശാസ്ത്ര സാഹിത്യപരിഷത്ത് സംഘടിപ്പിക്കുന്ന പഞ്ചായത്ത്തല വിജ്ഞാനോത്സവത്തിന്റെ പരീക്ഷാകേന്ദ്രം ഈ സ്കൂളാണ്. 3.5 ഏക്കർ സ്ഥലം. 81 അധ്യാപകർ.

2. ഗവ. L.P.S. ഞെക്കാട്: 363 കുട്ടികൾ പഠിക്കുന്ന ഈ സ്കൂളിൽ പൈപ്പിലൂടെ ജലം കൊടുക്കാൻ കഴിയുന്നില്ല. 7 അധ്യാപികമാർ ഉണ്ട്. H.S നോടു ചേർന്നു കിടക്കുന്ന സ്കൂളിന് H.S, L.P വേർതിരിക്കുന്ന മതിൽ ഇല്ല. കുട്ടികൾക്ക് കളിയ്ക്കാൻ കഴിയുന്നില്ല, മുതിർന്ന കുട്ടികളുടെ ശല്യമുണ്ടാകുന്നു. വൈദ്യുതി, സ്റ്റാഫ്റൂം, ഡസ്ക്ക് മുതലായവ ഇല്ല. ഒരു ഏക്കർ സ്ഥലം സ്കൂൾ വകയിലുണ്ട്.

3. ഗവ. L.P.S. മുള്ളറം കോട്: ചുറ്റുമതിലോ കുടിവെള്ളസംവിധാനമോ ഇല്ലാത്ത സ്കൂൾ. 10 ഡിവിഷനുകളിലായി 383 കുട്ടികൾ പഠിക്കുന്നു. അധ്യാപകർ ഒൻമ്പത്. കളിസ്ഥലമില്ല, ഭൗതികസൗകര്യങ്ങൾ അപര്യാപ്തം. 50 സെന്റ് മാത്രമാണ് സ്കൂൾസ്ഥലം. ഷിഫ്റ്റ് സമ്പ്രദായം നിലവിലിരിക്കുന്നു. വേണ്ടത്ര സ്ഥലസൗകര്യമോ കെട്ടിടമോ ഇല്ല. പ്രാഥമികാവശ്യങ്ങൾക്ക് സൗകര്യമില്ല. പഠനോപകരണങ്ങൾ അപര്യാപ്തം.

4. ഗവ. U.P.S. ശ്രീനാരായണപുരം: പഞ്ചായത്തിലെ ഏക L.P, U.P ക്ലാസ്സുകൾ ചേർന്ന സ്കൂൾ. 579 കുട്ടികൾ പഠിയ്ക്കുന്നു ഈ സ്കൂളിനു ചുറ്റും മതിലോ, കളിസ്ഥലമോ, ഇല്ല. ക്ലാസ്സുമുറികൾ കുറവായതിനാൽ ചില ഡിവിഷനുകൾ ഷിഫ്റ്റ് സമ്പ്രദായത്തിൽ പ്രവർത്തിക്കുന്നു. 10 വർഷങ്ങൾക്കുമുമ്പ് സ്ഥലം വാങ്ങാനായി 2000/- രൂപ ഗവൺമെന്റിൽ അടച്ചിരുന്നു. അതു ഇന്നും ഒരു ചോദ്യചിഹ്നമായി അവശേഷിക്കുന്നു. 13 അധ്യാപികമാർ മാത്രം. 14 ഡിവിഷനുകൾ ഉണ്ടെങ്കിലും ആവശ്യമായ സ്ഥലസൗകര്യമോ ഉപകരണങ്ങളോ ഇല്ല. സ്റ്റാഫ്റൂം ഇല്ല. പി.ടി.എ. യുടെ പ്രവർത്തനത്തിലൂടെ സ്കൂളിന്റെ അറ്റകുറ്റപണികൾ ചെയ്യുന്നു.

5. K.G.S.P.U.P.S, ഒറ്റൂർ: പഞ്ചായത്തിലെ എയിഡസ് U.P. സ്കൂൾ. ഒൻമ്പത് ഡിവിഷനുകളിലായി 332 കുട്ടികൾ പഠിക്കുന്നു. ചുറ്റു മതിലില്ല. കുടിവെള്ളം ലഭ്യമല്ല. 86 സെന്റ് പുരയിടം ഉണ്ട്. മുൻകാലങ്ങളെ അപേക്ഷിച്ചു കുട്ടികളുടെ എണ്ണം കുറവ്. 13 അധ്യാപകരിൽ 3 പുരുഷൻമാരും 10 സ്ത്രീകളും

6. ഗവ. L.P.S. ഒറ്റൂർ: 367 കുട്ടികൾ പഠിക്കുന്ന സ്കൂളിന് ഒരു ഏക്കർ സ്ഥലമുണ്ടെങ്കിലും ചുറ്റുമതിലില്ല. കുടിവെള്ളത്തിന് കിണറിനെ ആശ്രയിക്കുന്നു. ഷിഫ്റ്റ് സമ്പ്രദായം. വേണ്ടത്ര ക്ലാസ്സുമുറികൾ ഇല്ല. സ്റ്റാഫ്റൂം, ഡസ്ക്ക്, ബഞ്ച് എന്നിവ ഇല്ലാത്തതിനാൽ പഠനനിലവാരം ഉയർത്താൻ ബുദ്ധിമുട്ട് ഉണ്ടാകുന്നു. ഷെഡ് കാലപഴക്കം വന്നത്. 12 അധ്യാപകർ 2 പുരുഷൻമാരും 10 സ്ത്രീകളും. വൈദ്യുതി ഇല്ല.

7. സെയിന്റ് സെബാസ്റ്റ്യൻ L.P.S. മൂങ്ങോട്:- നാല് ഡിവിഷനും 3 അദ്ധ്യാപകരുമായി കഴിയുന്ന ഈ സ്കൂൾ കായലരികത്തു സ്ഥിതി ചെയ്യുന്നു. പള്ളിയോട് ചേർന്നു സ്ഥിതിചെയ്യുന്ന ഈ സ്കൂളിന് 75 സെന്റ് പുരയിടം ഉണ്ടെങ്കിലും ചുറ്റുമതിലില്ല. 99 കുട്ടികളാണ് ഇവിടെ അധ്യായനം നടത്തുന്നത്. ഇതും എയിഡഡ് സ്കൂൾ ആണ്.

ജനകീയവിദ്യാഭ്യാസ സമിതികൾക്കു വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്താൻ കഴിയും. ഓരോ വിദ്യാലയത്തിനും അതിന്റെ പരിസരവാസികളുടേതായ വിദ്യാലയസമിതി, പഞ്ചായത്തിൽ മൊത്തത്തിൽ ഒരു പഞ്ചായത്ത് വിദ്യാലയസമിതി എന്നിവ ഉണ്ടാകണം.

ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് പഠനപ്രവർത്തനങ്ങൾ ചിട്ടയായി നടക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിനും, ഈ കമ്മറ്റികൾക്കു കഴിയും. നമ്മുടെ കുട്ടികൾ എന്തു പഠിക്കുന്നു, എങ്ങനെ പഠിക്കുന്നു എന്ന് ശ്രദ്ധിക്കാൻ രക്ഷകർത്താക്കൾക്കു കഴിയണം. കാണാപാഠം പഠിക്കുന്ന കുട്ടികൾക്ക് പകരം കാര്യം മനസ്സിലാക്കി പഠിക്കുന്ന മിടുക്കന്മാർ ഉണ്ടാകണം, ഇവർ വീടിനെ അറിയും; ബന്ധുവിനെ അറിയും, നാടിനെ അറിയും ഒപ്പം നാടിന്റെ സർവ്വതോന്മുഖമായ പുരോഗതിക്കു ഇവർ സഹായകമാകും.

.......................................... ഗ്രാമപഞ്ചായത്ത്

## 9.2 സ്കൂളിന്റെ പൊതുവിവരം

| സ്ക്കൂളിന്റെ പേര് | ഹൈസ്ക്കൂൾ യു.പ/എൽ. പി. പ്രീ. പ്രൈമറി | സ്കൂളിന്റെ ഉടമസ്ഥത | | | | കുട്ടികളുടെ എണ്ണം | | | അധ്യാപകരുടെ എണ്ണം | | | | | | | മറ്റ് കുറിപ്പുകൾ ചുറ്റുമതിൽ അറ്റകുറ്റപണികൾ, ഫർണിച്ചർ റിപ്പയവ തുടങ്ങിയവ സംബന്ധിച്ച് |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | സർക്കാർ | എയിഡഡ് | അൺ എയിഡഡ് | അംഗീകാരമില്ലാത്തത് | ആൺ | പെൺ | ആകെ | ആകെ അനുവദിച്ച പോസ്റ്റ് | നിലവിലുള്ളവരുടെ എണ്ണം | ഒഴിവുകളുടെ എണ്ണം | ദീർഘകാല ലീവിലുള്ളവർ | സ്ക്കൂൾ ക്യാമ്പസിന്റെ മൊത്തം വിസ്തീർണ്ണം | കളിസ്ഥലത്തിന്റെ വിസ്തീർണ്ണം | ഒന്നിനും ഉപയോഗിക്കാതെ കിടക്കുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 |
| Govt.V.H.S.S. Njekkad | H.S | സർക്കാർ | - | - | - | 1259 | 1257 | 2516 | 82 | 81 | 1 | ഇല്ല | 3.5 എക്കർ | 1.25 എക്കർ | ഇല്ല | ചുറ്റുമതിലുണ്ട് |
| Govt L.P.S Mullaramcode | Govt. L.P.S | സർക്കാർ | – | – | – | 198 | 185 | 383 | 9 | 8 | 1 | ഇല്ല | 50 സെന്റ് | 20 സെന്റ് | ഇല്ല | 1/4 ചുറ്റുമതിലുണ്ട് |
| Govt. L.P,.S Njekkad | Govt. L.P.S | സർക്കാർ | – | – | – | 176 | 187 | 363 | 7 | 7 | ഇല്ല | ഇല്ല | 1 എക്കർ | 65 സെന്റ് | ഇല്ല | L.P.H.S. തിരിച്ച് മതിലില്ല് |
| Govt. U.P.S S.N. Puram | Govt. U.P.S | സർക്കാർ | – | – | – | 282 | 297 | 579 | 16 | 15 | 1 | ഇല്ല | 50 സെന്റ് | 20 സെന്റ് | ഇല്ല | ചുറ്റമതിൽ ഇല്ല |
| K.G.S.$.P. UPS Ottoor | U.P.S | - | എയിഡഡ് | – | – | 179 | 153 | 332 | 13 | 13 | ഇല്ല | ഇല്ല | 86 സെന്റ് | 66 സെന്റ് | ഇല്ല | ചുറ്റമതിൽ ഇല്ല |
| Govt. L.P.S Ottoor | Govt L.P.S | സർക്കാർ | – | – | – | 178 | 189 | 367 | 12 | 12 | ഇല്ല | ഇല്ല | 1 എക്കർ | 70 സെന്റ് | ഇല്ല | ചുറ്റമതിൽ ഇല്ല |
| St. Sebastian L.P.S. Moongode | L.P.S. | - | എയിഡഡ് | - | - | 52 | 47 | 99 | 3 | 3 | ഇല്ല | ഇല്ല | 1 എക്കർ | 75 സെന്റ് | ഇല്ല | ചുറ്റമതിൽ ഇല്ല |

## 9.6 കുട്ടികൾക്ക് ലഭിച്ചിട്ടുള്ള അവാർഡുകളെ സംബന്ധിക്കുന്ന വിവരം

| സ്കൂളിന്റെ പേര് | ഇന വിവരം | ജില്ലാതലത്തിൽ | | | സംസ്ഥാനതലത്തിൽ | | | ദേശീയ തലത്തിൽ | | |
|---|---|---|---|---|---|---|---|---|---|---|
| | | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ കുട്ടികൾ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ കുട്ടികൾ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ കുട്ടികൾ |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
| Govt. VHSS Njekkad | സ്പോർട്സ്<br>വിജ്ഞാനോത്സവം | - | 1<br>1 | 2 | - | 1 | 1 | - | - | - |
| Govt. LPS Njekkad | - | - | - | - | - | - | | - | - | - |
| Govt. LPS Mulluramcode | കഥാപ്രസംഗം | - | 1 | - | - | - | - | - | - | - |
| Govt. UPS S.N. Puram | - | - | - | - | - | - | - | - | - | - |
| K.G.S.P. UPS Ottoor | - | - | - | - | - | - | - | - | - | - |
| Govt. LPS Ottoor | - | - | - | - | - | - | - | - | - | - |
| St. Sebastian LPS. Moongode | - | - | - | - | - | - | - | - | - | - |

## ഗ്രാമപഞ്ചായത്ത്
## 9.7 സാമ്പത്തികാനുകൂല്യം ലഭിക്കുന്ന വിദ്യാർത്ഥികളുടെ വിവരം

| ക്രമ നമ്പർ | സ്കൂളിന്റെ പേര് | മെറിറ്റ് സ്കോളർഷിപ്പ് | ലംസംഗ്രാന്റ് | മുസിം പെൺ കുട്ടികളുടെ സ്ക്കോളർ ഷിപ്പ് Rs. | വികലാംഗ സ്ക്കോളർ ഷിപ്പ് | ജവാന്മാരുടെ മക്കൾക്കുള്ള വിദ്യാഭ്യാസാനുകൂല്യം | ബീഡിതൊഴിലാളി സ്ക്കോളർഷിപ്പ് | മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്കുള്ള സ്ക്കോളർഷിപ്പ് | മറ്റുള്ളവ (വ്യക്തമാക്കുക സൈപ്പന്റ് |
|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 |
| | Govt. VHSS Njekkad | 1330 | 48340 | 1825 | - | - | - | - | 354 |
| | Govt. LPS Njekkad | - | 3168 | - | - | - | - | - | 3168 |
| | Govt. LPS Mullaramcode | - | 4236 | - | - | - | - | - | - |
| | Govt. UPS S.N. Puram | 160 | 13145 | 350 | - | - | - | - | - |
| | Govt. LPS Ottoor | 202 | 4601 | - | - | - | - | - | - |
| | K.G.S.P.U.P.S Ottoor | 40 | 7995 | - | 1200 | - | - | - | - |
| | St. Sebastian LPS Moongode | - | - | - | - | - | - | - | - |

ഫീസിനത്തിൽ

## 9.8 ചെലവ് സംബന്ധിച്ച വിവരങ്ങൾ (ആവർത്തന സ്വഭാവമുള്ളത്)

| സ്ക്കൂളിന്റെ പേര് | ചെലവ് | | | | | | | | വരവ് A | | | വരവ് B | | | | ആകെ വരവ് |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | കെട്ടിടത്തിന്റെ അറ്റകുറ്റപണികൾക്ക് | ഉപകരണങ്ങൾ/ ഫർണിച്ചറുകൾ അറ്റകുറ്റ പണിക്ക് | ഉപകരണങ്ങൾ രാസവസ്തുക്കൾ ഉപയോഗത്തിനുള്ള സാധനങ്ങൾ | സ്പോർട്ട്സ് | കലാ-വിനോദ ങ്ങൾക്ക് | ലൈബ്രറികൾക്ക് | ഉച്ചക്കഞ്ഞിക്ക് | മറ്റിനങ്ങൾക്ക് | സർക്കാർ | തദ്ദേശസ്ഥാപനങ്ങൾക്ക് | ആകെ | ഫീസിനത്തിൽ | എൻഡോവ്മെന്റ് | പി.ടി.എ. ഫണ്ട് | മറ്റുമാർഗ്ഗത്തിലുള്ള വരവ് | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 |
| | R.S | R.S | R.S | R.S | R.S | R.S | R.S | R.S | R.S | R.S | R.S | R.S | R.S | R.S | R.S | R.S |
| Govt. VHSS Njekkad | 4000 | 12000 | - | 2500 | 2500 | - | 10500 | 2000 | 4992 | - | 4992 | 21414 | - | 58691 | - | 80105 |
| Govt. LPS Njekkad | 1400 | - | - | - | 100 | - | 4607 | - | 806 | - | 806 | - | - | 7380 | - | - |
| Govt. LPS Mullaramcode | - | - | - | - | - | - | 2060 | - | 1069 | - | 1069 | - | - | 2000 | - | - |
| Govt. UPS S.N. Puram | 1500 | 1800 | - | - | 1000 | - | 10000 | - | 750 | - | 750 | 966 | - | - | - | 966 |
| Govt. LPS Ottoor | - | - | - | 92 | 140 | - | 5215 | - | 1721 | - | 1721 | - | - | 3590 | - | - |
| K.G.S.P.U.P.S Ottoor | 1000 | - | - | - | - | - | 3038 | - | 1640 | - | 1640 | - | - | - | - | - |
| St. Sebastian LPS Moongode - | 4500 | 2000 | - | - | - | - | 3500 | - | 425 | - | 425 | - | - | | - | - |

## പ്രശ്നങ്ങൾ

1. സ്ക്കൂൾ വിദ്യാർത്ഥികൾക്കിടയിലെ നിരക്ഷരത.
2. സ്ക്കൂളിലെ അപര്യാപ്തമായ ഭൗതിക സാഹചര്യങ്ങൾ.
3. വിദ്യാഭ്യാസത്തിന്റെ നിലവാരത്തകർച്ച.
4. ഇംഗ്ലീഷ് മീഡിയം സ്ക്കൂളുകളോടുള്ള അതിർവിട്ട ആഭിമുഖ്യം.
5. എസ്.എസ്.എൽ.സി. വിജയശതമാനം കുറവ്
6. വേണ്ടത്ര പ്രീ പ്രൈമറി വിദ്യാഭ്യാസ സൗകര്യമില്ലായ്മ.
7. നവസാക്ഷരർക്ക് തുടർ വിദ്യാഭ്യാസത്തിനുള്ള സൗകര്യമില്ലായ്മ.
8. അദ്ധ്യാപന വൃത്തിയിൽ പലരും പുലർത്തുന്ന യാന്ത്രികതയും, ചിലരുടെ പ്രതിബദ്ധതാരാഹിത്യവും.
9. വിദ്യാലയങ്ങളിലെ അച്ചടക്കരാഹിത്യവും കൃത്യതയില്ലായ്മയും.
10. അംഗൻവാടികളിൽ വേണ്ടത്ര പഠനോപകരണങ്ങളില്ലാത്ത അവസ്ഥ.
11. പഴഞ്ചൻ പരീക്ഷാസമ്പ്രദായവും മൂല്യനിർണ്ണയരീതിയും.
12. കാലഹരണപ്പെട്ടതും യാഥാർത്ഥ്യബോധമില്ലാത്തതുമായ പാഠ്യപദ്ധതിയും പാഠപുസ്തകങ്ങളും.
13. പൊതുമേഖലയിൽ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളില്ലാത്തത്.
14. അദ്ധ്യാപകരക്ഷാകർത്തൃസമിതിയുടെ പ്രാധാന്യം ബന്ധപ്പെട്ടവർ മനസ്സിലാക്കുന്നില്ല.
15. സമീപവാസികളായ പല അദ്ധ്യാപകരുടേയും സ്വകാര്യ ജീവിത പ്രശ്നങ്ങൾ അദ്ധ്യാപനവൃത്തിയുമായി കെട്ടുപിണഞ്ഞുപോകുന്നതു മൂലമുണ്ടാകുന്ന പ്രശ്നങ്ങൾ.
16. ഒരു പരിഷ്കൃത സമൂഹത്തിന് നിരക്കാത്ത വിധത്തിൽ വിദ്യാർത്ഥികൾക്കിടയിൽ ഉച്ചനീചത്വങ്ങൾ അടിച്ചേൽപ്പിക്കുന്ന തരത്തിലുള്ള രണ്ടുതരം വിദ്യാഭ്യാസ സമ്പ്രദായം.
17. ചില ഹെഡ്മാസ്റ്റർമാരുടെ കാര്യശേഷിക്കുറവ്.
18. സ്ക്കൂൾ സമയത്തിലെ അസൗകര്യങ്ങളും അശാസ്ത്രീയതയും.
19. ഉയർന്ന അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം.
20. വിദ്യാലയങ്ങളിൽ വേണ്ടത്ര ദൃശ്യശ്രാവ്യ മാദ്ധ്യമങ്ങളില്ലായ്മ.
21. സമയാസമയങ്ങളിൽ സ്ക്കൂൾ ഇൻസ്പെക്ഷൻ നടത്താത്തത്.

## നിർദ്ദേശങ്ങൾ

1. ഡി.പി.ഇ.പി., വിദ്യാജ്യോതി തുടങ്ങിയ സ്കീമുകൾ ഫലപ്രദമായി നടപ്പിലാക്കിയാൽ സ്ക്കൂൾ വിദ്യാർത്ഥികൾക്കിടയിലെ നിരക്ഷരത ദൂരീകരിക്കാൻ കഴിയും.
2. സ്ക്കൂളുകളിൽ ആവശ്യത്തിനുള്ള ക്ലാസ് മുറികൾ, ടോയ്ലറ്റ് സൗകര്യം, സ്റ്റാഫ് റൂം, പാചകസൗകര്യം, കുടിവെള്ളം, വൈദ്യുതി, പാഠനോപകരണങ്ങൾ, ചുറ്റുമതിൽ എന്നിവ നൽകുന്നതിന് വേണ്ടിയുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുക.
3. അപ്പർ പ്രൈമറി-ഹൈസ്ക്കൂൾ തലങ്ങളിൽ അദ്ധ്യയന സമയം 8 മണി മുതൽ 1 മണിവരെയാക്കുക.
4. അദ്ധ്യാപക വിദ്യാർത്ഥി ബന്ധം കൂടുതൽ ഹൃദ്യവും മാതൃകാപരവുമാക്കുക.
5. പ്രൈമറി വിദ്യാഭ്യാസം പൂർണ്ണമായും മലയാളത്തിലാക്കുക.
6. എസ്.എസ്.എൽ.സി. വിദ്യാർത്ഥികളുടെ വിജയശതമാനം ഉയർത്താൻ വേണ്ടി വെക്കേഷൻ കാലത്ത് റഗുലർ ക്ലാസ്സുകൾ നടത്തുക.
7. വിദ്യാലയങ്ങളോടനുബന്ധിച്ച് പ്രീ പ്രൈമറി ക്ലാസ്സുകൾ ആരംഭിക്കുക.

8. സാക്ഷരതാ വിദ്യാഭ്യാസ പ്രവർത്തനം പുനഃസ്ഥാപിക്കുക, പ്രത്യേക പ്രാധാന്യം നൽകി തുടർ വിദ്യാഭ്യാസം നടപ്പിൽ വരുത്തുകയും ചെയ്യുക.

9. അദ്ധ്യാപനം രസകരമായി നടത്തുന്നതിന് അദ്ധ്യാപകരെ പരിശീലിപ്പിക്കുന്ന കോഴ്സുകൾ നടത്തുക.

10. സ്ക്കൂളുകളിൽ കലാകായിക അദ്ധ്യാപകരെ നിയമിക്കുകയും കലാകായിക പ്രവർത്തനങ്ങൾ സജീവമായി നിർവ്വഹിക്കപ്പെടുന്നു എന്ന് ഉറപ്പുവരുത്തുകയും ചെയ്യുക.

11. അംഗൻവാടികൾക്ക് പഠനോപകരണങ്ങൾ നൽകുക.

12. പ്രൈവറ്റ് ട്യൂഷനിൽ ഏർപ്പെടുന്ന അദ്ധ്യാപകർക്കെതിരെ കർശന നടപടി കൈക്കൊള്ളുക

13. കാലാകാലങ്ങളിൽ ഇൻസ്പെക്ഷൻ നടത്തുകയും ആവശ്യമെങ്കിൽ ശിക്ഷണ നടപടികളെടുക്കുകയും ചെയ്യുക.

14. ഒരു നിശ്ചിത കാലത്തെ സേവനത്തിനു ശേഷം അദ്ധ്യാപകർക്ക് സ്ഥലം മാറ്റം നൽകേണ്ടതാണ്.

15. വാർഷിക അവധിക്കാലം മേയ് – ജൂൺ മാസങ്ങളിലാക്കുക.

16. ഹൈസ്ക്കൂൾ വിദ്യാർത്ഥികൾക്ക് തൊഴിൽ പരിശീലനം നൽകുക.

17. അദ്ധ്യാപക രക്ഷാകർത്തൃ ബന്ധം കൂടുതൽ മെച്ചപ്പെടുത്തുക.

18. അദ്ധ്യാപക രക്ഷാകർത്തൃ സമിതിയുടെ പ്രസക്തിയെ സംബന്ധിച്ച ബോധവത്ക്കരണം ശക്തിപ്പെടുത്തുക.

19. രണ്ടു മാസത്തിലൊരിക്കലെങ്കിലും മാതൃ സംഗമ പരിപാടി നടത്തുക.

20. രക്ഷാകർത്താക്കൾ മാസത്തിലൊരിക്കലെങ്കിലും സ്ക്കൂളിലെത്തി അദ്ധ്യാപകരുമായി വിദ്യാർത്ഥികളുടെ പാഠ്യ പാഠ്യേതര കാര്യങ്ങളന്വേഷിക്കുക.

21. പരീക്ഷാസമ്പ്രദായം കാലോചിതമായി പരിഷ്ക്കരിക്കുകയും മൂല്യനിർണ്ണയം അക്കാദമിക് കൗൺസിലിനെ ഏൽപ്പിക്കുകയും ചെയ്യുക.

22. കർത്തവ്യ നിർവ്വഹണത്തെ സംബന്ധിച്ച് അദ്ധ്യാപകരെ അദ്ധ്യാപക സംഘടനകൾ ബോധവത്കരിക്കേണ്ടതാണ്.

23. പാഠ്യപദ്ധതി പരിഷ്കരിക്കുക.

24. വിദ്യാർത്ഥികളിൽ അദ്ധ്വാനത്തിന്റെ മഹത്വം ബോധ്യപ്പെടുത്തുന്ന പാഠങ്ങൾ സിലബസിൽ ഉൾപ്പെടുത്തുക.

25. ദേശീയമുന്നേറ്റങ്ങളെ സംബന്ധിച്ച് വിദ്യാർത്ഥികളിൽ ആവേശം വളർത്തുവാൻ പര്യാപ്തമായ ചരിത്രപാഠങ്ങൾ സിലബസിൽ ഉൾപ്പെടുത്തുക.

26. എല്ലാ സ്ക്കൂളുകളിലും യൂണിഫോം സമ്പ്രദായം ഏർപ്പെടുത്തുക.

27. പഞ്ചായത്തിൽ പൊതുമേഖലയിലുള്ള സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുക.

28. അൺ എയ്ഡഡ് സ്ക്കൂളുകളിൽ എസ്.എസ്.എൽ.സി. പരീക്ഷാസെന്ററുകൾ അനുവദിക്കാതിരിക്കുക.

29. ട്യൂട്ടോറിയലുകളും ട്യൂഷൻസെന്ററുകളും പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യാനുള്ള സംവിധാനം ഏർപ്പെടുത്തുക.

30. വിദ്യാസമ്പന്നരായ തൊഴിൽ രഹിതരുടെയും തൊഴിലന്വേഷകരുടെയും പേരുവിവരം പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യാനുള്ള സംവിധാനമുണ്ടാകണം.

31. ഗ്രാമങ്ങളിലെ പ്രധാനകേന്ദ്രങ്ങളിലെല്ലാം അംഗൻവാടികൾ സ്ഥാപിക്കുക.

32. അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം കുറയ്ക്കുക.

33. ദൃശ്യ ശ്രാവ്യ മാധ്യമങ്ങൾ ലഭ്യമാക്കി അദ്ധ്യാപനം കൂടുതൽ ശാസ്ത്രീയമാക്കുക.

❖

# കുടിവെള്ളം, പൊതുജനാരോഗ്യം

അതിരൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന പഞ്ചായത്തുകളിൽ ഒന്നാണ് ഒറ്റൂർ. ഗ്രാമങ്ങളുടെ കുടിനീർ ശ്രോതസ്സ് കിണറുകളാണ്. പൊതുകിണറുകളേയും, പബ്ളിക് ടാപ്പുകളേയും സ്വകാര്യ കിണറുകളേയും ജനങ്ങൾ ആശ്രയിക്കുന്നു. കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് തോപ്പുവിള I.H.D.P കോളനിയിലുള്ള ഇറിഗേഷന്റെ വകയായി നിർമ്മാണപ്രവർത്തനം നടത്തി കമ്മീഷൻ ചെയ്യാതെ സ്തംഭനാവസ്ഥയിൽ കിടക്കുന്ന പദ്ധതി ഉടൻ പ്രവർത്തനക്ഷമമാക്കേണ്ടതു ആ പ്രദേശത്തെ ജനങ്ങളുടെ കുടിവെള്ളക്ഷാമത്തിനു പരിഹാരമാണ്. വെട്ടിമൺകോണത്തും, വടശ്ശേരികോണത്തും വാട്ടർ അതോറിറ്റിയുടെ പദ്ധതികൾ നിലവിലുണ്ടെങ്കിലും ആവശ്യാനുസരണം വെള്ളം ലഭിക്കുന്ന കിണറുകൾ ഇല്ലാത്തതിനാൽ പ്രവർത്തനം പലപ്പോഴും മുടങ്ങി കിടക്കുന്നു. അടിയന്തിരമായി ഈ രണ്ടു പ്രദേശങ്ങളിലും ഓരോ അഡീഷണൽ കിണറുകൾ കുഴിക്കുകയും പ്രവർത്തനരഹിതമായി കിടക്കുന്ന ടാപ്പുകൾ റിപ്പയർ ചെയ്താൽ ഒരു പരിധിവരെ ഈ പ്രദേശങ്ങളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കാൻ കഴിയും. പൊതുകിണറുകൾ വൃത്തിയാക്കുകയും, പുതിയ കിണറുകൾ കുഴിക്കുകയും ചെയ്താൽ, കല്ലമ്പലം, പ്ലാവിള കേന്ദ്രീകരിച്ചു, ഒറ്റൂർ ലക്ഷംവീട് കോളനി കേന്ദ്രീകരിച്ചും മതുരകോട്, വലിയവീട്ടുകാവു കേന്ദ്രീകരിച്ചും വാട്ടർ സപ്ലൈ സ്കീമുകൾ അടിയന്തിരമായി നിർമ്മിച്ചാൽ മാത്രമേ ആ പ്രദേശങ്ങളിൽ കുടിവെള്ളം ലഭ്യമാകൂ. ആഴാംകോണം, തീറുവിള, മണമ്പൂർ ഭാഗങ്ങളിൽ കഴിഞ്ഞകാലങ്ങളിൽ ഇട്ടിരിക്കുന്ന, പൊതുടാപ്പുകൾ ഏതെങ്കിലും പദ്ധതിയിൽപ്പെടുത്തി വെള്ളം എത്തിക്കണം (ഇത് തോപ്പുവിള വാട്ടർ സപ്ലൈ സ്കീമിൽപ്പെടുത്താവുന്നതാണ്)

ആതുര ശുശ്രൂഷാരംഗത്തു ശ്രദ്ധേയമായ ചലനങ്ങൾ നമ്മുടെ രാജ്യത്തു സൃഷ്ടിക്കാൻ സാധിച്ചുവെങ്കിലും പരിസര ശുചീകരണത്തിൽ ഈ ഗ്രാമപഞ്ചായത്ത് ഇനിയും അതിദൂരം സഞ്ചരിക്കേണ്ടിയിരിക്കുന്നു. മനുഷ്യായുസ്സിന്റെ നിലനിൽപ്പ് ആരോഗ്യമാണെന്ന യാഥാർത്ഥ്യം പലപ്പോഴും ഈ പ്രദേശത്തുള്ളവർ ശ്രദ്ധിക്കാറില്ല. ആരോഗ്യവകുപ്പ്, സാമൂഹ്യക്ഷേമവകുപ്പ്, കുടുംബക്ഷേമവകുപ്പ്, കേന്ദ്രസർക്കാരിന്റെ വിവിധ ആരോഗ്യപരിപാലന ഏജൻസികൾ എന്നിവയുടെ പ്രവർത്തനം ഈ പ്രദേശത്ത് അതിന്റെ പലപ്പോഴും എത്താറില്ല. വാടകകെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന ഒറ്റൂർ പ്രൈമറി ഹെൽത്തു സെന്ററിന് ഈ പഞ്ചായത്തിലെ ഞെക്കാട് മലയിലുള്ള സർക്കാർ ഭൂമിയിൽ സ്ഥിരംകെട്ടിടം കെട്ടിമാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നുകൊണ്ടിരിക്കുന്നുവെങ്കിലും നിയമപരമായ സാങ്കേതികത്വത്തിൽ കുടുങ്ങിയതുമൂലം യാഥാർത്ഥ്യമാക്കാൻ കഴിഞ്ഞിട്ടില്ല. പഞ്ചായത്തിന് ഞെക്കാട് മലപ്രദേശത്തു റവന്യൂ പുറംപോക്കു ഭൂമി കൈമാറിയാൽ ജനപങ്കാളിത്തത്തോടെ ഈ പ്രദേശത്തിനും അഭിമാനകരമായി ഒരു ചികിത്സാ കേന്ദ്രം ഉയർന്നു വരു

മെന്നുള്ളതിൽ യാതൊരു സംശയവുമില്ല. പ്രൈമറി ഹെൽത്തു സെന്ററിന്റെ കീഴിൽ പ്രവർത്തിക്കുന്ന സബ്സെന്റർകളായ നെല്ലിക്കോട്, തെറ്റികുളം എന്നീ കേന്ദ്രങ്ങളിൽ ആവശ്യമായ ചികിത്സാ സൗകര്യങ്ങൾ ലഭിക്കുന്നില്ലായെന്ന വസ്തുത നിലനിൽക്കെ കൂട്ടികടയും, തമ്പുരാൻനടയിലും പുതിയ സബ്സെന്ററുകൾ തുടങ്ങാൻ വേണ്ടി ജനങ്ങളുടെ സമ്മർദ്ദം ഏറിവരുകയാണ്. ആവശ്യമായ ഫണ്ടു വിനിയോഗിച്ചുകൊണ്ട് മുകളിൽ വിവരിച്ച സബ്സെന്ററുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതു അത്യാവശ്യമാണ്. പരിസര ശുചീകരണത്തിന്റെ ഭാഗമായി മുഴുവൻ വീടുകൾക്കും കക്കൂസ് നിർമ്മിച്ചു നൽകുക എന്നുള്ള കർത്തവ്യം വരുന്ന പദ്ധതിയിൽ യാഥാർത്ഥ്യമാകും എന്നു ജനങ്ങൾ വിശ്വസിക്കുന്നു. ആയുർവ്വേദ ആശുപത്രിയും, ഹോമിയോ ആശുപത്രിയും, ഈ പഞ്ചായത്തിൽ ഉണ്ടാകേണ്ടിയിരിക്കുന്നു. കല്ലമ്പലം കേന്ദ്രമാക്കി പബ്ളിക് കംഫർട്ടു സ്റ്റേഷൻ തുടങ്ങേണ്ടിയിരിക്കുന്നു. നാവായ്കുളം, കരവാരം എന്നീ പഞ്ചായത്തുകളുടെ സംഗമസ്ഥലമായ ജനത്തിരക്കുള്ള കല്ലമ്പലത്ത് ഇത് അനിവാര്യമാണ്.

**പാർപ്പിടം, സാമൂഹ്യക്ഷേമം**

ഭവനരഹിതരായ നിർദ്ധന കുടുംബങ്ങളിൽപ്പെട്ട ധാരാളം ജനങ്ങൾ വസിക്കുന്ന ഒരു പ്രദേശമാണ് ഒറ്റൂർ ഗ്രാമപഞ്ചായത്ത് അടിസ്ഥാന സൗകര്യങ്ങളിൽ ഒന്നായ പാർപ്പിടം, മനുഷ്യന്റെ ചിരകാലാഭിലാഷമാണ്. ഒൻപതാം പദ്ധതിയിൽ ഈ പഞ്ചായത്തിലെ മുഴുവൻ ഭവനരഹിതർക്കും വിവിധ ഏജൻസികളിലൂടെ സർക്കാരിന്റെ സഹായത്തോട് വീടുകൾ വച്ചുകൊടുക്കുക എന്നുള്ളത് ഈ പഞ്ചായത്ത് ഭരണസമിതിയുടെ ലക്ഷ്യമാണ്. സുരക്ഷിതമായ ജീവിതം കാംക്ഷിക്കുന്ന സാധാരണകാരന് ഭവന നിർമ്മാണ സാമഗ്രികളുടെ വിലവർദ്ധനവ് ഭയാശങ്കകളുണ്ടാക്കുന്നു. ചെറ്റകുടിലും, ലക്ഷം വീടുകളിലും നാലു സെന്റു കോളനികളിലും അന്തി ഉറങ്ങുന്ന പാവപ്പെട്ടവന് അത്തരം വീടുകൾ അറ്റകുറ്റ പണികൾ നടത്തുന്നതിനു വേണ്ടുന്ന സാമ്പത്തികസഹായം എത്തിക്കുക എന്നുള്ളതാണ് ഈ പഞ്ചായത്തിന്റെ മുഖ്യമായ ലക്ഷ്യം. ഈ പ്രദേശത്തെ ദുർബല വിഭാഗങ്ങളിൽപ്പെട്ട മുഴുവൻ വീടുകൾക്കും സാനിട്ടേഷൻ സൗകര്യം എത്തിക്കുക എന്നതും, വൈദ്യുതി എത്തിക്കുക എന്നതും അത്യാവശ്യമാണ്. ആസൂത്രണത്തിന്റെ ഭാഗമായി അടിസ്ഥാനസൗകര്യങ്ങൾക്ക് കൊടുക്കുന്ന മുൻഗണന ഇതിലേക്കായി വിനിയോഗിക്കേണ്ടതാണ്. വിവിധയിനം പെൻഷൻ പദ്ധതികൾ നൽകികൊണ്ടു നിർധനരായ അഗതികളെയും, വൃദ്ധന്മാരേയും, വൃദ്ധകളേയും, രോഗികളേയും, വികലാംഗരേയും സഹായിക്കാനുള്ള ബാദ്ധ്യത ഈ പഞ്ചായത്തു കമ്മിറ്റിക്കുണ്ട്. ജീവിത സായാഹ്നത്തിൽ ഉറ്റവരും ഉടയവരും ഉപേക്ഷിച്ചു തെരുവിൽ അലയേണ്ടിവരുന്നവർക്ക് അടിസ്ഥാനസൗകര്യം സംരക്ഷിക്കേണ്ട ബാദ്ധ്യത, ഈ വികസന പ്രക്രിയയിൽ മുൻപന്തിയിലായിരിക്കേണ്ടതാണ്. അത്തരം ആളുകളെ സംരക്ഷിക്കുന്നതിനുള്ള പ്രത്യേക കേന്ദ്രങ്ങൾ ഉണ്ടാകേണ്ടിയിരിക്കുന്നു.

**വനിത**

കേരളാസംസ്ഥാനത്തിൽ പുരുഷന്മാരെക്കാൾ സ്ത്രീകളുടെ എണ്ണം, ദേശീയ ശരാശരിയിൽ എന്നപോലെ ഈ പഞ്ചായത്തിലും സ്ത്രീകൾക്ക് നേരിയ ഭൂരിപക്ഷമുണ്ട്. എന്നാൽ പൊതുകാര്യങ്ങൾ പൊതുരംഗത്ത് സ്ത്രീ പങ്കാളിത്തം പലയിടങ്ങളിലും കുറവു കാണുന്നു. ആനുകാലിക പ്രാധിനിത്യം സ്ത്രീകൾക്ക് നൽകുന്ന കാഴ്ചപ്പാട് ഒരു മേഖലയിലും രാഷ്ട്രീയ പാർട്ടികൾ പുലർത്തുന്നില്ല. പുരുഷനു തുല്യമായ അവസരം ഒരിടത്തും ലഭിക്കുന്നില്ല. സ്ത്രീകൾക്ക് സ്വയം തൊഴിൽ കണ്ടെത്താനുള്ള അവസരം ഈ പഞ്ചായത്തിൽ ഉണ്ടാകേണ്ടിയിരിക്കുന്നു. മഹിളാസമാജങ്ങളും വനിതാക്ഷേമ കേന്ദ്രങ്ങളും, വാർഡുകൾതോറും സ്ഥാപിക്കേണ്ടിയിരിക്കുന്നു. എല്ലാ വാർഡുകളിലും അയൽകൂട്ടങ്ങളെ സംഘടിപ്പിച്ചുകൊണ്ടു സ്ത്രീകളെ ഉയർത്തികൊണ്ടുവരുവാനുള്ള തീവ്രശ്രമ

ങ്ങൾ നടപ്പിലാക്കുന്നതോടൊപ്പം സ്ത്രീകൾ നേരിടുന്ന നിരവധി പ്രശ്നങ്ങൾ പരിഹരിക്കുവാൻ വേണ്ടി നിയമപഠനക്ലാസ്സുകൾ നടത്തേണ്ടിയിരിക്കുന്നു. സാക്ഷരതാനിലവാരം ഉയർത്തുന്നതിനുവേണ്ടി കൂടുതൽ കൂടുതൽ ജനവിദ്യാകേന്ദ്രങ്ങൾ സംഘടിപ്പിച്ചുകൊണ്ടു സ്ത്രീകളുടെ പിന്തുണയോടുകൂടി വിദ്യാഭ്യാസ പ്രവർത്തനങ്ങൾ നടത്തേണ്ടിയിരിക്കുന്നു. ഒൻപതാം പദ്ധതിയിൽ വനിതകളുടെ ക്ഷേമ ഐശ്വര്യങ്ങൾക്ക് വേണ്ട കാര്യങ്ങൾ ചെയ്യണമെന്നത് ഈ പഞ്ചായത്തിലെ സ്ത്രീകളുടെ ആകെ ആവശ്യമായിത്തീർന്നിരിക്കുന്നു. എല്ലാ വാർഡുകളിലും വനിതാക്ഷേമ സഹകരണ സ്ഥാപനങ്ങൾ ഹരിജന മേഖലയിൽ ഹരിജനവനിതാ വ്യവസായ സഹകരണസംഘങ്ങൾ എന്നിവ തുടങ്ങേണ്ടിയിരിക്കുന്നു.

**സഹകരണം**

സഹകരണരംഗത്തു ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഏറ്റവും വലിയ ധനകാര്യ സ്ഥാപനമാണ് ഒറ്റൂർ സർവ്വീസ് സഹകരണ ബാങ്ക്. ഗ്രാമവാസികളുടെ ജീവിതത്തിൽ നിർണ്ണായകമായ സ്വീധീനവും പങ്കാളിത്തവുമുളള ഈ സംഘം ഈ പഞ്ചായത്തിലെ ജനങ്ങൾക്ക് അത്താണിയായി മാറിയിരിക്കുന്നു. സഹകരണരംഗത്ത് പ്രവർത്തിക്കുന്ന ഇതര സ്ഥാപനങ്ങളായ ഒറ്റൂർ കൈത്തറി സഹകരണസംഘം വിവിധമിൽക്ക് സൊസൈറ്റികൾ, കൂട്ടിക്കടയിൽ പ്രവർത്തിക്കുന്ന കയർ സഹകരണസംഘം, മുടങ്ങികിടക്കുന്ന ഹരിജന സഹകരണസംഘം തുടങ്ങിയവ ഈ പദ്ധതിയിൽ ഉൾപ്പെടുത്തി പ്രവർത്തന ക്ഷമമാക്കേണ്ടത് ആത്യാവശ്യമാണ്. അധികാരം ജനങ്ങളിലേയ്ക്ക് എന്ന ആശയം യാഥാർത്ഥമാക്കണമെങ്കിൽ സഹകരണ പ്രസ്ഥാനങ്ങളെ വളർത്തിക്കൊണ്ടു വരേണ്ടത് നാടിന്റെ പുരോഗതിക്കു അനിവാര്യമാണ്. സഹകരണമേഖലയിൽ പുതുതായി പല മേഖലകളിലും പുത്തൻ സംഘങ്ങൾ രജിസ്റ്റർ പ്രവർത്തിക്കേണ്ട സാഹചര്യം സംജാതമായിരിക്കുന്നു. പ്രത്യേകിച്ചും വനിതാക്ഷേമ സഹകരണ സംഘങ്ങൾ.

## ഒറ്റൂർ ഗ്രാമപഞ്ചായത്ത്
### 7.5 മറ്റ് ആരോഗ്യ സ്ഥാപനങ്ങളിൽ നിന്നും വിവരം ശേഖരിക്കാൻ

| വർഷം | ഇൻപേഷ്യന്റ് എണ്ണം | ഔട്ട് പേഷ്യന്റ് എണ്ണം | രോഗങ്ങൾ സംബന്ധിച്ച വിവരം - പ്രതിവർഷം (എണ്ണം) | | | | | |
|---|---|---|---|---|---|---|---|---|
| | | | ത്വക്ക് രോഗം | വാതരോഗം (എല്ലാ വിഭാഗവും) | പകർച്ച വ്യാധികൾ | വിഷചികിത്സ (പാമ്പു കടി etc.) | മറ്റുള്ള രോഗങ്ങൾ | ആകെ |
| 1992-93 | | 27769 | 1800 | 3600 | 360 | | 22009 | 27769 |
| 1993-94 | | 24838 | 2200 | 4500 | 410 | | 17728 | 24838 |
| 1994-95 | | 23238 | 1980 | 4100 | 385 | | 16773 | 23238 |
| 1995-96 | | 24105 | 2300 | 3800 | 390 | | 17615 | 24105 |
| ആകെ | | 99950 | 8280 | 16000 | 1545 | | 74125 | 99950 |

ഓരോ സ്ഥാപനത്തിലും അവിടെ വരുന്ന രോഗസ്വഭാവത്തിനനുസരിച്ച് കോളത്തിൽ മാറ്റം വരുത്തണം. ഹോമിയോ, പ്രകൃതി ചികിത്സ എന്നിവയിൽ നിന്നും രോഗവിവരം ശേഖരിക്കാൻ അനുയോജ്യമായ ഫോറം ഈ മാതൃകയിൽ തയ്യാറാക്കുക. പ്രധാനമായി കാണുന്ന രോഗങ്ങളെ സംബന്ധിച്ചും, ചികിത്സാ സൗകര്യങ്ങളെക്കുറിച്ചും, രോഗികളുടെ ശരാശരി എണ്ണം മനസ്സിലാക്കുന്നതിനും സഹായിക്കുന്ന തരത്തിൽ വിവരശേഖരണം നടത്തുക.

## ഒറ്റൂർ ഗ്രാമപഞ്ചായത്ത്
### 8.2 കുട്ടികളുടെ ആരോഗ്യപോഷണ നിലവാരം

| പ്രായം | നോർമൽ | | 1-ാം ഗ്രേഡ് | | 2-ാം ഗ്രേഡ് | | 3-ാം ഗ്രേഡ് | |
|---|---|---|---|---|---|---|---|---|
| | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ |
| 1 വയസ്സിൽ താഴെ | 102 | 127 | 6 | 5 | Nil | Nil | Nil | Nil |
| 1-3 വയസ്സ് | 217 | 256 | 3 | 4 | Nil | Nil | Nil | Nil |
| 3-6 വയസ്സ് | 320 | 346 | 1 | 2 | Nil | Nil | Nil | Nil |

1-ാം ഗ്രേഡ് - ലഘുവായ പോഷണക്കുറവുള്ളവർ
2-ാം ഗ്രേഡ് - മിതമായ പോഷണക്കുറവുള്ളവർ
3-ാം ഗ്രേഡ് - ഗുരുതരമായ പോഷണക്കുറവുള്ളവർ

## ഒറ്റൂർ ഗ്രാമപഞ്ചായത്ത്

### 8.3 കുട്ടികളുടെയും ഗർഭിണികളുടെയും പ്രതിരോധ കുത്തിവെയ്പ്

| കുട്ടികൾ | ബി.സി.ജി | ഡി. പി. റ്റി | | | | പോളിയോ | | | | ഡി. റ്റി. | | | | മീസിൽസ് |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | 1D | 2D | 3D | BD | 1D | 2D | 3D | BD | 1D | 2D | 3D | BD | |
| 1 വയസ്സിൽ താഴെ | 236 | 234 | 256 | **289** | 293 | 234 | 259 | 289 | 293 | Nil | Nil | Nil | | 268 |
| 1–3 വയസ്സ് | Nil | Nil | Nil | Nil | Nil | Nil | Nil | Nil | Nil | Nil | Nil | Nil | | |
| 3–6 വയസ്സ് | Nil | Nil | Nil | Nil | Nil | Nil | Nil | Nil | Nil | Nil | Nil | Nil | 584 | |

### ടെറ്റനസ് ടോക്സോയിസ് (TT)

| ഗർഭിണികൾ | 1D | 2D | BD |
|---|---|---|---|
| 264 | 204 | 231 | 10 |

| | | |
|---|---|---|
| ഇരുമ്പ്/ഫോളിക്കോസിഡ് ഗുളികകൾ ലഭിച്ച ഗർഭിണികളുടെ എണ്ണം | ; | 131 |
| ഇരുമ്പ്/ഫോളിക്കോസിഡ് ഗുളികകൾ ലഭിച്ച കുട്ടികളുടെ എണ്ണം | : | 206 |
| വിറ്റാമിൻ എ തുള്ളിമരുന്ന് ലഭിച്ച കുട്ടികളുടെ എണ്ണം | : | 580 |
| ആശുപത്രിയിൽ നടന്ന പ്രസവങ്ങളുടെ എണ്ണം | : | 237 |
| വീട്ടൽ നടന്ന പ്രസവങ്ങളുടെ എണ്ണം | | 3 |

| DAIRY DEVELOPMENT PROJECT | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| **Statement Showing the Details of Expenditure** | | | | | | | | | | | | | |
| Sl. No. | Title of Scheme | Ist year | | IInd year | | IIIrd year | | IVth year | | | Vth year | | Total |
| | | Phy | Fim | Phy | Fim | Phy | Fim | Phy | Fim | Phy | Fim | Phy | Fim |
| 1 | Fodder Cultivation | 2hr | 5000. | 2Hr | 5000. | 2hr | 5000. | 2Hr | 5000. | 2Hr | 5000. | 10hr | 25000. |
| 2 | Diary Extention Programme | 13 | 15000. | 13 | 15000. | 13 | 15000. | 13 | 15000. | 13 | 15000. | 65 | 75000. |
| 3 | Model Diary Farm Units | 24 | 600000. | 24 | 600000. | 24 | 600000. | 24 | 600000. | 24 | 600000. | 120 | 3000000. |
| 4 | Construction of Cattle Sheds | 120 | 600000. | 120 | 600000. | 120 | 600000. | 120 | 600000. | 120. | 600000. | 600 | 3000000. |
| 5 | Purchasing of Mech Cow | 120 | 900000. | 120 | 900000. | 120 | 900000. | 120 | 900000. | 120 | 900000. | 600 | 4500000. |
| 6 | Cattle Field Subsidy | 120 | 300000. | 120 | 300000. | 120 | 300000. | 120 | 300000. | 120 | 300000. | 600 | 1500000. |
| 7 | Milk Feeding Programme for Primary School Children | 500 | 165000. | 500 | 165000. | 500 | 165000. | 500 | 165000. | 500 | 165000. | 2500 | 825000. |
| **Total** | | | | | | | | | | | | | **1,29,25,000.00** |

# ക്ഷീരവികസനം

**ക്ഷീരഭവൻ**

കഴിഞ്ഞ 5 വർഷക്കാലമായി ഈ പ്രദേശത്ത് നടപ്പിലാക്കി വരുന്ന ക്ഷീരവികസന പദ്ധതികൾ സാധാരണജനങ്ങൾക്ക് വളരെയേറെ ഗുണകരമായി മാറിയിരിക്കുന്നു. നിർദ്ധനകുടുംബങ്ങളെ ലക്ഷ്യമാക്കി നടന്ന് വരുന്ന വികസന പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിന് 9–ാം പദ്ധതിയിൽ പ്രത്യേകം തുക കണ്ടെത്തേണ്ടിയിരിക്കുന്നു. അവികസിത മേഖലകളിൽ അനായാസം കടന്ന്ചെന്ന് വികസന പ്രവർത്തനങ്ങൾ നടത്തി പാവപ്പെട്ടവനെ സഹായിക്കാൻ കഴിയുന്ന പ്രാധാന്യമർഹിക്കുന്ന ഒരു മേഖലയായി ക്ഷീരവികസന മേഖല വളർന്നിരിക്കുന്നു. ഒറ്റൂർ ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിൽ വളരെയേറെ സാദ്ധ്യതകളുള്ള ടി പദ്ധതിക്ക് ഒട്ടേറെ പരാധീനതകൾ നിലനിൽക്കുന്നു. ഇന്ന് സംസ്ഥാനത്ത് ഭംഗിയായി പ്രവർത്തിച്ച് വരുന്ന കൃഷിഭവനുകളുടെ മോഡലിൽ ക്ഷീരഭവൻ കേന്ദ്രങ്ങൾ പ്രവർത്തനം തുടങ്ങേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. കന്നുകാലികൾ ധാരാളമുള്ള ഈ പ്രദേശത്ത് ക്ഷീരഭവൻ അനിവാര്യമാണ്, പ്രത്യേകിച്ചും ഈ ജില്ലയിലെ വികസനങ്ങൾ ഏറ്റവും പിന്നോക്കം നില്ക്കുന്നതും കർഷകരുടേയും കർഷകതൊഴിലാളികളുടേയും നാടായ പഞ്ചായത്താണ് ഒറ്റൂർ എന്നതുകൊണ്ട് പുൽകൃഷി, പശുവളർത്തൽ എന്നീ മേഖലകളിൽ ഈ പ്രദേശത്ത് വരും വർഷങ്ങളിൽ വികസനത്തിന് ഏറെ പ്രാധാന്യം ഉണ്ടായിരിക്കും. കൂടാതെ, മാതൃകാകാലി വളർത്തൽ, കാലിത്തൊഴുത്തു നിർമാണം, ക്ഷീരവികസനത്തിൽ പാവപ്പെട്ട കൃഷിക്കാർക്കും, ഇടത്തരം കർഷകർക്കും, തൊഴിലാളികൾക്കും ഉപയോഗപ്രദമാകുന്ന രീതിയിൽ പ്രവർത്തനം കാര്യക്ഷമമാക്കും. കാലിത്തീറ്റ സബ്സിഡി പദ്ധതികൾ, സ്കൂൾകുട്ടികൾക്ക് പാൽ വിതരണപദ്ധതികൾ എന്നിവ നടപ്പാക്കുന്നതായിരിക്കും.

ഒൻപതാം പഞ്ചവൽസരപദ്ധതിയിൽ ഒറ്റൂർ ഗ്രാമപഞ്ചായത്തിൽ ഡയറി ഡവലപ്പ്മെന്റ് പ്രൊജക്ടിന്റെ കീഴിൽ താഴെ പറയുന്ന പദ്ധതികൾക്ക് രൂപം നല്കുന്നത് ഈ മേഖലയിലെ വികസനത്തിനു പ്രയോജനകരമായിരിക്കും.

**ഊർജ്ജം ഗതാഗതം മാർക്കറ്റ്**

ഒറ്റൂർഗ്രാമപഞ്ചായത്തിലെ റോഡുകൾ ഭൂരിഭാഗവും Earthern റോഡാണ്. റോഡുകളുടെ പൊതു അവസ്ഥ ശോചനീയമാണ്. മിക്ക റോഡുകളും ഗതാഗതയോഗ്യമല്ലാതായിട്ടുണ്ട്. മഴവെള്ളം ഒലിച്ചു പോകുന്നതിന് ആവശ്യമായ ഓടകൾ ഇല്ലാത്തതും, യഥാസമയം അറ്റകുറ്റ പണികൾ നടത്താത്തതുമാണ് ഈ അവസ്ഥക്കു കാരണം. ഫലപ്രദമായ ഡ്രൈനേജ് പദ്ധതി നടത്തേണ്ടതാണ് ഇതിന് പ്രതിവിധി. ഇതിനു വേണ്ടി സൈഡ് Drains, Culvert, ചപ്പാത്ത് തുടങ്ങിയവ ആവശ്യമായ സ്ഥലത്തു നിർമ്മിക്കേണ്ടതുണ്ട്. അതുപോലെ തന്നെ തെരുവ് വിളക്കിന്റെ അപര്യാ

പ്തത രാത്രികാലങ്ങളിലുള്ള യാത്ര ക്ലേശക രമായി തീർത്തിരിക്കുകയാണ്. ഈ പഞ്ചായത്തിൽ അത്യാവശ്യം ചെയ്തു തീർക്കേണ്ട റോഡുകളുടെ അറ്റകുറ്റപണികളും ടാറിംഗും റോഡ് നിർമ്മാണവും ഉൾപ്പെടെയുള്ള വിശദമായ റിപ്പോർട്ടു ഇതിന്റെ മറ്റൊരു ഭാഗത്തു വരുന്നതിനാൽ ആവർത്തിക്കുന്നില്ല.

നമ്മുടെ പഞ്ചായത്തിലെ വർക്കല– ചേന്നൽകോട്– മുള്ളറം കോട്– മണമ്പൂർ വഴി തിരുവനന്തപുരത്തേയ്ക്ക് ബസ് സർവീസുകൾ, രാവിലെ വർക്കല നിന്നും തിരുവനന്തപുരത്തേയ്ക്കുള്ള ഷട്ടിൽ ട്രെയിനിന് കണക്ഷനായി MLA പാലം വഴി വടശ്ശേരിക്കോണം വർക്കലയിലേക്ക് ഒരു ബസ് സർവീസ്, വർക്കല, ചേന്നൽകോട്, തോപ്പുവിള– MLA പാലംവഴി ഒരു ബസ് സർവീസും, വർക്കല വടശ്ശേരിക്കോണം പേരേറ്റിൽ വഴി നെടുമങ്ങാട്ടേക്ക് ബസ് സർവീസും, കല്ലമ്പലം, ചേന്നൽകോട്, ഒറ്റൂർ, വടശ്ശേരിക്കോണം, വർക്കലയ്ക്ക് ഒരു ബസ് സർവീസും, കല്ലമ്പലം, നീറുവിള മുള്ളറംകോട് തമ്പുരാൻ നട– ചേന്നൽകോട് വർക്കല ബസ് സർവീസ് എന്നിവ തുടങ്ങേണ്ടതു ഈ പഞ്ചായത്തിലെ ഒരു ജനകീയ ആവശ്യമായി മാറിയിരിക്കുന്നു. കണ്ണൂർ എക്സ്പ്രസ്, വേണാട് എക്സ്പ്രസ് എന്നീ ട്രയിനുകളിൽ രാത്രിയിൽ എത്തുന്ന യാത്രക്കാർക്കുവേണ്ടി രാത്രി 9.30 ന് വർക്കല നിന്നും വടശ്ശേരിക്കോണം MLA പാലം വഴി ഒരു ബസ് സർവീസ് നടത്തേണ്ടത് അത്യാവശ്യമാണ്.

### ഊർജ്ജം

വോൾട്ടേജ് ക്ഷാമം അതിരൂക്ഷമായിരിക്കുന്ന പഞ്ചായത്തുകളിൽ ഒന്നാണ് ഒറ്റൂർ. മുള്ളറംകോട്, വെട്ടിമൺകോണം, വടശ്ശേരിക്കോണം, പേരേറ്റിൽ തുടങ്ങിയ പ്രദേശങ്ങളിൽ വോൾട്ടേജ് ക്ഷാമം രൂക്ഷമാണ്. വൈദ്യുതി ചെന്നെത്താത്ത പ്രദേശങ്ങൾ ഈ പഞ്ചായത്തിൽ ഉണ്ട്. അല്പം വെളിച്ചത്തിനു മണ്ണെണ്ണയെ ആശ്രയിച്ചുകഴിയുന്ന നിരവധി കുടുംബംഗങ്ങൾ ഉള്ള പ്രദേശമാണ്. ഈ മേഖലയിൽ അത്യാവശ്യം സാമ്പത്തികം ഉണ്ടായാൽ മാത്രമേ, 'ഗ്രാമങ്ങളിൽ വെളിച്ചം' എന്ന വാക്ക് യഥാർത്ഥ്യമാകൂ. വൈദ്യുതീകണക്ഷൻ ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കേണ്ടിയിരിക്കുന്നു.

### മാർക്കറ്റ്

ഈ പഞ്ചായത്തിൽ നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്ന നീറുവിളചന്ത. ഇതിന് ചുറ്റുമതിൽ ഇല്ല. സാധനങ്ങൾ വിൽക്കുന്നതിനും വാങ്ങുന്നതിനുമുള്ള സ്റ്റാളുകൾ ഇല്ല. അതു അത്യാവശ്യമായി ഉണ്ടാക്കേണ്ടിയിരിക്കുന്നു. ചുറ്റുമതിൽ കെട്ടുക, സ്റ്റാൾ പണിയുക, എന്നിവയ്ക്ക് വക കണേണ്ടതാണ്. ഞെക്കാട് ചന്ത ഞെക്കാട് മലയിലുള്ള സ്ഥലത്തുമാറ്റുകയും പേരേറ്റിൽ ഇപ്പോഴുള്ള താത്കാലിക ചന്ത സ്ഥിരമായ ചന്തയാക്കാൻ നടപടികൾ എടുക്കേണ്ടതും അത്യാവശ്യമായിരിക്കും. തെറ്റികുളത്തും, മതുരകോട് കോളനിയിലും അന്തിചന്ത നാട്ടുകാരുടെ സ്വപ്നമായി അവശേഷിക്കുന്നു.

### വിദ്യാഭ്യാസം

ഒറ്റൂർ ഗ്രാമപഞ്ചായത്തിൽ ഒൻപതാം പദ്ധതിയിൽ ഉൾപ്പെടുത്തി വിദ്യാഭ്യാസ മേഖലയുടെ ഗുണനിലവാരം ഉയർത്താനുള്ള ശ്രമം അനിവാര്യമായിരിക്കുന്നു. വിദ്യാഭ്യാസം ഒരു വ്യക്തിയുടെ സർവതോന്മുഖമായ വ്യക്തിത്വത്തിന്റെ വികാസമാണ്. എന്നാൽ ഇന്നുള്ള വിദ്യാഭ്യാസസംവിധാനം അതിന് പര്യാപ്തമല്ല. തൊഴിലധിഷ്ഠിത വിദ്യാഭ്യാസം നിലവിൽ വന്നാൽ മാത്രമേ സമൂഹത്തിൽ വികസനമുണ്ടാകൂ. ഇന്നു ഈ പ്രദേശത്തു നിലനിൽക്കുന്ന ഷിഫ്റ്റ് സമ്പ്രദായവും, പഠനോപകരണങ്ങളുടെ അപര്യാപ്തത തുടങ്ങിയവ വിദ്യാഭ്യാസരംഗത്തെ ഗുണനിലവാരം ഉയർത്താൻ തടസമായിരിക്കുന്നു. ഇന്നു ഇതിനു പരിഹാരമായി വിദ്യാർത്ഥികളുടെ ഗുണനിലവാരം ഉയർത്താൻ വേണ്ടി വിദ്യാജ്യോതിയുടെ കീഴിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കുള്ള പ്രത്യേക ക്ലാസ്സുകൾ ഈ പഞ്ചായത്തിലെ ഏഴു സ്കൂളുകളിലും നടന്നു വരുന്നു. കുട്ടികൾക്കു ഇരിക്കാൻ മതിയായ

ഇടമോ ആവശ്യമായ ഫർണീച്ചറോ ഇല്ലാത്ത അവസ്ഥ മാറേണ്ടിയിരിക്കുന്നു. അദ്ധ്യാപക വിദ്യാർഥി അനുപാതം 1:30 എന്ന നിരക്കിൽ എത്തിക്കുകയും, അദ്ധ്യാപകർ കൃത്യനിഷ്ഠ യോടെ തങ്ങളിൽ അർപ്പിതമായിരിക്കുന്ന കർത്തവ്യം നിറവേറ്റുകയും ചെയ്താൽ ഒരള വോളം വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്താൻ കഴിയും. സ്കൂളുകളിലെ കുട്ടി കൾക്ക് കായികവിനോദങ്ങൾ ഏർപ്പെടുത്തു കയും ലൈബ്രറി സമ്പ്രദായം ഏർപ്പെടുത്തു കയും, ലാബ് എന്നിവ ഏർപ്പെടുത്തുകയും വേണം. ഒത്തുചേർന്നു പ്രവർത്തിക്കാനുള്ള സന്നദ്ധത നാട്ടുകാരും, അദ്ധ്യാപകരും, വിദ്യാർത്ഥികളും ചേർന്നു കാട്ടിയാൽ ഒറ്റൂർ ഗ്രാമപഞ്ചായത്തിലെ വിദ്യാഭ്യാസസ്ഥാപന ങ്ങൾ മാതൃകാ വിദ്യാലയങ്ങളാക്കാം. നിരക്ഷ രത 100% ഇല്ലാതാക്കാൻ ഈ പ്രദേശത്തിനു കഴിയും.

ഈ പഞ്ചായത്തിൽ തൊഴിലധിഷ്ഠിത വിദ്യാഭ്യാസം സാർവത്രികമാക്കുന്നതിന് വേണ്ടി സാങ്കേതികവിദ്യാലയങ്ങൾ തുറക്കേ ണ്ടത് അത്യാവശ്യമാണ്. പോളിടെക്നിക്കു കൾ, ഐ.റ്റി.ഐ, ഹരിജൻ മേഖലയിൽ സാങ്കേതികപരിശീലന കേന്ദ്രങ്ങൾ; വനിതാ ഐ.റ്റി.ഐ എന്നീ പൊതുമേഖലയിലുള്ള വിദ്യാഭ്യാസസ്ഥാപനങ്ങൾ ഉണ്ടാകേണ്ടിയിരി ക്കുന്നു. പുതിയ അംഗനവാടികൾ, കമ്പ്യൂട്ടർ സെന്ററുകൾ, എന്നിവയും ഉണ്ടാകേണ്ടിയിരി ക്കുന്നു.

# സഹകരണസംഘം

ഒറ്റൂർ ഗ്രാമപഞ്ചായത്തിൽ മൂന്നു സഹകരണസംഘങ്ങളാണുള്ളത്. (1)ഒറ്റൂർ സർവ്വീസ് സഹകരണബാങ്ക് No 976. (2) പേരേറ്റിൽ കയർ വ്യവസായ സഹകരണസംഘം ക്ലിപ്തം നമ്പർ – 123. (3) നെയ്ത്തുസഹകരണസംഘം– ഒറ്റൂർ.

**ഒറ്റൂർ സഹകരണബാങ്ക്–ചേന്നൻകോട്.**

കൊല്ലവർഷം 1100 മീനം 8–ന് 976–ാം നമ്പർ പരസ്പരസഹായ സംഘം പ്രവർത്തനം ആരംഭിച്ചു. 5 രൂപ ഓഹരിവിലയും 20 ചക്രം പ്രവേശനഫീസും ആയിരുന്നു. 78 ഓഹരികൾ എടുത്തുകൊണ്ട് 22 സ്ഥാപകാംഗങ്ങൾ ഉണ്ടായി. ഒന്നാമത്തെ അംഗം വൈദ്യവൃത്തിയിലേർപ്പെട്ടിരുന്ന ഞെക്കാട്ടു തങ്ങൽ വിളാകത്ത് തിരുവൻ നാരായണനും 2–ാമത്തെ അംഗം കച്ചവടവൃത്തിയിലേർപ്പെട്ടിരുന്ന ഞെക്കാട് ഒലിപ്പുവിള പുത്തൻ വീട്ടിൽ കുഞ്ചിയൂർ വേലായുധനുമായിരുന്നു. വിദ്യാർഥികളായിരുന്ന വേലായുധൻ ഭരതൻ, എം. ജി. ഭനദാസ് എന്നിവർ യഥാക്രമം 3–ാമത്തേയും 13–ാമത്തേയും അംഗങ്ങളായിരുന്നു.

5079 അംഗങ്ങളും അംഗീകൃതമൂലധനം 10 ലക്ഷം രൂപയുമാണ്. പിരിഞ്ഞുകിട്ടിയ ഓഹരിമൂലധനം 5,63,974 രൂപയാണ്. സർക്കാർ ഓഹരി 1,32,000 രൂപയും. (പട്ടിക കാണുക.)

രഹസ്യബാലറ്റനുസരിച്ച് തെരഞ്ഞെടുത്ത ഭരണസമിതിയാണ് ഇന്നുള്ളത്. 9 അംഗഭരണസമിതിയുടെ പ്രസിഡന്റ് ശ്രീ മുരളീധരനും വൈസ് പ്രസിഡന്റ് ശ്രീ ആനന്ദക്കുറുപ്പുമാണ്.

**കയർ വ്യവസായ സഹകരണസംഘം**

ഒറ്റൂർ പഞ്ചായത്തിന്റെ 8–ാം വാർഡിലാണ് ഓഫീസ്. പേരേറ്റിൽ ആകെ അംഗങ്ങൾ 715 പേരാണ്. 35 റാട്ടിൽ ജോലിനടക്കുന്നു. നേരിട്ടു തൊഴിൽ ലഭിക്കുന്നവർ 225 പേരാണ്. ഒരേക്കർ 2 1/4 സെന്റ് പുരയിടവും കെട്ടിടങ്ങളും 34 സെന്റു വട്ടവും (കായൽ, ചുറ്റും തിട്ടപിടിച്ചു തെങ്ങുവച്ചു കുളം പോലെ രൂപപ്പെടുത്തിയ ഭാഗം) ഉണ്ട്. ഇവിടെ തൊണ്ടഴുക്കുന്നു. 20 ലക്ഷം രൂപയുടെ ആസ്തി വരും. ശ്രീ. N. ശ്രീധരൻ പ്രസിഡന്റായി ഏഴംഗഭരണസമിതി നിലവിലുണ്ട്. 2 സ്ത്രീകളും 5 പുരുഷന്മാരും. പരമ്പരാഗതമായ കയർ മേഖലയ്ക്കു ഒരു അത്താണിയായി നിലനിന്നുവരുന്നു.

**നെയ്ത്തു സഹകരണസംഘം–ഒറ്റൂർ**

ഒറ്റൂർ–കൈത്തറി–നെയ്ത്തു വ്യവസായ (ഉല്പാദക–വിക്രയ) സഹകരണസംഘം ക്ലിപ്തം N 113 എന്നാണ് പേര്. 1957 മാർച്ച് 18–ന് സ്ഥാപിച്ചു. 461 അംഗങ്ങളിൽ 437 പേർ സ്ത്രീകളാണ്. അംഗീകൃത ഓഹരിമൂലധനം 5 ലക്ഷം രൂപയും പിരിഞ്ഞുകിട്ടിയ മൂലധനം 1,86,419 രൂപ 86–സയുമാണ്. സർക്കാർ ഓഹരി 1,35,000 രൂപയും.

ഒറ്റൂർ–മണമ്പൂർ പഞ്ചായത്തിലെ മുഴുവൻ പ്രദേശവും നാവായ്ക്കുളം പഞ്ചായത്തിൽ ഐരമൺ നിലക്കല, കരവാരം വില്ലേജ് എന്നിവയാണ് പ്രവർത്തനമേഖല. ലാഭത്തിൽ പ്രവർത്തിക്കുന്നു. ജീവനക്കാർ 3 പേരാണ്. 7 1/2 സെന്റ് ഭൂമിയിലാണ് ഹെഡ് ഓഫീസ്.

മണമ്പൂർ വില്ലേജിൽ 21 1/2 സെന്റ് വേറെയുണ്ട്. വർക്കുഷെഡാണ് അവിടെ പ്രവർത്തിക്കുന്നത്.

നെയ്ത്തുകൊണ്ടുമാത്രം ജീവിക്കാനാവില്ല. വരുമാനക്കുറവുതന്നെ. ഉല്പന്നം നൽകുന്നവർ 80 പേരാണ്. അതിൽ 2 പുരുഷന്മാരെ ഉള്ളൂ.

നൂലിൽ ചായം മുക്കുന്നതിനും പാവു ഓടുന്നതിനും ഏർപ്പാടുണ്ടായിരുന്നു. സ്ഥലവും സൗകര്യവും ഉണ്ട്. 300 തറിയെങ്കിലും പ്രവർത്തിച്ചാലെ ഒരു ഡൈയിംഗ് മാസ്റ്ററെ നിയമിക്കാനാവൂ. മറ്റുസ്ഥലങ്ങളിൽ നൂലു ഏല്പിച്ചാണ് ചായം മുക്കുന്നതും, പാവ് ഓടുന്നതും. പ്രസിഡന്റ് ശ്രീ. K.സത്യവ്രതനും, സെക്രട്ടറി ശ്രീ P. അജയകുമാറുമാണ്.

**അനുബന്ധം 13**

സഹകരണസംഘം സംബന്ധിച്ച വിവരങ്ങൾ

| | |
|---|---|
| 1. സ്ഥാപനത്തിന്റെ പേര് | ഒറ്റൂർ സർവ്വീസ് സഹകരണബാങ്ക് No. 976 |
| 2. പ്രവർത്തനപരിധി | ഒറ്റൂർ പഞ്ചായത്ത്. |
| 3. ക്രെഡിറ്റ്/നോൺ ക്രെഡിറ്റ് | ക്രെഡിറ്റ് |
| 4. പ്രവർത്തനം ആരംഭിച്ച വർഷം | 1100 മിഥുനം 8. |
| 5. ആകെ അംഗങ്ങൾ | 5079 |
| 6. ഒരു ഓഹരിയുടെ വില | 10 രൂപ |
| 7. അംഗീകൃത ഓഹരി മൂലധനം | 10 ലക്ഷം രൂപ. |
| 8. പിരിഞ്ഞ് കിട്ടിയ ഓഹരി മൂലധനം | 5,63974 രൂപ. |
| 9. സർക്കാർ ഓഹരിയുണ്ടോ? | ഉണ്ട് |
| 10. ഉണ്ടെങ്കിൽ ലഭിച്ച തുക | 1,32000 രൂപ |
| 11.പരമാവധി കടം എടുക്കാവുന്ന തുക | പിരിഞ്ഞുകിട്ടിയ ഓഹരി മൂലധനവും റിസർവു ഫണ്ടിന്റെയും 70 മടങ്ങ്. |

II പൊതുജനങ്ങളിൽ നിന്നും സ്വീകരിച്ച നിക്ഷേപങ്ങൾ

| | |
|---|---|
| a. സ്ഥിരം | 1,45,37,332 |
| b. ഹ്രസ്വകാലം | 772569 |
| | 917003 |

III നൽകിയിട്ടുള്ള വായ്പകൾ 13268129

a. കാർഷികവായ്പകൾ

| | | |
|---|---|---|
| 1. | ഇനം | തുക |
| 2. | ST | 2049283 |
| 3. | OL | 1480569 |
| 4. | | |
| 5. | | |

b. മറ്റുവായ്പകൾ

| | | |
|---|---|---|
| 1. | ഇനം | തുക |
| 2. | സ്വർണ്ണപണയം വായ്പ | 8479275 |
| 3. | OLH | 147330 |
| 4. | FDOL | 670512 |
| 5. | | |

c. പ്രത്യേകവായ്പകൾ

| | | |
|---|---|---|
| 1. | ഇനം | തുക |
| 2. | I.R.D.P. | 119809 |
| 3. | ഹൗസിംഗ് | 7130 |
| 4. | Adoption | 10500 |
| 5. | MTOL | 303721 |

# കല

നമ്മുടെ വായന ശാലകളുമായി ബന്ധപ്പെട്ട് കളികളും, ഏകാംങ്ക നാടകങ്ങളും മുടക്കമില്ലാതെ നടന്നുകൊണ്ടിരിക്കുന്നു. അനവധി സമ്മാനങ്ങൾ നേടിയെടുത്ത കലാകാരന്മാർ നമ്മുടെ പഞ്ചായത്തിലുണ്ട്. മുഖ്യമായി ഈ ആഘോഷം മുടക്കമില്ലാതെ നടത്തിവരുന്നത് തെറ്റികുളം യുവജനസംഘം വായനശാലയാണ്.

ഇന്ന് നമുക്ക് സിനിമാരംഗത്ത് നില്ക്കുന്ന കലാകാരന്മാർ വരെയുണ്ട്. ശ്രീ വി. കെ. കിഷോർ ഒറ്റൂർ 10 വർഷമായി ചലച്ചിത്ര രംഗത്താണ്. അസോസിയേറ്റ് ഡയറക്ടറായി സേവനം നടത്തുന്നു. കഥയ്ക്ക് പിന്നിൽ, മറ്റൊരാൾ, യാത്രയുടെ അന്ത്യം, ഈ കണ്ണി കൂടി, ചെറിയ ലോകവും വലിയ മനുഷ്യരും, അരങ്ങ്, ഒരു കൊച്ചു ഭൂമികുലുക്കം, ചാണക്യസൂത്രങ്ങൾ, ലാളനം, ഗമനം എന്നീ ചിത്രങ്ങൾക്ക് പിന്നിൽ ഇദ്ദേഹമുണ്ടായിരുന്നു. ബന്ധങ്ങൾ ബന്ധനങ്ങൾ എന്ന ടിവി പരമ്പര ചെയ്തതിലും ഇദ്ദേഹം പങ്ക് വഹിച്ചു.

ശ്രീ സനൽ നെല്ലിക്കോട് അസോസിയേറ്റ് ഡയറക്ടറായി സേവനം അനുഷ്ഠിക്കുന്നുണ്ട്.

7-ാം വാർഡിൽ വലിയവിളയിലുള്ള അ.ഞ. നിപു ചാണക്യസൂത്രം എന്ന സിനിമയിലും ബന്ധങ്ങൾ ബന്ധനങ്ങൾ എന്ന ടെലിപരമ്പരയിലും അഭിനയിച്ച് കഴിഞ്ഞു.

തിരുവനന്തപുരം കോർപറേഷൻ മേയറായിരുന്ന കുഞ്ഞിരാമന്റെ കുടുംബം നമ്മുടെ നാലാം വാർഡിലാണ്. പട്ടികവർഗ സമുദായമാണ്. ശിവഗിരിയിൽ അന്തേവാസിയായി നിന്ന് പഠിച്ച് രാഷ്ട്രീയത്തിലൂടെ തിരുവനന്തപുരത്ത് താമസിച്ചുകൊണ്ട് കോർപറേഷൻ കൗൺസിലറാവുകയും, തുടർന്ന് മേയറാകുകയുമാണ് ചെയ്തത്. അദ്ദേഹം അന്ത്യവിശ്രമം കൊള്ളുന്നതും നാലാം വാർഡിൽ തന്നെ.

### വായനശാലകൾ, ഗ്രന്ഥശാലകൾ

പഞ്ചായത്ത് വകയായി ഒരു വായനശാലയുണ്ട്. ജനതാഗ്രന്ഥശാല & വായനശാല തൈക്കാട്, വടശ്ശേരികോണം - പോസ്റ്റ്. രജി: നമ്പർ- 1765 - 5-ാം വാർഡിൽ സ്ഥിതി ചെയ്യുന്നു. സ്വയം പ്രവർത്തിക്കുന്ന വായനശാലകൾ ഇനി പറയുന്നവയാണ്.

1. നവോദയം ഗ്രന്ഥശാല മാൻമൂട്, കല്ലമ്പലം. PO രജി: നമ്പർ 1371/54

പ്രസിഡന്റ്:- രവീന്ദ്രനുണ്ണിത്താൻ

സെക്രട്ടറി:- വി. ശിവശങ്കരൻ നായർ

വാർഡ് നമ്പർ - 2, ഗ്രേഡ് - ആ

2. എ. കെ. ജി മെമ്മോറിയൽ ലൈബ്രറി & റീഡിങ്ങ് റൂം, മുള്ളറം കോട് മണമ്പൂർ പോസ്റ്റ് രജിസ്റ്റർ നമ്പർ 4718/84

വാർഡ് നമ്പർ - 1

പ്രസിഡന്റ്:- എം. വിജയകുമാർ

സെക്രട്ടറി:- ജി. വിജയകൃഷ്ണകുറുപ്പ്

3. ശ്രീ ജ്ഞാനോദയം ഗ്രന്ഥശാല പേരേറ്റിൽ, മൂങ്ങോട് പോസ്റ്റ് രജി: നമ്പർ - 1046/51

വാർഡ് നമ്പർ - 8

പ്രസിഡന്റ്:- എം. ശ്രീധരൻ, സെക്രട്ടറി:- രാജേഷ്

4. അക്ഷര ഗ്രന്ഥശാല മൂങ്ങോട് പോസ്റ്റ് രജിസ്ട്രേഷൻ ആയിട്ടില്ല

പ്രസിഡന്റ്:- ജെ. ജേക്കബ് പീറ്റർ, സെക്രട്ടറി:- ഡാർവിൻ

5. നവകേരള ഗ്രന്ഥശാല നെല്ലികോട്, വടശ്ശേരികോണം P.O രജി: നമ്പർ 2309/57

വാർഡ് നമ്പർ - 5, ഗ്രേഡ് - ഇ

പ്രസിഡന്റ്:- എസ് പ്രവീൺ, സെക്രട്ടറി:- സന്തോഷ് കുമാർ

6. യുവജന സംഘം ഗ്രന്ഥശാല & വായനശാല തെറ്റികുളം, മൂങ്ങോട് P.O രജി: നമ്പർ 4039/56

വാർഡ് നമ്പർ - 7 ഗ്രേഡ് - B

പ്രസിഡന്റ്:- ജയപ്രകാശ്, സെക്രട്ടറി:- വിശ്വനാഥൻ

7. യുവദർശൻ കൾച്ചറൽ അസോസിയേഷൻ & റീഡിംങ്ങ് റൂം, ഒറ്റൂർ, മണമ്പൂർ P O രജി: നമ്പർ 519/95

വാർഡ് നമ്പർ - 4

വായനശാല മാത്രം

പ്രസിഡന്റ്:- കെ സിദ്ധാർത്ഥൻ, സെക്രട്ടറി:- ഒറ്റൂർ ബിജു

8. പ്രതിഭാ ഗ്രന്ഥശാല നമ്പ്യാർ മംഗലം, മൂങ്ങോട് പോസ്റ്റ്

വാർഡ് - 7

രജിസ്റ്റർ നമ്പർ 5422/90

### നവോദയം ഗ്രന്ഥശാല - മാവിൻമൂട്

ആയിലികോണത്തു വീട്ടിൽ ശ്രീമാൻ രാമൻകുട്ടി കുറിപ്പിന്റെ കൈയിൽ നിന്നും 3 സെന്റ് സ്ഥലം നാട്ടുകാർ വിലയ്ക്കു വാങ്ങുകയും, അതിൽ നാട്ടുകാർ പിരിച്ചെടുത്ത മുതലുകൊണ്ട് കെട്ടിടം നിർമ്മിക്കുകയും ചെയ്തു. ആദ്യകാലത്ത് വായനശാല മാത്രമേ ഉണ്ടായിരുന്നുള്ളൂ അത് വാടക കെട്ടിടത്തിൽ ആയിരുന്നു. 5702 പുസ്തകങ്ങളും 3 ദിനപത്രങ്ങളും മറ്റു പ്രസിദ്ധീകരണങ്ങളും ഉണ്ട്. 1040 അംഗങ്ങൾ ഉണ്ട്. 4000 രൂപ ഗ്രാന്റ് ഉണ്ട്. ലൈബ്രേറിയൻ അലവൻസ് 6000 രൂപയുണ്ട്. റ്റി.വി യും, റേഡിയോയും പഞ്ചായത്തിൽ നിന്ന് കിട്ടിയതാണ്. ജനവിദ്യാ കേന്ദ്രം ഈ വായനശാലയിലുണ്ട്.

### A. K. G മെമ്മോറിയൽ ലൈബ്രറി - മുള്ളറംകോട്

1977 ആഗസ്റ്റ് - 5 നാണ് സ്ഥാപിച്ചത്. എൻ നാരായണര് ഭണ്ഡാരത്തിൽ സംഭാവനയായി തന്ന 4 സെന്റ് സ്ഥലത്ത് നാട്ടുകാരിൽ നിന്ന് സംഭാവന പിരിച്ച് കെട്ടിടം നിർമ്മിച്ചു. ഈ കെട്ടിടത്തിന് രണ്ട് മുറികൾ ഉണ്ട്. 84 മാർച്ച് 20-ാം തീയതിയാണ് രജിസ്ട്രേഷൻ കിട്ടിയത് 2100 പുസ്തകങ്ങളും ഒരു ദിനപത്രവും മറ്റ് ആനുകാലിക പ്രസിദ്ധീകരണങ്ങളും ഉണ്ട്. 360 അംഗങ്ങളുണ്ട്. D ഗ്രേഡ് ആണ്. ജനവിദ്യാ കേന്ദ്രം ഉണ്ട്. സ്പോർട്സ് ക്ലബും ഉണ്ട്.

### ജനതാ ഗ്രന്ഥശാല & വായനശാല

രണ്ട് സെന്റ് സ്ഥലം നാട്ടുകാരിൽ നിന്ന് സംഭാവന സ്വീകരിച്ചു വിലയ്ക്ക് വാങ്ങി. ഈ വായനശാല അതിന്റെ സ്ഥലവും, പുസ്തകങ്ങളും, ഫർണിച്ചറുകളും, മറ്റ് രേഖകളും ഒറ്റൂർ പഞ്ചായത്തിന് വിട്ട് കൊടുത്ത്. വ്യവസ്ഥകളോടെയാണ് കൊടുത്തത്.

1431 പുസ്തകങ്ങളും ഫർണിച്ചറുകളും, മറ്റ് രേഖകളും ഒറ്റൂർ പഞ്ചായത്ത് സെക്രട്ടറി 5-4-93-ൽ ഏറ്റെടുത്തു.

### ശ്രീ ജ്ഞാനോദയം സംഘം ലൈബ്രറി

1951- ഫെബ്രുവരി-14 ന് സ്ഥാപിച്ചു 2 1/2 സെന്റ് സ്ഥലത്തിലുള്ള കെട്ടിടമുണ്ട്. 6662 പുസ്തകങ്ങളുണ്ട്. 5 ദിനപത്രങ്ങൾ വരുത്തുന്നു. മററനവധി ആനുകാലിക പ്രസിദ്ധീകരണങ്ങളും, 1230 അംഗങ്ങളുണ്ട്. വനിതാ വിഭാഗം, സാക്ഷരതാ പ്രവർത്തനം, കൃഷി പുസ്തക കോർണർ ഇവ നടത്തുന്നുണ്ട്. റേഡിയോ, ടെലിവിഷൻ ഇവയുണ്ട്. പേരേറ്റിൽ അമ്പലത്തിൻ വിളയിൽ ശ്രീമതി. നാരായണി ആണ് സ്ഥലം നല്കിയത്. എല്ലാ വർഷവും മുടങ്ങാതെ വാർഷികാഘോഷം ഓണത്തിന് നടത്തുന്നു.

**യുവജനസംഘം ഗ്രന്ഥശാല & വായന ശാല (തെറ്റികുളം)**

1956-ൽ എം. ജി. ഭാനുദാസ് ആണ് ഈ ഗ്രന്ഥശാലയ്ക്ക് സ്ഥലം നല്കിയത് നാട്ടുകാരുടെ സഹകരണത്തോടെ ആദ്യം ഒരു നിലയും തുടർന്ന് രണ്ടാം നിലയും കെട്ടി. 5168 പുസ്തകങ്ങളും ദിനപത്രങ്ങളും, ആനുകാലിക പ്രസിദ്ധീകരണങ്ങളും ഉണ്ട്. അംഗങ്ങൾ 912 ഉണ്ട്. പഞ്ചായത്തിൽ നിന്നു കിട്ടിയ ടെലിവിഷൻ പ്രവർത്തിക്കുന്നു. കേബിൾ റ്റി. വി. കണക്ഷൻ ഉണ്ട്, ജനവിദ്യാകേന്ദ്രം ഉണ്ട്; കൃഷി പുസ്തക കാർണർ ഉണ്ട്; ബാലസാഹിത്യ കാർണർ ഉണ്ട്, മഹിളാ സമാജം രജിസ്റ്റർ ചെയ്ത് ഈ കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. എല്ലാ ഓണത്തിനും മുടക്കമില്ലാതെ ഏകാങ്ക നാടകോത്സവം നടത്തുന്നു. എം.ജി. ഭാനുദാസ് മെമ്മോറിയൽ റോളിംഗ് ട്രോഫിയാണ് വിതരണം ചെയ്ത് കൊണ്ടിരിക്കുന്നത്. മറ്റനവധി സമ്മാനങ്ങളും നല്കുന്നുണ്ട്.

**അക്ഷര ഗ്രന്ഥശാല-മൂങ്ങോട്**

ശ്രീ. ജെ. പി. തോമസാണ് ഗ്രന്ഥശാല കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം സംഭാവനയായി നല്കിയത്. നാട്ടുകാരുടെ സംഭാവന കൊണ്ട് കെട്ടിടം ഉയർന്നു. ആനുകാലിക പ്രസിദ്ധീകരണങ്ങൾ ഉണ്ട്. 500 പുസ്തകങ്ങൾ ഉണ്ട്. 50 അംഗങ്ങളാണുള്ളത്. രജിസ്ട്രേഷൻ ആയിട്ടില്ല.

**നവകേരളം ഗ്രന്ഥശാല-നെല്ലികോട്**

നെല്ലികോട് പുത്തൻ വിളയിൽ ശ്രീ വാസുവാണ് 3 സെന്റ് സ്ഥലം സംഭാവന നല്കിയത്. നാട്ടുകാരിൽ നിന്നുള്ള പിരിവു കൊണ്ട് കെട്ടിടം നിർമ്മിച്ചു. 3026 പുസ്തകങ്ങളും, 592 അംഗങ്ങളും ഉണ്ട് നാല് പത്രങ്ങളും ആനുകാലിക പ്രസിദ്ധീകരണങ്ങളും നിലവിലുണ്ട്. 1900 രൂപ ഗ്രാന്റ് കിട്ടുന്നുണ്ട്.

**പ്രതിഭാ ഗ്രന്ഥശാല-നമ്പ്യാർമംഗലം**

7 സെന്റ് സ്ഥലം നാട്ടുകാർ വിലയ്ക്കു വാങ്ങിയതാണ് കെട്ടിടം ഇപ്പോൾ ഓലപ്പുരയിലാണ്. 1089 പുസ്തകങ്ങളും, 151 അംഗങ്ങളും ഉണ്ട്. 1000 രൂപാ ഗ്രാന്റ് ഉണ്ട്. ലൈബ്രേറിയൻ അലവൻസായി 3600 രൂപയും കിട്ടും. (പ്രസിഡന്റ്. വി. കെ. നാരായണൻ, സെക്രട്ടറി- രാജീവ്)

**യുവദർശൻ കൾച്ചറൽ അസോസിയേഷൻ (ഒറ്റൂർ)**

പുറംപോക്ക് ഭൂമിയിൽ നാട്ടുകാർ പിരിച്ചെടുത്ത പണം കൊണ്ട് കെട്ടിടം ഉണ്ടാക്കി. വായനശാല മാത്രം പ്രവർത്തിക്കുന്നു.

**ജനവിദ്യാ കേന്ദ്രങ്ങൾ**

1. കൺവീനർ:-വിജയകൃഷ്ണകുറുപ്പ്

വാർഡ്-1- മുള്ളറം കോട്

രജിസ്റ്റർ നമ്പർ- 01325-J01

A. K. G മെമ്മോറിയൽ ഗ്രന്ഥശാലയോടനുബന്ധിച്ച് ജനവിദ്യാകേന്ദ്രം പ്രവർത്തിക്കുന്നു.

120 പുസ്തകങ്ങളുണ്ട്.

2. കൺവീനർ:-കെ. സുമതികുട്ടിയമ്മ

വാർഡ്-2-മാവിൻ മൂട്

രജിസ്റ്റർ നമ്പർ-01325-J02

നവോദയം ഗ്രന്ഥശാലയോടനുബന്ധിച്ചു പ്രവർത്തിക്കുന്നു. 91 പുസ്തകങ്ങളുണ്ട്.

3.കൺവീനർ-ലതൻ. C

വാർഡ്-7- തെറ്റികുളം

രജിസ്റ്റർ നമ്പർ-01325-J03

യുവജനസംഘം ഗ്രന്ഥശാല & വായനശാലയോടനുബന്ധിച്ചു പ്രവർത്തിക്കുന്നു.

140 പുസ്തകങ്ങൾ ഉണ്ട്.

**മഹിളാ സമാജങ്ങൾ**

1. സ്ഥലം- തെറ്റികുളം

രജിസ്റ്റർ നമ്പർ- 490/95

വാർഡ്-7

അംഗങ്ങൾ-200

പ്രസിഡന്റ് - B. ജനനീദാസ്

സെക്രട്ടറി - S സോഫിയാ

തെറ്റികുളം യുവജന സംഘം മഹിളാസമാജം വായനശാല കെട്ടിടത്തിൽ പ്രവർത്തി

ക്കുന്നു. എല്ലാ മാസത്തെയും രണ്ടാം ശനിയാഴ്ച സമ്മേളിക്കുന്ന ദിവസമായി നിശ്ചയിച്ചിരിക്കുന്നു. 11 പേരുള്ള എക്സിക്യൂട്ടീവ് ഉണ്ട്. വീട്ടമ്മമാരുടെ തൊഴിൽ സാധ്യതയും, വരുമാനവും, ക്ഷേമപ്രവർത്തനവും ലക്ഷ്യമാക്കുന്നതാണ് ലക്ഷ്യമെന്ന് പറഞ്ഞിരിക്കുന്നു.

2. സ്ഥലം–ചേന്തൻ കോട്

രജി: നമ്പർ–274/88

വാർഡ്–1

അംഗങ്ങൾ– വിവരം കിട്ടിയില്ല.

പ്രസിഡന്റ്– N. രാജശ്രീ

സെക്രട്ടറി– പി. ലീല

കെട്ടിടമുള്ള മഹിളാസമാജമാണ്. അംഗൻവാടി പ്രവർത്തിക്കുന്നു. മുൻപ് പല പ്രവർത്തനങ്ങളും നടന്നിരുന്നു. ഇപ്പോൾ നിർജ്ജീവം ഗാന്ധി സ്മാരക മഹിളാ സമാജമാണിത്.

3. സ്ഥലം–തോപ്പിൽ

രജി:നമ്പർ–74/74

വാർഡ്–4

പ്രസിസഡന്റ്– N. സുമതി

സെക്രട്ടറി –P. റെഹീന

തോപ്പിൽ കീർത്തി മഹിളാസമാജം ഒരു അംഗൻ വാടി പ്രവർത്തിപ്പിക്കുന്നുണ്ട്. ഇപ്പോൾ മറ്റ് പ്രവർത്തനങ്ങൾ ഒന്നും ഇല്ല.

4. സ്ഥലം– പേരേറ്റിൽ

രജി: നമ്പർ–248/88

വാർഡ്–8

പ്രസിഡന്റ്– സരസ്വതി

സെക്രട്ടറി–രേണുക

പേരേറ്റിൽ നവോദയം മഹിളാ സമാജം മുൻ കാലങ്ങളിൽ ഒരു ഫീഡിംങ്ങ് സെന്റർ പ്രവർത്തിപ്പിച്ചിരുന്നു. ഇപ്പോൾ ഒന്നും ഇല്ല.

## കഥാപ്രസംഗ കല:

സുപ്രസിദ്ധ കാഥികന്മാരായ ശ്രീ. ഡി. രാധാകൃഷ്ണൻ, ശ്രീ. ഞെക്കാട് ശശി എന്നിവർ ഈ പഞ്ചായത്തിലെ താമസക്കാരാണ്. ഡി. രാധാകൃഷ്ണൻ കുറച്ചു കാലമായി മണമ്പൂർപഞ്ചായത്തിലാണ് താമസം. ഈ രണ്ടു പേരും കലാ സാഹിത്യ രംഗത്ത് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. ഡി. രാധാകൃഷ്ണൻ ഇപ്പോഴം വർക്കല ബ്ലോക്ക്പഞ്ചായത്ത് വൈസ് പ്രസിഡൻറായി പ്രവർത്തിക്കുന്നു.

# ഊർജ്ജം

## പ്രശ്നങ്ങൾ

1 വൈദ്യുതി കണക്ഷൻ ലഭിക്കാൻ അനാവശ്യമായ കാലതാമസം അനുഭവപ്പെടുന്നു.

2 വോൾട്ടേജ് കുറവുമൂലം വിളക്കുകൾ മങ്ങിക്കത്തുന്നു. യന്ത്രങ്ങൾ പ്രവർത്തിപ്പിക്കാനാവുന്നില്ല.

3 പഞ്ചായത്തിലെ എല്ലാ വീടുകളിലും വൈദ്യുതി എത്തിയിട്ടില്ല.

4 ആഡംബരങ്ങൾക്കും അലങ്കാരങ്ങൾക്കും അനാവശ്യമായി വൈദ്യുതി ചെലവിടുന്നു.

5 വ്യവസായ സംരംഭകർക്ക് വൈദ്യുതി നൽകുന്നതിനുള്ള വ്യവസ്ഥകൾ സങ്കീർണ്ണമാണ്.

6 കെ.എസ്.ഇ.ബി. ജീവനക്കാരുടെ സേവനം തൃപ്തികരമല്ല.

7 പ്രേക്ഷണ-വിതരണ നഷ്ടം.

8 വൈദ്യുതിലൈനുകളിൽ വൃക്ഷശിഖരങ്ങൾ ഉരസുന്നതുമൂലം ഭീമമായ തോതിൽ വൈദ്യുതിചോർച്ച ഉണ്ടാകുന്നു.

9 ഗ്യാസ് കണക്ഷൻ, മണ്ണെണ്ണ പെർമിറ്റ് എന്നിവ ലഭിക്കാനുള്ള കാലതാസം.

10 വിറക് ആവശ്യാനുസരണം ലഭിക്കാതായത്.

11 ധനികഗൃഹങ്ങളിൽ ലക്ഷ്വറി ഇലക്ട്രോണിക്സ് പ്രവർത്തിപ്പിക്കുന്നതിന് വേണ്ടി സ്റ്റെപ്പ്അപ്, സ്റ്റെബിലൈസർ തുടങ്ങിയവ ഉപയോഗിക്കുന്നതുമൂലമുണ്ടാകുന്ന വോൾട്ടേജ് പ്രശ്നങ്ങൾ.

12 പല നിരത്തുകളിലും തെരുവിളക്കുകൾ ഇല്ല. ഉള്ളവ സ്ഥിരമായി കത്തുന്നില്ല.

## സാധ്യതകൾ

1 വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് ആവശ്യാനുസരണം ട്രാൻസ്ഫോമറുകൾ സ്ഥാപിക്കുക.

2 സമ്പൂർണ്ണ വൈദ്യുതീകരണം.

3 വൈദ്യുതീകരണത്തിന് അനാവശ്യമായ കാലതാമസം ഒഴിവാക്കുക.

4 ഗതാഗതയോഗ്യമായ റോഡുകളിൽ വൈദ്യുതിലൈൻ വലിക്കുക.

5 കൃഷി ആവശ്യത്തിനുള്ള വൈദ്യുതി സൗജന്യമാക്കുക.

6 പ്ലാവിള, മാവിൻമൂട് കോളനി, ഒറ്റൂർ, കുട്ടിക്കട, തോപ്പ്വിള, മതുരക്കോട് എന്നിവിടങ്ങളിൽ ട്രാൻസ്ഫോമറുകൾ സ്ഥാപിക്കുകയും നിലവിലുള്ള ട്രാൻസ്ഫോമറുകളുടെ കപ്പാസിറ്റി വർദ്ധിപ്പിക്കുകയും ചെയ്യുക.

7 തെരുവുവിളക്കുകൾ ഇല്ലാത്ത പോസ്റ്റുകളിൽ വിളക്കുകൾ സ്ഥാപിക്കുക.

8 ജംഗ്ഷനുകളിൽ ട്യൂബ്ലൈറ്റുകൾ സ്ഥാപിക്കുക.

9 കല്ലമ്പലം ജംഗ്ഷനിൽ വേപ്പർ ലാമ്പ് സ്ഥാപിക്കുക.

10 മുള്ളറംകോട് - നാലുസെൻറ് കോളനി ഇലക്ട്രിക്ലൈൻ യോജിപ്പിക്കുക.

11 വ്യവസായ സംരംഭകർക്ക് വൈദ്യുതി നൽകുന്നതിനുള്ള കാലതാമസം ഒഴിവാക്കണം. അതോടൊപ്പം വ്യവസ്ഥകൾ ലഘൂകരിക്കണം.

12 കെ.എസ്.ഇ.ബി. ജീവനക്കാരുടെ പ്രവർത്തനം കാര്യക്ഷമമാക്കണം.

13 വൈദ്യുതി ലൈനിൽ തട്ടിക്കിടക്കുന്ന വൃക്ഷശിഖരങ്ങൾ വളർന്നുവരുന്നത് കാലാകാലങ്ങളിൽ മുറിച്ചുമാറ്റണം.

14 വാർഡുകളിൽ വൈദ്യുതി എത്താത്ത സ്ഥലങ്ങളിൽ അവ എത്തിക്കുകയും നിലവിലുള്ള എക്സ്റ്റൻഷനുംവേണം.

★

# ക്രോഡീകരണം-വാർഡ്തലം

## വാർഡ്-1

ഒറ്റൂർ ഗ്രാമപഞ്ചായത്ത് I-ാം വാർഡിൽ ഏകദേശം 750 വീടുകളും 3100 ആളുകളും ഉണ്ട്. 100 ഓളം പേർ വിദേശങ്ങളിൽ പണി എടുക്കുന്നു. വീടുകളിൽ ചെറ്റക്കുടിൽ, ഓട്, ഓല, ടെറസ്, എന്നിവ ഉൾപ്പെടുന്നു.

### റോഡുകൾ

1. ചേന്നൻകോട് ഒറ്റൂർ റോഡ് – 3000 മീ.
2. മുള്ളനംകോട്-ആയിലിക്കോണം ഏലാ റോഡ് – 460 മീ.
3. മുള്ളനംകോട്-പേരാറക്കട റോഡ് – 820 മീ.
4. പ്രസിഡന്റ് ജംഗ്ഷൻ-പോങ്ങരക്കുളം റോഡ് – 1200 മീ.
5. പ്രസിഡന്റ് ജംഗ്ഷൻ കാവുവിള റോഡ് – 1400 മീ.
6. കുന്നത്തു ഇടവഴി – 380 മീ.
7. മാവേലിക്കോണം ചെറുവള്ളിക്കോണം റോഡ് – 1200 മീ.
8. പുതിയടം-പണയിൽ വാതുക്കൽ റോഡ് – 1100 മീ.
9. പെരിഞ്ഞാംകോണം ഇടവഴി → 450 മീ.
10. നെല്ലിക്കോട് ചെറുക്കോണം ഏലാ റോഡ് – 700 മീ.
11. നെല്ലിക്കോട് മുട്ടത്തഴികം റോഡ് – 600 മീ.
12. നെല്ലിക്കോട്-ചാങ്ങതിൽ വാതുക്കൽ റോഡ് – 400 മീ.
13. അരിവാറ്റയിൽ ഇടവഴി – 400 മീ.

ഇതിൽ പുതിയടം പണയിൽ വാതുക്കൽ റോഡ്, കാവുവിള റോഡ്, മാവേലി ക്കോണം-ചെറിവള്ളിക്കോണം റോഡ്, മാവിൻമൂട് ആയിലിക്കോണം റോഡ് എന്നിവ ടാർ ചെയ്ത് ഗതാഗത യോഗ്യമാക്കണം.

മുള്ളറംകോട് തമ്പുരാൻ നടയ്ക്കു മുകൾഭാഗം റോഡിൽ retaining wall കെട്ടണം. കാവുവിളറോഡിൽ പറമ്പിന്റെ പൊയ്കയിൽ റോഡിന്റെ സൈഡിൽ റീട്ടെ യിനിംഗ് വാൾ കെട്ടണം, മുകളിൽ പറഞ്ഞ എല്ലാ റോഡുകളും മണ്ണിട്ട് നികത്തി സഞ്ചാര യോഗ്യമാക്കണം.

### Street light

ഈ വാർഡിന്റെ എല്ലാ റോഡുകളിലും electric line ഇല്ല. ആവശ്യമുള്ളിടത്ത് പുതിയ post കൾ ഇട്ട് electric line നീട്ടണം. electric line ഉള്ള എല്ലാ റോഡുകളിലും തെരുവു വിള ക്കുകൾ സ്ഥാപിക്കണം.

ചേന്നൻകോട്-കുഴിവിള-ചെറുവള്ളി ക്കോണം റോഡിൽ, റോഡിന്റെ മദ്ധ്യഭാഗത്തു നില്കുന്ന പോസ്റ്റുകൾ മാറ്റി, റോഡിന്റെ സൈഡിലാക്കണം. അതുപോലെ പ്രസിഡന്റ് ജംഗ്ഷൻ മുതൽ കാവുവിള വരെയുള്ള എല്ലാ പോസ്റ്റുകളും റോഡിന്റെ സൈഡിലാക്കു കയും പറമ്പിന്റെ പൊയ്ക ഭാഗത്ത് രണ്ട് പോസ്റ്റുകൾ ഇട്ട് ഗ്യാപ്പ് നികത്തുകയും ഈ Lane ൽ തെരുവു വിളക്കുകൾ സ്ഥാപിക്കു കയും ചെയ്യണം.



12

10

## Post Office

ഈ വാർഡിൽ പോസ്റ്റ് ഓഫീസ് ഇല്ല. കല്ല മ്പലം, വടശേരിക്കോണം, മണമ്പൂർ എന്നീ പോസ്റ്റ് ഓഫീസ് മുഖാന്തിരമാണ് കത്തുകൾ കിട്ടിക്കൊണ്ടിരിക്കുന്നത്. ഇതുമൂലം കത്തു കൾ കിട്ടാൻ കാലതാമസം ഉണ്ടാകുന്നു. മുള്ള റംകോട് കേന്ദ്രമാക്കി ഒരു പോസ്റ്റ് ഓഫീസ് സ്ഥാപിക്കണം.

## വിദ്യാഭ്യാസം

ഈ വാർഡിൽ ഗവണ്മെന്റ് സ്കൂളുകൾ ഇല്ല. രണ്ട് private nursery സ്കൂളുകളും രണ്ട് അംഗൻവാടിയും പ്രവർത്തിക്കുന്നു. നെല്ലി ക്കോട് കേന്ദ്രമാക്കി ഒരു ഗവണ്മെന്റ് പ്രൈമ റിസ്കൂൾ സ്ഥാപിക്കണം.

## ഗ്രന്ഥശാല

ഈ വാർഡിൽ ഒരു ഗ്രന്ഥശാല പ്രവർത്തി ക്കുന്നു. A.K.G. Memorial ഗ്രന്ഥശാല എന്നാണ് പേര്. മഹാനായ ആ വ്യക്തിയുടെ നാമധേയത്തിൽ അറിയപ്പെടുന്ന ഈ ഗ്രന്ഥ ശാലയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷ മമാക്കണം.

## Arts & Sports club

Y.M.A., A.K.G. Memorial എന്നീ രണ്ട് ക്ലബ്ബുകളാണ് ഈ വാർഡിലുള്ളത്. ഇതു രണ്ടും നല്ല രീതിയിൽ പ്രവർത്തിക്കുന്നു. ഈ രണ്ട് club കൾക്കും Colour T.V. അനുവദി ക്കണം.

## കുളങ്ങൾ

പോങ്ങരക്കുളം, ചെറുവള്ളിക്കോണം കുളം, പെരിഞ്ഞാംകോണം കുളം, മാവേലി ക്കോണം കുളം എന്നിങ്ങനെ നാലു കുളങ്ങ ളാണ് ഉള്ളത്. ഈ കുളങ്ങൾ വേനൽക്കാ ലത്ത് വറ്റാറില്ല. ഈ കുളങ്ങളിൽ പമ്പ് സെറ്റു കൾ വച്ച് കൃഷിക്ക് ഉപയുക്തമാക്കണം.

## ഊറ്റുകുഴി

ഈ വാർഡിൽ ആയിലിക്കോണം ഊറ്റു കുഴി ഉണ്ട്. ഇത് വൃത്തിയാക്കി pumpset വച്ചാൽ 1, 2 വാർഡിലെ കോളനികളിലെ കുടി വെള്ളക്ഷാമം പരിഹരിക്കാം.

## കുടിവെള്ളം

ഈ വാർഡിൽ മാവിൻമൂട് പാണൻകോള നിയിൽ ഒരു പൊതുകിണർ ഉണ്ട്. 22 കുടും ബങ്ങളിലുള്ള 250 ആളുകൾ ഈ കിണർ ഉപ യോഗിക്കുന്നു. ഈ കിണർ വൃത്തിയാക്കി pumpset വച്ച് എല്ലാവീടുകളിലും കുടിവെള്ളം എത്തിക്കണം. വടശേരിക്കോണം water supply scheme ൽ നിന്ന് പോങ്ങരക്കുളം റോഡ്, ചെറുവള്ളിക്കോണം റോഡ് എന്നിവിടങ്ങളിൽ Pipe line ൽ സ്ഥാപിച്ചിട്ടുണ്ട്. ഇതിൽ പ്രവർത്തന രഹിതമായ ടാപ്പുകൾ മാറ്റി പുതി യവ സ്ഥാപിക്കണം. കുടിവെള്ളക്ഷാമം പരി ഹരിക്കാൻ, കാവുവിള, പുതിയടം പണയിൽ വാതുക്കൽ റോഡ്, നെല്ലിക്കോട് ചെറു കോണം റോഡ് എന്നിവിടങ്ങളിൽ പുതിയ pipe line സ്ഥാപിക്കണം.

ചേന്നൻകോട്, അംഗൻവാടി, Y.M.A. ജംഗ്ഷൻ, നെല്ലിക്കോട് എന്നിവിടങ്ങളിൽ പുതിയ കുഴൽ കിണർ കുഴിക്കണം.

## ആശുപത്രി

ഈ വാർഡിൽ ആശുപത്രി ഇല്ല. മുള്ളറം കോട് Y.M.A. ജംഗ്ഷൻ കേന്ദ്രീകരിച്ച് ഗവ ണ്മെന്റ് ഹോമിയോ ആശുപത്രി സ്ഥാപി ക്കണം.

## സഹകരണം

ഒറ്റൂർ പഞ്ചായത്തിലെ ഏക സഹകരണ ബാങ്കായ ഒറ്റൂർ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് ഈ വാർഡിലാണ്. ഇതിന്റെ സേവനം മെച്ചപ്പെട്ടതാണ്. ഈ ബാങ്കിനോട് ചേർന്ന് ഒരു കമ്മ്യൂണിറ്റി ഹാൾ നിർമ്മിക്കണം.

## പട്ടികജാതി

ഈ വാർഡിൽ ഒരു പട്ടികജാതി കോളനി യുണ്ട്. മാവിൻമൂട് പാണൻകോളനി, എല്ലാ വീടുകളും ചെറ്റക്കുടിലുകളാണ്. 16 വീടുക ളിൽ 250 ആളുകൾ താമസിക്കുന്നു. ഓരോ കുടുംബങ്ങളിലും രണ്ടും മൂന്നും കുടുംബ

ങ്ങൾ താമസിക്കുന്നു. ഇവർക്ക് പുതിയ കിട പ്പാടവും, പ്രാഥമിക ആവശ്യത്തിനുള്ള സൗക ര്യങ്ങളും, കുടി വെള്ളവും എത്തിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കണം.

**വ്യവസായം**

വ്യവസായ യൂണിറ്റുകൾ ഇല്ല. പുതിയ വനി താവ്യവസായ യൂണിറ്റുകൾ സ്ഥാപിക്കണം.

**തോടുകൾ**

പോങ്ങരക്കുളം മുതൽ കല്ലാംപൊറ്റവരെ യുള്ള തോടിന്റെ side wall കെട്ടുകയും ആവ ശ്യമുള്ളിടത്ത് പാലങ്ങൾ നിർമിക്കുകയും വേണം.

**കൃഷി**

നെല്ല്, വാഴ, മരച്ചീനി, തെങ്ങ് തുടങ്ങിയവ യാണ് പ്രധാനകൃഷി. വയലുകളിൽ ഇരുപ്പൂ കൃഷിയാണ് നടത്താറ്. നിലവിലുള്ള കുളങ്ങ ളിൽ Pumpset വച്ച് ജലം കൃഷിക്ക് ഉപയു ക്തമാക്കാം. ഉഴുന്ന്, പയറ് എന്നിവ ഇടവിള യായി കൃഷിചെയ്യുന്നു.

# വാർഡ് 2.

ജനകീയാസൂത്രണത്തിന്റെ ജനയിതാക്കൾ

പ്ലാനിംഗ് ബോർഡാണ് അതിലെ അംഗ ങ്ങൾ എല്ലാം തന്നെ വിദഗ്ധരാണ്.

കഴിഞ്ഞ എട്ട് പഞ്ചവത്സര പദ്ധതിവരെ അധികാരം കേന്ദ്രസർക്കാരിലും സംസ്ഥാന സർക്കാരിലും മാത്രമായി ഒതുങ്ങി കൂടിയി രുന്നു. ആസൂത്രണം സർക്കാരിനു മാത്രമുള്ള താണെന്ന് പരക്കെ ഒരു ധാരണ ഉണ്ടായി രുന്നു. എന്നാൽ ഇന്ന് ആ സ്ഥിതി മാറിയിരി ക്കുകയാണ്. സാധാരണ ജനങ്ങൾക്ക് ആസൂ ത്രണം സാധ്യമാണെന്ന് ബോധ്യപ്പെട്ടു തുട ങ്ങിയിരിക്കുന്നു. വലിയ പദ്ധതികൾക്കും വ്യവ സായങ്ങൾക്കും മാത്രമേ ആസൂത്രണം ആവ ശ്യമുള്ളൂ എന്ന ധാരണ മാറിയിട്ടുണ്ട്.

ഉദ്യോഗസ്ഥമേധാവികളും മറ്റു കുറച്ചു ബുദ്ധിജീവികളും ചേർന്ന് പദ്ധതി ആസൂത്ര ണത്തിന് മുൻഗണന കൊടുക്കാതേയും ജന പങ്കാളിത്തമില്ലാതേയും മേലേക്കിടയിൽ നിന്നും താഴെക്കിടയിലേയ്ക്കു നടത്തിവന്നി രുന്ന ആസൂത്രണമാണ് നാം കഴിഞ്ഞകാല ഘട്ടങ്ങളിൽ അനുഭവിച്ചുകൊണ്ടിരുന്നത്. ഇന്ന് ആ സ്ഥിതിമാറിയിരിക്കുകയാണ്.

ജനകീയാസൂത്രണമാണ് ഇന്നത്തെ മുഖ്യ ചർച്ചാവിഷയം. പ്രാദേശികതല ആസൂത്രണ മാണ് ഏറ്റവും പ്രധാനമായിട്ടുള്ളത്. ആസൂ ത്രണത്തിൽ പ്രധാനമായും ജനപങ്കാളിത്തം ഉറപ്പുവരുത്തണം കൃഷിയും, കുടിൽ വ്യസാ യങ്ങളും പരമ്പരാഗതതൊഴിൽ സംബന്ധി ച്ചുള്ള കാര്യങ്ങളും പ്രാദേശികമായേ ആസൂ ത്രണം ചെയ്യാൻ സാധിക്കുകയുള്ളു.

മാനവ വിഭവശേഷിയിൽ നല്ലൊരു പങ്ക് പാഴായി പോകുന്നുണ്ട്. ഈ ശേഷി ആസൂ ത്രണത്തിന്റെ ഭൗതിക പശ്ചാത്തലത്തിന് സൗകര്യമായി തിരിച്ചു വിടാവുന്നതാണ്. ദേശിയ പദ്ധതികളും സംസ്ഥാന പദ്ധതികളും ജില്ലാതല പദ്ധതികളും ഉണ്ടായിരിക്കു മ്പോൾത്തന്നെ അനുപൂരകമായി ഗ്രാമതല പദ്ധതികൾ വേണ്ടിയിരിക്കുന്നു.

ഓരോ പ്രദേശത്തേയും മാനവവിഭവങ്ങളെ ക്കുറിച്ചുള്ള സ്ഥിതി വിവരക്കണക്കുകൾ വേണം. നടന്നിട്ടുള്ള വികസന പ്രവർത്തന ങ്ങളും നടന്നുകൊണ്ടിരിക്കുന്ന സ്കീമുകളെ ക്കുറിച്ചുള്ള വിവരങ്ങളും ശേഖരിക്കണം. നമ്മുടെ അനുഭവസമ്പത്തും വിഭവസമ്പത്തും മനസിലാക്കി ശാസ്ത്രീയമായി ബന്ധപ്പെ ടുത്തി ചിട്ടപ്പെടുത്തണം. ഈ വിവരശേഖര ണവും ജനങ്ങളുമായുള്ള ചർച്ചകളും പ്രാദേ ശികവികസന പ്രവർത്തനങ്ങളെ പട്ടികപ്പെടു ത്താൻ സഹായിക്കും.

വിവിധ തുറകളിൽ നിന്ന് പ്രാദേശിക വിക സനത്തിന് ലഭ്യമാക്കുന്ന ധനവിഭവങ്ങളെ വിലയിരുത്തുക, ലക്ഷ്യങ്ങൾക്ക് മുൻഗണനാ ക്രമം നിശ്ചയിക്കുക, ഇവയുടെ അടിസ്ഥാന ത്തിൽ പ്രോജക്ടുകളും സ്കീമുകളും തയ്യാ റാക്കുക. ഈ സ്കീമുകളെ സംസ്ഥാന ദേശീയ പദ്ധതികളുമായി ബന്ധപ്പെടുത്തികൊ ണ്ടുള്ള ജനകീയാസൂത്രണം–വാർഡ് തല ആസൂ ത്രണം ഇവയാണ് ഇന്നത്തെ മുഖ്യവിഷയം.



125

## നമ്മുടെ പഞ്ചായത്ത്

ഒറ്റൂർ ഗ്രാമപഞ്ചായത്ത് ആദ്യകാലത്ത് മണമ്പൂർ പഞ്ചായത്തിൽപ്പെട്ട പ്രദേശമായിരുന്നു എന്നാൽ ഇന്നിപ്പോൾ വേർതിരിച്ച് കിട്ടിയിരിക്കുകയാണ് നമ്മുടെ ഒറ്റൂർ പഞ്ചായത്ത്. നമ്മുടെ പഞ്ചായത്തിൽ കൂടുതലും കൃഷിക്കാരാണ്. മുഖ്യവരുമാനം വിദേശത്തു നിന്നും വരുന്ന പണമാണ്.

## നമ്മുടെ വാർഡ്

ഒറ്റൂർ ഗ്രാമപഞ്ചായത്തിൽപ്പെട്ട രണ്ടാം വാർഡാണ് നമ്മുടെ വാർഡ്. ഈ വാർഡിൽ 952 വീടുകളുണ്ട്. ഇവിടത്തെ ജനസംഖ്യ കൃത്യമായി കണക്കാക്കാൻ കഴിഞ്ഞിട്ടില്ല. വീടുകളുടെ സ്ഥിതിവിവരം-ഓല, ഓട്, വാർത്തത്, കുടിലുകൾ, മാളികകൾ എന്നിങ്ങനെയാണ്. വിഭവ ഭൂപട നിർമ്മാണത്തിൽ വിവരങ്ങൾ എല്ലാം രൂപപ്പെടും. ഈ വാർഡിന്റെ വടക്കെ അതിർത്തി കല്ലമ്പലം ജംഗ്ഷനിൽ കൂടി കടന്നുപോകുന്ന N.H. റോഡാണ്. ഉദേശ്യം 800 മീറ്റർ നീളം വരും ഈ റോഡിന്. കൂടാതെ, ഒറ്റൂർ, കരവാരം, ചെമ്മരുതി, നാവായ്ക്കുളം എന്നീ പഞ്ചായത്തുകളുടെ സംഗമ സ്ഥാനമാണ്. എപ്പോഴും ജനബാഹുല്യം നിറഞ്ഞ സ്ഥലമാണ് കല്ലമ്പലം. എന്നാൽ ഇവിടെ വരുന്ന ആളുകൾക്ക് പ്രാഥമികാവശ്യത്തിനുള്ള ഒരു പൊതു കക്കൂസോ, ഒരു വെയിറ്റിംഗ്ഷെഡോ ഇല്ല. ഈ വാർഡിന്റെ പടിഞ്ഞാറു വശത്തുകൂടി ഉദേശ്യം 1k മീറ്ററോളം വരുന്ന വർക്കല കല്ലമ്പലം P.W.D റോഡ് കടന്നുപോകുന്നു. ഈ വാർഡിലെ കൂടുതൽ ആളുകളും കൃഷിയെ ആശ്രയിച്ചു ജീവിക്കുന്നവരാണ്. കർഷക തൊഴിലാളികളും ഏറെയുണ്ട്.

## റോഡുകൾ

രണ്ടാം വാർഡിന് 14 റോഡുകളാണ് ഉള്ളത്.

1. ഏകദേശം 2.കി.മി വരുന്ന വെയിലൂർ ചെക്കാലക്കുന്നിൽ റോഡ്.

2. ഏകദേശം 2.കി.മീ വരുന്ന വെയിലൂർ കുളങ്ങര റോഡ് (എ.കെ.ജി.റോഡ്)

3. 1 കി.മീ വരുന്ന വെയിലൂർ കളിവിളാകം റോഡ്.

4. വെയിലൂർ ചെക്കാലകുന്ന് റോഡിൽ നിന്നും ലക്ഷംവീടിന്റെ ഭാഗത്തുകൂടി ഏലായിലേക്ക് ഇറങ്ങുന്ന റോഡ് 200 മീറ്റർ നീളം വരും.

5. ഏകദേശം ഒന്നര കി.മീ വരുന്ന കല്ലമ്പലം മണലിയിൽ വാതുക്കൽ റോഡ്.

6. 250 മീറ്ററോളം വരുന്ന മാവിൻമൂട് ആയിലിക്കോണം റോഡ്-ഒന്നും രണ്ടും വാർഡുകളുടെ അതിർത്തി റോഡ് ആണ്.

7. 800 മീറ്റർ നീളം വരുന്ന മാവിൻമൂട് കുളവിളാകം വാതുക്കൽ റോഡ്.

8. മാവിൻമൂട് കുളവിളാകം റോഡിൽ നിന്ന് തിരിഞ്ഞ് മാവിൻമൂട് ഹരിജൻ കോളനിയിലേക്ക് ഉള്ള റോഡ് 150 മീ.

9. മാവിൻമൂട് കല്ലുവിള റോഡ് 350 മീറ്റർ നീളം വരും.

10. കല്ലമ്പലം ആലിൻമൂട്ടിൽ നിന്നും ആട്ടറക്കോണം ഏലായിലേക്ക് ഇറങ്ങുന്ന റോഡ് 50 മീറ്റർ നീളം വരും.

11. കല്ലമ്പലം മട്ടുപ്പാവിൽ നിന്നു ആട്ടറക്കോണത്തേക്ക് ഇറങ്ങുന്ന റോഡ്.

12. മാവേലിസ്റ്റോറിന്റെ ഭാഗത്തുനിന്നും ആട്ടറക്കോണം ചിറയുടെ ഭാഗത്ത് ഇറങ്ങുന്ന റോഡ്.

13. പ്ലാവിളകോണം- മുക്ക്തോട് റോഡ് - 500 മീറ്റർ.

14. പാറവിള - മുളയ്ക്കോടുകോണം റോഡ് 500 മീറ്റർ.

മേൽപറഞ്ഞ റോഡുകൾ ടാർ ചെയ്യാനുള്ള റോഡുകൾ ടാർ ചെയ്യുകയും സഞ്ചാരയോഗ്യമാക്കാനുള്ളത് സഞ്ചാരയോഗ്യമാക്കി തീർക്കേണ്ടതുമാണ്. കൂടാതെ ഈ റോഡുകൾ വൈദ്യുതീകരിച്ച് വഴി വിളക്കുകൾ സ്ഥാപിക്കേണ്ടതാണ്.

വെയിലൂർ ചെക്കാലകുന്നു റോഡ് തമ്പുരാൻ നട റോഡ്മായി യോജിപ്പിച്ച് ടാറിംഗ് നടത്തണം.

### സ്കൂൾ

രണ്ടാം വാർഡിന് ഒരു എൽ.പി.എസ്. നില വിൽ ഉണ്ട് മുള്ളറംകോട്. എൽ.പി.എസ് എന്നാണ് പേര്. ഇത് മാവിൻമൂട്ടിൽ സ്ഥിതി ചെയ്യുന്നു. ഈ സ്കൂളിൽ എട്ട് അധ്യാപകർ ഉണ്ട് ആകെ കുട്ടികൾ 383 അതിൽ ആൺകു ട്ടികൾ 198 പെൺകുട്ടികൾ 185. ഈ സ്കൂളിന് ചുറ്റുമതിലില്ല. മൂത്രപ്പുര ഉള്ളതും ഇടിഞ്ഞു കിടക്കുകയാണ്. കഞ്ഞി വയ്ക്കുന്നതിന് പാത്ര ങ്ങൾ ഇല്ല. ഒരു വലിയ പാത്രം അത്യാവശ്യ മാണ്. പഠനോപകരണങ്ങൾ സൂക്ഷിക്കുന്ന തിന് ഒരു അലമാര അത്യാവശ്യമായിരിക്കുന്നു. പഠിപ്പിക്കുന്നതിന് ആവശ്യമായ ഭൂപടങ്ങൾ ഇല്ല. പഠനോപകരണങ്ങൾ കുറവാണ്. ചെമ്മ രുതി, നാവായ്ക്കുളം തുടങ്ങിയ പഞ്ചായത്തു കളിലെ കുട്ടികളും ഈ സ്കൂളിൽ പഠിക്കുന്നു. ചേന്നൻകോട് ലക്ഷ്മി വിലാസത്തിൽ നീല കണ്ഠപിള്ളയാണ് ഈ സ്കൂളിന് വസ്തു സംഭാവന ചെയ്തത്.

### വായനശാല & ഗ്രന്ഥശാല

ആകെ ഒരു ഗ്രന്ഥശാലയെ ഈ വാർഡിൽ നിലവിൽ ഉള്ളു. നവോദയം ഗ്രന്ഥശാല മാവിൻമൂട് ആണ് ഇതിന്റെ പേര്. ഈ ഗ്രന്ഥ ശാല 1954–ൽ 1371–ാം നമ്പരായി രജിസ്റ്റർ ചെയ്തു. 672 പുസ്തകങ്ങൾ ഈ ഗ്രഥശാല യിൽ ഉണ്ട്. 1040 അംഗങ്ങളുമുണ്ട്. 3 സെന്റു സ്ഥലം നാട്ടുകാർ ആയിലിൽക്കോണത്ത് രാമൻകുട്ടി കുറുപ്പിന്റെ കൈയിൽ നിന്നും വിലയ്ക്ക് വാങ്ങി നാട്ടുകാർ പിരിച്ച് ഒരു B കെട്ടിടവും നിർമ്മിച്ചു. B ഗ്രയിഡാണ്. സ്റ്റേറ്റു ലൈബ്രറി കൗൺസിലിൽ നിന്നും 4000രൂപ പുസ്തകങ്ങൾ വാങ്ങുന്നതിനുള്ള ഗ്രാന്റും 6000രൂപ ലൈബ്രേറിയൻ അലവൻസും ലഭി ക്കുന്നു. ഒരു ടെലിവിഷനും, ഒരു റേഡി യോയും പഞ്ചായത്തിൽ നിന്നും കിട്ടിയിട്ടുണ്ട്. കൂടാതെ പത്രങ്ങളും മറ്റ് ആനുകാലിക പ്രസി ദ്ധീകരണങ്ങളും ഈ ഗ്രന്ഥശാലക്കുണ്ട്. രവീ ന്ദ്രഉണ്ണിത്താൻ പ്രസിഡന്റും വി. ശിവശങ്കരൻ നായർ സെക്രട്ടറിയും G. മുരളി ലൈബ്രേറി യനുമാണ്. വെട്ടിമൺകോണം കേന്ദ്രമാക്കി ഒരു ഗ്രന്ഥശാലകൂടി ഈ വാർഡിന് വേണ്ട താണ്.

### ആഫീസുകൾ

കല്ലമ്പലത്തിൽ ഒരു മാവേലിസ്റ്റോറും രണ്ട് ഇലക്ട്രിസിറ്റി ആഫീസുകളും, കശുവണ്ടി ലോക്കലാഫീസും ഉണ്ട്. ഇവ വാടക കെട്ടിട ത്തിലാണ് പ്രവർത്തിക്കുന്നത്.

### ആശുപത്രി

രണ്ടാം വാർഡിൽ ആശുപത്രികൾ ഇല്ല. കല്ലമ്പലത്തിൽ രണ്ട് പ്രൈവറ്റ് ആയുർവേദ വൈദ്യശാലയുണ്ട്.

### മൃഗാശുപത്രി

രണ്ടാം വാർഡിൽ ഒരു മൃഗാശുപത്രി കല്ല മ്പലം കേന്ദ്രമാക്കി പ്രവർത്തിക്കുന്നു. വാടക കെട്ടിടത്തിലാണ് സ്ഥിതി ചെയ്യുന്നത്. നല്ല പ്രവർത്തനമാണ് ഇവിടെ നടക്കുന്നത്.

### ജനവിദ്യാകേന്ദ്രം.

ഒറ്റൂർ ഗ്രാമ പഞ്ചായത്തിലെ ഒരു ജനവി ദ്യാകേന്ദ്രം മാവിൻമൂട് നവോദയം ഗ്രന്ഥശാ ലയോട് അനുബന്ധിച്ചു പ്രവർത്തിക്കുന്നു. പുസ്തകങ്ങൾ ഉണ്ട്. ഈ ജനവിദ്യാകേന്ദ്ര ത്തിലെ പുസ്തകങ്ങളും സാക്ഷരതാസമിതി ആഫീസിൽ നിന്നും കിട്ടിയ ഏതാനും പുസ്ത കങ്ങളുമാണ് ഒറ്റൂർ ഗ്രാമപഞ്ചായത്തിലെ എട്ട് വാർഡുകളിലും നവസാക്ഷരർക്കു വായിക്കു ന്നതിന് വേണ്ടി പഞ്ചായത്തു കോ–ഓഡിനേ റ്റർ കൊടുത്തുകൊണ്ടിരിക്കുന്നത്.

### കുളങ്ങൾ

ഈ വാർഡിൽ ആകെ 5 കുളങ്ങളാണ് ഉള്ളത്. ആട്ടറക്കോണം, കളിവിളാകം, കുന്നും പുറം, മുളയ്ക്കോട്ടുകോണം, കുളങ്ങരകുളം എന്നിവയാണ്.

1. കല്ലമ്പലത്തിനു സമീപം ആട്ടറക്കോണ ത്തുള്ള ചിറയാണ്. ഇതിന് നാലുവശവും കെട്ടിയിട്ടുണ്ട്. കൃഷിക്ക് ഉപയോഗപ്രദമായി വെള്ളം കൊണ്ടുപോകാൻ സാധിക്കുന്നില്ല. വേനൽക്കാലത്ത് വെള്ളം കുറവാണ്. കുളം വൃത്തിയാക്കിയാൽ കൃഷിക്ക് വെള്ളം കിട്ടും.

വെള്ളം ആവശ്യം പോലെ കൊണ്ടുപോകാനുള്ള സാധ്യതകൾ ഇല്ല. അതുണ്ടാവണം അരുക് തോട് വലുതാക്കി സൈഡ് ഭിത്തി കെട്ടണം ആഴം കൂട്ടി പമ്പ്സെറ്റ് സ്ഥാപിച്ചു തോടു വഴി വെള്ളം കൊണ്ടുപോകാം.

2. കളിവിളാകം കുളം

ഈ കുളവും നാലുവശവും കെട്ടിയിട്ടുണ്ട്. വെള്ളം കിട്ടുന്ന കുളമാണ്. ഈ കുളവും സംരക്ഷിച്ചാൽ കൃഷിക്കുപയുക്തമാക്കാം.

**കിണർ**

ആകെ 3 പൊതുകിണർ മാത്രമേ രണ്ടാം വാർഡിൽ ഉള്ളൂ. ആലിൻമൂട്ടിൽ നിന്നും ആട്ടറക്കോണത്ത് ഇറങ്ങുന്ന റോഡിലാണ് സ്ഥിതി ചെയ്യുന്നത്. വെട്ടിമൺകോണം ലക്ഷം വീട് കോളനിയിൽ ഒരു കിണറും; ചെക്കാലകുന്നിൽ മറ്റൊരു കിണറും ഉണ്ട്. ഈ മൂന്നു കിണറും ആഴം കൂട്ടേണ്ടതാണ്. പുതുതായി കുളങ്ങര, മാവിൻമൂട് കോളനി പ്ലാവിള, പാറവിള എന്നിവിടങ്ങളിൽ കിണർ വേണ്ടതാണ്. മാർച്ച് മാസം മുതൽ ജൂൺ മാസം വരെ ഈ വാർഡിന്റെ എല്ലാ ഭാഗത്തും കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നു. അത് പരിഹാരം കാണേണ്ടതാണ്.

**മഹിളാസമാജം**

ഈ വാർഡിൽ മഹിളാസമാജവും അംഗൻവാടിയുമില്ല. രണ്ടു അംഗനവാടികൾ ഉണ്ടാകേണ്ടതാണ്. മഹിളാസമാജങ്ങൾ ഉണ്ടാകേണ്ടതാണ്.

**കേരവികസനസമിതി**

ഒറ്റൂർ ഗ്രാമപഞ്ചായത്തിന് മൊത്തമായൊരു കേര വികസന സമിതി നിലവിലുണ്ട്. കൃഷി ഭവനുമായി ചേർന്ന് പ്രവർത്തിക്കുന്നു. രണ്ടാം വാർഡിൽ കേരവികസന സമിതിയിൽ അംഗങ്ങളായി ചേർന്നവരേറെയുണ്ട് എത്രയാണെന്നു തിട്ടം ഇല്ല. വിളഇൻഷ്വറൻസ് ഈ വാർഡിൽ എല്ലായിടത്തും എത്തിയിട്ടില്ല.

**ഏലാവികസനസമിതി**

ഈ വാർഡിൽ ഏലാവികസന സമിതികൾ പ്രവർത്തിക്കുന്നു. മുള്ളറംകോട്, മാവിൻമൂട് എന്നിവയാണ് ഏലാവികസന സമിതികൾ. ആട്ടറക്കോണം, മുളക്കോട്ടുകോണം, പ്ലാവിലകോണം, വെട്ടിമൺകോണം, ആയിലിക്കോണം തുടങ്ങിയ ഏലാകൾ ഈ വാർഡിൽ ഉൾപ്പെട്ടതാണ്. ഇരുപ്പൂ കൃഷിയാണ് ഇവിടെയുള്ളത്. പച്ചക്കറി, പയറ്, ഉഴുന്ന് തുടങ്ങിയ കൃഷികൾക്ക് ധനസഹായം നൽകേണ്ടതാണ്.

**ഇവിടത്തെകൃഷി**

നെല്ല്, തെങ്ങ് മുതലായവയാണ് ഇവിടത്തെ പ്രധാന കൃഷി. കശുമാവ്, പ്ലാവ്, മാവ് തുടങ്ങിയവയും കൃഷി ചെയ്തു വരുന്നു.

**വ്യവസായങ്ങൾ**

വലിയ വ്യവസായങ്ങളോ കുടിൽ വ്യവസായമോ ഈ വാർഡിൽ ഇല്ല. കുടിൽ വ്യവസായങ്ങൾ ചെയ്യാൻ താൽപ്പര്യമുള്ളവരുണ്ട്.

**ഹരിജൻ കോളനികൾ**

ഈ വാർഡിൽ രണ്ട് ഹരിജൻ കോളനികളുണ്ട്.

1. വെട്ടിമൺകോണം ലക്ഷംവീട് കോളനി
2. മാവിൻമൂട് ഹരിജൻ കോളനി

**ഇവിടത്തെ ജനങ്ങൾ**

ഈ വാർഡിൽ ഹിന്ദുക്കളും മുസ്ലീങ്ങളും ഇടകലർന്നു താമസിക്കുന്നു. മിക്കവീടുകളിലും സങ്കരയിനം പശുക്കളെ വളർത്തുന്നു. കർഷകരും, കർഷകതൊഴിലാളികളുമാണ് കൂടുതൽ.

**പാൽസൊസൈറ്റി**

രണ്ടാം വാർഡിൽ മാവിൻമൂട്ടിൽ വാടക കെട്ടിടത്തിൽ മിൽമയുടെ ഒരു പാൽസൊസൈറ്റി പ്രവർത്തിക്കുന്നു. ഈ സൊസൈറ്റിയുടെ പാൽ ശേഖരണം ഒരു ദിവസം 260 ലിറ്ററാണ്. 160 അംഗങ്ങൾ നിലവിലുണ്ട്.

ഒൻപതാം പഞ്ചവത്സരപദ്ധതി ജനകീയ പദ്ധതി. ഈ റിപ്പോർട്ട് ഇവിടെ അവസാനിക്കുന്നു.

2–ാം വാർഡിന്റെ ഗ്രാമസഭ ക്രോഡീകരിച്ച് ആവശ്യം ഉന്നയിച്ചത്.

1. കല്ലമ്പലം കേന്ദ്രമാക്കി പബ്ളിക് കംഫർട്ട്സ്റ്റേഷൻ ആരംഭിക്കുക.

2. കല്ലമ്പലം കേന്ദ്രമാക്കി കമ്മ്യൂണിറ്റി ഹാൾ.

3. സാംസ്കാരിക സമിതി ഉണ്ടാകണം (കല്ലമ്പലം)

4. കുഴൽകിണറുകൾ:- പ്ലാവിള, ആട്ടിക്കോണം, ലക്ഷംവീട്, വെട്ടിമൺകോണം, പാറവിള, വെയിലൂർ, മാവിൻമൂട്, കുളങ്ങര, പ്ലാവിള.

5. വാട്ടർസപ്ലൈസ്കീം

വെട്ടിമൺ വാട്ടർസപ്ലൈസ്കീം പുതുതായി ഒരു കിണർ കുഴിക്കണം. 6. പൈപ്പുലൈൻ നീട്ടണം, മുളയ്ക്കോട്ടുകോണം.

6. കല്ലമ്പലം-മണലിൽ റോഡിൽ ആട്ടറക്കോണം കുളത്തിൽ നിന്നും വെള്ളം പമ്പ് ചെയ്തു ശുദ്ധീകരിച്ചും കല്ലമ്പലം മണലിറോഡിനടുത്തുള്ള 100 കുടുംബങ്ങൾക്ക് കുടിവെള്ളം എത്തിക്കുന്നതിന് പൈപ്പുലൈൻ സ്ഥാപിക്കേണ്ടതാണ്.

7. മാവിൻമൂട് കോളനിയിൽ ശുദ്ധജലം കിട്ടത്തക്കരീതിയിൽ സമീപ പ്രദേശത്തു കിണർ കുഴിച്ച് പൈപ്പ് ലൈൻ എത്തിക്കണം. വടശ്ശേരിക്കോണം പദ്ധതിയിൽ വിപുലീകരിച്ചു പൈപ്പ്ലൈൻ നീട്ടി കല്ലമ്പലം, മുള്ളറംകോട് ഭാഗങ്ങളിലേക്ക് വെള്ളം എത്തിക്കുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തണം.

8. വാർഡിലെ 100 കുടുംബങ്ങൾക്ക് പച്ചക്കറി കൃഷി ചെയ്യുന്നതിന് വിത്തും വളവും സൗജന്യമായി നൽകണം.

9. ചെറുകിട വ്യവസായ യൂണിറ്റുകൾ സ്ഥാപിച്ചു തൊഴിലില്ലായ്മ പരിഹരിക്കുക.

10. മാവിൻമൂട് സ്കൂളിനു ചുറ്റുമതിൽ കെട്ടുക, മൂത്രപ്പുര, സ്കൂൾ കെട്ടിടം എന്നിവ ഉണ്ടാക്കുക. കൂടുതൽ ക്ലാസ്സ് മുറികൾ, യു.പി. യായി അപ്ഗ്രേഡ് ചെയ്യുക.

11. മൃഗാശുപത്രിയിൽ കേടായ ഉപകരണങ്ങൾ മാറ്റി പുതുതായി നൽകേണ്ടതാണ്.

12. മൃഗാശുപത്രിക്ക് പുതിയ കെട്ടിടം ഉണ്ടാക്കുകയും ചെയ്യണം. ജീപ്പ് ഉണ്ടാകണം, ഫോൺ വേണം.

13. ഹോമിയോ ആശുപത്രിയും ആയുർവേദ ആശുപത്രിയും വേണം.

14. സമ്പൂർണവൈദ്യുതീകരണം, സമ്പൂർണപാർപ്പിടം, കക്കൂസ് എന്നിവയ്ക്ക് ഗ്രാമസഭ ആവശ്യപ്പെടുന്നു.

15. കല്ലമ്പലത്ത് വേപ്പർലാമ്പ്, പ്രധാന കേന്ദ്രങ്ങളിൽ ട്യൂബ് ലൈറ്റുകളും വേണം.

16. കോളനികളിലും, പിന്നോക്കാവസ്ഥയിലുള്ള സ്ഥലങ്ങളിലും, മാവിൻമൂട്, വെട്ടിമൺകോണം (ലക്ഷംവീട്), പ്ലാവിള T.V കിയോസ്ക് ഉണ്ടാകണം കുളങ്ങര

**റോഡ്**

1. വെയിലൂർ-ചെക്കാലകുന്നുറോഡ് തമ്പുരാൻനട റോഡുമായി ബന്ധിപ്പിച്ചു ടാർ ചെയ്യണം.

2. കല്ലമ്പലം-മണലിറോഡ് ടാർ ചെയ്യണം.

3. പാറവിള-മുളയ്ക്കോട്ടുകോണം ടാറിംഗ്.

4. വെയിലൂർ-കുളങ്ങര റോഡ് ടാർ ചെയ്യണം.

5. വെയിലൂർ-കളിവിളാകം റോഡ് ടാർ ചെയ്യണം.

6. മാവിൻ മൂട്-കോളനി റോഡ് ടാർ ചെയ്യണം.

7. മാവിൻ മൂട്-കുളവിളാകം റോഡ് ടാറിംഗ്.

8. കല്ലമ്പലം-ആട്ടറക്കോണം റോഡ് ടാർ ചെയ്യണം.

9. ആലുംമൂട്-ആട്ടറക്കോണം റോഡ് ടാർ ചെയ്യണം.

10. കല്ലമ്പലം-മണലി റോഡ് മാവിൻമൂട് റോഡുമായി ബന്ധിപ്പിക്കുക.

11. കല്ലമ്പലം-മണലി റോഡ് മണലിജംഗ്ഷനിൽ നിന്നും മുളയ്ക്കോട് റോഡുമായി ബന്ധിപ്പിക്കണം; ടി റോഡ് ടാർ ചെയ്യണം.

12. നെൽകൃഷി, കേരകൃഷി, കശുമാവ്, വാഴ, മറ്റുകൃഷികൾ എന്നിവ പ്രോത്സാഹിപ്പിക്കണം. വിത്ത്, വളം എന്നിവ സൗജന്യമായി വിതരണം ചെയ്യണം.

13. വെയിലൂർ കേന്ദ്രമാക്കി ഒരു പാൽസൊസൈറ്റി സ്ഥാപിക്കണം.



_ a

# 3–ാം വാർഡ്

ഒറ്റൂർ ഗ്രാമപഞ്ചായത്ത് 3–ാം വാർഡിന്റെ അതിർത്തി വെയിലൂർ മുതൽ ഞായലിൽ പ്ലാത്തറകോണം ഒറ്റൂർ വരെ നീണ്ടു നിൽക്കുന്ന പ്രദേശമാണ് ഈ വാർഡിന്റെ അതിർത്തിയിൽ മണമ്പൂർ ഗ്രാമപഞ്ചായ ത്താണ്. വെയിലൂർ മുതൽ ആഴാംകോണം വരെ നാഷണൽഹൈവേ കടന്നു പോകുന്നു. വാർഡിന്റെ പടിഞ്ഞാറുഭാഗത്തു പാടശേഖ രങ്ങളും കിഴക്ക് ആഴാംകോണം കവലൂയൂർ റോഡുമാണ്. ഏകദേശം 3000നു മേൽ ജന സംഖ്യയുള്ളതാണ് നീറുവിള വാർഡ്. സമ തലം കുറച്ചും ഭൂരിഭാഗം പ്രദേശങ്ങളും കുന്നിൻചരിവുകളുമാണ്. ഏകദേശം 650 കുടുംബങ്ങൾ താമസിക്കുന്നു. ഒൻപതാം പദ്ധ തികൾക്ക് ഈ വാർഡിൽ നിന്നും ക്രോഡീ കരിച്ച കാര്യങ്ങൾ താഴെ പറയുന്നവയാണ്. ഇവയെല്ലാം ഈ വാർഡിലെ ജനങ്ങൾ, ജന പങ്കാളിത്തത്തോടെ നടപ്പാക്കണം.

**കൃഷിയും ജലസേചനവും**

ഭൂരിപക്ഷം ആളുകളും കൃഷിയെ ആശ്ര യിച്ചു ജീവിക്കുന്നു. പ്രധാനപ്പെട്ട കൃഷികൾ നെൽകൃഷി, തെങ്ങ്, മരച്ചീനി, വാഴ, മറ്റു ഇട വിളകൾ എന്നിവയാണ്. നെൽകൃഷി അഭിവൃ ദ്ധിപ്പെടുത്തുന്നതിനു താഴെ പറയുന്ന പദ്ധ തികൾ ആസൂത്രണം ചെയ്യേണ്ടതാണ് എന്നു ഗ്രാമസഭ പാസാക്കിയതായി കാണുന്നു.

1. ഞായലിൽ കുളത്തിൽ പമ്പ് സെറ്റ് വച്ച് തോട് ആഴം കൂട്ടി വെള്ളം അടിച്ചുകൊണ്ടു പോകുന്നതിനുള്ള സംവിധാനം ഇത് മൂന്നാം വാർഡിനും, നാലാം വാർഡിനും ഉപയോഗം ചെയ്യുന്നതാണ്.
2. കുന്നുപുറത്തു കുളത്തിൽ പമ്പ് സെറ്റ് വച്ചാൽ വെട്ടിമൺകോണം ഏലായിൽ നെൽകൃഷി അഭിവൃദ്ധിപ്പെടുത്താം. ഈ കുളം രണ്ടാം വാർഡിൽ സ്ഥിതി ചെയ്യുന്നു.
3. മുള്ളറംകോട് കമുറകോണം, വെണ്ണിയോ ട്ടുകോണം എന്നിവിടങ്ങളിൽ പുതിയ കുള ങ്ങൾ ഉണ്ടാക്കേണ്ടതാണ്.
4. ആഴാംകോണം–വെട്ടിമൺകോണം റോഡി ന്റെയും, ഞായലിൽ–ഒറ്റൂർ റോഡിന്റെയും, കമുറകോണം റോഡിന്റെയും, പാലമൂ ട്ടിലും റോഡ് അവസാനിക്കുന്ന ഭാഗത്തു ഓരോ സ്ലാബ് ഇട്ടാൽ ട്രാക്റ്റർ മറ്റു കൃഷി ഉപകരണങ്ങൾ എന്നിവ കൊണ്ടുപോകു ന്നതിനു സഹായകമായിരിക്കും. യഥാർത്ഥ കൃഷിക്കാർക്ക് സബ്സിഡിയോടെ വളവും, വിത്തും, കീടനാശിനികളും നൽകേണ്ട താണ്. എല്ലാ വീട്ടുവളപ്പിലും പച്ചകറി നട്ടു പിടിപ്പിക്കുന്നതിന് വിത്തും വളവും സാങ്കേ തിക ഉപദേശവും നൽകേണ്ടതാണ്. ഇതിന് പഞ്ചായത്തു മുൻകൈയ് എടുത്തു കൃഷിഭവൻ മുഖേന നടപ്പാക്കേണ്ടതാണ്. പാടശേഖരകമ്മിറ്റിയും, കേരവികസന സമി തിയും ഏകോപിപ്പിച്ചു പദ്ധതികൾ ത്വരി തപ്പെടുത്തണം. ഒരു പൊതുകുളം ഉണ്ടാ ക്കണം. അതിനുവേണ്ടുന്ന സാമ്പത്തിക സാഹായം കൃഷിഭവൻ വഹിക്കേണ്ടതും. ആധുനിക സാങ്കേതികവിദ്യ കൃഷിയിടങ്ങ

ളിൽ പരീക്ഷിക്കണം. നെൽപാടം നികത്തുന്നത് നിയമം മൂലം തടയണം. തെങ്ങിനു ബാധിച്ചിരിക്കുന്ന പ്രധാനരോഗം പ്രതിരോധ നടപടികൾ ഇല്ലാതിരിക്കെ അവ വെട്ടിമാറ്റി പകരം തൈയും സാമ്പത്തിക സഹായവും നൽകണം. ഇത് പദ്ധതിവിഹിതം വരുന്നതുവരെ കാത്തിരിക്കാതെ ചെയ്യേണ്ടതാണ്. കിണർ, പമ്പ് എന്നിവ കിട്ടുന്നതിനുള്ള മാനദണ്ഡം 30 സെന്റിനും താഴെയുള്ളവർക്ക് കൂടി ലഭിക്കേണ്ടതാണ്. (ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവർ)

**മൃഗസംരക്ഷണം, മത്സ്യബന്ധനം**

ഈ വാർഡിൽ കന്നുകാലി വളർത്തൽ കുറവാണ്. എങ്കിലും ദുർബലവിഭാഗങ്ങൾ ഈ മേഖലയിൽ തന്നെ ആശ്രയിച്ചു ജീവിക്കുന്നു. അത്യുല്പാദനശേഷിയുള്ള പശുകിടാരികൾ സൗജന്യമായോ സബ്സിഡി നിരക്കിലോ മൃഗസംരക്ഷണവകുപ്പു മുഖാന്തിരം കൊടുത്താൽ നന്നായിരിക്കും. കന്നുകാലികൾ ഉള്ളവർ തന്നെ വളരെ അകലെയുള്ള സ്ഥലങ്ങളിലാണ് പാലുകൊണ്ടുപോകുന്നത്. ആയതിനാൽ ഒരു പാൽസൊസൈറ്റി അത്യാവശ്യമാണ്. കാലികൾക്കു രോഗം വന്നാൽ കല്ലമ്പലത്തിൽ പോയി വേണം ചികിത്സിക്കുവാൻ. എല്ലാ ആളുകളും കാലിത്തീറ്റ അമിതമായ വിലകൊടുത്തു വാങ്ങുന്നവരാണ്. കാലിത്തീറ്റ സബ്സിഡി നിരക്കിൽ സൊസൈറ്റി മുഖേന കൊടുക്കാൻ ശ്രമിക്കണം. കാലികൾക്ക് ഇൻഷുറൻസ്, പൂർണമായും സൗജന്യമായിരിക്കണം. പേ വിഷബാധയ്ക്ക് എതിരെ കുത്തിവയ്പുകൾ സൗജന്യമായി നടത്തണം. എല്ലാവീട്ടുവളപ്പിലും ഇറച്ചിക്കോഴികളെ വളർത്തുന്നതിനുള്ള സഹായങ്ങൾ ചെയ്തുകൊടുക്കാവുന്നതാണ്. ചെറുകിട വ്യവസായമായി മാറ്റാവുന്ന കുടുംബങ്ങൾക്ക് സബ്സിഡിയോടെയുള്ള വായ്പയും ഉപദേശവും കൊടുക്കേണ്ടതാണ്. അവർക്ക് ഇൻഷുറൻസ് പരിരക്ഷ നല്കേണ്ടതാണ്. ദുർബല വിഭാഗങ്ങളെ കണ്ടെത്തി ചെറുകിട കോഴിവളർത്തൽ, പശുവളർത്തൽ, ആടുവളർത്തൽ എന്നിവ പ്രോത്സാഹിപ്പിക്കണം.

**കുടിവെള്ളവും പൊതുജനാരോഗ്യവും**

ഐ.എച്ച്.ഡി.പി. കോളനിയായ തോപ്പുവിളയിൽ സ്ഥാപിച്ചിട്ടുള്ള വാട്ടർസപ്ലൈ സ്കീം പണിതീർത്തു കമ്മീഷൻ ചെയ്യണം. ഈ ലൈൻ നാലു സെന്റു കോളനി, പന്തുവിള നീരവിള എന്നീ സ്ഥലങ്ങളിൽ എത്തിക്കണം. അതിനുള്ള ശേഷിയുള്ള ടാങ്കാണ് തോപ്പുവിളയിൽ സ്ഥാപിച്ചിട്ടുള്ളത്. 3–ാം വാർഡിന്റെ എല്ലാ ഭാഗത്തും മണമ്പൂരിന്റെ ഒന്നാം വാർഡിലും വെള്ളം എത്തിക്കാവുന്നതാണ്.

വേടൻവിള, നീർവിള, നാലുസെന്റുകോളനി, പന്തുവിള, മുള്ളറംകോട്, പ്ലാത്തറകോണം എന്നിവിടങ്ങളിൽ കുഴൽ കിണർ കുഴിക്കേണ്ടതാണ്.

കമുറക്കോണത്തു കുളം വെട്ടി നാലു സെന്റുകോളനിയിൽ ടാങ്കുസ്ഥാപിച്ചാൽ ഒറ്റൂർ പഞ്ചായത്തിന്റെ 2, 1, 5, 3 എന്നീ വാർഡുകളിൽ ശുദ്ധജലം എത്തിക്കാം.

കിണർ ഇല്ലാത്ത എല്ലാ വീട്ടുകാർക്കും കിണർ വെട്ടുന്നതിനു സാമ്പത്തിക സഹായം അനുവദിക്കേണ്ടതാണ്. ഇത്ര വസ്തുവേണം എന്ന വ്യവസ്ഥ മാറ്റണം.

ഈ വാർഡിൽ I.H.D.P കോളനിയായ തോപ്പുവിളയിൽ ഒരു ആയുർവേദ ആശുപത്രി അത്യാവശ്യമായും ഉണ്ടാകണം. അതിനു വേണ്ടുന്ന സ്ഥലം തോപ്പുവിളയിൽ ഉണ്ടാക്കാവുന്നതാണ്. ഈ കോളനി, ഞായലിൽ, മുള്ളറംകോട്, നീറുവിള എന്നിവിടങ്ങളിലുള്ള ജനങ്ങൾ ചികിത്സാർത്ഥം ബസ് കയറി ദൂരസ്ഥലങ്ങളായ ഞെക്കാട്, മണമ്പൂർ എന്നിവിടങ്ങളിലുള്ള ആശുപത്രികളെയാണ് ആശ്രയിക്കുന്നത്. ഗ്രാമീണ ജനതയ്ക്ക് അത്യാവശ്യം ആയുർവേദ ചികിത്സാസൗകര്യം ഈ ഹരിജൻ കോളനിയിൽ ഉണ്ടാകേണ്ടതാണ്. മുള്ളറംകോട് ഒരു P.H സബ് സെന്റർ ഉണ്ടാകണം. മാസത്തിലൊരിക്കലെങ്കിലും മൂന്നാം വാർഡിലെ ഹരിജൻ മേഖലയിൽ മെഡിക്കൽ സംഘം എത്തി പരിശോധന നടത്തേണ്ടതാണ്. ശുചീകരണത്തിനു മേൽനോട്ടം വഹിക്കുന്നതിനും, ബോധവൽക്കരണം നടത്തുന്നതിനും മെഡിക്കൽ സംഘത്തിനു കഴിയണം.



,21

### വ്യവസായം

1. മൂന്നാം വാർഡിൽ ഒരു വനിതാ വ്യവസായ സഹകരണസംഘം (വിവിദോദ്ദേശ്യം) ഉണ്ടാക്കണം.
2. കെട്ടിട നിർമ്മാണത്തിനു ആവശ്യമായ ചുടുകല്ല്, സിമന്റുബ്ലോക്ക്, മെറ്റൽ, ഇവ ഉണ്ടാക്കുന്ന സൊസൈറ്റി ഉണ്ടാക്കേണ്ട താണ്. ഇത് ആർട്ടിസാൻസ് കോർപ്പറേഷൻ മുഖേന നടപ്പാക്കേണ്ടതാണ്.

വനിതാ വ്യവസായശാലകൾക്ക് സാമൂഹ്യ ക്ഷേമവകുപ്പുമായി ബന്ധപ്പെട്ടുള്ള കുടിൽ വ്യവസായങ്ങൾക്ക് പ്രാധാന്യം കൊടുക്കുന്ന തിനു സഹായമായ നിലപാട് ഉണ്ടാക്കണം.

### ഗതാഗതം, ഊർജവും

1. ആഴാംകോണം-വെട്ടിമൺകോണം റോഡ് മെറ്റലിംഗ് ടാറിംഗ്.
2. കാട്ടുവിള-മുള്ളറംകോട് റോഡ് 200 മീറ്റർ മെറ്റലിംഗ് ടാറിംഗ്
3. നാലുസെന്റു റോഡ് ഇടയ്ക്കാട്ടുവരെ നീട്ടണം (പുതിയ റോഡു വെട്ടണം)
4. വേടൻവിള കാവുവിളറോഡ് സ്കൂളിനു മുമ്പിൽ പൂർത്തീകരിക്കണം (രണ്ടു സെന്റു സ്ഥലം പൊന്നുംവിലയ്ക്ക് എടുക്കേണ്ടി വരും).
5. ഞായലിൽ ഒറ്റൂർ റോഡ് ടാറിംഗ്.
6. തൊട്ടികല്ലിൽ വെണ്ണിയോടുകോണം റോഡ് ടാറിംഗ്.
7. തൊട്ടികല്ലിൽ കമുറകോണം റോഡ് വീതി കൂട്ടി ടാറിംഗ്.
8. പന്തുവിള വെണ്ണിയോടു കോണം, റോഡ് ടാറിംഗ്.
9. പന്തുവിള-ചെറുക്കോണം റാഡ് ടാറിംഗ്.
10. പന്തടിവിള-പ്ലാത്തറകോണം റോഡ് മെറ്റ ലിംഗ്, ടാറിംഗ്

1. ചേന്നൻകോട്-മുള്ളറംകോട് തോപ്പുവിള വഴി തിരുവനന്തപുരത്തേയ്ക്ക് ബസ് സർവീസ് ആരംഭിക്കണം.
2. കല്ലമ്പലം-നീറുവിള, മുള്ളറംകോട്, ചേന്നൻകോട്-വർക്കലയിലേയ്ക്കു ബസ് സർവീസ് വേണം.
3. കല്ലമ്പലം-തോപ്പുവിള-MLA പാലം വഴി തിരുവനന്തപുരത്തേയ്ക്ക് ബസ് സർവീസ്.

പുതിയ ഇലക്ട്രിക് ലൈൻ ഇടേണ്ട സ്ഥല ങ്ങൾ.

1. വേടൻ-വിള കാവുവിള റോഡിൽ ഇല ക്ട്രിക്ക് പോസ്റ്റ് ഇടണം.
2. കാട്ടുവിള-മുള്ളറംകോട് വൈദ്യുതി എത്തി ക്കണം. (2 പോസ്റ്റ്)
3. പന്തുവിള-ചെറുകോണം റോഡിന്റെ അവ സാനിക്കുന്നിടത്ത് ഒരു പോസ്റ്റ് ഇടണം.
4. ഞായലിൽ കളിയിലുവിള പ്രദേശത്തു ലൈൻവേണം.
5. നാലുസെന്റുകോളനിയിൽ ഹരിജൻ വസ തികൾക്ക് ആവശ്യമായ ഇലക്ട്രിക്ക് ലൈൻ.
6. വെണ്ണിക്കോടുകോണം റോഡ് ഇടയ്ക്കാടു വരെ നീട്ടി ഇലക്ട്രിക് ലൈൻ ഇടണം.
7. തോപ്പുവിള-മുള്ളറംകോട് ഇലക്ട്രിക് ലൈൻ യോജിപ്പിക്കുക. തോപ്പുവിളയിൽ വാൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് ഒരു ട്രാൻസ്ഫോർമർ സ്ഥാപിക്കേണ്ടതാണ്. മൂന്നാം വാർഡിലുള്ള എല്ലാ വീട്ടിലും വൈദ്യുതി എത്തിക്കണം. ഇന്നത്തെ കാല താമസം ഒഴിവാക്കണം.

### പാർപ്പിടവും സാമൂഹ്യക്ഷേമം

മൂന്നാം വാർഡിൽ ഭവനരഹിതരായ എല്ലാ പേർക്കും വിവിധ ഏജൻസികളുടെ സഹായ ത്തോടെ ഭവനം നിർമ്മിക്കണം. സമ്പൂർണ പാർപ്പിടം ഇതാണ് ഒൻപതാം പദ്ധതിയിൽ ലക്ഷ്യമിട്ടിരിക്കുന്നത്. ഏകദേശം നൂറിനടു ത്തുള്ള കുടുംബങ്ങൾക്ക് വാസയോഗ്യമായ പാർപ്പിടമില്ല.

വൃദ്ധരായ ആളുകൾക്ക് നിയമത്തിന്റെ പരി ധിയിൽ നിന്നുകൊണ്ടു വിവിധയിനം പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി പെൻഷൻ കിട്ടുന്നതിനും, അഗതി, വികലാം ഗർ ഇവർക്കും പെൻഷൻ കിട്ടുന്നതിനും നട

പടികൾ ത്വരിപ്പെടുത്തണം.

**വനിത**

മൂന്നാംവാർഡിൽ വനിതകളുടെ ജീവിതനിലവാരം ഉയർത്തുന്നതിനു വേണ്ടി നീർവിള ആസ്ഥാനമാക്കി ഒരു വനിത വ്യവസായ സഹകരണസംഘം രജിസ്റ്റർ ചെയ്യണമെന്നും, ഇതിന്റെ കീഴിൽ വിവിധയിനം കുടിൽവ്യവസായം ആരംഭിക്കണമെന്നും ലക്ഷ്യമിട്ടിരിക്കുന്നു. സാമൂഹ്യക്ഷേമ വകുപ്പുമായി ബന്ധപ്പെട്ടു വിവിധയിനം പദ്ധതികൾക്ക് രൂപം കൊടുക്കാവുന്നതാണ്. തോപ്പുവിളയിൽ ഒരു വനിതാ ടൈലറിംഗ് സ്കൂൾ, പ്രത്യേകിച്ചും ഹരിജൻ വനിതകൾക്കായി സാമൂഹ്യക്ഷേമ വകുപ്പിന്റെ സഹകരണത്തിൽ തുടങ്ങേണ്ടതാണ്. വനിതകൾക്കായി വിവിധയിനം സൊസൈറ്റി, പാൽ സംസ്കരണ സൊസൈറ്റി, ഇവ. തോപ്പുവിളയിൽ ഒരു റേഷൻ ഡിപ്പോ ഉണ്ടാകണം. വനിതകൾക്കു സ്വയം തൊഴിൽ സംരംഭങ്ങൾക്ക് തുടക്കം കുറിക്കണം. മഹിളാസമാജങ്ങൾ തുടങ്ങണം. സ്ത്രീധനപീഡന കേസുകളിൽ വേണ്ടുന്ന സഹായങ്ങൾ സ്ത്രീകൾക്ക് ഉണ്ടാകണം. സ്ത്രീകളെ അശ്ലീലമായി ചിത്രീകരിക്കുന്ന പോസ്റ്ററുകൾ നീക്കം ചെയ്യേണ്ടതാണ്.

**സഹകരണമേഖല**

ഈ വാർഡിൽ പ്രവർത്തനം നിലച്ച ഹരിജൻ സഹകരണസംഘം പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടി ഉണ്ടാകണം. ഒരു പാൽസഹകരണ സംഘം, വനിതാ സഹകരണ സംഘം എന്നിവ ഉണ്ടാകേണ്ടതാണ്. ഒറ്റൂർ സർവീസ് സഹകരണ ബാങ്ക് വ്യാവസായിക രംഗത്തുകൂടി വായ്പാ വിതരണം നടത്തുന്നതിന് ശ്രമിക്കേണ്ടതാണ്.

**പട്ടികജാതി പട്ടികവർഗക്ഷേമം**

ഈ വാർഡിൽ ഒരു കളജ കോളനിയുണ്ട്. കൂടാതെ ഞായലിൽ അപ്രൂവ്ഡ് കോളനിയാണ്. വിവിധ ക്ഷേമപ്രവർത്തനം നടത്തിക്കൊണ്ടിരിക്കുകയാണ്. തോപ്പുവിളയിൽ ഒരു ആയൂർവേദ ആശുപത്രിയും, അവയ്ക്കു വേണ്ടുന്ന സൗകര്യവും ഉണ്ടാകണം. ഒരു പട്ടികജാതി, പട്ടികവർഗ സാങ്കേതിക പരിശീലന കേന്ദ്രം ഉണ്ടാകണം (ഐ. റ്റി. ഐ) കോളനിയിൽ താമസിക്കുന്നവർക്ക് വീട് അറ്റകുറ്റപണികൾക്കും, കിണർ കുഴിക്കുന്നതിനും, പുതുക്കുന്നതിനും, കക്കൂസ് ഇവയ്ക്കും ധനസഹായം ചെയ്യണം. കർഷകതൊഴിലാളികൾക്ക് യഥാസമയം കർഷകതൊഴിലാളി പെൻഷൻ പദ്ധതി ത്വരിപ്പെടുത്തണം. ഭൂരഹിത കർഷക തൊഴിലാളികൾക്ക് പഞ്ചായത്തുതലത്തിൽ ഭൂമി വിതരണം ചെയ്യുന്നതിനും വീടു പണിയുന്നതിനും നടപടി ഉണ്ടാകണം. തോപ്പുവിളയിൽ ഒരു T.V. കിയോസ്കും സാസ്കാരികനിലയവും ഉണ്ടാകണം. 4സെന്റുകോളനിയിലും T.V കിയോസ്കും T.V യും വേണം. ഒരു പൊതുശ്മശാനം അത്യാവശ്യമാണ്. ഇവയ്ക്ക് സ്ഥലം വാങ്ങണം. ആവശ്യാനുസരണം സ്ഥലം തോപ്പുവിളയിലും പരിസരത്തും ഉണ്ട്.

**മാർക്കറ്റ്**

ഒറ്റൂർ ഗ്രാമപഞ്ചായത്തിന്റെ ഏക പബ്ലിക് മാർക്കറ്റാണ് നീർവിള. ഇതിന് ചുറ്റുമതിൽ കെട്ടണം. ആവശ്യമായ സ്റ്റാളുകളും ഉണ്ടാകണം. ഈ ചന്തയുടെ ഒരറ്റത്ത് T.V കിയോസ്ക് സ്ഥാപിച്ച് T.V യും ഉണ്ടാകേണ്ടതാണ്. വിവിധ ഉപയോഗങ്ങൾക്ക് ചന്തമൈതാനം ഉപയോഗിക്കുന്നതിനു വേണ്ടുന്ന സംവിധാനം ചെയ്യണം.

**വിദ്യാഭ്യാസം, സംസ്കാരം**

ഈ വാർഡിൽ ഉള്ളവർ പ്രധാനമായും മണമ്പൂർ യു.പി.എസിനെയാണ് ആശ്രയിക്കുന്നത്. കുറച്ചുകുട്ടികൾ ഒറ്റൂർ, ഞെക്കാട് എന്നിവിടങ്ങളിൽ പഠിക്കുന്നു. സർക്കാർ സ്കൂളുകളിൽ പോകുന്നവരാണ് ഏറെയും, സാക്ഷരത പ്രവർത്തനം മെച്ചമല്ല. കോളനിയിൽ അക്ഷരാഭ്യാസമില്ലാത്തവർ ഉണ്ട്. ദൂരസ്ഥലങ്ങളിൽ പഠിക്കുന്നതിനുള്ള വാഹനസൗകര്യം ഇല്ല. ഹരിജൻ സമൂഹത്തിൽ ബോധവൽക്കരണം ഉണ്ടാകണം. തൊഴിലധിഷ്ഠിത വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കണം. വിദ്യാഭ്യാസപരമായി



132

പിന്നോക്കം നിൽക്കുന്ന പ്രദേശങ്ങളായ തോപ്പുവിള, നാലുസെന്റു കോളനി, ഞായലിൽ എന്നിവിടങ്ങളിൽ ഇല്ക്ട്രോണിക് മാധ്യമങ്ങൾ ഉപയോഗിച്ചുള്ള പ്രചരണപരിപാടികളും, റേഡിയോ T.V കിയോസ്കുകളും ആവശ്യാനുസരണം വേണ്ടതാണ്. മൂന്നാം വാർഡിന്റെ അതിർത്തിയിലുള്ള മുള്ളറംകോട് എ.കെ. ജി മെമ്മോറിയൽ വായനശാലയിൽ ഒരു T.V യും മറ്റു ഉപകരണങ്ങളും ഉണ്ടാകേണ്ടതാണ്. അംഗനവാടികളുടെ പ്രവർത്തനം കൂടുതൽ ആളുകൾക്ക് ഉപയോഗിക്കുന്നത് വേണ്ടുന്ന നടപടികൾ ഉണ്ടാകണം. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പഞ്ചായത്തിൽ നിന്നും സാമ്പത്തിക സഹായം അനുവദിക്കണം. ഉയർന്ന നിലവാരത്തിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പഞ്ചായത്തു തലത്തിൽ സ്കോളർഷിപ്പ് കൊടുക്കേണ്ടതാണ്. ഹരിജൻ കോളനികളിൽ കുടി പള്ളികുടങ്ങൾ തുടങ്ങി നിരക്ഷരത മാറ്റാവുന്നതാണ്. പഠിപ്പിക്കുന്നവർക്കു പഞ്ചായത്തു തലത്തിൽ അലവൻസ് മറ്റുസാമ്പത്തിക സഹായവും കൊടുക്കാവുന്നതാണ്. ഇവയൊകെ തന്നെ ജനപങ്കാളിത്തത്തോടെ ആയിരിക്കണം നടപ്പാക്കോണ്ടത്. കോളനിയിലെ കുട്ടികൾ ദുരെ സ്ഥലങ്ങളിൽ പോയി പഠിക്കാത്തത് ഇതാണ് ബസ് ഇല്ലാത്തതും സാമ്പത്തിക ബുദ്ധിമുട്ടും കൊണ്ടാണ്.

3–ാം വാർഡിൽ സ്പോർട്ട് ക്ലബുകൾ പ്രവർത്തിക്കുന്നുണ്ട്, നവകേരളം, ന്യു കേരള കലാകേന്ദ്രം, എ.കെ.ജി മെമ്മോറിയൽ സ്പോർട്ട്സ് ക്ലബ് എന്നിവ ഇവയക്ക് ആവശ്യമായ ഉപകരണങ്ങളും മറ്റു സാഹായങ്ങളും ഉണ്ടാകണം. പഞ്ചായത്തിൽ ഒരു സറ്റേഡിയം അത്യാവശ്യമാണ്. മുന്നാം വാർഡിൽ, പഞ്ചായത്തിൽനിന്നും അനുവദിക്കുന്ന ഒരു കമ്യൂണിറ്റിഹാൾ, സ്റ്റേഡിയം ഇവ ഉണ്ടാകണം. മുള്ളാംകോട് കേന്ദ്രമാക്കി ഒരു പോസ്റ്റാഫീസ് 5 കി.മീ. അകലെയുള്ള മണമ്പൂരാണ്. ചേന്നൻകോട്–മുള്ളാംകോട് –മണമ്പൂർ റോഡ് മെന്റൻസ് നടത്തണം. (സൈഡ് ഫാർമേഷൻ. ഓട, കലങ്, സൈഡ്വാൾ എന്നിവ)

I ഈ വാർഡിൽ ഇപ്പോൾ 631 വീടുകൾ ഉണ്ട്. ഈ വാർഡിലെ ഇപ്പോഴുള്ള ജനസംഖ്യ – 3051 ആണ്. പ്രായപൂർത്തി വോട്ടവകാശമുള്ളവർ 1257 ജനസംഖ്യയിൽ മുഴുവനും ഹിന്ദുക്കളാണ്.

II ഈ വാർഡിൽ പുരാതനമായ രണ്ടുക്ഷേത്രങ്ങളാണ് ഉള്ളത്.

(i) ഒറ്റൂർ ശ്രീകൃഷ്ണസ്വാമി ക്ഷേത്രവും

(ii) ശ്രീനാരായണപുരം വിഷ്ണു ക്ഷേത്രവും.

III ഈ പ്രദേശത്ത് ഒരു LPS ഉം ഒരു U.P.S ഉം ഉണ്ട്.

A B അതിൽ L.P.S. Govt School ഉം U.P.S Private ആണ്. LPS ൽ ഉദ്ദേശം 250 കുട്ടികൾ പഠിക്കുന്നുണ്ട്. ഈ സ്കൂളിന് Compound Wall ഇല്ല. ശുദ്ധജലം ഇല്ല. കുട്ടികൾക്ക് പഠിക്കുന്നതിന് വേണ്ടി സ്ഥിരമായ കെട്ടിടങ്ങളോ വേണ്ടത് പോലെ ഇല്ല. കുട്ടികൾക്ക് ഇരുന്നു പഠിക്കാൻ ആവശ്യമുള്ള കെട്ടിടവും ശുദ്ധജലവും കിട്ടുന്നതിനും അവരുടെ പ്രാഥമിക ആവശ്യങ്ങൾക്കുള്ള കക്കൂസ്, മൂത്രപ്പുര മുതലായവ അടിയന്തിരമായി ഉണ്ടാകണം എന്നും താല്പര്യപ്പെടുന്നു.

III(A) ഈ വാർഡിൽ ഒരു ബാലവാടി പ്രവർത്തിക്കുന്നുണ്ട്. അവിടെയും വേണ്ടത്ര സൗകര്യം ഇല്ല. പഴയ ഒരു കെട്ടിടം പൊളിഞ്ഞും കിടക്കുകയാണ്. അതിന്റെ അറ്റകുറ്റ പണികൾ പൂർത്തിയാക്കണം എന്ന് താല്പര്യപ്പെടുന്നു.

III(B) പുതുതായി ഒരു അംഗൻവാടി ഈ വാർഡിൽ തുടങ്ങി. അതിനായി രണ്ടു സെന്റ് പുരയിടം വാങ്ങുന്ന പ്രയ്തനത്തിൽ ആണ് ഈ വാർഡിലെ ജനങ്ങൾ. അതിനും കെട്ടിടം ഉണ്ടാക്കുന്നതിനും വേണ്ടി ഗ്രാമസഭയുടെ സത്വര നടപടി ഉണ്ടാകണം എന്ന് താല്പര്യപ്പെടുന്നു.

IV പഞ്ചായത്താഫീസ്, വില്ലേജ് ആഫീസ് തുടങ്ങിയ സ്ഥാപനങ്ങൾ ഈ വാർഡിൽ സ്ഥിതിചെയ്യുന്നു. വേണ്ടത്ര സൗകര്യം ഇല്ല.



131

V(a) കൃഷിഭവന്റെ പ്രവർത്തനം ഈ വാർഡിൽ ഒരു വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നുണ്ട്. ഈ ഗ്രാമസഭയുടെ ആരംഭത്തോടെ ജനപങ്കാളിത്തോടെ ഒരു ലക്ഷം രൂപാ പിരിച്ച് സ്ഥിരമായി കെട്ടിടം ഉണ്ടാക്കുന്നതിന് സ്ഥലം വാങ്ങി കൃഷിഡിപ്പാർട്ടുമെന്റിന് സർട്ടർ ചെയ്യാൻ ഈ വാർഡിലെ ജനങ്ങൾ തീരുമാനിക്കുകയും അത് നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. അങ്ങനെ ഈ വാർഡിലെ ജനങ്ങളുടെ അഭിലാഷം ജനപങ്കാളിത്തത്തോടെ നടപ്പിലാക്കാനും തീരുമാനിച്ചു. അതിനും ഈ ഗ്രാമസഭയുടെ സഹായസഹകരണങ്ങൾ അഭ്യർഥിക്കുന്നു. കൃഷിഭവൻ സ്ഥിതിചെയ്യുന്ന കാമ്പൗണ്ടിൽ ഒരു അഞ്ച് സെന്റ് ഭൂമികൂടി വാങ്ങികൊടുത്ത് കന്നുകാലികളെ കുത്തിവയ്ക്കുന്ന ഒരു സബ്സെന്റർ കൂടി അനുവദിച്ചു കിട്ടണമെന്ന് ഈ വാർഡിലെ ജനങ്ങളുടെ ഒരു ആഗ്രഹം ഉണ്ട്. ഇപ്പോൾ ഈ സബ്സെന്റർ ചെർന്നീയൂർ പഞ്ചായത്തിന്റെ അതിർത്തിയിൽ ആണ് സ്ഥിതിചെയ്യുന്നത്. ആ സബ്സെന്റർ കൂടി കിട്ടിയാൽ അഞ്ചുസെന്റ് ഭൂമി ഈ നാട്ടിലെ ജനങ്ങൾ വാങ്ങി ഗവൺമെന്റിന് സറട്ടർ ചെയ്യാൻ തയാറാണ്. വേണ്ട പ്രോത്സാഹനം ഉണ്ടാകണം എന്ന് താല്പര്യപ്പെടുന്നു. (കെട്ടിടം നിർമിക്കുന്നതിനുള്ള ഫണ്ട് ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകണം എന്ന ഒരു അഭ്യർഥന കൂടി ഉണ്ട്.)

VI ഈ വാർഡിലെ ജനങ്ങളിൽ ഭൂരിഭാഗവും കൃഷിക്കാരാണ്. തെങ്ങ്, നെല്ല്, കശുവണ്ടി തുടങ്ങിയവയാണ് പ്രധാനകൃഷി. മലക്കറി കൃഷി വളരെ കുറഞ്ഞ തോതിലാണ്. കാരണം ജലസേചന ദൗർലഭ്യമാണ് കാരണം. ഈ വാർഡിൽ 25 ഹെക്ടർ നെൽപാടങ്ങളുണ്ട്. കൂട്ടുകൃഷി സമ്പ്രദായം നിലവിലുണ്ട്. അതിനായി ഒരു ഗ്രൂപ്പു ഫാമിംഗിന്റെയും പ്രവർത്തനം ഉണ്ട്.

VII ഈ വാർഡിൽ പ്രധാനമായി രണ്ടു കുളങ്ങളാണ് ഉള്ളത്.

(1)ഒറ്റൂർ ശ്രീകൃഷ്ണ ക്ഷേത്രത്തിനടുത്തുള്ള ഒറ്റൂർ കുളം.

(2) മഠത്തിൽ വിളാകം കുളം.

ഈ രണ്ടു കുളങ്ങളും വൃത്തിയാക്കി കുഴിച്ച് പമ്പുസെറ്റുവച്ചാൽ കൃഷിയ്ക്ക് ആവശ്യമായ ജലസേചന സൗകര്യവും ഉണ്ടാക്കാൻ കഴിയും. മാത്രവും അല്ല, ഈ പ്രദേശത്തു കൂടി ഉദ്ദേശം രണ്ടു കി:മീറ്റർ വീതം നീളം ഉള്ള രണ്ട് തോടുകൾ ഉണ്ട്. ഇതും നല്ലതുപോലെ സൂക്ഷിച്ചാൽ കൃഷിയ്ക്ക് ആവശ്യമുള്ള ജലസേചനം നടത്താം.

ഈ വാർഡിൽ പത്ത് പൊതുകിണറുകളും രണ്ട് കുഴൽകിണറുകളും ഉണ്ട്.

ഈ വാർഡിൽ തോപ്പിൽ കേന്ദ്രീകരിച്ച് ഒരു വാട്ടർ ടാങ്കിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. അത് പൂർത്തിയാകുമ്പോൾ ഈ വാർഡിൽക്കൂടി കുടിവെള്ളം എത്തിക്കാൻ വേണ്ട പൈപ്പ്ലൈൻ കണക്ഷൻ ഏർപ്പെടുത്തണം എന്ന് ഈ വാർഡിലെ ജനങ്ങൾ അപേക്ഷിച്ചു കൊള്ളുന്നു.

VIII ഈ വാർഡിൽ മൊത്തം 15 റോഡുകളാണ് ഉള്ളത്. ഇതിൽ ഒരെണ്ണം PWD റോഡാണ്. മണമ്പൂർ-വടശേരിക്കോണം. ഈ വാർഡിൽക്കൂടി 3 കി:മീറ്റർ കടന്നു പോകുന്നു. മറ്റൊന്നു പഞ്ചായത്ത് റോഡ് ഒറ്റൂർ-ചേന്നൻക്കോട് ഒരു കി:മീറ്റർ കടന്നു പോകുന്നു. ഇത് രണ്ടും ടാർചെയ്ത റോഡുകളാണ്. ബാക്കി 13 റോഡുകളും ഗതാഗതയോഗ്യമല്ലാത്ത കുണ്ടും കുഴിയും നിറഞ്ഞ പഞ്ചായത്ത് റോഡുകളാണ്. ഇതും കഴിയുന്നതും വേഗം ടാർചെയ്തു ഗതാഗതയോഗ്യം ആക്കണം എന്നും കഴിയാതെ വന്നാൽ താല്ക്കാലികമായി മെയിന്റനൻസ് നടത്തണം എന്നും താല്പര്യപ്പെടുന്നു. (ഇത് ഏതാണ്ട് ഒൻപത് കി :മീറ്റർ നീളം വരും)

VIII(a) ഈ റോഡുകളിൽ തെരുവുവിളക്കും നന്നേകുറവാണ്. ഇത് നികത്തിയാൽ 50% വീടുകൾക്കും വൈദ്യുതി എത്തിക്കാനും കഴിയും. ഇത് ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടണം എന്നു താല്പര്യപ്പെടുന്നു.

# വാർഡ് 4.

ഗതാഗതം

1. ഒറ്റൂർ നാലാം വാർഡിന്റെ അതിർത്തിയിൽ കൂടി PWD റോഡ് നാല് കിലോമീറ്റർ (വട ശേരിക്കോണം . പാലാംകോണം) കടന്നു പോകുന്നു.
2. പഞ്ചായത്ത് റോഡുകൾ ഏകദേശം 10 കിലോമീറ്റർ ദൂരത്തിലുണ്ട്. ഈ റോഡുക ളൊന്നും ടാർ ഇടാത്തതും സഞ്ചാരയോ ഗ്യവും അല്ല.
3. തോപ്പിൽ ബാലപാഠി മുതൽ ശ്രീനാരായ ണപുരം വരെയുള്ള റോഡ് ടാർ ഇടണം. വയലിൽ ഇറങ്ങുന്നതിന് ഫുട്ബ്രിഡ്ജ് ഉണ്ടാക്കണം.
4. തോപ്പിൽ മഠത്ത്വിളാകം റോഡുകൾ അറ്റ കുറ്റപ്പണി നടത്തണം ടാർ ഇട്ടില്ല, ടാർ ഇടണം.
5. തുണ്ടിൽകട, തൊടിയിൽ റോഡ് ടാർ ഇടണം. അറ്റകുറ്റപ്പണി ഉടനെ നടത്തണം സഞ്ചാരയോഗ്യമല്ല.
6. ഒറ്റൂർ കരിയാ പഞ്ചായത്ത് ആഫീസ് റോഡ് ടാർ ഇട്ടില്ല ടാർ ഇടണം.
7. മുണ്ടയിൽക്കോണം കക്കോട്ട്കുന്ന് റോഡ് ടാർ ഇട്ടില്ല ടാർ ഇടണം.
8. കുന്നുവിള മണ്ണൂർക്കോണം റോഡ് ഭാഗിക മായി ഉണ്ട്. അതിന്റെ തടസങ്ങൾ മാറ്റി റോഡ് ഗതാഗതയോഗ്യമാക്കണം.
9. പ്ലാവിള മുതൽ കോട്ടറക്കോണം വരെ പുതിയ ഒരു റോഡ് അത്യാവശ്യമാണ്. റോഡില്ലാതെ ആളുകൾ വളരെ ബുദ്ധിമു ട്ടുന്നു.
10. കുന്നുവിള കണ്ണമംഗലം റോഡ് അഞ്ചുമീ റ്റർ വീതിയാക്കി ഓടവെട്ടി ഇലക്ട്രിക് ലൈൻ വലിച്ച് സ്ട്രീറ്റ് ലൈറ്റ് സ്ഥാപി ക്കണം.
11. തോപ്പിൽ മരുതറ ഇടവഴി ക്രോസ്ബാർ കെട്ടണം.
12. ഒറ്റൂർ ചേന്നൻകോട് റോഡിൽ റീടാറിംഗ് നടത്തണം.
13. തോപ്പിൽ പങ്കിളിറോഡ് മെറ്റലിംഗ് ടാറിംഗ് ചെയ്യണം.

**അത്യാവശ്യം ചെയ്യേണ്ട പണികൾ (റോഡ്)**

1. ഒറ്റൂർ പഞ്ചായത്താഫീസ് മുതൽ കരിയറ വാതുക്കൽ വരെയുള്ള റോഡും ഒറ്റൂർ യു.പി.എസ്. സ്കൂളിന്റെ അതുവരെയുള്ള റോഡുകൾ മെറ്റലിംഗ് ടാർ ഇടണം.
2. തോപ്പിൽ ഇടയക്കലിൽ മഠത്തിൽവിളാകം റോഡ് മെറ്റലിംഗ് ടാറിംഗ് ഇടണം.
3. തുണ്ടിൽകട . തൊടിയിൽ റോഡ് മെറ്റലിംഗ് ടാറിംഗ് ഇടണം.
4. മുണ്ടയിൽക്കോണം കക്കോട്ട്കുന്നു റോഡ് മെറ്റലിംഗ് ടാറിംഗ് ഇടണം.
5. കുന്നുവിള മണ്ണൂർക്കോണം റോഡ് മെറ്റി ലിംഗ് ടാറിംഗ് ഇടണം.
6. തോപ്പിൽ ബാലപാഠി മുതൽ ശ്രീനാരായ ണപുരം വരെയുള്ള റോഡ് മെറ്റലിംഗ് ടാറിംഗ് ഇടണം.
7. തോപ്പിൽ പങ്കിളിറോഡ് മെറ്റലിംഗ് ടാറിങ്ങ് ചെയ്യണം.

**വാർഡ് iV**

**വ്യവസായം**

നാലാം വാർഡിൽ പറയത്തക്ക വ്യവസാ യങ്ങൾ ഇല്ല. കുടിൽ വ്യവസായമായി നെയ്ത്തും ബീഡിയും ഉണ്ട്. അതും വളരെ ശോചനീയമായ അവസ്ഥയിലാണ്. നെയ്ത്തി നുള്ള അസംസ്കൃതസാധനങ്ങൾ പുറവൂരിൽ നിന്നും കൊണ്ടു വരുന്നു. പുതിയതായി കൊപ്രായും, നെയ്ത്തുവ്യവസായവും തുട ങ്ങാൻ കഴിയും.

സഹകരണമേഖലയിൽ പ്രവർത്തിക്കുന്ന ഒരു കൈത്തറിവ്യവസായം ഉണ്ട്. അതിന്റെ പ്രവർത്തനം വളരെ മോശമാണ്. ഈ സ്ഥാപ നത്തിൽ ജോലിചെയ്യുന്നവർക്ക് നിത്യവൃത്തി ക്കുള്ള ശമ്പളംപോലും ലഭിക്കുന്നില്ല.

കൊപ്രാവ്യവസായവും, നെയ്ത്തുവ്യവസാ

യവും തുടങ്ങുന്നതിന് വനിതകൾക്ക് പ്രത്യേക താല്പര്യമുണ്ട്.

വ്യാവസായികാടിസ്ഥാനത്തിൽ ഒരു കയർ വ്യവസായം ആരംഭിച്ചാൽ വളരെ ആളുകൾക്ക് പ്രയോജനം ലഭിക്കുന്നു. മുഖ്യമായും സ്ത്രീകൾക്ക്.

തൊഴിൽരഹിതരായ അനേകം ചെറുപ്പക്കാർ താമസിക്കുന്ന ഈ വാർഡിൽ കർമപരമായി തൊഴിൽ കൊടുക്കുന്ന ഒരു സ്ഥാപനവും ഇല്ല. കർമപരമായി തൊഴിൽ നൽകുന്ന ഒരു വ്യവസായ യൂണിറ്റ് (കയർ ഉല്പന്നങ്ങൾ കൊണ്ടുള്ള വ്യവസായം, ധാന്യങ്ങൾ പൊടിച്ച് പാക് ചെയ്യുന്ന ഒരു യൂണിറ്റ്). തുടങ്ങിയവ ഈ വാർഡിൽ നടത്താൻ പറ്റിയ വ്യവസായങ്ങൾ ആണ്.

**ജലസേചനം**

I. കല്ലാംപൊറ്റ ഡാമിൽ പലക ഇടണം. വെള്ളം ശേഖരിച്ച് കൃഷിക്ക് അനുയോജ്യമാക്കണം.

1) അമ്പലത്തിൻമൂട് തൊട്ട് ഇടയ്ക്കല്ലിൽ വരെയുള്ള ഇടത്തോടും, വലിയതോടിന്റെ ഇടിഞ്ഞുപൊളിഞ്ഞ കെട്ടുകൾ നന്നാക്കി കൃഷി തുടരുന്നതിനു അനുയോജ്യമാക്കണം. ചെറുയ്ക്കോണം മുതൽ കല്ലാംപൊറ്റവരെയുള്ള തോടിന്റെ സൈസും വാളും, മധ്യത്തെ കെട്ടുകളും ശരിയാക്കണം.

2) കള്ളിക്കാട്ടു വാതുക്കലുള്ള തോടിന് ചെക്കുഡാം കെട്ടിവെള്ളം സംഭരിക്കാനുള്ള സൗകര്യം ചെയ്യണം.

3) ഞായലിൽകുളം മുതൽ കരിയറ വാതുക്കൽവരെ നികന്നു കിടക്കുന്ന തോട് കുഴിച്ച് ജലസേചന സൗകര്യമാക്കുക.

4) ഒറ്റൂർ കുളത്തിൽ നിറഞ്ഞ ആഫ്രിക്കൻ പായൽ മാറ്റി കുളം നല്ലതുപോലെ ശരിയാക്കി പമ്പ്സെറ്റ് സ്ഥാപിക്കുക.

5) ഒറ്റൂർ 4–ാം വാർഡിൽ പ്ലാത്തംകോണം ചതുപ്പുനിലം ഗവർമെന്റ് വിലയ്ക്കെടുത്ത് കുളം കുഴിച്ചു പമ്പുസെറ്റ് സ്ഥാപിക്കുക.

6) മഠത്തിൽവിളാകം കുളം നല്ലതുപോലെ കുഴിച്ച് പമ്പുസെറ്റ് സ്ഥാപിച്ചാൽ അവിടെ 50 ഏക്കർ നിലം കൃഷിചെയ്യാം.

7) മങ്കാട്ടു മൂലയിൽ 4–ാം വാർഡിന്റെ മേലേ അറ്റത്ത് ഒരു കുളം കുഴിച്ചാൽ ഒറ്റൂർ ഗ്രൂപ്പ് ഫാമിന്റെ കീഴിലുള്ള വയലുകൾക്ക് കൃഷി ചെയ്യാൻ സാധിക്കും.

8) ഇടയ്ക്കല്ലിൽ വാതുക്കൽ തൊട്ട് വാളനോട്ടുമഠം വരെയുള്ള തോടു വൃത്തിയാക്കിയാൽ കൃഷിക്ക് അനുയോജ്യമാണ്.

# കൃഷി

1. മലക്കറി, കശുമാവ്, മാവ് ഇവ പൂത്തുവരുമ്പോൾ കീടങ്ങൾ നശിപ്പിക്കുന്നു. അതിന് പ്രതിരോധമായി മരുന്നു തളിക്കാനുള്ള ഏർപ്പാട് ഉണ്ടാക്കുക. കൃഷിക്ക് ആവശ്യമുള്ള വിത്ത് കാലാകാലങ്ങളിൽ സമയത്ത് ഗവൺമെന്റ് Farmൽ നിന്നും വിതരണം ചെയ്യുക. വളം സബ്സിഡി വളത്തിന്റെ വിളയിൽ തന്നെ കുറച്ച് കൃഷിക്കാരന് വിതരണം ചെയ്യുക.

കീടനാശിനി കൃഷിക്കാർക്ക് യഥാസമയം കിട്ടുന്നതിന് ഉള്ള സംവിധാനം ഏർപ്പെടുത്തുക. കൃഷി ലാഭകരമാക്കാൻ ഒരു ഗ്രൂപ്പ് ഫാമിങ്ങ് ഒരു ട്രാക്ടർ സൗജന്യമായി കൊടുക്കണം.

**പച്ചക്കറി**

1. മലക്കറികൃഷിക്കായ് 100 വീടുകൾ തിരഞ്ഞെടുത്തു മലക്കറി വിത്തും വളവും സൗജന്യമായി കൊടുക്കുകയും അതിന് വേണ്ട മറ്റ് ആവശ്യങ്ങൾക്ക് ലോൺ കൊടുക്കുക.

2. എല്ലാവീടുകളിലും വാഴക്കന്ന് കൊടുത്ത് കൃഷിയെ സഹായിക്കുക. വെള്ളയ്ക്കാ പൊഴിച്ചിൽ രോഗം മാറ്റാൻ മരുന്ന് കൂട്ടായി തളിക്കാനുള്ള ഏർപ്പാടുകൾ കൃഷി ഭവനിൽ നിന്നും ഏർപ്പെടുത്തുക.

3. എലിയെ നശിപ്പിക്കുന്നതിനായി പഞ്ചായത്തു തലത്തിൽ സംവിധാനം ഏർപ്പെടുത്തുക.

# മൃഗസംരക്ഷണം

1. കോഴിയേയും പശുക്കളേയും വളർത്താൻ കർഷകർക്ക് സബ്സിഡി കൊടുത്ത് ലോൺ കൊടുക്കുക.

2. സഞ്ചരിക്കുന്ന മൃഗാശുപത്രി ഉണ്ടാകണം. 4-ാം വാർഡിൽ ഒരു ക്ഷീര വ്യവസായ സഹകരണം ഉണ്ട്.

3. കാലിത്തീറ്റ എല്ലാ കർഷകർക്കും കിട്ടത്തക്ക സംവിധാനം ഏർപ്പെടുത്തുക.

4. മാസത്തിൽ ഒരു ദിവസം ഓരോ വാർഡിലും കോഴിക്കും കന്നുകാലികൾക്കും പ്രതിരോധ കുത്തിവയ്പ്പിനും ഒരു സെന്റർ ഉണ്ടാക്കുക.

5. നല്ലയിനം പശുക്കളെ വാങ്ങുന്നതിന് 50% സബ്സിഡി നല്കി കുടുംബങ്ങളെ സഹായിക്കുക.

**നെൽകൃഷി**

1. ഗ്രൂപ്പ്ഫാം സമിതികൾക്ക് ട്രാക്ടർ കൊടുക്കുക.

2.വിത്തും വളവും കീടനാശിനിയും സൗജന്യനിരക്കിൽ സമയാസമയങ്ങളിൽ കൃഷിഭവൻ മുഖാന്തരം വിതരണം ചെയ്യുക.

3. ജലസേചനസൗകര്യം ഏർപ്പെടുത്തുക.

4. കർഷകതൊഴിലാളികളുടെ കൂലി വർധനവ് കാരണം കർഷകർ വലയുന്നു.

**തെങ്ങുകൃഷി**

1. നല്ലയിനം തെങ്ങുംതൈകൾ കൃഷിഭവൻ മുഖാന്തരം വിതരണം ചെയ്യുക.

2. തെങ്ങിന്റെ കാറ്റുവീഴ്ച, വേരുചീയൽ, വെള്ളക്ക പൊഴിച്ചിൽ എന്നിവയ്ക്ക് കൂട്ടായി സൗജന്യ നിരക്കിൽ മരുന്ന് തളിക്കുക.

3. ഇതിലും ജലസേചനം ഒരു മുഖ്യഘടകമാണ്. നശിച്ചുപോയ തെങ്ങുകൾ മുറിച്ച് മാറ്റി പകരം തൈകൾ കൊടുക്കുകയും അതിന് വേണ്ട ധനസഹായം നല്കുകയും ചെയ്യുക.



13

# വിദ്യാഭ്യാസം

1. നമ്മുടെ വാർഡിൽ ഒരു ഗവ. ലോവർ പ്രൈമറിസ്കൂളും ഒരു അപ്പർ പ്രൈമറി സ്കൂളും ആണ് ഉള്ളത്. L.P. സ്കൂൾ 12 ഡിവിഷനിലായി 390 വിദ്യാർഥികൾ പഠിക്കുന്നു. നാല് ക്ലാസുകളുള്ള ഒരു കെട്ടിടം മാത്രമാണ് സ്ഥിരമായി ഉള്ളത്. അതും ചോർന്നൊലിക്കുന്ന അവസ്ഥയാണ്. അധ്യയനം നടക്കുന്നത് ഷിഫ്റ്റ് അടിസ്ഥാനത്തിലാണ്. 8 ക്ലാസുകളെങ്കിലും ഉള്ള ഒരു സ്ഥിരമായി കെട്ടിടം നിർമിക്കുകയും ആവശ്യമുള്ള ഫർണിച്ചർ മറ്റു സൗകര്യങ്ങൾ ഉണ്ടാക്കുകയും വേണം. ശുദ്ധ ജലം ലഭ്യമല്ല. അതിന് പരിഹാരം ഉണ്ടാകണം.

2. 2 അങ്കണവാടികൾ ഉണ്ട്. ഒരെണ്ണത്തിന് സ്ഥിരമായ കെട്ടിടം ഉള്ളതും രണ്ടാമത്തേത് വാടകകെട്ടിടവുമാണ്. പഠനോപകരണങ്ങളോ, കളിക്കോപ്പുകളോ ലഭ്യമല്ലാത്ത അവസ്ഥയാണ്. വരും പദ്ധതിക്കാലത്ത് കൂടുതൽ തുക ഇവയുടെ പ്രവർത്തനത്തിന് മാറ്റി വയ്ക്കണം. കൂടാതെ Govt. L.P.S. മായി ബന്ധപ്പെടുത്തി ഒരു പ്രീ പ്രൈമറി സ്കൂൾ ആരംഭിക്കണം.

3. ഈ വാർഡിൽ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇല്ല. സാങ്കേതികവിദ്യാഭ്യാസം നേടിയവർ ധാരാളം ഉണ്ട്. സാങ്കേതിക വിദ്യാഭ്യാസകേന്ദ്രം അത്യാവശ്യമാണ്.

4. ഈ വാർഡിൽ വായനശാലയുണ്ട്. ഗ്രന്ഥശാല ഇല്ല. ഒരു ഗ്രന്ഥശാല ആവശ്യമാണ്.

5. അപര്യാപ്തമായ കെട്ടിടവും ഫർണിച്ചറും, കളിസ്ഥലം നിലവിലില്ല, മൂത്രപ്പുര, ജല ലഭ്യത പര്യാപ്തമല്ല.

6. രക്ഷകർത്തൃസമിതി കൂടാറുണ്ട്.

7. സമീപത്ത് ഹൈസ്കൂളുകൾ രണ്ട് Govt. H. S. ഞെക്കാട്, Govt. H. S. കവലയൂർ മോശമല്ലാത്ത വിജയശതമാനം ഉണ്ട്.

8. അക്ഷരം അറിയാത്ത ആളുകൾ ഉണ്ട്. നിരക്ഷരർ എല്ലാ വിഭാഗത്തിൽപ്പെട്ടവരും ഉണ്ട്.

9. തുടർവിദ്യാഭ്യാസം തൊഴിലധിഷ്ഠിതമായിരിക്കണം.

10. നാലാം വാർഡിൽ പുതുതായി തുടങ്ങിയ അങ്കൻവാടി തുണ്ടിൽകടയിലാണ്. തോപ്പിൽ അങ്കൺവാടി



10

# വാർഡ് V

ഒറ്റൂർ ഗ്രാമപഞ്ചായത്തിലെ ഒന്നാം വാർഡിൽ 650 ഓളം വീടുകൾ ഉണ്ട്. ഏകദേശം 300 പേർ വിദേശത്തുജോലിക്കുണ്ട്. ഓല, ഓട്, കുടിലുകൾ തുടങ്ങിയ സ്ഥിതിയിലാണ് വീടുകൾ.

**റോഡുകൾ**

1. ചീപ്പാച്ചി റോഡ് 500 മീറ്റർ
2. 750 മീറ്റർ നീളമുള്ള പണയിൽ നെല്ലിക്കോട് റോഡ്
3. 800 മീറ്റർ നീളമുള്ള നെല്ലകോട് വാവറകുന്നു റോഡ്
4. 500 മീറ്റർ നീളമുള്ള പെരിങ്ങാം മല നെല്ലിക്കോട് റോഡ്
5. 300 മീറ്റർ നീളമുള്ള പുതുകുളം–മട്ടാൻവിളാകം റോഡ്
6. ചേന്നൻകോടു–നെല്ലിക്കോട്ട് റോഡ് (1 1/2 കിലോമീറ്റർ)
7. ഞെക്കാട്–മതുരകോട് റോഡ് 600 മീറ്റർ നീളം
8. മല്ലൻ–നട വലിയവീട്ടിൽ റോഡ് 600 മീറ്റർ
9. കുന്നുവിള–മണ്ണൂർകോണം റോഡ്–400 മീറ്റർ
10. നെല്ലിക്കോട്–പോങ്ങുവിള റോഡ് 300 മീറ്റർ

**അത്യാവശ്യം ചെയ്യേണ്ട പണികൾ**

1. ഞെക്കാട്ട് സ്കൂൾ– മതുരകോട് റോഡ് മെറ്റലിംഗ് ടാറിംഗ്
2. ചേന്നൻകോട് വലിയവീട്ടിൽ റോഡ് മെറ്റലിംഗ് ടാറിംഗ്
3. വലിയവീട്ടിൽ–മല്ലൻനട–ശ്രീ നാരായണപുരം റോഡ് മെറ്റലിംഗ് ടാറിംഗ്
4. നെല്ലികോട്–പണയിൽ റോഡ് മെറ്റലിംഗ് ടാറിംഗ്
5. വാവറകുന്നു–നെല്ലികോട് റോഡ് മെറ്റലിംഗ് ടാറിംഗ്

**വിദ്യാഭ്യാസം**

1.ഹൈസ്കൂൾ ഒന്ന്

ഗവ: വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂൾ, ഞെക്കാട്. 3000– കുട്ടികൾ പഠിക്കുന്നു.

2.ഗവ: എൽ.പി.എസ്. ഞെക്കാട്.

അംഗനവാടി (മതുരക്കോട് ഹരിജൻ കോളനിയിൽ)

**സാംസ്കാരിക നിലയം**

ഒറ്റൂർ ഗ്രാമപഞ്ചായത്തിന്റെ സാംസ്കാരിക നിലയം 5–ാം വാർഡിൽ പ്രവർത്തിക്കുന്നു.

**കൃഷി**

കർഷകരും കർഷകതൊഴിലാളികളും തിങ്ങിപ്പാർക്കുന്ന വാർഡാണ്. നെല്ല്, തെങ്ങ് മുതലായവയാണ് പ്രധാനകൃഷി. കൃഷിക്കു ആവശ്യമായ ജലസേചനം നടത്തുന്നതിന് പുതുകുളം, വലിയവീട്ടിൽ കുളം, വേലന്റെ പൊയ്ക എന്നീ കുളങ്ങളിൽ പമ്പ്സെറ്റ് വയ്ക്കണം. ടി സ്ഥലത്തുള്ള നെൽ കൃഷിക്കാർക്ക് ഉപയോഗപ്രദമാകും.



27

കുടിവെള്ളം : പഞ്ചായത്തിൽ ഏറ്റവും കൂടുതൽ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്ന വാർഡ്.

നിർദേശം: വലിയ വീട്ടിൽ കുളത്തിൽ കിണർ കുഴിച്ചും, വെള്ളം ശേഖരിച്ച് മതുരക്കോട്ടുള്ള പൊതുസ്ഥലത്ത് ടാങ്കു കെട്ടി വെള്ളം പൈപ്പുലൈൻ വഴി ടി കോളനിയിൽ കുടിവെള്ളം എത്തിക്കാവുന്നതാണ്. വടശ്ശേരിക്കോണം വാട്ടർ സപ്ലൈസ്കീം വിപുലീകരിക്കണം. മക്കത്തല, നെല്ലിക്കോട്ട്, മാവിള, എന്നീ സ്ഥലങ്ങളിൽ പൊതുകിണർ വെട്ടേണ്ടതാണ്.

### ഊർജ്ജം

മൊത്തത്തിൽ വൈദ്യുതി എത്താത്ത വാർഡാണ്. പെരിഞ്ഞാംമല, ഞെക്കാട്ടുമല, വേലന്റെ പൊയ്ക, വാവറകുന്നു, മല്ലൻനട എന്നീ സ്ഥലങ്ങളിലുള്ള റോഡുകളിൽ ഇലക്ട്രിക് ലൈൻ വലിക്കണം. സമ്പൂർണ്ണകുടുംബങ്ങൾക്ക് വൈദ്യുതി എത്തിക്കണം. വലിയ വീട്ടിൽ ഒരു ട്രാൻസ്ഫോർമർ സ്ഥാപിച്ച് വൈദ്യുതി വാൾട്ടേജ് പരിഹരിക്കാം.

### പൊതുജനാരോഗ്യം

ഒറ്റൂർ ഗ്രാമപഞ്ചായത്തിന്റെ P.H.C. ഞെക്കാട്മലയിലുള്ള പുറംപോക്കുഭൂമിയിൽ സ്ഥാപിക്കുന്നതിനുവേണ്ടുന്ന നടപടി ഉണ്ടാകണം. കെട്ടിടം, റോഡ്, വൈദ്യുതി, രോഗികളെ കിടത്തി ചികിത്സിക്കുന്നതിനുള്ള സൗകര്യം ഇവ. സബ്സെന്റർ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കണം.

### പട്ടികജാതി/പട്ടികവർഗ്ഗം

വാർഡിൽ ഭൂരിപക്ഷ കുടുംബവും പട്ടികജാതിയിൽ പെട്ടവരാണ്. കർഷകതൊഴിലാളികളാണ് കൂടുതലും. I.H.D.P. കോളനിയായ മതുരകോട്ട് ഒരു ഹരിജൻ സൊസൈറ്റി ഉണ്ടാകണം. ഒരു പാൽ സൊസൈറ്റി, തൊഴിൽ ശാല (മെറ്റൽ അടിക്കുന്നതിന്), സ്വയംതൊഴിൽ ചെയ്യുന്നതിനുള്ള വ്യവസായകേന്ദ്രം എന്നിവ ഉണ്ടാകണം.

വനിത: വാർഡിൽ പകുതിയിൽ കൂടുതൽ വനിതകളാണ്. തൊഴിലില്ലായ്മയാണ് പ്രധാന പ്രശ്നം. കൂലിവേലയ്ക്ക് പോകുന്നവരാണ് വനിതകൾ. വനിതകൾക്ക് ഒരു ക്ഷേമസൊസൈറ്റി ഉണ്ടാകണം. ഒരു ടൈലറിംഗ് പരിശീലനകേന്ദ്രം, ചൂരൽ, ഈറ, മുള എന്നിവയിൽ സാമൂഹ്യക്ഷേമവകുപ്പുമായി ബന്ധപ്പെട്ട വ്യവസായകേന്ദ്രങ്ങളും പരിശീലനകേന്ദ്രവും ഉണ്ടാക്കണം.

### മാർക്കറ്റ്

ഞെക്കാട്ട് മലയിൽ പൊതുസ്ഥലത്ത് മാർക്കറ്റ് പ്രവർത്തിപ്പിക്കണം. ചുറ്റുമതിൽ വേണം.

### വ്യവസായം

ഞെക്കാട്ട് മലയിൽ ഒരു ആർട്ടിസൻസ് സൊസൈറ്റി ഉണ്ടാക്കി, കെട്ടിടസാമഗ്രികൾ, ചുടുകട്ട, സിമന്റുകട്ട, തടിസാധനങ്ങൾ എന്നിവ ഉണ്ടാക്കുന്ന സ്ഥാപനം നിലവിൽവരണം.

### പാർപ്പിടം, സാമൂഹ്യക്ഷേമം

1. സമ്പൂർണ്ണ പാർപ്പിടസൗകര്യം ഉണ്ടാകണം.
2. റേഷൻ കാർഡ് ഇല്ലാത്തവർക്ക് കാർഡ് ഉണ്ടാക്കിക്കൊടുക്കണം.
3. വിവിധ പെൻഷൻ പദ്ധതികൾ നടപ്പാക്കണം
4. പച്ചക്കറികൃഷി എല്ലാ കുടുംബത്തിലും ഉണ്ടാകണം.

### കൃഷിയും ജലസേചനവും

കൃഷി പ്രധാനമായും നെൽകൃഷി, തെങ്ങ്, മരച്ചീനി, വാഴ, മറ്റു ഇടവിളകൾ എന്നിവയാണ്. നെൽകൃഷിക്ക് രണ്ടുപ്രാവശ്യം മാത്രമാണ് ഉപയോഗിക്കുന്നത്. ആവശ്യത്തിനു കൃഷിനടത്തുന്നതിന് പുതുകുളം, വലിയവീട്ടിൽ കുളം, വേലന്റെ പൊയ്ക കുളം എന്നിവയിൽ പമ്പു വച്ച് വെള്ളം അടിച്ചു ചാലുവഴി പാടത്ത് എത്തിച്ചും കൃഷിയ്ക്ക് ഉപയോഗിക്കാം.

### മൃഗസംരക്ഷണം

മൃഗസംരക്ഷണത്തിന്റെ അപര്യാപ്തത ഈ വാർഡിനെ അലട്ടുന്നുണ്ട്. ആയതുകൊണ്ട് ഒരു മൃഗാശുപത്രി ഉണ്ടാകേണ്ടതാണ്. കൂടാതെ ഒരു പാൽ സൊസൈറ്റി ഉണ്ടാകണം.

# 6–ാം വാർഡ്

ഒറ്റൂർ ആറാം വാർഡിൽ ഏകദേശം 650 കുടുംബങ്ങൾ ഉണ്ട്. വിദേശത്ത് 300 പേരോളം ജോലിക്കുപോയിട്ടുണ്ട്. "കൂടുതൽ പേരും കൃഷിയുമായി ബന്ധപ്പെട്ട തൊഴിലിൽ ഏർപ്പെട്ടവരാണ്."

### ഗതാഗതം

ആറാം വാർഡിൽ 5 റോഡുകൾ ഉണ്ട്. 4 ഇടവഴികളും അത്യാവശ്യം ഒന്നര കിലോമീറ്റർ വരുന്ന പോസ്റ്റാഫീസ് റോഡ്–കുഞ്ചുവീടുവരെ മെറ്റലിംഗ് ടാറിംഗ് നടത്തണം. വടശ്ശേരിക്കോണം തിയേറ്റർ–പാറയിൽ റോഡ് മെറ്റലിംഗ് ടാറിംഗ് നടത്തണം. ഏകദേശം 1 1/2 കിലോമീറ്റർ വരും. ശ്രീ നാരായണപുരം ക്ഷേത്രം റോഡ് ഒരു കിലോ മീറ്റർ മെറ്റലിംഗ് ടാർ നടത്തണം. നെല്ലിക്കോട്ട്–മല്ലൻ നട–ശ്രീ നാരായണപുരം റോഡ് ടാർ ചെയ്യണം. ഏകദേശം 3 കിലോമീറ്റർ ഉണ്ടാകും. PWD റോഡായി കല്ലമ്പലം–വർക്കല റോഡ് ഈ വാർഡിന്റെ ഒരറ്റത്തു കൂടി കടന്നു പോകുന്നു.

### വിദ്യാഭ്യാസം

ആറാം വാർഡിൽ ശ്രീ നാരായണപുരം സ്കൂൾ ആണ് ഉള്ളത്. സ്കൂളിന് ആവശ്യത്തിനു കെട്ടിടം, ചുറ്റുമതിൽ എന്നിവ വേണം. ആവശ്യത്തിനുള്ള സ്ഥലം ഇല്ല. സ്ഥലം പൊന്നും വിലക്ക് എടുക്കണം.

### കൃഷി/ജലസേചനം

വാർഡിൽ 300 കർഷക കുടുംബം ഉണ്ട്. പ്രധാനകൃഷി, നെല്ലു, തെങ്ങ്, മരച്ചീനി എന്നിവയാണ്. നമ്പ്യാർകോണം, ചിറയിൽ, ശ്രീനാരായണപുരം എന്നിവിടങ്ങളിൽ കുളങ്ങൾ ഉണ്ട്. ടി കുളങ്ങളിൽ പമ്പ് സെറ്റ് സ്ഥാപിച്ചു വെള്ളം വിടുന്നതിനുള്ള ചാലുകൾ ഉണ്ടാക്കിയാൽ നെൽ കൃഷിക്ക് ഉപയോഗിച്ച് ഇരുപ്പൂ, മൂന്നു കൃഷിയാക്കാൻ കഴിയും. ടി പാടശേഖരങ്ങളിൽ കൂട്ടുകൃഷി സമ്പ്രദായം നടപ്പാക്കണം. കൃഷിക്കാരന് വളം, വിത്ത് എന്നിവ കുറഞ്ഞ നിരക്കിൽ വിതരണം ചെയ്യാൻ കഴിയണം. കേരവികസന സമിതിയുടെ പ്രവർത്തനം സജീവമാക്കണം.

### കുടിവെള്ളം

കാഞ്ഞിരംവിള, ഹരിജൻ കോളനിയിൽ സ്ഥാപിച്ചിട്ടുള്ള കിണർ ആഴം കൂട്ടി വൃത്തിയാക്കിയാൽ ആ സ്ഥലത്തു കുടിവെള്ള ക്ഷാമം പരിഹരിക്കാം. വടശേരിക്കോണം വാട്ടർ സപ്ലൈ സ്കീമിൽ പുതിയ കിണർ കുഴിച്ചു വെള്ളം കൊടുക്കാൻ കഴിഞ്ഞാൽ കുടിവെള്ള പ്രശ്നം പരിഹരിക്കാം. ഇപ്പോൾ ടി പദ്ധതിയിൽ, ചെറുന്നിയൂർ, ചെമ്മരുതി പഞ്ചായത്തുകൾക്ക് വെള്ളം കൊടുത്തുകൊണ്ടിരിക്കുകയാണ്. ഒറ്റൂരിൽ ആവശ്യത്തിനു വെള്ളം കിട്ടാതിരിക്കുകയാണ്. ഇതിന്റെ പ്രവർത്തനം വിപുലീകരിച്ചാൽ വടശേരിക്കോണം, കാഞ്ഞിരംവിള ഹരിജൻ കോളനി, ഞെക്കാട്ട് പോസ്റ്റാഫീസ്, കുഞ്ചുവീട്, മാവിള ഭാഗം ഞെക്കാട്ട് മല എന്നീ ഭാഗത്തേക്ക് വെള്ളം എത്തിക്കാൻ കഴിയും. ചിറയിൽ കുളത്തിൽ നിന്നും വെള്ളം ശേഖരിച്ചു പമ്പ്സെറ്റ് സ്ഥാപിച്ചാൽ മതിയാകും.

**വ്യവസായം**

ക്ഷീരവികസന സഹകരണസംഘം സ്ഥാപിക്കണം. കന്നുകാലി വളർത്തൽ സഹകരണാടിസ്ഥാനത്തിൽ പ്രോത്സാഹിപ്പിക്കണം. ടി വാർഡിൽ ഒരു സാമിൽ, തിയേറ്റർ, എന്നിവ ഉണ്ട്. ഒരു പാൽ സൊസൈറ്റി പ്രവർത്തിക്കുന്നുണ്ട്. എടുത്തു പറയാവുന്ന വ്യവസായസ്ഥാപനങ്ങൾ ഒന്നും തന്നെയില്ല. വനിതാവ്യവസായ കേന്ദ്രങ്ങൾ ഈ വാർഡിൽ തുടങ്ങാവുന്നതാണ്. മൈനർ ഇരിഗേഷനിൽപ്പെടുത്തി ശ്രീനാരായണപുരം ഏലായിൽ 300 മീററർ നീളത്തിൽ സൈഡ് വാൾ കെട്ടണം. വടശേരിക്കോണം തിയേററിൽ നിന്നും പാറയൽ റോഡിന്റെ സൈഡിൽ 100 മീററർ നീളത്തിൽ സൈഡ് വാൾ കെട്ടണം. മതുരകോട്, മാവിള- കോടിയാട്ടുമഠം റോഡിൽ മഠം ഭാഗത്ത് കലുങ്കു കെട്ടണം.



1124

# 7–ാം വാർഡ്

ഒറ്റൂർ ഗ്രാമപഞ്ചായത്തിലെ ഏഴാം വാർഡിൽ ഇന്ന് 615 വീടുകളുണ്ട്. 326 വീട്ടുകാർക്കു വോട്ടുണ്ട്. 1033 പേരാണവർ. വിദേശത്തുള്ളവരുടെ എണ്ണം സ്ഥിരമല്ല. തിട്ടപ്പെടുത്തിയിട്ടില്ല. കുടുംബാസൂത്രണം നടത്തിയവരുടെ വിവരവും ശേഖരിച്ചില്ല. വീടുകളുടെ സ്ഥിതിവിവരവും– ഓല, ഓട്, വാർത്തത്, കുടിലുകൾ, മാളികകൾ, ഇവ പട്ടികപ്പെടുത്തിയിട്ടില്ല. ഇവയാകെ വേണ്ടതാണ്. പഞ്ചായത്തുതല വിഭവ ഭൂപടനിർമ്മാണം നടത്തുമ്പോൾ വിവരമാകെ രൂപപ്പെട്ടുകൊള്ളും.

**റോഡുകൾ**

ഏഴാം വാർഡിന് തനതായി പതിനൊന്നു റോഡുകളുണ്ട്. തനിതടങ്ങൾ ടാറിട്ടതു കാണണമെങ്കിൽ വടക്കതിരായി കിടക്കുന്ന വടശേരിക്കോണം– മണമ്പൂർ റോഡു കണ്ടു തൃപ്തിപ്പെടാം. ഇനിപറയുന്നവയാണ് റോഡുകൾ.

1. 470 മീറ്റർ നീളമുള്ള കൂട്ടിക്കട–കോളൂർ ചിററോഡ്.

2. 750 മീറ്റർ നീളമുള്ള മാത്തൻവിള–മങ്കാട്ടുമൂല–കാഞ്ഞിരംവിള റോഡ്.

3. 980 മീറ്റർ നീളമുള്ള ശ്രീനാരായണപുരം–മല്ലൻനടറോഡ്– അതിർത്തിറോഡാണ്.

4. 950 മീറ്റർ നീളമുള്ള– കാഞ്ഞിരംവിള–കോളൂർറോഡ്–

5. 1200 മീറ്റർ നീളമുള്ള–മാമ്പഴക്കോണം കൂട്ടിക്കടറോഡ്– ഏറ്റവും കൂടുതൽ വാഹനഗതാഗതമുള്ള റോഡ്– അതുകൊണ്ടുതന്നെ നന്നാക്കി സൂക്ഷിക്കേണ്ട റോഡ്; ഈ റോഡിന്റെ ഏറിയഭാഗവും കൂട്ടിക്കട–കോളൂർ റോഡിൽ ഉൾപ്പെട്ടതാണ്. വടക്കതിൽ–കൂട്ടിക്കടവരെയുള്ള ഭാഗം.

6. 1355 മീറ്റർ നീളമുള്ള കൂട്ടിക്കട–പൂവത്തു റോഡ്– അതിർത്തിറോഡും കൂടിയാണ്.

7. 140 മീറ്റർ നീളമുള്ള–കാഞ്ഞിരംവിള–രാമരുവിളാകം റോഡ്.

8. 950 മീറ്റർ നീളമുള്ള കൂട്ടിക്കട–നമ്പ്യാർമംഗലം റോഡ്. കൂട്ടിക്കട– വലിയവിളറോഡ്– കൂട്ടിക്കട പൂവത്തുറോഡിൽ ഉൾപ്പെട്ടതാണ്.

9. 700 മീറ്റർ നീളമുള്ള–വടക്കതിൽ–താരക്കാട്ടുവിള റോഡ്.

10. 260–മീറ്റർ നീളമുള്ള–വാളക്കോട്ടുമഠം–മണലുവരമ്പു റോഡ്–

11. 410 മീറ്റർ നീളമുള്ള പണയിൽ വാതുക്കൽ–തോക്കാലക്ഷേത്രം വഴി– മണലുവരമ്പു റോഡ്.

മേൽപ്പറഞ്ഞ റോഡുകളുടെ സ്ഥിതി ഇവിടെ വിവരിക്കുന്നില്ല.

**നിർദേശം:–**

ടി റോഡുകൾ ടാർ ചെയ്തു സഞ്ചാരയോഗ്യമാക്കണം.

**വായനശാലകൾ**

ഏഴാം വാർഡിൽ മൂന്നുവായനശാലയുടെ പേരുണ്ട്. ഒരു വായനശാല ഉണ്ടായിരുന്നു എന്നുപറയാം. വായനശാലയുടെ വികസനം നടത്തണം.

1. തെറ്റിക്കുളം യുവജനസംഘം ഗ്രന്ഥശാല

രണ്ടു നിലക്കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. ടെലിവിഷനുണ്ട്. 5090 പുസ്തകവും കൂടാതെ സാക്ഷരതാ പുസ്തകങ്ങളും ബാലസാഹിത്യങ്ങളും ശേഖരണത്തിലുണ്ട്. 910 അംഗങ്ങളിൽ 55 സ്ത്രീകളാണ്. ഭരണസമിതിയിലും സ്ത്രീ പ്രാതിനിധ്യമുണ്ട്. 4000 രൂപ ഗ്രാന്റും 6000 രൂപ ലൈബ്രേറിയൻ എയ്ഡും കിട്ടുന്നു. കൃത്യസമയ പുസ്തകവിതരണമുണ്ട്. റഫറൻസ് സൗകര്യമൊരുക്കിയിട്ടുണ്ട്. പത്രമാസികകൾ മുടങ്ങാതെ വരുത്തുന്നുണ്ട്. നൂറിൽ കുറയാത്ത സന്ദർശകരുണ്ട്. ശരാശരി ബാലസാഹിത്യമുൾപ്പെടെ 70 പേർ പുസ്തകം എടുക്കുന്നു. B. ഗ്രേഡുള്ള വായനശാല. എയ്ഡ് വർധിപ്പിക്കാൻ വേണ്ട നടപടി ഉണ്ടാകണം.

2. പ്രതിഭാ ഗ്രന്ഥശാല

അടഞ്ഞുകിടക്കുന്ന സ്ഥിതിയാണ്. സ്വന്തമായി സ്ഥലമുണ്ട്. ഉള്ള വിവരങ്ങൾ തന്നെ കിട്ടാനായില്ല. നമ്പ്യാർമംഗലമാണ് സ്ഥലം. കെട്ടിടം നിർമ്മിച്ച് പ്രവർത്തനം ത്വരിതപ്പെടുത്തണം.

3. നവഭാരത്- വായനശാല

മാമ്പഴക്കോണം കുളവരമ്പിൽ ബോർഡു വച്ചു ഒരു ഷെഡിൽ പ്രവർത്തിച്ചിരുന്നു.

### ഗ്രാമസേവാ ഓഫീസ്

കാഞ്ഞിരംവിളയിലാണ്. നാട്ടുകാർ സംഭാവന ചെയ്ത 10 സെന്റു സ്ഥലത്തിലുള്ള സ്വന്തം കെട്ടിടത്തിലാണ്. അറ്റകുറ്റപണികൾ നടത്തുകയും ചുറ്റമതിൽ കെട്ടുകയും വേണം. കിണർ വൃത്തിയാക്കി ശുദ്ധജലം കിട്ടുന്നതിനു നടപടി ഉണ്ടാകണം.

### പോസ്റ്റാഫീസ്

മൂങ്ങോട്ടു സ്ഥാപിച്ചിരിക്കുന്നു. വാടകകെട്ടിടത്തിലാണ്. ഒരു പോസ്റ്റുമാനുണ്ട്. ഫോൺ ചെയ്യാൻ സൗകര്യമുണ്ട്. കമ്പിതപാൽ വേണം.

### മിഡ്‌വൈഫറി സെന്റർ

ഒറ്റൂർ PHC- സ്റ്റാഫു വന്നു അറ്റന്റു ചെയ്യുന്ന ഒരു മിഡുവൈഫറി സെന്റർ കാഞ്ഞിരംവിളയിൽ ഒരു വീട്ടിൽ പ്രവർത്തിക്കുന്നു. താമസിക്കുന്ന വീട്ടിന്റെ ഒരു ഭാഗത്തുരേഖകളും ഉപകരണങ്ങളും സൂക്ഷിക്കുന്നു. സ്വന്തമായി സ്ഥലമില്ലാത്ത, സ്വന്തമായി കെട്ടിടം കെട്ടി പ്രവർത്തനം വിപുലപ്പെടുത്തണം.

### പാൽസൊസൈറ്റി

തെറ്റിക്കുളത്ത് വാടകകെട്ടിടത്തിൽ മിൽമയുടെ ഒരു പാൽ സൊസൈറ്റി ഉണ്ട്. 181 അംഗങ്ങളുണ്ട്. 200 ലിറ്റർ പാൽ ദിവസവും ശേഖരിക്കുന്നു.

### ജനവിദ്യാകേന്ദ്രം

ഒറ്റൂർ ഗ്രാമപഞ്ചായത്തിലെ ഒരു ജനവിദ്യാകേന്ദ്രം തെറ്റിക്കുളം വായനശാലയുമായി ബന്ധിച്ചു പ്രവർത്തിച്ചിരുന്നു. പുസ്തകങ്ങളുമുണ്ട്. ഇന്നതു സജീവമല്ല.

### കുളങ്ങൾ

മാമ്പഴക്കോണത്തു നാലതിരും കരിങ്കൽകെട്ടുള്ള അഞ്ചടിവെള്ളം എപ്പോഴും ഉള്ള ഒരു കുളമുണ്ട്. ഇന്നതും കളമൂടികിടക്കുന്നു. പമ്പുഹൗസ് സ്ഥാപിച്ചു പ്രവർത്തിപ്പിച്ചാൽ മാമ്പഴക്കോണം ഏലായിക്കു ഉപകാരമാകും. തലക്കുളമാണ്.

### ഊറ്റുകുഴി

നമ്പ്യാർമംഗലത്തു ഒരു ഊറ്റുകുഴിയുണ്ട്.

### പൊതുക്കിണർ

ഈ വാർഡിൽ ഏഴണ്ണമുണ്ട്. അതത് കാലത്തു നാട്ടുകാർ സ്ഥലം വിട്ടുകൊടുത്തു സ്ഥാപിച്ചവയാണിവ.

1. ശ്രീനാരായണപുരം-ഹരിജൻ കോളനിക്കുവേണ്ടി, ശ്രീനാരായണപുരം- മല്ലൻനട റോഡിന്റെ തെക്കായിട്ടാണ് രണ്ടു പൊതുകിണറുകൾ നിർമ്മിച്ചിരിക്കുന്നത്. രണ്ടും ഉപയോഗിക്കുന്നുമുണ്ട്.

2. മങ്കാട്ടുമൂലയിൽ ഉള്ള കിണറു കുളിക്കാനാണ് ഉപയോഗിക്കുക. താഴ്ച കുറവാണ്. വെള്ളം വറ്റാറില്ല.

3. തെറ്റിക്കുളം–കെടങ്കിൽ പുരയിടത്തിൽ ഒരു പൊതു കിണർ ഉണ്ട്. കുടിവെള്ളം എടുക്കുന്നു.

4. കാഞ്ഞിരംവിള കിണർ വറ്റാത്തതും സമീപവാസികളുടെ കുടിനീർ പ്രശ്നത്തിന് സഹായകമാണ്.

5. മടയനഴികം–കിണർ– ഉപയോഗിക്കുന്നവർ കുറവാണ്.

6. കൂട്ടിക്കടയിൽ ഒരു പൊതുകിണറുമുണ്ട്. കുളിക്കാനും വസ്ത്രം അലക്കാനുള്ള ജലത്തിനും ഇതിനെ ആശ്രയിക്കുന്നു.

പൈപ്പുജലം– ശുദ്ധജലം– കിട്ടാത്ത ഈ വാർഡുകാർക്കു ഈ കിണറുകൾ ഉപകാരമാകുന്നുണ്ട്. ടി കിണറുകൾ ഉപയോഗിക്കുന്നതിനു വേണ്ട നടപടികൾ എടുക്കണം.

**മഹിളാസമാജങ്ങൾ**

നമ്മുടെ വാർഡിൽ രണ്ടു രജിസ്റ്റർ ചെയ്ത മഹിളാസമാജങ്ങൾ ഉണ്ട്. തെറ്റിക്കുളത്തും–വലിയവിളയിലും.

തെറ്റിക്കുളം മഹിളാസമാജം തെറ്റിക്കുളം വായനശാലയിലാണ് കേന്ദ്രമാക്കിയിരിക്കുന്നത്. 262 അംഗങ്ങളുണ്ട്. ലഘു സമ്പാദ്യപദ്ധതി, ഒറ്റൂർ സർവീസ് ബാങ്കുമായി ചേർന്നു പ്രാവർത്തികമാക്കിയിരിക്കുന്നു. കൃത്യമായി യോഗം ചേരുന്നു.

വലിയവിള മഹിളാസമാജം സജീവമാണ്.

**കേരവികസന സമിതി**

ഒറ്റൂർ ഗ്രാമപഞ്ചായത്തിന് മൊത്തമായി ഒരു കേരവികസനസമിതി നിലവിലുണ്ട്. കൃഷിഭവനമായി ചേർന്നു പ്രവർത്തിക്കുന്നു. 7–ാം വാർഡിന് 111–അംഗങ്ങളുണ്ട്. അവർക്കു 14905 കാഫലമുള്ള തെങ്ങും 2026 തൈകളും ഉള്ളതായി രജിസ്റ്റർ ചെയ്തിരിക്കുന്നു. 16931–തെങ്ങിൽ 2733 തെങ്ങുകൾ ഇൻഷ്വർ ചെയ്തിട്ടുണ്ട്. 83 പേർ മാത്രമേ ഇൻഷ്വർ പദ്ധതിയിൽ അംഗമായിട്ടുള്ളു.

**ഏലാവികസന സമിതി**

ഈ വാർഡിൽ ഒരു ഏലാവികസന സമിതിയും ഉണ്ട്. മാമ്പഴക്കോണം ഏലാ 8 ഹെക്ടർ 199–R– വിസ്തീർണം ഉള്ളതാണ്. കാലാകാലങ്ങളിൽ സമ്മേളിച്ചു നല്ലപോലെ പ്രവർത്തിക്കുന്നു. 751 അംഗങ്ങളുണ്ട്.

# 8–ാം വാർഡ്

ഒറ്റൂർ ഗ്രാമപഞ്ചായത്തിൽ 8–ാം വാർഡിൽ 690 വീടുകളുണ്ട്. ടി. വീടുകളിൽ 1227 വോട്ടവകാശമുള്ളവർ ഉണ്ട്. വീടുകളിൽ അധികവും വാർത്തതും ഓടു മേഞ്ഞവയുമാണ്. ഓല കെട്ടിയതും കുടിലുകളുമായി ഏകദേശം 75 വീടുകൾ വരും. സ്വന്തമായി ഭൂമിയും വീടും ഇല്ലാത്തവരുമുണ്ട്. മുപ്പത്തഞ്ചോളം കുടുംബം പട്ടികജാതിയിൽപ്പെട്ടവരാണ്. ഇതിൽ 23–കുടുംബങ്ങൾ പേരേറ്റിൽ കാട്ടുചിററോഡിൽ വിളയിൽ ഭാഗത്ത് താമസിക്കുന്നു. ഈ പ്രദേശം ഒരു I.H.D.P. കോളനിയായി അംഗീകരിക്കണമെന്ന ആവശ്യം നാളിതുവരെ നടപ്പിലായിട്ടില്ല.

ഒറ്റൂർ പഞ്ചായത്തിലെ ഏക മുസ്ലീം പള്ളിയും ക്രിസ്ത്യൻ ദേവാലയവും ഈ വാർഡിൽ സ്ഥിതിചെയ്യുന്നു. ഈ വാർഡിൽ അഞ്ച് ഹിന്ദുദേവാലയങ്ങളുമുണ്ട്. രാജഭരണ കാലത്ത് നിർമിച്ച അതിപുരാതനമായ വഴിയമ്പലം പേരേറ്റിൽ ജംഗ്ഷനിൽ ചോർന്നൊലിക്കുന്ന നിലയിലാണ്.

**ഗതാഗതം–റോഡുകൾ.**

8–ാം വാർഡിൽ 14 പഞ്ചായത്ത് റോഡുകളും മൂന്ന് പഞ്ചായത്ത് ഇടവഴികളും ഉണ്ട്. കൂടാതെ പേരേറ്റിൽ കടവ് റോഡിൽനിന്ന് തുടങ്ങി മൂങ്ങോട് ചർച്ച് റോഡിൽ അവസാനിക്കുന്ന പഴയ രാജപാതയുമുണ്ട്. പഞ്ചായത്തു റോഡുകളുടെ നീളം 10 കിലോമീറ്ററാണ്. ഇതിൽ 1165–മീറ്റർ നീളമുള്ള പേരേറ്റിൽ തെറ്റിക്കുളം റോഡുമാത്രമാണ് ടാർ ചെയ്തിട്ടുള്ളത്.

**അത്യാവശ്യം ചെയ്യേണ്ട പണികൾ.**

1. പേരേറ്റിൽ–കാട്ടുചിറ റോഡും അതിന്റെ ഉപറോഡുകളും ആവശ്യമുള്ള ഭാഗങ്ങളിൽ റീട്ടൈനിംഗ് വാൾ കെട്ടി ടാർ ചെയ്യണം. (ഹരിജൻ കോളനി റോഡ്).

2. വലിയവീട്–കോളൂർ റോഡ്, കോളൂർ ഭാഗത്ത് റീട്ടൈനിംഗ് വാൾ കെട്ടി ടാർ ചെയ്യണം.

3. കാഞ്ഞിരംവിള കോളൂർ റോഡ് ടാർ ചെയ്യണം.

4. പേരേറ്റിൽ കടവ് റോഡ് മണ്ണിട്ട് ഫില്ല് ചെയ്ത് ടാർ ചെയ്യണം.

5. പോസ്റ്റ് ഓഫീസ് (പള്ളി ജംഗ്ഷൻ)–വാടയിൽ റോഡിൽ സ്ലാബ് നിർമിച്ച് ഗതാഗതയോഗ്യമാക്കണം.

6. പുളിക്കൽ ഏലാറോഡും കിണറ്റുവിളാകം റോഡും ആലുവിള അറപ്പുര ഇടവഴിയും കുറുകെ കെട്ടി മണ്ണിട്ട് ഫില്ല് ചെയ്ത് റാമ്പ് കെട്ടി സഞ്ചാരയോഗ്യമാക്കണം.

7. പേരേറ്റിൽ തെറ്റിക്കുളം റോഡ് റീ–ടാറിംഗ് നടത്തി സൈഡ് ഫോർമേഷനും നടത്തണം.

പേരേറ്റിൽ നിന്നും വാടയിൽ വരെയുള്ള രാജപാത സഞ്ചാര യോഗ്യമാക്കണം. കാട്ടുചിറയിൽ നിന്നും വലിയവീട്ടിൽക്കുന്ന്– മുണ്ടു

നിൽക്കുന്നതിൽ ചന്തവിളാകം വഴി പേരേറ്റിൽ അമ്പലം ജംഗ്ഷൻ വരെയുള്ള നടപ്പാത വേണ്ടിടത്ത് സൈഡ് വാൾ കെട്ടി സഞ്ചാര യോഗ്യമാക്കണം.

ഈ വാർഡിൽകൂടി ഏകദേശം രണ്ട് കിലോ മീറ്റർ നീളത്തിൽ PWD റോഡ് കടന്നുപോകുന്നു. (കൊല്ലാമ്പുഴ, ദളവാപുരം റോഡ്) ഈ റോഡിൽ ഓട നിർമിക്കാത്തതിനാൽ നശിച്ച നിലയിലാണ്. പേരേറ്റിൽ തെറ്റിക്കുളം റോഡ് ഭാഗം മുതൽ പേരേറ്റിൽ വഴിയമ്പലം വരെയും കോളൂർ ചിറയിൽ നിന്നും വരുന്ന തോട്ടിൽ മെയിൻ റോഡിലുള്ള കലുങ്ക് മുതൽ കൂട്ടിക്കട വരെയും, അവിടെ നിന്നും മൂങ്ങോട് മുസ്ലീം പള്ളി വരെയും ഓട കെട്ടി സ്ലാബിടുകയും കൂട്ടിക്കടയിലും വലിയവീട് ഭാഗത്തും കലുങ്ക് നിർമിക്കുകയും വേണം.

## വിദ്യാഭ്യാസം.

8-ാം വാർഡിൽ ഒരുനൂറ്റാണ്ടിലധികം പഴക്കമുള്ള ഒരു L.P. School മാത്രമാണുള്ളത് (എയ്ഡഡ്). ഇവിടെ 99 കുട്ടികൾ പഠിക്കുന്നു. ഈ സ്കൂളിൽ കുട്ടികളെ വിടാൻ മടിക്കുന്നതിനു പ്രധാന കാരണം ദുർഘടം പിടിച്ച വഴികളാണ്.

## ഗ്രന്ഥശാല

ഈ വാർഡിൽ 47 വർഷങ്ങൾക്കുമുമ്പ് രജിസ്റ്റർ ചെയ്ത ഒരു ഗ്രന്ഥശാല നല്ല രീതിയിൽ പ്രവർത്തിക്കുന്നു. (ശ്രീ ജ്ഞാനോദയം ഗ്രന്ഥശാല; ആർട്സ് ആൻഡ് സ്പോർട്സ് ക്ലബ്) 6622 പുസ്തകങ്ങളും 1320 അംഗങ്ങളുമുണ്ട്. ഈ ഗ്രന്ഥശാലയുടെ വളർച്ചയ്ക്ക് വേണ്ട സഹായംചെയ്യണം.

കൃഷി:- 8-ാം വാർഡിൽ കൃഷിപ്പണിയിൽ ഏർപ്പെട്ടിരിക്കുന്ന അനേകം കുടുംബങ്ങളുണ്ട്. നെല്ല്, തെങ്ങ്, മരച്ചീനി മുതലായവയാണ് പ്രധാന കൃഷി. കൃഷിക്കാവശ്യമായ ജലം കിട്ടാൻ വളരെയധികം ബുദ്ധിമുട്ട് അനുഭവപ്പെടുന്നു. മൂന്നു കുളങ്ങൾ 8-ാം വാർഡിൽ ഉണ്ട്-കോളൂർ, കാട്ടുചിറ, കോണത്തുകൊച്ചുകുളം-ഇവ മൂന്നും കെട്ടി പമ്പ്ഹൗസ് സ്ഥാപിച്ചാൽ കൃഷിക്കുപകരിക്കും. ഏലാ വികസന സമിതിയുണ്ട്. കേരവികസന സമിതിയിൽ അംഗങ്ങളായിട്ടുള്ളവർ ഉണ്ട്.

## കുടിവെള്ളം

ഒറ്റൂർ പഞ്ചായത്തിൽ കുടിവെള്ളത്തിന് ഏറ്റവും അധികം ബുദ്ധിമുട്ടുന്ന പ്രദേശമാണ് 8-ാം വാർഡ്. ഒരു പൊതുകിണർ മാത്രമാണ് 8-ാം വാർഡിൽ കുടിവെള്ളത്തിനായി ഉള്ളത്. (കോളൂർ കിണർ) കാലാകാലങ്ങളിൽ അറ്റകുറ്റപ്പണികൾ ചെയ്യാത്തതിനാൽ കോളൂർ കിണറിന്റെ ആളോടിയും കൈവരിയും ഇടിഞ്ഞ് നശിച്ച നിലയിലാണ്. ഈ കിണർ താഴ്ത്തി അഞ്ച് ഉറകൾ കൂടി ഇറക്കിയാൽ സമീപവാസികൾക്ക് കുടിവെള്ളം ലഭിക്കും. കോണത്തുകൊച്ചുകുളം കെട്ടി പമ്പ്സെറ്റ് വച്ചാൽ വിളയിൽ ഹരിജൻ കോളനി ഭാഗത്ത് കുടിവെള്ളം എത്തിക്കാം. പുതിയതായി മൂന്നു കേന്ദ്രങ്ങളിലെങ്കിലും പൊതുകിണറും 8 കേന്ദ്രങ്ങളിൽ കുഴൽ കിണറും കുഴിച്ചാൽ മാത്രമേ ഈ വാർഡിലെ കുടിവെള്ളക്ഷാമം പരിഹരിക്കാൻ സാധിക്കൂ.

## ഊർജം

8-ാം വാർഡിൽ കാട്ടുചിറഞാറയ്ക്കാവീട് ഭാഗത്ത് വൈദ്യുതിലൈൻ എത്തിയിട്ടില്ല. വോൾട്ടേജ് ക്ഷാമം ഉണ്ട്. തെരുവ് വിളക്കുകൾ വളരെ കുറവാണ്. കുറഞ്ഞത് 20 പോസ്റ്റുകളിലെങ്കിലും അടിയന്തിരമായി തെരുവുവിളക്ക് സ്ഥാപിക്കണം. മൂങ്ങോട് ചർച്ച് റോഡിന്റെ ഉപറോഡുകളിലൊന്നും തെരുവ് വിളക്കുകൾ ഇല്ല. ഞാറവിള വടക്കതിൽ വിളയിൽ കല്ലുവെട്ടാൻ വിളഭാഗങ്ങളിൽ ട്യൂബ്ലൈറ്റ് സ്ഥാപിക്കണം.

ഇവിടെ വീടുകളിൽ പ്രധാനമായും പാചകത്തിനുപയോഗിക്കുന്നത് വിറകാണ്. ഗ്യാസിന്റെ ലഭ്യത കുറവാണ്. അത് പരിഹരിക്കണം. അനർട്ടിന്റെ പുകയില്ലാത്ത അടുപ്പ് ചുരുക്കം ചില വീടുകളിൽ സ്ഥാപിച്ചിട്ടുണ്ട്.

## മാർക്കറ്റ്

ഈ വാർഡിൽ അംഗീകൃത പൊതുചന്തയില്ല.

വനിത–ഒരു മഹിളാസമാജം പ്രവർത്തിക്കുന്നു. അഭ്യസ്തവിദ്യരായ അനേകം സ്ത്രീകൾ ഉണ്ട്. സ്വയം തൊഴിൽ, ചെറിയ വ്യവസായ യൂണിറ്റുകൾ തുടങ്ങിയവ ആരംഭിക്കാൻ താത്പര്യമുള്ള വനിതകൾ നിരവധിയുണ്ട്.

കേരള ഉപഭോക്തൃ സംരക്ഷണസമിതിയുടെ ഒരു യൂണിറ്റ് പ്രവർത്തിക്കുന്നു.

**ആശുപത്രി**

ഈ വാർഡിൽ ആശുപത്രികളൊന്നും പ്രവർത്തിക്കുന്നില്ല. ഏറ്റവും അടുത്ത സർക്കാർ ആശുപത്രിയിൽ എത്തുന്നതിന് രണ്ട് ബസ് കയറി സഞ്ചരിക്കണം. ഒരു ഹോമിയോ ആശുപത്രി ഈ വാർഡിൽ സ്ഥാപിക്കണം.

**പട്ടികജാതി**

പട്ടികജാതിയിൽപ്പെട്ട 35 കുടുംബങ്ങൾ ഈ വാർഡിൽ ഉണ്ട്. ഇതിൽ 25 കുടുംബങ്ങളും പേരേറ്റിൽ–കാട്ടുചിറ റോഡിൽ വിളയിൽ ഭാഗത്ത് താമസിക്കുന്നു. ഈ പ്രദേശം I.H.D.P. കോളനിയായി പ്രഖ്യാപിക്കണമെന്ന ആവശ്യം സർക്കാർ ഇതുവരേയും അംഗീകരിച്ചിട്ടില്ല. സ്വന്തമായി ഭൂമിയും വീടും ഇല്ലാത്തവർ ഉണ്ട്. വൈദ്യുതിലൈൻ എത്താത്തതിനാൽ പലർക്കും വീട്, വൈദ്യുതീകരിക്കാൻ സാധിച്ചിട്ടില്ല. ഇവർക്ക് വീടുനിർമിക്കാൻ നൽകുന്ന സാമ്പത്തികസഹായം മുപ്പതിനായിരം രൂപയായി ഉയർത്തണം. വിളയിൽ ഭാഗത്ത് കുടിവെള്ളക്ഷാമം ഒരു പ്രശ്നമാണ്. സാമ്പത്തികമായ പിന്നോക്കാവസ്ഥ കാരണം പല കുട്ടികളും പ്രൈമറി ക്ലാസുകളിൽ തന്നെ വിദ്യാഭ്യാസം അവസാനിപ്പിക്കുന്നു. സാമൂഹ്യമായി നോക്കിയാൽ ഇവർ മറ്റു സമുദായക്കാരുമായി ഇടപഴകി ജീവിക്കുന്നു.

**സഹകരണം**

8–ാം വാർഡിൽ പേരേറ്റി കയർ സഹകരണസംഘം എന്ന ഒരു സ്ഥാപനം മാത്രമേ പ്രവർത്തിക്കുന്നുള്ളു.

**വ്യവസായം**

ഈ വാർഡിൽ വ്യവസായസ്ഥാപനങ്ങൾ ഒന്നും തന്നെ പ്രവർത്തിക്കുന്നില്ല. എന്നാൽ ചില വ്യക്തികൾ ചെറിയ തോതിൽ കയർ വ്യവസായം നടത്തിവരുന്നു. തൊഴിലാളികളുടെ ലഭ്യതയിലുള്ള കുറവ് ഈ വ്യവസായത്തെ പ്രതികൂലമായി ബാധിക്കുന്നു. കയർ ഉപയോഗിച്ചുള്ള ചെറുകിട വ്യവസായങ്ങൾക്ക് കൂടുതൽ സാധ്യതയുള്ള പ്രദേശമാണ്.

**മൃഗസംരംക്ഷണം**

കന്നുകാലി വളർത്തൽ പ്രധാനതൊഴിലായി നടത്തുന്ന നിരവധി കുടുംബങ്ങൾ ഈ വാർഡിൽ ഉണ്ട്. എന്നാൽ ഈ പ്രദേശത്തുള്ളവർക്ക് വളരെ ദൂരം സഞ്ചരിച്ചാൽ മാത്രമേ കന്നുകാലികൾക്ക് ആവശ്യമായ ചികിത്സ ലഭിക്കുന്നുള്ളൂ. കൂട്ടിക്കട കേന്ദ്രമാക്കി ഒരു സബ്സെന്റർ തുടങ്ങണം. പാൽ വിപണന സൗകര്യം വർധിപ്പിക്കുന്നതിന് കൂട്ടിക്കട കേന്ദ്രമാക്കി ഒരു പാൽസൊസൈറ്റിയും ആവശ്യമാണ്.

**മത്സ്യകൃഷി**

മത്സ്യബന്ധനവുമായി ബന്ധപ്പെട്ട കുടുംബങ്ങൾ ഉണ്ട്. ഈ വാർഡിന്റെ തെക്കു ഭാഗം മൂങ്ങോട് കായലിനോട് ചേർന്നുകിടക്കുന്നു. ഈ പ്രദേശത്തെ വട്ടങ്ങളും (അടച്ച കായൽ) ചതുപ്പുപ്രദേശവും കൊഞ്ചുകൃഷിക്ക് അനുയോജ്യമാണ്.

**കടവുകൾ**

കയർ വ്യവസായ പ്രാധാന്യമുള്ള 8–ാം വാർഡിൽ രണ്ടു കടവുകളുണ്ട്. പച്ചത്തൊണ്ട് ലോറിയിൽ കൊണ്ടുവന്ന് സംസ്കരിക്കുന്നതിനായി കൊണ്ടുപോകാൻ ഉപകരിക്കുന്ന ഈ കടവുകൾ (പേരേറ്റിൽ, മൂങ്ങോട്) കെട്ടി സംരക്ഷിക്കേണ്ടതും കടവിലേക്കുള്ള റോഡുകൾ ഗതാഗത യോഗ്യമാക്കേണ്ടതും അത്യാവശ്യമാണ്.

മൈനർ ഇറിഗേഷൻ–കാട്ടുചിറകുളം മുതൽ PWD റോഡ് കലുങ്ക് വരെയുള്ള തോട്

ഇരു സൈഡുകളും കെട്ടി കൃഷിക്ക് ജലം എത്തിക്കാൻ ഉതകുന്ന വിധമാക്കുക. മൂങ്ങോട് തോപ്പ് വട്ടം കരിയറമൂല തോട്ടിൽ മൂലയിൽ ഭാഗം മുതൽ മുസ്ലീം പള്ളിവരെ തോടിന്റെ ഇരുസൈഡും കെട്ടണം.

കോണത്തുകൊച്ചുകുളം, കോളൂർ കുളം, കാട്ടു ചിറ എന്നീ കുളങ്ങൾ കെട്ടി സംരക്ഷിക്കണം.

**കുടിവെള്ളം**

20 വർഷങ്ങൾക്ക് മുൻപ് പേരേറ്റിൽ മൂങ്ങോട് ഭാഗങ്ങളിൽ കുഴിച്ചിട്ട പൈപ്പ് ലൈൻ ഇതുവരെ ജലവിതരണം ആരംഭിച്ചിട്ടില്ല. ജല വിതരണം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

ഏിഭവ സംവിധാനം

**അനുബന്ധം-1.**

**ഒറ്റൂർ ഗ്രാമപഞ്ചായത്ത്**

**1.1 ഭരണം സംബന്ധിച്ച വിവരങ്ങൾ**

**Ref : A**

| | | |
|---|---|---|
| 1. | പഞ്ചായത്തിൽ ഉൾപ്പെട്ട വില്ലേജുകൾ | ഒറ്റൂർ |
| 2 | വിസ്തീർണ്ണം Sq Km. ജനസംഖ്യ | 9.47 km 13,000 |
| 3 | വാർഡുകൾ<br>സംവരണ വാർഡുകൾ ഏതെല്ലാം<br>1. വനിത<br>2. പട്ടികജാതി/പട്ടികവർഗ്ഗം | <br>എട്ട്<br>3(ഒന്ന്, മൂന്ന്, നാല്)<br>5-ാം വാർഡ് |
| 4. | പഞ്ചായത്ത്‌രാജ് നിയമ പ്രകാരം രൂപീകരിക്കപ്പെട്ട സമതികൾ ഏവ (ജോയിന്റ് കമ്മിറ്റി മുതലായവ) | സ്ററാന്റിംഗ് കമ്മിറ്റി, സാക്ഷരതാകമ്മിറ്റി, വിദ്യാജോതികമ്മിറ്റി |
| 5. | പഞ്ചായത്ത് വികസനപരിപാടിയുടെ ഭാഗമായി രൂപികരിക്കപ്പെട്ട മറ്റു സമതികൾ ഏവ?(പഞ്ചായത്ത് വികസനസമിതി, വാർഡ് വികസന സമിതികൾ വിദ്യാഭ്യാസസമിതി. ആരോഗ്യസമിതി etc.) | വിദ്യാജോതി, ആരോഗ്യ വികസനസമിതി. |
| 6. | സ്വന്തമായി ആഫീസ് കെട്ടിടമുണ്ടോ? ഇല്ലെങ്കിൽ പ്രതിമാസ വാടക എത്ര? | ഉണ്ട് |
| 7 | പഞ്ചായത്ത് ആഫീസ് ഉദ്യോഗസ്ഥരെ സംബന്ധിച്ച വിവരങ്ങൾ<br>Ref : A annexure XXXIV | സെക്രട്ടറി, ഹെഡ്ക്ലാർക്ക്, UD ക്ലാർക്ക് . LDC-2, പ്യൂൺ-1, പാർടൈം-1 ഏഴുപേർമാത്രം. |
| 8. | ഭരണ ചെലവ് എത്ര?<br>വരുമാനത്തിന്റെ എത്ര ശതമാനം | 2,49,000 രൂപ. 54%. |

## 1.14 (a) കെട്ടിട നികുതി സംബന്ധിച്ച വിവരങ്ങൾ (1995–96)

Ref : E

| വാർഡ് | കെട്ടിടങ്ങളുടെ എണ്ണം | മേൽപ്പുരയുടെ സവഭാവം | | | | | വിവിധ ഭവന നിർമാണ പദ്ധതി കളിലൂടെ നിർമിച്ച വീടുകളുടെ എണ്ണം |
|---|---|---|---|---|---|---|---|
| | | ഒന്നിൽക്കൂടുതൽ നിലയുള്ള കെട്ടിട ങ്ങളുടെ എണ്ണം | ഒരുനിലയുള്ള കെട്ടിടങ്ങൾ | | | | |
| | | | കോൺക്രീറ്റ് | ഓട് | ഓല | മറ്റുള്ളവ | |
| I | 710 | 9 | 164 | 250 | 251 | (T23) 34 | 2 |
| II | 950 | 28 | 496 | 298 | 90 | (T3+F2) 25 | 13 |
| III | 647 | 6 | 85 | 202 | 260 | (T3-F1) 72 | 22 |
| IV | 665 | 7 | 179 | 215 | 240 | (T3-F1) 17 | 7 |
| V | 751 | 10 | 176 | 145 | 264 | (T5) 149 | 7 |
| VI | 677 | 13 | 242 | 270 | 120 | (T4-F1) 25 | 7 |
| VII | 615 | 6 | 95 | 71 | 301 | (T2) 141 | 1 |
| VIII | 701 | 12 | 202 | 236 | 202 | (T2-F2) Path1 M1 42 | 7 |
| ആകെ | 5716 | 91 | 1639 | 1687 | 1728 | 505 | 66 |

1.17 പഞ്ചായത്ത് രാജ് നിയമപ്രകാരം മറ്റു വകുപ്പുകളിൽ നിന്നും അനുവദിച്ച തുക സംബന്ധിച്ച വിവരങ്ങൾ

**Ref. Q**

| വകുപ്പ് | തുക | | ആകെ |
|---|---|---|---|
| | പദ്ധതി വിഹിതം | പദ്ധതിയേതര വിഹിതം | |
| 1 | 2 | 3 | 4 |
| മൃഗസംരക്ഷണം | 2000 | 2000 | |
| ആരോഗ്യം | 6875 | 64500<br>4500<br>1625<br>4000 | 81500 |
| കൃഷി | 323684 | 6000 | 329684 |
| പി.ഡബ്ല്യൂ.ഡി | 83275 | | 83275 |
| ഹരിജനക്ഷേമം | 500 | | 500 |
| മറ്റുള്ളവ | ഇറി 2142<br>വിധവ 4080<br>വിവാഹം 2000<br>വാർദ്ധക്യം 5775<br>10080 | | 24077 |
| ആകെ | 440411 | 80625 | 521036 |

## 1.18 വികലാംഗരെ സംബന്ധിച്ച വിവരങ്ങൾ
## Ref. വികലാംഗ സർവേ ഫാറം

| വാർഡ് | 5 വയസ്സുള്ളവർ | | 5നും 10നും | | 10 – 18 | | 18 – 25 | | 25 – 45 | | 45 – 60 | | 60 നുമേൽ | | ആകെ | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | പു. | സ്ത്രീ. | പു. | സ്ത്രീ. | പു. | സ്ത്രീ. | പു. | സ്ത്രീ. | പു. | സ്ത്രീ. | പു. | സ്ത്രീ. | പു. | സ്ത്രീ. | പു. | സ്ത്രീ. |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 |
| I | | | | | | | | | | | | | | | 4 | 10 |
| II | | | | | | | | | | | | | | | 8 | 4 |
| III | | | | | | | | | | | | | | | 10 | 7 |
| IV | | | | | | | | | | | | | | | 6 | 1 |
| V | | | | | | | | | | | | | | | 4 | 3 |
| VI | | | | | | | | | | | | | | | 4 | 2 |
| VII | | | | | | | | | | | | | | | 7 | 6 |
| VIII | | | | | | | | | | | | | | | 7 | 14 |
| IX | | | | | | | | | | | | | | | | |
| X | | | | | | | | | | | | | | | | |
| ആകെ | | | | | | | | | | | | | | | 50 | 47 |

ഗ്രാമപഞ്ചായത്ത്

## 1.19 പുറമ്പോക്ക് ഭൂമി സംബന്ധിച്ച വിവരങ്ങൾ Ref. K.

| വാർഡ്/ തരം | വിസ്തീർണ്ണം | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | I | II | III | IV | V | VI | VII | VIII | IX | X | XI | XII | XIII | XIV | XV |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 |
| റോഡ് | | | | | | | | | | | | | | | |
| ഇടവഴി | | | | | | | | | | | | | | | |
| തോട്/പുഴ | | | | | | | | | | | | | | | |
| കുളം എണ്ണം | | | | | | | | | | | | | | | |
| കുളം വിസ്തീർണ്ണം | | | | | | | | | | | | | | | |
| മറ്റുള്ളവ | 16.80 | 2 | 9.20 | | 7.85<br>23 | 14.80 | | | | | | | | | |
| ആകെ | 16.80 | | 9.20 | | 30.85 | 14.80 | | | | | | | | | |

## 1.20 സേവന മേഖലയിലെ ജീവനക്കാരെ സംബന്ധിച്ച വിവരങ്ങൾ Ref. F

| എണ്ണം | വിദ്യാഭ്യാസം | | | | ആരോഗ്യം | | | | മറ്റ് സേവനമേഖലകൾ | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | സർക്കാർ | സഹകരണ | സ്വകാര്യ | ആകെ | സർക്കാർ | സഹകരണ | സ്വകാര്യ | ആകെ | സർക്കാർ | സഹകരണ | സ്വകാര്യ | ആകെ |
| സ്ഥാപനങ്ങൾ | | | | | | | | | | | | |
| ജീവനക്കാർ | | | | | | | | | | | | |

## 1.23 വരവ് സംബന്ധിച്ച വിവരങ്ങൾ (199596)

Ref. C.B.

| ഇനം | ധനാഭ്യർത്ഥന | പിരിച്ചത് | ബാക്കി |
|---|---|---|---|
| 1 | 2 | 3 | 4 |
| കെട്ടിട നികുതി | 1,75,000 | 66,639.50 | |
| സർവ്വീസ് ചാർജ്ജ് | NIL | | |
| തൊഴിൽ നികുതി | 75,000 | 42,630.00 | |
| വാഹന നികുതി | NIL | | |
| വിനോദ നികുതി | 30,000 | 7517.50 | |
| അഡി. വിനോദ നികുതി | 20,000 | 4501.55 | |
| പ്രദർശന നികുതി<br>പ്രദർശന നികുതി മേലുള്ള | 2000 | 1844.00 | |
| സർചാർജ്ജ് | 500 | 451.00 | |
| ചന്ത വരവ് | 1500 | 871.00 | |
| ലാന്റ് സെസ്സ് | NIL | | |
| ലൈസൻസ് ഫീസ് | | 2640.00 | |
| കെട്ടിട നികുതി സർചാർജ്ജ് | NIL | | |
| വസ്തു കൈമാറ്റ നികുതി 75% | 4,00,000 | 15,454.00<br>26,049.00<br>41,503.00 | |
| വസ്തു കൈമാറ്റ നികുതി 25% | | 1,00,000.00 | |
| സർക്കാർ ഗ്രന്റുകൾ മറ്റും<br>ഒഴികെയുള്ള മറ്റു വരവുകൾ | | 8,06,694.00 | |
| സംഭാവന | | 20.00 | |
| ഡെപ്പോസിറ്റ് | | 1350.00 | |
| മറ്റുള്ളവ | | 45573.20 | |
| ആകെ | | 1122234.75 | |

## അനുബന്ധം-3

## ഓറ്റൂർ ഗ്രാമപഞ്ചായത്ത്

### 3.1 ഭൂമി സംബന്ധിച്ച വിവരങ്ങൾ (Ref: അടിസ്ഥാന വിവര രജിസ്റ്റർ)

| ഇനം | വിസ്തീർണം |
|---|---|
| നിലം | 90 ഹെക്ടർ |
| പുരയിടം | 543.8 ഹെക്ടർ |
| പുറമ്പോക്ക് | 71.65 |
| കൃഷിയോഗ്യ തരിശ് | |
| കൃഷിയോഗ്യമല്ലാത്ത തരിശ് | 28 ഹെക്ടർ |
| ആകെ | |

## ഒറ്റൂർ ഗ്രാമപഞ്ചായത്ത്

### 3.2 വിള വിസ്തീർണവും ഉത്പാദനവും (Ref: അടിസ്ഥാന വിവര രജിസ്റ്റർ)

| വിള | വിസ്തീർണം | മൊത്തം ഉത്പാദനം | ഉത്പാദന ക്ഷമത (ഹെക്ടറിൽ) |
|---|---|---|---|
| നെല്ല് (ഒന്നാം വിള) | 90 ഹെ | 167300 kg | 2300 kg |
| നെല്ല് (രണ്ടാം വിള) | 90 ഹെ | 161000 kg | „ |
| നെല്ല് (മൂന്നാം വിള) | – | | |
| പയർ | 75 | 1500 kg | 200 kg |
| എള്ള് | 3 | 250 kg | – |
| പച്ചക്കറികൾ | 8 | | 40 per year |
| തെങ്ങ് | 610 | | |
| വാഴ | 35 | 22000 kg | |
| മരച്ചീനി | 400 | 86000 kg | |
| കുരുമുളക് | 7 | 1500 kg | |
| പ്ലാവ് | 5 | 13000 kg | |
| കശുമാവ് | 20 | | |
| മാവ് | 8 | | |
| റബ്ബർ | 8 | 3200 kg | |
| കവുങ്ങ് | 10 | 1600 kg | |
| ................ | | | |
| ................ | | | |
| ................ | | | |

# ഉപസംഹാരം

ബഹുമാന്യരേ,

ഇന്ത്യാ മഹാരാജ്യത്തെ മറ്റു സംസ്ഥാനങ്ങൾക്ക് മാതൃകയായി ഒൻപതാം പഞ്ചവത്സര പദ്ധതി ജനകീയ പദ്ധതിയായി കേരള സർക്കാർ പ്രഖ്യാപിച്ച ജനപങ്കാളിത്തത്തോടെ നടത്തിക്കൊണ്ടിരിക്കുകയാണ്. തുടക്കത്തിൽ ഒട്ടേറെ ബുദ്ധിമുട്ടുകളും പ്രയാസങ്ങളും ഉണ്ടായിരുന്നുവെങ്കിലും ജനങ്ങളിൽ നിന്നും കക്ഷിരാഷ്ട്രീയത്തിനതീതമായി ലഭിച്ച പിന്തുണയും സഹകരണവുംമൂലം ഉണ്ടായിരുന്ന ബുദ്ധിമുട്ടുകൾ ദൂരീകരിക്കാൻ സഹായകരമായി. സാമൂഹ്യ രാഷ്ട്രീയ സാമ്പത്തിക രംഗങ്ങളിൽ പരിചയസമ്പത്തുള്ള പ്രവർത്തകർ സജീവമായി രംഗത്ത് വന്നതോടെ പുതിയൊരു ഉണർവോടെ, ഉത്സാഹത്തോടെ ജനകീയാസൂത്രണ പ്രവർത്തനങ്ങൾ സജീവമായി. ലക്ഷ്യസ്ഥാനത്തെത്താൻ ഇനിയും ബഹുദൂരം സഞ്ചരിക്കേണ്ടിയിരിക്കുന്നു. ഗ്രാമവികസനത്തെക്കുറിച്ച് ഗ്രാമീണർക്കുണ്ടായിരുന്ന നാട്ടറിവും കേട്ടറിവും വികസന നിർദ്ദേശങ്ങൾ സ്വരൂപിക്കാൻ സഹായകരമായി. രാഷ്ട്രീയാഭിപ്രായ വ്യത്യാസങ്ങൾ നിലനിൽക്കുമ്പോൾ തന്നെ കേരളത്തിന്റെ വികസനത്തിനായി യോജിച്ചു പ്രവർത്തിക്കാൻ വിവിധ രാഷ്ട്രീയ പാർട്ടികൾ തയ്യാറായത് അഭിനന്ദനീയമാണ്.

ഒരു ഗ്രാമത്തിന്റെ വികസനത്തിന് വേണ്ടിയുള്ള കണ്ണികൾ കോർക്കാൻ രാവും പകലും അദ്ധ്വാനിച്ച ജനപ്രതിനിധികൾ, റിസോഴ്സ് പേഴ്സൺസ്, രാഷ്ട്രീയ സാമൂഹ്യ പ്രവർത്തകർ, ഉദ്യോഗസ്ഥാനുദ്യോഗസ്ഥൻമാർ എന്നിവർക്ക് നന്ദി രേഖപ്പെടുത്തുന്നതിനോടൊപ്പം ഭാവി വികസനപ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുത്ത് വിജയിപ്പിക്കുവാൻ അഭ്യർത്ഥിക്കുന്നു. സ്പെഷ്യൽ ഗ്രാമസഭകൾ സമ്പൂർണ്ണവും സംപുഷ്ടവുമാക്കാൻ സഹായിച്ച മുഴുവൻ ഗ്രാമീണർക്കും നന്ദി രേഖപ്പെടുത്തുന്നതോടൊപ്പം വികസനസെമിനാറിൽ ഉരുത്തിരിയുന്ന പദ്ധതികളുടെ ഭാവിപ്രവർത്തനങ്ങളിൽ സജീവ ജാഗ്രത പാലിച്ച് ഈ സംരംഭം വിജയിപ്പിക്കാൻ അഭ്യർത്ഥിക്കുന്നു.

സമ്പൂർണ്ണമല്ലെങ്കിലും ഈ ഗ്രാമത്തിന്റെ തുടിപ്പുകൾ കണ്ടറിഞ്ഞും കേട്ടറിഞ്ഞും തയ്യാറാക്കിയ ഈ വികസനറിപ്പോർട്ട് ചർച്ചകൾക്ക് വേണ്ടി സവിനയം സമർപ്പിക്കുന്നു.

സ്നേഹാദരങ്ങളോടെ,

**അഡ്വ: S. ഷാജഹാൻ**
പ്രസിഡന്റ്, ഒറ്റൂർ ഗ്രാമപഞ്ചായത്ത്.